# അന്നാമ്മച്ചേടത്തി അമേരിക്കയിൽ

ഏബ്രഹാം മുത്തോലത്ത്



## ഏബ്രഹാം മുത്തോലത്ത്

കോട്ടയം ജില്ലയിലെ ചേർപ്പുങ്കലിൽ മുത്തോലത്ത് ചാക്കോ-അച്ചാമ്മ ദമ്പതികളുടെ മകനായി ജനനം. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപരിശീലനം. 1980 ഡിസംബർ 21 ന് കോട്ടയം അതിരൂപതയിൽ വൈദികനായി. വെളിയനാട്, പാച്ചിറ ഇടവകകളിൽ വികാരിയായും അപ്നാദേശ് ചീഫ് എഡിറ്ററായും കാത്തലിക് മിഷൻ പ്രസ്സ്, ജ്യോതി ബുക്ക് ഹൗസ് എന്നിവയുടെ മാനേജരായും സേവനമനുഷ്ഠിച്ചു. ലോസ് ആഞ്ചലസിലെ ലയോള മേരിമൗണ്ട് യൂണിവേഴ്സിറ്റിയിൽ നിന്ന് ടെലിവിഷൻ ചിത്രനിർമ്മാണം മുഖ്യവിഷയമായെടുത്ത് ആശയവിനിമയകലകളിൽ മാസ്റ്റർ ബിരുദം. കോട്ടയം അതിരൂപതയുടെ മീഡിയാ കമ്മീഷൻ ചെയർമാനായും യൂത്ത് ഡയറക്ടറായും ചൈതന്യ പാസ്റ്റർ സെന്റർ ഡയറക്ടറായും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറിയായും കാരിത്താസ് ആയുർവേദ ആശുപത്രിയുടെ പ്രഥമ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. 2001 മുതൽ 2014 വരെ ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ വികാരി ജനറലായിരുന്നു. രൂപതയിലെ 11 ഇടവകകൾ സ്ഥാപിക്കുവാൻ പ്രചോദനമേകി. ഷിക്കാഗോയിലെ രണ്ട് ഇടവകകളുടെ സ്ഥാപനത്തിന് നേരിട്ടു നേതൃത്വം നൽകിക്കൊണ്ട് പ്രഥമവികാരിയായി. ഇപ്പോൾ ഷിക്കാഗോ തിരുഹൃദയ ഫൊറോനാ പള്ളി വികാരിയായും ആശുപത്രി ചാപ്ലേയിനായും സേവനമനുഷ്ഠിക്കുന്നു.

പുസ്തകങ്ങൾ : നിങ്ങൾക്കും നേതാവാകാം, നേതൃത്വ പരിശീലനം,
ബൈബിൾ ഗെയിംസ്, വൈദികനേതൃത്വം ഇന്ന് നാളെ,
പതറുന്ന പീലാത്തോസ് (ബൈബിൾ നോവൽ),
Homily Resources (English)

വിലാസം : Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630
ഫോൺ : 001-773-412-6253
ഇമെയിൽ : mutholath2000@gmail.com

# അന്നാമ്മച്ചേടത്തി അമേരിക്കയിൽ

ഹാസ്യനോവൽ

ഏബ്രഹാം മുത്തോലത്ത്

യെസ് പ്രസ് ബുക്സ്

Malayalam Language
**Annammachedathi Americayil**
(Novel)
By **Abraham Mutholath**
First Published : August 2020

Cover Design : Sujith Chandran
Lay Out : Jiby Padmarajan

Although every precaution has been taken in the preparation of this book, the publisher and the author assume no responsibility for errors or omissions. Neither is any liability assumed for damages resulting from the use of information contained herein.

*Printed At :*
Nirmala Offset Printers, Chalakkudy

© Rights reserved. No Part of this publication may be reproduced, distributed, or transmitted in any form or by any means, including photocopying, recording, or other electronic or mechanical methods, without the prior written permission of the author except in the case of brief quotations embodied in critical reviews and certain other non-commercial uses permitted by copyright law.

*Publishers :*
**Yes Press Books, Perumbavoor – 683542**
Phone : 91425 77778, 91420 88887, 90485 88887.
Email : yespresbooks@gmail.com

ISBN : 978-81-945770-8-9
254-C1000N-41/2020

₹ 160/-

## പ്രസാധക കുറിപ്പ്

'ഡോളർ' എന്ന മലയാള ചലച്ചിത്രത്തിന് ആധാരമായ നോവൽ. 'അന്നാമ്മച്ചേടത്തി അമേരിക്കയിൽ' കേവലം ഒരു ഹാസ്യ നോവലല്ല, മനുഷ്യജീവിതത്തെ അതിസൂക്ഷ്മമായി, അതേസമയം നർമ്മരസത്തോടെ പകർത്തുന്ന സരളമായ ആഖ്യാനമാണ്. ഈ പുസ്തകം നമുക്ക് ഒറ്റയിരുപ്പിൽ വായിക്കാം. പക്ഷെ, എത്രകാലം കഴിഞ്ഞാലും അന്നാമ്മച്ചേടത്തി നമ്മുടെ ഉള്ളിൽ നിന്ന് പിൻവാങ്ങിയെന്നുവരില്ല.

ഞങ്ങളുടെ 254-ാമത് പുസ്തകം 'അന്നാമ്മച്ചേടത്തി അമേരിക്കയിൽ' വായനക്കാർക്ക് പ്രിയപ്പെട്ടതാവാതിരിക്കില്ല.

**സുരേഷ് കീഴില്ലം**
ചീഫ് എഡിറ്റർ
യെസ് പ്രസ് ബുക്സ്

## ഉള്ളടക്കം

ആമുഖം ........................................ 09

അമേരിക്കൻ സ്വപ്നത്തിനു ചിറകുമുളയ്ക്കുന്നു ........................ 13
വിമാനദുരന്തം ........................................ 17
സിസ്റ്റർ മീരയുടെ പരിഹാരനിർദ്ദേശം ........................ 21
പുറപ്പെടും മുമ്പൊരു കുമ്പസാരം ........................ 26
പള്ളിയിൽ നിന്ന് കിട്ടിയ എട്ടിന്റെ പണി! ........................ 29
അമ്പരപ്പിച്ച വിമാനയാത്ര ........................ 33
ചേടത്തിയുടെ നെഞ്ചത്തു വീണ്ടും ഇടിത്തീ ........................ 38
അന്നാമ്മച്ചേടത്തിയും എയർപോർട്ട് പോലീസും ........................ 41
ചിത്രം വിചിത്രം ........................................ 46
പുനർജന്മത്തിന്റെ ബാലപാഠങ്ങൾ ........................ 52
കുണുക്കിന് വിട ........................................ 58
ഓസിൽ കാപ്പിയും വയറു നിറയെ ഡോണറ്റും ........................ 63
കപ്യാരാകുന്നതിൽ അഭിമാനം ........................ 68
സ്വന്തം വീടു തിരിച്ചറിയാനാവാതെ ........................ 75
അന്നാമ്മച്ചേടത്തിയുടെ സിനിമാ കമ്പം ........................ 81
അടുപ്പൊന്നു പുകഞ്ഞു; മുൻവശം നിറയെ പോലീസ് ........................ 86
മലയാളം കുർബാനയും പത്ര കുടിശിഖയും ........................ 92
വിളിയാച്ചാത്തവും വരുമാനവിനാശവും ........................ 98
ലൂസിയുടെ നാക്കും അലക്സിന്റെ വാക്കും ........................ 104
വിങ്ങിപ്പൊട്ടി അന്നാമ്മച്ചേടത്തി ........................ 109
വാക്കേറ്റത്തിൽനിന്നു കയ്യേറ്റത്തിലേക്ക് ........................ 115
ഇനി ഞാനാ സ്വർഗ്ഗത്തിലേക്കില്ല! ........................ 120

## ആമുഖം

'അന്നാമ്മച്ചേടത്തി അമേരിക്കയിൽ' എന്ന ഈ ഹാസ്യനോവലിൽ പലർക്കും താദാത്മ്യപ്പെടാൻ കഴിയുന്ന കഥാപാത്രങ്ങളുണ്ടാകും. ഓരോരുത്തനും അവനവനിണങ്ങുന്നത് തിരഞ്ഞെടുക്കുമ്പോൾ ഇതിൽ പരാമർശിക്കുന്നതു പലതും തന്നെക്കുറിച്ച് തന്നെയോ എന്നു സംശയിച്ചേക്കാം; അതെ, നിങ്ങളെ കുറിച്ചുതന്നെയാണ്. പക്ഷേ ആരെയും വ്യക്തിപരമായി മുൻപിൽ കണ്ടുകൊണ്ടല്ല; എല്ലാവരെയും പൊതുവിൽ ദർശിച്ചുകൊണ്ടാണ് ഈ കൃതി രചിച്ചിട്ടുള്ളത്.

ഹാസ്യം ചിലപ്പോൾ പരിഹാസമായി തോന്നിയാൽ ഒരു കാര്യം ദയവായി സ്മരിക്കുക. ആരെയും വേദനിപ്പിക്കുവാനല്ല; എല്ലാവരും വായിച്ചുചിരിക്കാനും നമ്മുടെ ജീവിതരീതിയെ വിലയിരുത്തുവാനും പ്രേരിപ്പിക്കുകയാണ് ഈ കലാസൃഷ്ടിയുടെ ലക്ഷ്യം.

ലോസ് ആഞ്ചലസിലെ ലയോളമേരിമൗണ്ട് യൂണിവേഴ്സിറ്റിയിൽ ടെലിവിഷൻ ചിത്രീകരണം മുഖ്യവിഷയമായെടുത്ത് ആശയവിനിമയ കലകളിൽ മാസ്റ്റർ ബിരുദത്തിനു ഞാൻ പഠിക്കുമ്പോൾ ഇടവേളകളിൽ നേരമ്പോക്കിനുവേണ്ടി രചിച്ചതാണ് ഈ ഹാസ്യനോവൽ. ഇത് എഴുതിയത് 1990ലായതിനാൽ അന്നത്തെ അമേരിക്കയിലെയും കേരളത്തിലെയും ജീവിതസാഹചര്യങ്ങളും വിവരസാങ്കേതിക സൗകര്യങ്ങളുമാണ് ഈ കൃതിയുടെ പശ്ചാത്തലം. കോട്ടയം അതിരൂപതയുടെ 'അപ്നാദേശ്' എന്ന ദ്വൈവാരികയിൽ ഇതു തുടർച്ചയായി പ്രസിദ്ധപ്പെടുത്തിയിരുന്നു. അന്നു വായനക്കാർ ഇതിനു വളരെ നല്ല സ്വീകരണമാണു നല്കിയിരുന്നത്. രണ്ടു പതിറ്റാണ്ടുകൾക്കുശേഷം പലരുടെയും അഭ്യർത്ഥന മാനിച്ച് ഇപ്പോൾ പുസ്തകരൂപത്തിൽ പുനഃപ്രസിദ്ധപ്പടുത്തുന്നു.

ഈ നോവൽ ചലച്ചിത്രത്തിനുവേണ്ടി പുനരാവിഷ്കരിച്ചാണ് രാജു ജോസഫ് 1994ൽ 'ഡോളർ' എന്ന മലയാളചലച്ചിത്രം സംവിധാനം ചെയ്തത്. ആർ. എസ്. ഫിലിംസ് ഇന്റർനാഷണൽ നിർമ്മിച്ച് വിതരണം ചെയ്ത 'ഡോളർ' സിനിമയുടെ തിരക്കഥയും സംഭാഷണവും നിർവഹിക്കാനും എനിക്ക് അവസരം ലഭിച്ചു. മുകേഷ്, ലാലു അലക്സ്, ചിത്ര, മാതു, ബൈജു, പത്മിനി, മഹേഷ്, അനുഷ, കൃഷ്ണൻകുട്ടി നായർ, സൈനുദിൻ, കനകലത, മാള അരവിന്ദൻ തുടങ്ങിയവരാണ് പ്രസ്തുത ഫീച്ചർ ഫിലിമിൽ അഭിനയിച്ചത്. ന്യൂയോർക്ക്, മദ്രാസ്, കേരളം എന്നിവിടങ്ങളിലാണ് സിനിമയുടെ ചിത്രീകരണം നടന്നത്.

കേരളത്തിൽനിന്ന് അമേരിക്കയിൽ മക്കളോടൊപ്പം താമസിക്കുവാനെത്തിയ അമ്മമാരുടെ കാഴ്ചപ്പാടിൽ ഈ നോവൽ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നു. അത്തരം അമ്മച്ചിമാരാണ് ഈ നോവൽ ഏറ്റം ആസ്വാദ്യതയോടെ വായിച്ചു രസിക്കുകയും ഇതിൽ ആശ്വാസം കണ്ടെത്തുകയും ചെയ്തിരുന്നത്. അതിനാൽ അമേരിക്കയിൽ വന്നിട്ടുള്ള മലയാളി അമ്മമാർക്ക് ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

**ഏബ്രഹാം മുത്തോലത്ത്**

**സമർപ്പണം**

അമേരിക്കൻ ജീവിതത്തിന്റെ ചൂടും തണുപ്പുമറിഞ്ഞ,
ഈ നോവൽ വായിച്ചാസ്വദിച്ച എന്റെ പ്രിയ മാതാവ്
അച്ചാമ്മ ചാക്കോയ്ക്ക്.

# അമേരിക്കൻ സ്വപ്നത്തിനു ചിറകു മുളയ്ക്കുന്നു

അറുപതോടടുത്ത അന്നാമ്മച്ചേടത്തിക്ക് അമേരിക്കയിൽ പോകാനൊരു മോഹം. അത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല; അയൽപക്കത്തെ 'അഹങ്കാരി' ശോശാമ്മ അമേരിക്കയ്ക്ക് പോകുന്നുവെന്ന് കേട്ട അന്നു തുടങ്ങിയതാണ് ആ പൂതി.

അന്നാമ്മച്ചേടത്തിയുടെ ഇളയ രണ്ട് ആൺമക്കൾ ജോസും അലക്സും അമേരിക്കയിലുണ്ട്. അതുകൊണ്ടാണ് ആ മോഹം മനസ്സിൽ താലോലിച്ചു കൊണ്ടുനടന്നത്. പക്ഷേ, അവരാരെങ്കിലും 'അമ്മച്ചി, അമേരിക്കയ്ക്ക് വാ; ഞാൻ പേപ്പറും ടിക്കറ്റും എല്ലാം അയക്കാം' എന്നൊന്നെഴുതിയിട്ടു വേണ്ടേ! അതു പോകട്ടെ; കത്തു തന്നെ നന്നേ ചുരുക്കം. അവർക്ക് തിരക്കാണു പോലും! കത്തു വന്നാലോ? മിക്കപ്പോഴും എറോഗ്രാമിൽ. ക്രിസ്മസിനോടടുക്കുമ്പോഴേ കവറിൽ കത്തയയ്ക്കൂ.

ഫോറിൻ സ്റ്റാമ്പൊട്ടിച്ച കവർ പോസ്റ്റ്മാൻ വച്ചു നീട്ടുമ്പോൾ അത് തുറന്നുകാണുന്നതുവരെ അന്നാമ്മച്ചേടത്തിക്ക് ആകാംക്ഷയാണ്. കാരണം കവറാകുമ്പോൾ അതിൽ ചെക്ക് വരാനും സാധ്യതയുണ്ട്. പക്ഷേ മിക്കപ്പോഴും നിരാശയാണ് ഫലം! നാട്ടിൽ കിട്ടുന്നതിലും താണതരം ക്രിസ്മസ് കാർഡും ഏതാനും 'ചക്കര' വർത്തമാനവും കാണും. എങ്കിലും അന്നാമ്മച്ചേടത്തി നാട്ടിൽ കിട്ടാവുന്നതിൽ നല്ല കാർഡുവാങ്ങി മക്കൾക്ക് അയയ്ക്കും. അമേരിക്കയ്ക്ക് അയയ്ക്കുന്നതല്ലേ; വല്ല സായിപ്പോ മദാമ്മയോ കണ്ടാൽ മക്കൾക്ക് കുറച്ചിൽ വരരുതല്ലോ.

അങ്ങനെയിരിക്കെ ഇളയമകൻ അലക്സിന്റെ കത്തുവന്നു. അവനല്ല; ഭാര്യ ലൂസിയാണ് കത്തിന്റെ മുക്കാൽഭാഗവും എഴുതിയിരിക്കുന്നത്. കത്തിലെ പ്രധാന താല്പര്യം അമ്മച്ചി അമേരിക്കയ്ക്ക് ചെല്ലണമെന്നും അതിനു മനസ്സാണെങ്കിൽ ടൂറിസ്റ്റ് വിസയ്ക്കുള്ള കടലാസുകളും ടിക്കറ്റും ഉടനെ അയയ്ക്കാമെന്നുമാണ്. എല്ലാത്തിനുമൊടുവിൽ ലൂസി ഗർഭിണിയാണെന്നും രണ്ടുമാസം കൂടിയേ പ്രസവത്തിനുള്ളൂവെന്നുമുള്ള 'സന്തോഷവാർത്ത' എഴുതിയിട്ടുണ്ട്.

മരുമോളുടെ കത്തിനെ പിന്താങ്ങി മകനും കാക്ക ചികഞ്ഞതുപോലെ കത്തിൽ കുറെ കുത്തി വരച്ചിട്ടുണ്ട്. അന്നാമ്മച്ചേടത്തിയും നാട്ടിലുള്ള മകനും അവന്റെ വിദ്യാഭ്യാസമുള്ള മക്കളും കൂടി ശ്രമിച്ചിട്ട് അതിൽ പകുതിയേ വായിച്ചെടുക്കാൻ പറ്റിയുള്ളൂ.

മരുമോളുടെ ഗർഭാവസ്ഥയേക്കാൾ ചേടത്തിയെ സന്തോഷിപ്പിച്ചത് അമേരിക്കയ്ക്കുള്ള ക്ഷണമാണ്.

'അതിനിത്ര സമ്മതം ചോദിക്കാനെന്തിരിക്കുന്നു?' അന്നാമ്മച്ചേടത്തി മൂത്തമകൻ കുട്ടപ്പായിയോട് ചോദിച്ചു. 'മരിച്ചുപോയ നിന്റെ ചാച്ചൻ പണ്ടെന്നെ കെട്ടിയപ്പം പള്ളി ചടങ്ങിലല്ലാതെ എന്നോടാരും മനസ്സ് ചോദിച്ചില്ല. പിന്നാ ഇപ്പം!'

'അല്ല, അമ്മച്ചി അമേരിക്കയ്ക്ക് പോണോ?' കുട്ടപ്പായിയുടെ ചോദ്യം.

ഉടുമുണ്ട് അയഞ്ഞില്ലെങ്കിലും അതൊന്നയച്ചിട്ട് മുറുക്കി കുത്തിക്കൊണ്ട് അന്നാമ്മച്ചേടത്തി ചോദിച്ചു: 'അതെന്താടാ എനിക്ക് അമേരിക്കയ്ക്ക് പോയാൽ? വടക്കേതിലെ ശോശാമ്മയ്ക്ക് പോകാമെങ്കിലാണോ എനിക്ക് മേലാത്തത്! ഞാനൊരു കൊല്ലം അവിടെ താമസിക്കാൻ പോവ്വാ! എന്നാലേ നീയൊക്കെ എന്റെ വില മനസ്സിലാക്കൂ!'

അമ്മച്ചി ഇവിടെനിന്നു മാറിക്കിട്ടിയാൽ കുറേ നാളത്തേയ്ക്കെങ്കിലും തനിക്ക് സ്വൈര്യം കിട്ടുമല്ലോ എന്നാണ് കുട്ടപ്പായി ചിന്തിച്ചത്.

അയാളുടെ മൂത്ത മകൾ നേഴ്സിങ് പഠനം പൂർത്തിയാകാറായ മിനിമോൾ പറഞ്ഞു: 'മരുമോളുടെ പ്രസവമെടുക്കാനാ അമ്മച്ചിയെ ക്ഷണിച്ചിരിക്കുന്നത്; അല്ലാതെ സ്നേഹം കൊണ്ടൊന്നുമല്ല!'

'ഒന്നു പോണുണ്ടോടി അപ്പുറത്ത്...' അന്നാമ്മച്ചേടത്തിയ്ക്ക് ദേഷ്യം വന്നു.

അമേരിക്കയ്ക്കു വരുവാൻ സമ്മതമാണെന്നെഴുതി അവർ അന്നുതന്നെ മറുപടി അയച്ചു.

പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള സാധാരണ വീട്ടമ്മയാണ് അന്നാമ്മച്ചേടത്തി. ചട്ടയും മുണ്ടുമാണ് സാധാരണ വേഷം. പുറത്തേക്കിറങ്ങുമ്പോൾ കവണിയും ധരിക്കും. കുണുക്കും കമ്മലും സ്വർണമാലയും നരച്ച മുടിയും ധരിച്ച അന്നാമ്മച്ചേടത്തിയെ കണ്ടാൽ അഴകിനു കുറവില്ല. നല്ല ചുറുചുറുക്കോടെയാണ് നടത്തവും സംസാരവും.

അയൽപക്കത്ത് നാളുകളായി തിരിഞ്ഞു കയറാത്ത അന്നാമ്മച്ചേടത്തി അന്ന് പല വീടുകളിൽ കയറിയിറങ്ങി അവരുടെ



യെല്ലാം ക്ഷേമാന്വേഷണം നടത്തി. അതിന്റെ അവസാനത്തിൽ താൻ അമേരിക്കയ്ക്ക് പോകുന്ന കാര്യം പറയാനും മറന്നില്ല. അത് പറയുമ്പോൾ അന്നാമ്മച്ചേടത്തിയുടെ മുഖത്ത് പ്രസാദം; അയൽപക്കത്തെ ചേടത്തിമാർക്ക് അസൂയ!

ഏതാനും നാളുകൾക്കകം അമേരിക്കയിൽ നിന്നു വീണ്ടും കത്തു വന്നു. അമ്മച്ചി ചെല്ലുമെന്നറിഞ്ഞതിൽ സന്തോഷമാണെന്നും, നാട്ടിലേയ്ക്ക് വരുന്ന ഒരാൾവശം മദ്രാസിൽ കാണിക്കുവാനുള്ള കടലാസുകൾ കൊടുത്തു വിട്ടിട്ടുണ്ടെന്നുമാണ് സാരം. വിസാ കിട്ടിയാൽ അവരുടെ കൂടെത്തന്നെ പോരാമെന്നും എഴുതിയിട്ടുണ്ട്.

പിന്നീട് കാര്യങ്ങളെല്ലാം വേഗം നടന്നു; മദ്രാസിൽ ചെന്നു; വിസാ കിട്ടി. അമേരിക്കയ്ക്ക് പുറപ്പെടാനുള്ള ദിവസം അടുത്ത ബന്ധത്തിൽപ്പെട്ട എല്ലാവരെയും പോയി കണ്ടു യാത്ര പറയുകയും ഇനി ഒരിക്കലും കാണുകയില്ലെന്ന് തോന്നാത്ത വിധം കെട്ടിപ്പിടിച്ച് കരയുകയും ചെയ്തു. ചേടത്തിയുടെ സ്നേഹം കണ്ടപ്പോൾ അവരിൽ പലർക്കും കരച്ചിൽ വന്നു; മറ്റുചിലർ കരച്ചിൽ നടിച്ചു. അമേരിക്കയിൽ ചെന്നിട്ട് എഴുതാമെന്ന് ചേടത്തി മിക്കവർക്കും വാക്കു കൊടുത്തു.

അമേരിക്കയ്ക്ക് കൊണ്ടുപോകുവാൻ പലതരം അച്ചാറുകൾ, അരിയുണ്ട, ചീപ്പപ്പം, കുടംപുളി, പാനി, ശർക്കര എന്നു വേണ്ട എല്ലാം തയ്യാറാക്കി. അമേരിക്കയിലുള്ള രണ്ട് മക്കളുടെയും സ്നേഹപൂർവ്വമായ കത്തുകളിലെ നീണ്ട ലിസ്റ്റുംപടിയാണ് എല്ലാം അടുപ്പിച്ചത്.

അവർ പണ്ട് അമേരിക്കയിൽ നിന്നു വന്നപ്പോൾ ആർക്കെങ്കിലും എന്തെങ്കിലും കൊണ്ടുവരണമോ എന്നു പോലും ചോദിച്ചില്ലല്ലോ എന്ന് ചേടത്തി അപ്പോൾ ഓർത്തു. ഉള്ളത് പറയണമല്ലോ; അവർ വന്നപ്പോൾ സോപ്പ്, ചീപ്പ്, ഷാമ്പൂ തുടങ്ങി പല ചില്ലറ സാധനങ്ങൾ അവരുടെ നൂറുകൂട്ടം തുണികളുടെ കൂടെ, പെട്ടി നിറച്ചു കൊണ്ടുവന്നു.

'ഇടയില്ലാതായി; അല്ലെങ്കിൽ കുറേക്കൂടി കൊണ്ടുവരാമായിരുന്നു' എന്ന് അവർ പറയുന്നത് കേട്ടു. അവർ ഉപയോഗിച്ചതിന്റെ ബാക്കി വീട്ടിലും കിട്ടി.

ലിസ്റ്റിൻപ്രകാരം നാടൻ ഭക്ഷണപദാർത്ഥങ്ങൾക്കു പുറമേ സാരി, കൈലിമുണ്ട്, കുട്ടികൾക്ക് ചുരിദാർ എന്നിവ വാങ്ങണം. അല്ലാതങ്ങ് ചെല്ലാനൊക്കുമോ. അങ്ങ് ചെന്നാൽ ഇനി അവരുടെ ഔദാര്യത്തിൽ വേണ്ടേ കഴിയുവാൻ.

ലിസ്റ്റിൻ പടി എല്ലാം വാങ്ങുവാൻ ചേടത്തിയുടെ കയ്യിൽ പണം തികയില്ല. കുട്ടപ്പായിയോട് പണം ചോദിച്ചപ്പോൾ അവനു

മുറുമുറുപ്പ്: 'ടിക്കറ്റയച്ചകൂടെ ഇതെല്ലാം വാങ്ങാനെങ്കിലും ഒരു ചെക്കുകൂടി അവർക്കിങ്ങയയ്ക്കാമായിരുന്നല്ലോ.'

അമ്മച്ചി അമേരിക്കയിലേയ്ക്കാണല്ലോ പോകുന്നതെന്നോർത്തപ്പോൾ കുട്ടപ്പായിയ്ക്ക് വീണ്ടുവിചാരമുണ്ടായി. അമ്മച്ചിയോടോ അമേരിക്കയിലുള്ള കൂടപ്പിറപ്പുകളോടോ സ്നേഹമുണ്ടായിട്ടല്ല; അമ്മച്ചി അങ്ങു ചെന്ന് അവരെ ഗുണദോഷിച്ച് വല്ലതും അയച്ചെങ്കിലോ എന്നു പ്രതീക്ഷിച്ചു മാത്രം.

അടുത്ത സ്വന്തക്കാരോടെല്ലാം, പോകുന്നതിന്റെ തലേന്ന് വൈകിട്ടുതന്നെ യാത്ര അയയ്ക്കാൻ വരണമെന്ന് കുട്ടപ്പായി മിണ്ടിയില്ലെങ്കിലും അന്നാമ്മച്ചേടത്തി ബന്ധുക്കളോടും അയൽക്കാരോടും പറഞ്ഞു. ശോശാമ്മ പോയപ്പോൾ പത്തുപേർ കൂടിയെങ്കിൽ താൻ പോകുമ്പോൾ നൂറുപേർ കൂടണമെന്നാണ് ചേടത്തിയുടെ നിർബന്ധം.

രണ്ടു ദിവസത്തിനകം പലതും ഒരുക്കണം. കുറേ സ്വന്തക്കാരെകൂടി കാണണം, ചില്ലറ സാധനങ്ങൾ വാങ്ങണം, വൈകിട്ട് വരുന്ന വിരുന്നുകാർക്ക് സദ്യയൊരുക്കണം. ഓടി നടന്നു പണിയുന്നതിനിടയിൽ അന്നാമ്മച്ചേടത്തി എങ്ങനെയോ വീടിന് പിറകിലുള്ള നടയിൽ തട്ടിവീണ് കാലു മടിഞ്ഞു.

'ദൈവമേ... ഇതെന്തോന്നു ചതിയാ?' ചേടത്തി നിലത്ത് കിടന്നു വലിയ വായിൽ നിലവിളിച്ചു.

'എന്റെ മാതാവേ, നാളെ ഞാനെങ്ങനെ അമേരിക്കയ്ക്ക് പോകും?'

'അതെങ്ങനാ... നിലത്തെങ്ങാനും നോക്കിയാണോ നടപ്പ്!' കുട്ടപ്പായിയുടെ ഭാര്യ മോളിയുടെ പരിഹാസവാക്കുകൾ. 'വിമാനത്തേലെന്നപോലെ പറക്കുകല്ലേ!'

അതുകേട്ടപ്പോൾ അന്നാമ്മച്ചേടത്തിക്ക് ചൊറിഞ്ഞു കയറി.

സ്വയം എഴുന്നേൽക്കാൻ വയ്യാത്ത ചേടത്തിയെ, കുട്ടപ്പായിയും അയൽക്കാരൻ അഗസ്റ്റിനും ചേർന്ന് കാറിൽ കയറ്റി അടുത്തുള്ള മിഷനാശുപത്രിയിലാക്കി.

# വിമാനദുരന്തം

കല്യാണക്കാറുകൾ വധൂഗൃഹത്തിൽ നിന്ന് വരന്റെ ഇടവകപ്പള്ളിയിലേയ്ക്ക് പ്രവഹിക്കുമ്പോലെ, മൂന്നു കാറുകൾ നിരനിരയായി അന്നാമ്മച്ചേടത്തിയെയും സ്വന്തക്കാരെയും കയറ്റി കൊച്ചിയിലേക്കോടി.

മൂന്നാമത്തെ കാറിന്റെ മുൻസീറ്റിൽ അന്നാമ്മച്ചേടത്തി ഞെളിഞ്ഞിരുന്നു. ആ വാഹനങ്ങൾ കൂട്ടം തെറ്റാതെ പോകുന്നുണ്ടോ എന്ന് അവർ കൂടെക്കൂടെ ശ്രദ്ധിച്ചിരുന്നു. ഇടയ്ക്കൊരു കാറുവന്നു കയറുമ്പോൾ അവർ ചിന്തിക്കും: തന്റെ യാത്ര അയപ്പിന് നാലുകാറുണ്ടെന്ന് വഴിയിൽ നിൽക്കുന്നവർ വിചാരിച്ചോളും.

തന്റെ വിവാഹത്തിന് മൂന്നു പോയിട്ട് ഒരു കാറു പോലും ഇല്ലായിരുന്നു. ഇന്ന് താനൊരു മണവാട്ടിയാണെന്ന് ചേടത്തിക്ക് തോന്നി. അങ്ങനെ ചിന്തിച്ചപ്പോൾ അവർക്കൊരു നാണം.

കുട്ടപ്പായിയുടെയും തന്റെ മൂന്നു പെൺമക്കളുടെയും കുടുംബാംഗങ്ങൾ മുഴുവനും, തന്റെ സഹോദരൻ ചുമ്മാരും അനുജത്തി കന്യാസ്ത്രീയുമാണ് കാറുകളിലുള്ളത്. എല്ലാവർക്കും ഇരിക്കാൻ ഇട നന്നേ കുറവാണ്.

കുട്ടപ്പായിയ്ക്ക് മനസ്സുണ്ടായിട്ടല്ല മൂന്നു കാറുകൾ വാടകയ്ക്കെടുത്തത്. ഇവരിൽ ആരോട് പറയും പോരെണ്ടാന്ന്.

അന്നാമ്മച്ചേടത്തി കുട്ടപ്പായിയോടു പറഞ്ഞു: 'എല്ലാവരും പോന്നോട്ടെ; ആരേം പിണക്കണ്ട. നീ എനിക്ക് കടം തരുമ്പോലങ്ങ് ചെലവാക്കിയാ മതി. അമേരിക്കയ്ക്കല്ലേ ഞാൻ പോകുന്നത്. ഒരു കൊല്ലം കഴീമ്പം ഞാൻ ഡോളറും വാരിക്കൊണ്ടേ വരൂ; നീ നോക്കിക്കോ!'

അത് കേട്ടപ്പോൾ കുട്ടപ്പായിയുടെ മുഖത്ത് പ്രസാദം.

ഡോളർ വാരുമെന്നല്ലാതെ അതെവിടെയാണ് കുന്നുകൂടി കിടക്കുന്നതെന്ന് അന്നാമ്മ ചേടത്തിക്കോ കുട്ടപ്പായിയ്ക്കോ നിശ്ചയമില്ല. എങ്കിലും അതെവിടെയാണെന്ന് അമേരിക്കയിലുള്ള മക്കൾക്ക് അറിയാമെന്ന് അന്നാമ്മച്ചേടത്തിക്ക് ഉറപ്പാണ്.

എറണാകുളത്ത് വന്നതോടെ എല്ലാവർക്കും വിശന്നു. വിമാനം പുറപ്പെടാൻ ഇനിയുമുണ്ട് മണിക്കൂറുകൾ. 'നമുക്കേതെങ്കിലും ഹോട്ടലിൽ കയറി വല്ലോം കഴിക്കാം' അന്നാമ്മച്ചേടത്തി അഭിപ്രായപ്പെട്ടു. സ്ത്രീകളും കുട്ടികളും അത് ശരിവെച്ചു. പുരുഷന്മാർ അനുകൂലിച്ചുമില്ല; പ്രതികൂലിച്ചുമില്ല.

കുട്ടപ്പായിയുടെ നെഞ്ചിൽ കൊള്ളിയാൻ മിന്നി. അയാൾ ചിന്തിച്ചു: 'ദൈവമേ, എല്ലാം കൂടി എറണാകുളത്തെ വൻകിട ഹോട്ടലിൽ കേറി തിന്നാൽ ചെലവെന്താകും! എന്നാൽ പിന്നെ ഇങ്ങു പോന്നവഴി വല്ല നാടൻ ചായക്കടേലും കേറാമായിരുന്നു.'

കുട്ടപ്പായി ചിന്തിച്ചു തീരുംമുമ്പേ അടുത്തുള്ള ബഹുനില ഹോട്ടലിൽ മറ്റുള്ളവർ കയറിക്കഴിഞ്ഞു.

ഭക്ഷണം കഴിച്ചുകഴിഞ്ഞ് ഇറങ്ങുമ്പോൾ കൗണ്ടറിനടുത്തെങ്ങും അമ്മാച്ചനും അളിയന്മാരുൾപ്പടെയുള്ള പുരുഷന്മാരെ കാണാനില്ല. വല്ല അത്യാഹിതവും സംഭവിച്ചാൽ ഒരുപിടി കയ്യി

ലിരിക്കട്ടെ എന്നും, തിരികെ കൊണ്ടുപോകാമെന്നും കരുതി ബാങ്കിൽ നിന്നെടുത്ത കുറേ രൂപ കുട്ടപ്പായി കരുതിയിരുന്നു. അതുകൊടുത്ത് ഹോട്ടലിൽ നിന്ന് പിരിഞ്ഞു.

വിമാനത്താവളത്തിൽ ചെന്നപ്പോൾ ക്നാനായ കത്തോലിക്കരുടെ ഇടയിൽ പ്രസിദ്ധമായ പുരാതനപ്പാട്ടുകളിലെ ഏതാനും ഈരടികളാണ് അന്നാമ്മച്ചേടത്തിയുടെ മനസ്സിൽ:

'ഉറ്റവരുടയവർ ബന്ധുക്കളെല്ലാരും
തങ്ങളിത്തങ്ങളിലമ്പോടെ തഴുകുന്നു
മാർവത്ത് മാർവ്വിടം മാർവ്വം നനയുന്നു...'

ഇത്രയുമോർത്തപ്പോൾ ചേടത്തിയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. അവർ കൂടെവന്ന കുടുംബാംഗങ്ങളെ മാറോടു ചേർത്തു തഴുകി. അമ്മയുടെ കരച്ചിൽ മക്കളിലേയ്ക്കും പകർന്നു.

'മക്കളെ കാണുമോ ഹിന്ദുവിൽ പോയാലും' എന്ന വരി ഓർത്തുകൊണ്ടവർ പറഞ്ഞു: 'മക്കളേ ഞാൻ അമേരിക്കേ പോയാ നിങ്ങളെ കാണുമോ! നിങ്ങൾ കൂടെക്കൂടെ എഴുതണം കേട്ടോ.'

അമേരിക്കയ്ക്ക് കത്തയയ്ക്കാൻ ചുരുങ്ങിയത് അഞ്ച് രൂപായെങ്കിലും മുടക്കണമെന്ന് അറിയാമെങ്കിലും വേർപാടിൽ വ്യസനിക്കുന്ന അമ്മച്ചിയെ വിഷമിപ്പിക്കരുതല്ലോ എന്നു കരുതി എല്ലാവരും തല കുലുക്കി.

അനുജത്തി സിസ്റ്റർ, ഉപയോഗിച്ചു ചെളി പിടിപ്പിക്കാതെ അമൂല്യനിധിയായി സൂക്ഷിച്ചു വെച്ചിരുന്ന ജറുസലേമിൽ നിർമ്മിച്ച കൊന്ത ചേടത്തിയ്ക്ക് സമ്മാനിച്ചു കൊണ്ടുപറഞ്ഞു: 'ഇതു മാർപ്പാപ്പ വെഞ്ചരിച്ചതാ കേട്ടോ.'

അന്നാമ്മച്ചേടത്തി അതിലെ കുരിശ് ചുംബിച്ചിട്ട് ഭക്തിപൂർവ്വം കഴുത്തിലണിഞ്ഞു.

അമേരിക്കയ്ക്ക് കൂടെ പോകുന്ന മലയാളികൾ ചേടത്തിയോട് പറഞ്ഞു: 'ദേ...വന്നേ... സെക്യൂരിറ്റി ചെക്കിംഗിന് വിളിക്കുന്നു.'

റ്റാറ്റാ കൊടുത്ത് അന്നാമ്മച്ചേടത്തി കണ്ണീരോടെ യാത്രയായി. വിമാനത്തിലേയ്ക്കുള്ള പടികൾ കയറുമ്പോൾ വെളിയിൽ യാത്രയാക്കാൻ വന്നവരെ നോക്കി ചേടത്തി വീണ്ടുംവീണ്ടും റ്റാറ്റാ കൊടുത്തു. അതിൽ എവിടെയാണ് തന്റെ കുടുംബക്കാർ നിൽക്കുന്നതെന്ന് മാത്രം ചേടത്തിക്ക് നിശ്ചയമില്ലായിരുന്നു.

അന്നാമ്മച്ചേടത്തിയെയും കൊണ്ട് വിമാനം പറന്നുയർന്നു.

'താഴേയ്ക്കു നോക്കിയാലോ?' ചേടത്തി ചിന്തിച്ചു. 'വേണ്ട; ഒരുപാടു പൊങ്ങിക്കാണും. കീഴോട്ട് നോക്കീട്ട് തല കറങ്ങി

താഴെ വീണാലോ!' അവർ വിമാനത്തിനകത്തേയ്ക്ക് തന്നെ നോക്കിയിരുന്നു.

അല്പം കഴിഞ്ഞപ്പോൾ വിമാനത്തിനുള്ളിൽ ഒരു ബഹളം. തടിച്ച് താടിമീശയുള്ള ഒരു ചെറുപ്പക്കാരൻ യാത്രക്കാർക്ക് നേരെ കൈബോംബ് പൊക്കിപ്പിടിച്ച് അജ്ഞാതമായ ഭാഷയിൽ ഭീഷണിപ്പെടുത്തുന്നു.

മറ്റൊരുത്തൻ കോക്പിറ്റിൽ പോയിട്ടുണ്ടാകുമെന്ന് ആരോ പറയുന്നതു കേട്ടു.

യാത്രക്കാർ ഭയന്ന് വിറച്ചു. എന്ത് ചെയ്യണമെന്നറിയാതെ അന്നാമ്മച്ചേടത്തിയും പകച്ചിരുന്നു. അരുതാത്ത കാഴ്ച കാണാതിരിക്കാൻ അവർ കണ്ണുകളടച്ചു.

സിസ്റ്റർ സമ്മാനിച്ച കൊന്തയുടെ കാര്യം പെട്ടെന്നവർ ഓർത്തു. ഭയന്നുവിറച്ചുകൊണ്ട് കഴുത്തിൽ കിടന്ന ആ കൊന്തയിൽ പിടിച്ച് ചേടത്തി ഉറക്കെ നിലവിളിച്ചു: 'എന്റെ മാതാവേ!'

ഉടനെ ബോംബ് പൊട്ടുന്ന ശബ്ദം! വിമാനം അതിവേഗം കത്തി കടലിലേയ്ക്ക് വീഴുന്നു. അന്നാമ്മച്ചേടത്തി അലറിക്കരഞ്ഞു.

ആശുപത്രിയിൽ അന്നാമ്മച്ചേടത്തിയുടെ മുറിയിലും വെളിയിലുമായി നിന്ന ജനമെല്ലാം കരച്ചിൽ കേട്ട് കിടക്കയ്ക്കരുകിലേക്ക് ഓടിവന്നു.

ചേടത്തിയുടെ ക്ഷണപ്രകാരം യാത്ര അയപ്പ് സദ്യയിൽ പങ്കെടുക്കാൻ വന്നവരായിരുന്നു അവർ.

ആരോ ചെന്ന് ഡ്യൂട്ടി നേഴ്സായ സിസ്റ്ററിനെ വിളിച്ചു. അവരും ഓടി വന്നു.

അന്നാമ്മച്ചേടത്തി കൈകാലിട്ടടിച്ച് നീന്താൻ ശ്രമിക്കുകയാണ്.

സിസ്റ്റർ ചേടത്തിയെ മെല്ലെ വിളിച്ചുണർത്തി.

താൻ കടലിലല്ല, കിടക്കയിലാണെന്ന് വിശ്വസിക്കാൻ അവർക്ക് പ്രയാസം. കണ്ണ് തുറന്നപ്പോൾ ചുറ്റും ബന്ധുക്കൾ.

അടുത്തു നിന്ന കുട്ടപ്പായിയുടെ ചെവിയിൽ ചേടത്തി മന്ത്രിച്ചു: 'സാരമില്ല, ഞാനൊരു കിനാവ് കണ്ടതാ. ഏതായാലും ഞാനിപ്പോൾ പോകാത്തത് ദൈവനിശ്ചയമാ. നാളത്തെ പത്രത്തീ നോക്കണം, വല്ല വിമാനാപകടോം ഉണ്ടായോന്ന്.'

പിറ്റേദിവസം പത്രം കടം വാങ്ങി കുട്ടപ്പായി അരിച്ചു പെറുക്കി വായിച്ചു. പക്ഷേ അതിൽ വിമാനാപകടത്തിന്റെ വാർത്തയില്ലായിരുന്നു.

# സിസ്റ്റർ മീരയുടെ പരിഹാര നിർദ്ദേശം

അന്നാമ്മച്ചേടത്തിയെ അമേരിക്കയ്ക്ക് അയക്കാനുള്ള യാത്ര അയപ്പ് സദ്യയിൽ പങ്കെടുക്കാൻ ചേടത്തിയുടെ തന്നെ ക്ഷണപ്രകാരം ആശുപത്രിയിലെത്തിയവർ അവരെ കണ്ടശേഷം വെറും വയറോടെ മടങ്ങി.

പിറ്റേന്ന് രാവിലെ ഡോക്ടർ വന്നപ്പോൾ എക്സറേ ഫിലിം പരിശോധിച്ചിട്ട് പറഞ്ഞു: 'സാരമില്ല; അസ്ഥിക്ക് പൊട്ടലൊന്നുമില്ല. ഇനി കുറേശ്ശെ കാലുകുത്തി നടക്കാം. രണ്ട് മൂന്നാഴ്ചയ്ക്കുള്ളിൽ അമേരിക്കയ്ക്ക് പോകാനൊക്കും.'

അന്നാമ്മച്ചേടത്തിയ്ക്ക് സമാധാനമായി. എങ്കിലും കാലു നിലത്ത് തൊടുമ്പോൾ വേദന. എങ്ങനെയെങ്കിലും നടന്ന് വിമാന ത്തേൽ കയറാൻ പറ്റുമായിരുന്നെങ്കിൽ ഇന്നുതന്നെ അങ്ങ് പറ ക്കാമായിരുന്നു എന്നവർ ആശിച്ചു.

ചേടത്തി അന്നുതന്നെ ആശുപത്രി വിട്ടു. വീട്ടിൽ വന്ന പ്പോൾ അയൽക്കാരികൾ കാണാൻ വന്നു. പുറമെ സഹതാപം പ്ര കടിപ്പിച്ച അവരുടെ ഉള്ളിൽ പരിഹാസം; അന്നാമ്മച്ചേടത്തിയ്ക്ക് വിഷാദം.

മൂന്നാം നാൾ, അമേരിക്കയിൽ നിന്ന് ആദ്യമായി അയൽ പക്കത്തെ കച്ചവടക്കാരനായ തോമസുചേട്ടന്റെ വീട്ടിൽ കുട്ടപ്പായി ക്കൊരു ഫോൺ സന്ദേശം കിട്ടി: രണ്ടാഴ്ച കഴിഞ്ഞ് തിരുവല്ലാ ക്കാരൻ ചകിരിപ്പറമ്പിൽ മത്തച്ചൻ എന്ന അലക്സിന്റെ സുഹൃത്ത് ന്യൂയോർക്കിന് മടങ്ങുന്നുണ്ട്. അവന്റെ കൂടെ അമ്മച്ചിക്ക് ലണ്ടൻ വരെ പോകാം. അവിടെ നിന്ന് അവൻ അമ്മച്ചിയെ ചിക്കാഗോ യ്ക്കുള്ള വിമാനത്തിൽ കയറ്റി വിടും.

'കണ്ടോ, അങ്ങനാ സ്നേഹമുള്ള മക്കൾ.' അന്നാമ്മച്ചേ ടത്തി അഭിമാനത്തോടെ പറഞ്ഞു. 'എന്നെ കാണാൻ അവന് ധൃതിയായി.'

'അയ്യോ... അമ്മേ കാണാനുള്ള ധൃതികൊണ്ടൊന്നുമല്ല.' മിനിമോൾക്ക് നാവടക്കാൻ കഴിഞ്ഞില്ല. 'അമ്മേടെ യാത്ര മാറ്റി വെയ്ക്കുമ്പോലെ ലൂസിയാന്റീടെ പ്രസവം നീട്ടിവയ്ക്കാനൊ ക്കുമോ?'

'അതാടീ എന്റെ കഴിവ്' അന്നാമ്മച്ചേടത്തിയും വിട്ടില്ല. 'ഞാൻ ചെന്നാൽ എന്നെക്കൊണ്ടവർക്ക് ഉപകാരമേയുള്ളൂ. ഇ വിടല്ലേ നിങ്ങൾക്ക് ഞാനൊരധികപ്പറ്റ്.'

അമ്മച്ചിയെ അമേരിക്കക്ക് അയയ്ക്കാനുള്ള ഓട്ടം കുട്ട പ്പായി പുനഃരാരംഭിച്ചു. ഫോൺ സന്ദേശമനുസരിച്ച് അയാൾ അലക്സിന്റെ കൂട്ടുകാരൻ ചകരിപ്പറമ്പിൽ മത്തച്ചനെ തേടി

തിരുവല്ലയ്ക്ക് പോയി.

അവിടെ ചെന്നപ്പോൾ മത്തച്ചൻ ടാക്സി പിടിച്ച് എങ്ങോ പോയിരിക്കുകയാണ്. മത്തച്ചന്റെ പിതാവ് സ്കറിയാ ചേട്ടൻ നവാഗതനെ കണ്ടപാടെ ചോദിച്ചു: 'ഇവിടിപ്പോൾ പലരും വന്നു. കൂടുതൽ തരുന്നവർക്കേ ഞങ്ങൾ കൊടുക്കൂ. സാർ ഡോളറിനെത്ര രൂപാ വച്ചു തരും?'

'അയ്യോ ഞാൻ ആ ഇടപാടുകാരനല്ല.' കുട്ടപ്പായി പറഞ്ഞു. അവർ വർത്തമാനം പറഞ്ഞിരിക്കുന്നതിനിടയിൽ മത്തച്ചൻ കൊണ്ടുവന്ന ഷിവാസ് റീഗലിന്റെ കുപ്പിയിൽ നിന്നല്പം സ്കറിയാ ചേട്ടൻ പകർന്ന് കൊടുത്തു. അപ്പോൾ കുട്ടപ്പായിയുടെ മനസ്സ് തെളിഞ്ഞു.

അമ്മയുടെ യാത്ര സംബന്ധിച്ച് രണ്ടുമൂന്ന് പ്രാവശ്യം കുട്ടപ്പായി തിരുവല്ലായ്ക്കു പോകേണ്ടിവന്നു.

അന്നാമ്മച്ചേടത്തി ആദ്യം വടികുത്തിയും പിന്നീട് വടി കൂടാതെ ഭിത്തിയിലും മേശയിലും പിടിച്ചും പിന്നെ പിടി വിട്ടും നടന്നു. വിമാനത്തിലേക്കുള്ള പടികൾ ചവിട്ടിക്കയറാമെന്ന് അവർക്ക് ധൈര്യമായി.

ചേടത്തി ഇപ്പോൾ സൂക്ഷിച്ചാണ് നടപ്പ്. എങ്ങാനും തട്ടി വീണാലോ? മുമ്പ് തെന്നിവീണ നടയിൽ വരുമ്പോൾ കൂടുതൽ സൂക്ഷിക്കും.

വല്ല വിമാനാപകടവും ഉണ്ടായോ എന്നറിയുവാൻ അയൽ പക്കത്തുനിന്ന് പത്രം കടം വാങ്ങി വായിച്ചുനോക്കും.

സ്വപ്നത്തിൽ കണ്ട അപകടം താൻ പോകും മുമ്പ് എവിടെയെങ്കിലും ഒന്ന് നടന്നിരുന്നെങ്കിൽ സമാധാനമായി പോകാമായിരുന്നുവെന്നവർ ചിന്തിച്ചിരുന്നു. കാരണം, ആശുപത്രിയിൽ വച്ചുണ്ടായ സ്വപ്നം അവരെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു.

അതിനിടയിൽ അനുജത്തി സിസ്റ്റർ, ചേച്ചിയുടെ ക്ഷേമമന്വേഷിക്കുവാൻ വരുന്നത് അകലെ നിന്നുതന്നെ ചേടത്തി കണ്ടു. സിസ്റ്ററിന്റെ കന്യാസ്ത്രീയായ ശേഷമുള്ള പേര് ചേടത്തിയ്ക്കിപ്പോഴും നിശ്ചയമില്ല. മറിയമെന്നായിരുന്നു അവളുടെ മാമോദീസാപ്പേര്. വീട്ടിൽ മറിയാച്ചിയെന്ന് വിളിച്ചിരുന്നു. പള്ളിക്കൂടത്തിൽ ചേർത്തപ്പോൾ അത് പരിഷ്കരിച്ച് മേരിയെന്നാക്കി. കന്യാസ്ത്രീയാകുമ്പോൾ ആൺപെൺ തിരിവില്ലാതെ വിശുദ്ധരുടെ പേരാണ് കൊടുക്കുക പതിവ്. ഏതായാലും പുണ്യവാളന്റേതല്ല. പുണ്യവതിയുടെ പേര് കിട്ടിയാൽ മതിയെന്ന് താൻ പറഞ്ഞു.

അപ്പോൾ നൊവീഷ്യേറ്റിലായിരുന്ന മറിയാച്ചി പറഞ്ഞു: 'ഇപ്പോൾ കാലം മാറി ചേച്ചീ. പേര് തിരഞ്ഞെടുക്കാൻ ഞങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്. ഏറ്റവും അത്യാധുനിക പേരുകൾ ഞ

ങ്ങൾ തപ്പിക്കൊണ്ടിരിക്കാ.'

'അപ്പോൾ എന്തോന്നു പേരാ നീ എടുക്കുന്നത്?' ചേടത്തി ചോദിച്ചു.

'അതൊക്കെ രഹസ്യമാ. എന്റെ ഉടുപ്പിടീലിന് മെത്രാനച്ചൻ വിളിക്കുമ്പം കേട്ടോ.'

ഉടുപ്പിടീൽ കർമത്തിനിടയിൽ മെത്രാനച്ചൻ ഔദ്യോഗികമായി പ്രഖ്യാപിച്ചു: 'മറിയാച്ചീ, ഇന്നു മുതൽ നിന്റെ പേർ സിസ്റ്റർ മീരാ എന്നായിരിക്കും.'

അതു കേട്ടപ്പോൾ ദൈവാലയത്തിലുണ്ടായിരുന്ന ഭക്തജനം ചിരിയടക്കാൻ നന്നേ പാടുപെട്ടു. മറ്റു ചിലരുടെ പുതിയ പേരുകൾ കേട്ടപ്പോൾ ചിലരുടെ അടക്കിപ്പിടിച്ചിരുന്ന ചിരി നിയന്ത്രണം വിട്ടുപോയി.

ഉടുപ്പിടീൽ കഴിഞ്ഞു സിസ്റ്റർ മീരാ വീട്ടിൽ വന്നപ്പോൾ അന്നാമ്മച്ചേടത്തി സ്നേഹത്തോടെ 'സിസ്റ്റർ മീരേ'ന്നു വിളിച്ചത് പിശകി തെറിയായിപ്പോയി. അബദ്ധത്തിൽ വന്ന തെറ്റിന് ക്ഷമ ചോദിച്ച ചേടത്തി അതിൽപ്പിന്നെ പഴയ മറിയാച്ചിയെന്ന പേരേ വിളിക്കൂ.

'എന്റേടീ, ഇപ്പോഴത്തെ പിള്ളേരുടെ പേര് ഇതിലും എളുപ്പമാണല്ലോ!' ചേടത്തി ആയിടെ സിസ്റ്ററിനോട് പറഞ്ഞു.

സിസ്റ്റർ അഭിമാനത്തോടെ മറുപടി കൊടുത്തു: 'ഇപ്പോഴത്തെ പുതിയ ദമ്പതികൾ. ഞങ്ങളുടെ പേരു നോക്കിയാ അവരുടെ കുട്ടികൾക്ക് പേരിടുന്നത്. അതൊരു സേവനമല്ലേ?'

'അതു തന്നെ...!' അന്നാമ്മച്ചേടത്തി അർത്ഥോക്തിയിൽ തല കുലുക്കി.

സിസ്റ്റർ തുടർന്നു: 'മാത്രമല്ല, പഴയ പുണ്യാളന്മാരുടെ പേര് സ്വീകരിച്ചാൽ ഒരേപേരിൽ പല വിശുദ്ധരാകും. പിന്നെ എല്ലാവരേയും തിരിച്ചറിയാൻ സ്വർഗീയ മണവാളനും വിശ്വാസികൾക്കും ബുദ്ധിമുട്ടാകും. എന്റെ മറിയമെന്ന മാമോദീസാപ്പേരിന് 'മീരാ' യോജിക്കും. ഇതും മാതാവിന്റെ മറ്റൊരു പേരാ. അതുകൊണ്ട് മാതാവിന്റെ തിരുന്നാളെല്ലാം എന്റെ ഫീസ്റ്റുമാ.'

ഇതെല്ലാമോർത്ത് അന്നാമ്മച്ചേടത്തി ചിരിച്ചു കൊണ്ടിരിക്കുമ്പോൾ സിസ്റ്റർ അടുത്തെത്തി. രണ്ടുപേരും കുശലം പറയുന്നതിനിടയിൽ അന്നാമ്മച്ചേടത്തി തന്നെ പേടിപ്പിക്കുന്ന പേക്കിനാവിന്റെ കാര്യം ചർച്ചയ്ക്കെടുത്തു. ചേടത്തി പറഞ്ഞു: 'ഇതിന് ഞാനെന്താണ് ചെയ്യേണ്ടതെന്നു മറിയാച്ചി പറ.'

ആങ്ങളയുടെയും തന്റെയും വീട്ടിലെ ഏതു പ്രശ്നത്തിനും പരിഹാരം നിർദ്ദേശിക്കുന്നതും കുടുംബകാര്യങ്ങൾ ഒട്ടൊക്കെ

തീരുമാനിക്കുന്നതും സിസ്റ്റർ മീരയാണ്. ഉടുപ്പിട്ടനാൾ മുതൽ അവൾക്കെങ്ങനെയോ ഗുണദോഷിക്കാനുള്ള വരം കിട്ടി.

സ്ഥാപനങ്ങളിലെ അഡ്മിഷൻ കാര്യങ്ങളിലും സിസ്റ്ററിന്റെ റെക്കമെന്റേഷനാണ് ഒരത്താണി. കുടുംബപ്രശ്നങ്ങളിൽ സിസ്റ്ററിന്റെ നിർദ്ദേശങ്ങൾ വളരെ ഫലപ്രദമാണ്. ഇതൊക്കെ ഓർത്ത് വിശദമായി ചിന്തിക്കാൻ അവർക്ക് മഠത്തിന്റെ ചാപ്പലിൽ സൗകര്യവും അതിന് വേണ്ടതിലധികം സമയവുമുണ്ടല്ലോ എന്ന് അന്നാമ്മച്ചേടത്തി ചിന്തിച്ചു.

സിസ്റ്റർ തന്റെ യൂണിഫോമിന്റെ അലങ്കാരമായി അരക്കെട്ടിൽ തൂക്കിയിട്ടിരിക്കുന്ന വെട്ടിത്തിളങ്ങുന്ന കൊന്തയുടെ അറ്റം കയ്യിലെടുത്ത് ചുഴറ്റിക്കൊണ്ടു പറഞ്ഞു: 'ചേച്ചി പോകുന്ന ദിവസം നട തുറന്നൊരു നേർച്ച കുർബാനയും മരിച്ചുപോയ ചേട്ടനു വേണ്ടി ഒരു ഒപ്പീസും ചൊല്ലിച്ചാൽ മതി.'

അനുജത്തിയുടെ ഉപദേശം അന്നാമ്മച്ചേടത്തിയ്ക്കു ധൈര്യം പകർന്നു. പോകാനുള്ള ദിവസമടുത്തപ്പോൾ കുട്ടപ്പായി അമ്മച്ചിയോട് പറഞ്ഞു: 'ഇനിയിപ്പോൾ ആരേം വിളിച്ചു തലേന്ന് വൈകിട്ട് പാർട്ടി കൊടുക്കണ്ട. ഒരു കാറോ ജീപ്പോ പിടിച്ച് നമ്മൾ രണ്ടാളും കൂടി കൊച്ചിക്ക് പോയാ മതി.'

ചേടത്തിയ്ക്കും അത് സ്വീകാര്യമായി.

അമേരിക്കയ്ക്ക് പുറപ്പെടുന്ന ദിവസം രാവിലെ അന്നാമ്മച്ചേടത്തി പതിവുപോലെ പള്ളിയിലേക്കു പോയി. പോകും വഴി നടകളിൽ തട്ടിവീഴാതെ സൂക്ഷിച്ച് കയറുമ്പോൾ കൂട്ടുകാരി ചിന്നമ്മയെ കണ്ടു.

അന്നാമ്മച്ചേടത്തി അഭ്യർത്ഥിച്ചു: 'ചിന്നമ്മേ, ഞാനിന്നങ്ങുപോകുവാ. എനിക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണേ'

ചിന്നമ്മ പറഞ്ഞു: 'തീർച്ചയായും. പിന്നെ ഇന്നെന്റെ അമ്മ മരിച്ച അവധിയാ. കുർബാന കഴിഞ്ഞ് ഒരൊപ്പീസ് ചൊല്ലാൻ ഞാൻ കാശേൽപ്പിച്ചിട്ടുണ്ട്. നേരോണ്ടെങ്കി അതിൽ പങ്കെടുത്ത് അമ്മയ്ക്ക് വേണ്ടിക്കൂടി ഒന്ന് പ്രാർത്ഥിക്കണേ.'

അതു കേട്ടപ്പോൾ അന്നാമ്മച്ചേടത്തിയുടെ മുഖത്തിനൊരു വാട്ടം; മരിച്ചവരെ ഓർത്തിട്ടല്ല. ഇടവകയിലെ വികാരി ഒരു ചെറുപ്പക്കാരനാ. അങ്ങേർക്ക് ചില നിർബന്ധങ്ങളുണ്ട്. അതിലൊന്ന് പള്ളിയിൽ കുർബാനയെ തുടർന്ന് ഒരു ഒപ്പീസ് മാത്രമേ ചൊല്ലുകയുള്ളു. ഒന്നിൽ കൂടുതൽ ഒപ്പീസിന് പണം കിട്ടിയാൽ അത് അടുത്തദിവസങ്ങളിലേ ചൊല്ലിത്തീർക്കൂ.

അന്നാമ്മച്ചേടത്തി പറഞ്ഞു: 'അപ്പോ... നടതുറന്ന കുർബാനയ്ക്കും എന്റെ ഭർത്താവിനും വേണ്ടി ഞാനും പണം ഏല്പിച്ചിട്ടുണ്ടല്ലോ'



അതു കേട്ടപ്പോൾ ചിന്നമ്മയുടെ മുഖവും വാടി. 'അച്ചനിന്ന് ആരുടെ ഒപ്പീസാണാവോ ചൊല്ലുക?' അന്നാമ്മേച്ചേടത്തിയ്ക്കും ചിന്നമ്മയ്ക്കും പല വിചാരമായി.

സിസ്റ്റർ പറഞ്ഞതുപോലെ 'അച്ചനിന്ന് എന്റെ ഭർത്താവിന് വേണ്ടി ഒപ്പീസ് ചൊല്ലിയില്ലെങ്കിൽ സ്വപ്നത്തിലെപ്പോലെ ഞാൻ...?' അത് ചിന്തിക്കാൻ പോലും ചേടത്തിക്ക് കഴിവില്ല.

# പുറപ്പെടും മുമ്പൊരു കുമ്പസാരം

അന്നാമ്മച്ചേടത്തിയും ചിന്നമ്മയും പല വിചാരത്തോടെ പള്ളിയിൽ കയറിയപ്പോൾ ചെറുപ്പക്കാരനായ വികാരിയച്ചൻ കുർബാനയ്ക്ക് മുമ്പായി കുമ്പസാരക്കൂട്ടിലിരിക്കുന്നു. അച്ചനെ കണ്ടപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് കുമ്പസാരിക്കണം എന്നുതോന്നി. അച്ചൻ കുമ്പസാരക്കൂട്ടിൽ മിനക്കെട്ടിരിക്കുന്നത് കാണുമ്പോൾ പണ്ടേതന്നെ അന്നാമ്മച്ചേടത്തിക്കുള്ള ഒരു സ്വഭാവമാണ് അച്ചനെ മിനക്കെടുത്താതെ ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും കുമ്പസാരിക്കുക എന്നത്.

അമേരിക്കയ്ക്ക് പോകുന്ന ദിവസമായതിനാൽ, പോരാത്തതിന് സ്വപ്നത്തിലേതുപോലെ വിമാനാപകടത്തിനു സാധ്യതയുള്ളതിനാൽ, കുമ്പസാരിക്കാൻ തന്നെ ചേടത്തി നിശ്ചയിച്ചു. മാത്രമല്ല, അമേരിക്കയിലെ സായിപ്പച്ചന്മാരുടെ അടുത്ത് കുമ്പസാരിക്കാനൊക്കുമോ, അവിടെ കുമ്പസാരമുണ്ടോ എന്നൊന്നും ചേടത്തിക്ക് നിശ്ചയവുമില്ല.

അന്നാമ്മച്ചേടത്തി കുമ്പസാരിക്കാൻ എഴുന്നേറ്റപ്പോൾ ചിന്നമ്മ കുമ്പസാരക്കൂട്ടിലേക്ക് നീങ്ങിക്കഴിഞ്ഞു. തട്ടി വീഴുമെന്ന ഭീതിമറന്ന് ചിന്നമ്മയെ വെട്ടിച്ചു ചേടത്തി ഒറ്റക്കുതിപ്പിൽ കുമ്പസാരക്കൂട്ടിൽ ഒന്നാം സ്ഥാനത്തെത്തി.

നാക്കിൻതുമ്പത്തിരുന്ന പാപങ്ങളുടെ പതിവു ലിസ്റ്റ് ആരംഭിച്ചു. അന്നാമ്മച്ചേടത്തിയെ കണ്ടപാടെ പാപമോചനം നൽകാൻ ഫോർമുലയുമായി അച്ചന്റെ  കൈകളും ഉയർന്നു. ചേടത്തി പറയുംമുമ്പേ അവർ പറയാൻ ഇരിക്കുന്ന ലിസ്റ്റ് അച്ചനറിയാം. ലിസ്റ്റിൽ പിഴവുപറ്റി അന്നാമ്മച്ചേടത്തി തപ്പിയാൽ വിട്ടുപോയവ അച്ചൻ ഓർപ്പിക്കും; ചേടത്തി ചിരിച്ചുകൊണ്ട് സമ്മതിക്കുകയും ചെയ്യും. അച്ചന്റെ  ഉപദേശവും കൽപ്പിക്കുന്ന പ്രായശ്ചിത്തവും ആശിർവാദപ്രാർത്ഥനയും അന്നാമ്മച്ചേടത്തിക്കും കേൾക്കണമെന്നില്ല; അവർക്കും അത് കാണാപ്പാഠമാണ്.

വല്ല കാരണത്താൽ അച്ചൻ പ്രായശ്ചിത്തം പറയുവാൻ മറന്നുപോയാൽ ചേടത്തി അങ്ങോട്ടു ചോദിക്കും, അച്ചാ ഇന്ന തല്ലേ ഞാൻ ചെയ്യേണ്ട പ്രായശ്ചിത്തമെന്ന്. അങ്ങനെ വൈദ്യന് രോഗിയുടെ അസുഖവും രോഗിക്ക് വൈദ്യന്റെ മരുന്നും കാണാപാഠമാണ്.

അന്നു കുമ്പസാരം കഴിഞ്ഞ് കുമ്പസാരക്കൂട്ടിൽ വച്ചു തന്നെ അന്നാമ്മച്ചേടത്തി അച്ചനോട് പറഞ്ഞു: 'അച്ചോ, ഇന്നാ ഞാൻ അമേരിക്കയ്ക്ക് പോകുന്നതെന്നറിയാമല്ലോ. പ്രത്യേകം പ്രാർത്ഥിക്കണേ.' പ്രാർത്ഥിക്കാമെന്ന അർത്ഥത്തിൽ അച്ചൻ തല കുലുക്കി.

അന്നാമ്മച്ചേടത്തിയുടെ ആ അഭ്യർത്ഥന ഒരു ഗുണം ചെയ്തു. കുർബാനയ്ക്ക് ആമുഖമായി അച്ചൻ പരസ്യമായി പറഞ്ഞു: 'പ്രിയപ്പെട്ടവരേ, നമ്മുടെ ഇടവകക്കാരിയും ഈ ഇടവകയ്ക്കുപകാരിയുമായ തെക്കേതിൽ അന്നമ്മച്ചേടത്തി ഇന്ന് അമേരിക്കയ്ക്ക് പോകുകയാണ്. അവരുടെ നിയോഗപ്രകാരമാണ് ഈ ബലി അർപ്പിക്കുന്നതും. ചേടത്തിയുടെ യാത്ര മംഗളകരമാകുന്നതിനും, അത് അവർക്കും അവരുടെ കുടുംബത്തിനും ഈ ഇടവകയ്ക്കും ഗുണകരമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.' അച്ചൻ ബലി ആരംഭിച്ചു.

ആമുഖം കേട്ടപ്പോൾ അന്നാമ്മച്ചേടത്തിയുടെ ഉയരം ഒരു മുഴം വർദ്ധിച്ചു. അവർ ചുറ്റും ഒളികണ്ണിട്ടു നോക്കി; മിക്കവരും കുർബാനയിലല്ല തന്നിലാണ് ശ്രദ്ധിക്കുന്നത്. ധരിച്ചിരുന്ന പുതിയ കവണിയും മുണ്ടും ഉടയാതെ ചേടത്തി ഒന്നുകൂടി നേരെയാക്കി. അടുത്തുനിന്ന ചില സ്ത്രീകൾ ചേടത്തിയുടെ കവണിയിലെ കസവിലും പൂവിലും കായിലുമൊക്കെ അസൂയയോടെ സ്പർശിച്ചുകൊണ്ടിരുന്നു.

കുർബാന സമയത്ത് ചേടത്തിക്കൊരു സംശയം: ഇടവകയ്ക്ക് ഉപകാരിയാണ് താനെന്ന് അച്ചൻ വിശേഷിപ്പിച്ചതെന്ത്? ഇതുവരെ പള്ളിയെ എങ്ങനെ വഹിക്കാമെന്നല്ലാതെ സഹായിക്കാൻ അന്നാമ്മച്ചേടത്തിയോ മരിച്ചുപോയ ഭർത്താവോ ചിന്തിച്ചിട്ടില്ല. മക്കളും  ഒന്നും ചെയ്തിട്ടില്ല.

തന്റെ യാത്ര ഇടവകയ്ക്ക് ഗുണകരമാകുന്നതിനു പ്രാർത്ഥിക്കുവാനും അച്ചൻ പറഞ്ഞതെന്ത്? താൻ അമേരിക്കയ്ക്ക് പോയാൽ ഇടവകയ്ക്ക് എന്ത് ഗുണം കിട്ടാനാണെന്ന് എത്ര ചിന്തിച്ചിട്ടും അന്നാമ്മച്ചേടത്തിയ്ക്ക് ഉത്തരം കിട്ടുന്നില്ല.

ചേടത്തിയുടെ ചിന്ത മറ്റൊരു വിഷയത്തിലേക്ക് കൂടി കടന്നു. നട തുറന്ന് കുർബാന എന്ന് പറഞ്ഞതിനാൽ അച്ചൻ രണ്ടു രൂപ കൂടുതൽ വാങ്ങിച്ചു. എന്നിട്ടു നട എവിടെയാണാവോ

തുറന്നത്? എന്തായാലും നേർച്ചയല്ലേ; പോയത് പോട്ടെന്നു വെച്ചു.

കുർബാന തീരും മുമ്പേ പലവിചാരം മറ്റൊന്നിലേക്കായി. തന്റെ ഭർത്താവിന്റെ നിയോഗത്തിലുള്ള ഒപ്പീസാണോ അച്ചൻ ചൊല്ലുക? ഒരുപക്ഷേ കുർബാന തന്റേതായതിനാൽ ഒപ്പീസും തന്റേതായിരിക്കും. അല്ലെങ്കിൽ ചിന്നമ്മയുടെ അമ്മയുടെ മരണ വാർഷികമായതിനാൽ, കുർബാന തന്റെ നിയോഗത്തിൽ ചൊല്ലിയ സ്ഥിതിക്ക് സോഷ്യലിസമെന്ന നിലയിൽ ഇന്നത്തെ ഒപ്പീസ് അവർക്കാകുമോ? അതു തിരിച്ചറിയാനൊരു മാർഗം പെട്ടെന്ന് ചേടത്തിയുടെ മനസ്സിൽ തെളിഞ്ഞു. ഒപ്പീസിനിടയിൽ ദാസൻ / ദാസി, സഹോദരൻ / സഹോദരി എന്നീ പദപ്രയോഗങ്ങളുണ്ടല്ലോ. അവ ആരോ അറിഞ്ഞു ചേർത്തതാണെന്ന് അന്നാമ്മച്ചേത്തിയ്ക്ക് അപ്പോൾ തോന്നി. അച്ചൻ സഹോദരൻ എന്ന് ഉപയോഗിച്ചാൽ ഒപ്പീസ് തന്റെ ഭർത്താവിന്; സഹോദരി എന്നുപയോഗിച്ചാൽ ചിന്നമ്മയുടെ അമ്മയ്ക്ക്.

ഒപ്പീസ് സമയത്ത് അന്നാമ്മച്ചേടത്തി കാതുകൂർപ്പിച്ചിരുന്നു. ദാസൻ അഥവാ ദാസിയെന്ന പദപ്രയോഗം വന്നപ്പോൾ അച്ചൻ ധൃതിയിൽ ചൊല്ലിയതിനാൽ ഒരു പിടിയും കിട്ടിയില്ല. സഹോദരൻ / സഹോദരി എന്ന ഭാഗം വന്നപ്പോഴും അന്നാമ്മച്ചേടത്തിക്കും ചിന്നമ്മയ്ക്കും പിടികൊടുക്കാതെ അച്ചൻ സമർത്ഥമായി രക്ഷപ്പെട്ടു. അപ്പോൾ ചേടത്തിയും ചിന്നമ്മയും ചോദ്യരൂപേണ പുരികമുയർത്തി പരസ്പരം നോക്കി.

പള്ളിയിൽ കഴിഞ്ഞിറങ്ങിയപ്പോൾ അന്നാമ്മച്ചേടത്തിക്ക് തോന്നി. അച്ചൻ തന്നെക്കുറിച്ച് ഇത്രയും പറഞ്ഞതല്ലേ; സ്തുതി ചൊല്ലി യാത്രപറഞ്ഞു പോയേക്കാം. അവർ സങ്കീർത്തിയുടെ ഭാഗത്തേക്ക് നടക്കാൻ തുടങ്ങിയപ്പോൾ അതാ അച്ചൻ തന്നെത്തേടി ഇങ്ങോട്ടുവരുന്നു. പള്ളിയിൽ വന്ന ജനം പിരിഞ്ഞെങ്കിലും ചിലർ തന്റെയും അച്ചന്റെയും ചുറ്റുംകൂടി. പള്ളിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഒരു പുതിയ നിർമ്മാണപദ്ധതി ചുറ്റും കൂടിയ ആളുകൾ കേൾക്കെ അച്ചൻ അവതരിപ്പിച്ചു.

ഇപ്പോൾ പള്ളികളിൽ ഒരു പരിഷ്കാരം തുടങ്ങിയിട്ടുണ്ട്. മണ്ണിൽ കുഴിച്ചിടുന്ന ശവക്കോട്ടയ്ക്കു പകരം കോൺക്രീറ്റുകൊണ്ട് നിർമ്മിച്ച്, നിരനിരയായി പല തട്ടുകളിലായി മനുഷ്യരെ അടക്കുന്ന വോൾട്ട്. അതു നിർമ്മിക്കുന്നത് സംബന്ധിച്ച് അന്നാമ്മച്ചേടത്തിയുടെ അഭിപ്രായമാണ് അച്ചനറിയേണ്ടത്. നാളിതുവരെ തന്നോടെന്നല്ല, ഇടവകയിലെ ഒരു സ്ത്രീയോടും പള്ളിക്കാര്യങ്ങളിൽ അഭിപ്രായം ചോദിക്കുകയോ, പൊതുയോഗത്തിലും കമ്മറ്റികളിലും ചേർക്കുകയോ ചെയ്യാത്ത അച്ചനിൽ വന്ന മാറ്റം കണ്ട് അന്നാമ്മച്ചേടത്തിയ്ക്ക് അതിശയം തോന്നി. താനിപ്പോൾ ഇടവകയിലെ പ്രമുഖവ്യക്തിയായി തീർന്നോ എന്നു

പോലും അവർ സംശയിച്ചു.

വികാരിയച്ചനും ഇടവകക്കാരും മറുപടിയ്ക്കായി തന്നെ ഉറ്റു നോക്കുന്നു. ഒട്ടും വൈകാതെ അന്നാമ്മച്ചേടത്തി മറുപടി കൊടുത്തു: 'അതു നല്ല ആശയമാണച്ചോ. പിന്നെ ഒരു സംശയം. എന്റെ ഭർത്താവ് ശവക്കോട്ടയിലെ മണ്ണിൽ മഴയും വെയിലുമേറ്റ് കിടക്കാൻ തുടങ്ങിയിട്ട് വർഷം കുറെയായി. ആ കുന്ത്രാണ്ടം പണിതു കഴിയുമ്പോൾ അങ്ങേരെ മാന്തിയെടുത്ത് അതിനകത്തു വെയ്ക്കാനൊക്കുമോ?'

ആ ചോദ്യം വികാരിയച്ചൻ പ്രതീക്ഷിച്ചതല്ല. പെട്ടെന്ന് അദ്ദേഹം ഒന്നാലോചിച്ചുനിന്നു. ഇടവകക്കാരുടെയും അന്നാമ്മച്ചേടത്തിയുടെയും കണ്ണുകൾ അച്ചന്റെ മുഖത്തേക്ക് തിരിഞ്ഞു.

# പള്ളിയിൽ നിന്ന് കിട്ടിയ എട്ടിന്റെ പണി!

അൽപം ആലോചിച്ചശേഷം വികാരിയചച്ചൻ പറഞ്ഞു: 'വോൾട്ടിൽ ശവം വച്ചാൽ അത് സ്ഥിരമായി കിടക്കാൻ പറ്റില്ല. ഒരു റൗണ്ട് തീർന്നാൽ അയാളെ പുറകിലുള്ള കുഴിയിലേക്ക് തള്ളിയിട്ട് അടുത്ത ആളിനെ വയ്ക്കും. ഇതുവളരെ പണച്ചെലവുള്ള നിർമ്മാണമായതിനാൽ വിദേശത്തുള്ള ഇടവകക്കാരുടെ സഹകരണം പ്രതീക്ഷിച്ചേ പണിയാൻ പറ്റൂ. അന്നാമ്മച്ചേടത്തി അമേരിക്കയിൽ ചെല്ലുമ്പോൾ മക്കളോടു പറഞ്ഞ് കാര്യമായൊരു തുക അയച്ചാൽ പണി തീരുമ്പോൾ നിങ്ങളെക്കൊണ്ടുതന്നെ ഉൽഘാടനം ചെയ്യിക്കാം.'

ഗൗരവത്തോടെയാണ് അച്ചനതു പറഞ്ഞതെങ്കിലും കേട്ടുനിന്നവർ ഉറക്കെ ചിരിച്ചു. അന്നാമ്മച്ചേടത്തി പരിഭ്രമിച്ചു.

അച്ചൻ തിരുത്തി വ്യക്തമാക്കി: 'ഞാനുദ്ദേശിച്ചത് ചേടത്തിയെ അടക്കാമെന്നല്ല; ഭർത്താവിനെ വയ്ക്കാമെന്നാ.'

അച്ചൻ ചേടത്തിയെ പള്ളി മുറിയിലേക്ക് കൂട്ടികൊണ്ടുപോയി; കസേരയിൽ നിർബന്ധിച്ച് ഇരുത്തി. ചേടത്തിയുടെ മക്കൾക്ക് സ്നേഹാന്വേഷണം കൊടുക്കണമെന്നും ഇടവകയുടെ ഭാവി അവരിലാണെന്നും പറഞ്ഞപ്പോൾ ചേടത്തിക്ക് വിശ്വസിക്കാൻ പ്രയാസം. ഒരു നിർദ്ദേശം കൂടി അച്ചൻ വച്ചു: 'നമ്മുടെ പള്ളിയിൽ ഉപയോഗിക്കുന്നത് പഴയ നാടൻ ഹാർമോണിയമാണെന്നറിയാമല്ലോ. ചേടത്തി അമേരിക്കയിൽ നിന്നുപോരുമ്പോൾ, അല്ലെങ്കിൽ അവിടെ നിന്ന് ആരെങ്കിലും വരുമ്പോൾ, മക്കളോടു

പറഞ്ഞ് ഒരു ഇലക്ട്രോണിക് ഹാർമോണിയം കൊണ്ടുവന്നാൽ കൊള്ളാം. അതിനവിടെ അറുപതോ എഴുപതോ ഡോളറേ വില വരൂ. കൊണ്ടുവരാൻ വളരെ ഒതുക്കവുമുണ്ട്. ഞാൻ പറഞ്ഞെന്നേയുള്ളൂ; നിർബന്ധിക്കുന്നില്ല.'

അച്ചൻ പുതിയ ആവശ്യങ്ങൾ ഇനിയും കണ്ടുപിടിച്ച് അവതരിപ്പിക്കുംമുമ്പ് അവിടെ നിന്നും സ്ഥലം വിട്ടാൽ മതിയെന്നായി അന്നാമ്മച്ചേടത്തിക്ക്. അവർ പറഞ്ഞു: 'അച്ചോ, എന്നാൽ ഞാനിനി പോട്ടെ. കൊച്ചീയ്ക്കുടനേ പുറപ്പെടണം.'

'അന്നാമ്മച്ചേടത്തി ഇന്ന് എന്റെ കൂടെയിരുന്ന് കാപ്പി കുടിച്ചിട്ട് പോയാൽ മതി.' അച്ചന് നിർബന്ധം.

ഈ അച്ചൻ ഇത്ര സ്നേഹമുള്ളവനാണെന്ന് ഇതിനു മുൻപൊരിക്കലും ചേടത്തിക്ക് തോന്നിയിട്ടില്ല. അച്ചനെ അനുസരിക്കണമല്ലോ എന്നോർത്ത് അവർ സമ്മതിച്ചു.

അച്ചൻ ഭക്ഷണം കഴിക്കാറുള്ളത് അടുത്തുള്ള മഠത്തിൽ നിന്നായതിനാൽ ഇരുവരും അങ്ങോട്ട് നടന്നു. ആദ്യമായി അച്ചനോടൊപ്പം നടക്കുമ്പോൾ ചേടത്തി ചുറ്റും കണ്ണോടിച്ചു, തങ്ങൾ പോകുന്നത് ആരെങ്കിലും കാണുന്നുണ്ടോ എന്നറിയാൻ. ഉണ്ട്, കാണുന്നുണ്ട്. താനൊരു വലിയ വ്യക്തിയാണെന്ന് ചേടത്തിക്ക് വീണ്ടും തോന്നി.

മഠത്തിൽ ചെന്നപ്പോൾ വിഭവസമൃദ്ധമായ പ്രഭാതഭക്ഷണം അച്ചനും ചേടത്തിക്കും വേണ്ടി മേശനിറയെ വിളമ്പി വെച്ചിരിക്കുന്നു. തന്റെ വരവ് സിസ്റ്റേഴ്സ് എങ്ങനെയോ മുൻകൂട്ടി അറിഞ്ഞിട്ടുണ്ടെന്ന് ചേടത്തിക്ക് മനസ്സിലായി.

അച്ചനും അന്നാമ്മച്ചേടത്തിയും കസേരകളിൽ ഇരുന്നു. സിസ്റ്റേഴ്സ് ചുറ്റും നിന്ന് സുസ്മേരവദനരായി ചേടത്തിയെ ആരാധനാപൂർവ്വം നോക്കി. മദർ ആഹാരം നിർബന്ധിച്ചു വിളമ്പിക്കൊടുത്തുകൊണ്ടിരുന്നു.

അച്ചന് നാടൻ പലഹാരങ്ങളാണിഷ്ടം. അതിനാൽ തനിക്കുവേണ്ടി സിസ്റ്റേഴ്സ് എണ്ണപ്പലഹാരങ്ങളും നിരത്തിയിട്ടുണ്ട്. സിസ്റ്റേഴ്സിന് തന്നോടിത്ര കാര്യമാണെന്ന് ചേടത്തി അന്നാണ് മനസ്സിലാക്കുന്നത്.

യാത്ര പറഞ്ഞ് പോകാനിറങ്ങിയപ്പോൾ മദർ ചേടത്തിയെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തിട്ട് സ്നേഹത്തോടെ ചോദിച്ചു: 'ഇനി എന്നാ തമ്മിൽ കാണുക?'

'ഒരു കൊല്ലമാകുമ്പം ഞാൻ ഇങ്ങു പോരും.'

അന്നാമ്മച്ചേടത്തി തെല്ലൊന്നു സംശയിച്ചു നിന്നു. സിസ്റ്റേഴ്സ് എന്തുകൊണ്ടാണ് തന്നോടിത്ര സ്നേഹം കാണിക്കുന്നത്? ഒരുപക്ഷേ അനുജത്തി കന്യാസ്ത്രീ ആയതുകൊണ്ടായിരിക്കാം.



അപ്പോൾ തമാശരൂപത്തിൽ മദർ ചോദിച്ചു: 'ചേടത്തി അമേരിക്കയിൽ നിന്നു വരുമ്പോൾ ഞങ്ങൾക്കെന്താ കൊണ്ടുവരേണ്ടത് എന്ന് ചോദിച്ചില്ലല്ലോ?'

'ആ... നേരാ... ആ കാര്യം... ഞാനങ്ങ് വിട്ടുപോയി...' ചേട്ടത്തി തപ്പിത്തടഞ്ഞു പറഞ്ഞൊപ്പിച്ചു.

'ഓ.. ഇഷ്ടമുള്ളത് കൊണ്ടുവന്നാൽ മതി. പിന്നെ ചാപ്പലിൽ വയ്ക്കാൻ പറ്റിയ നല്ല ഫോറിൻ സിൽക്കു പൂവ് അവിടെ കിട്ടും. അതുകൊണ്ടുവന്നാൽ നിങ്ങളുടെ ഓർമ്മയ്ക്ക് വാടാമലരായി സൂക്ഷിക്കാമായിരുന്നു'

ആവശ്യമുള്ള ഫോറിൻ സാധനങ്ങളുടെ പട്ടിക നീണ്ടേക്കുമോ എന്നു ഭയന്ന് ചേടത്തി പറഞ്ഞു: 'അയ്യോ... നേരം പോണു... ഞാൻ പോട്ടെ. അച്ചനും സിസ്റ്റേഴ്സും എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണേ'

'അത് പിന്നെ പറയാനുണ്ടോ!' എല്ലാവരും കൂടിയാണത് പറഞ്ഞത്.

അപ്പോൾ ഒരു കെട്ടു കത്തുകൾ മദർ ചേടത്തിയെ ഏൽപ്പിച്ചുകൊണ്ടു പറഞ്ഞു: 'അമേരിക്കേ ചെല്ലുമ്പം മക്കളോട് പറഞ്ഞ് തപാലിലയച്ചാൽ മതി. അവിടുന്നാകുമ്പോൾ കാര്യമായ പണച്ചിലവ് വരില്ല. ചേടത്തി അമേരിക്കയ്ക്ക് പോകുന്നുവെന്ന് കേട്ട് മഠത്തിലുള്ള സഹോദരിമാരെല്ലാം ഒരാഴ്ചയായി മിനക്കെട്ടെഴുതിയ കത്തുകളായിരുന്നു അവ.

ചേടത്തി സുസ്മേരവദനയായി കത്തുകൾ വാങ്ങിക്കൊണ്ട് പറഞ്ഞു: 'ഞാൻ ചെന്നാൽ ഉടനെ അയച്ചോളാം. ഇതുപോലെ ഒരുപാട് കത്തുകൾ പലരും എന്നെ ഏൽപ്പിച്ചിട്ടുണ്ട്.'

പള്ളിയ്ക്കു മാത്രമല്ല, മഠത്തിനും താനൊരു ഉപകാരിയായല്ലോ എന്ന സംതൃപ്തിയോടെ ചേടത്തി വീട്ടിലേക്ക് സൂക്ഷിച്ചു നടന്നു. അന്നാമ്മച്ചേടത്തി വീട്ടിലെത്തിയപ്പോൾ വൈകി വന്നതിൽ കുട്ടപ്പായി ദേഷ്യപ്പെട്ടു. പെൺമക്കളും ആങ്ങളയും അവരുടെ കുടുംബാംഗങ്ങളും സിസ്റ്റർ മീരയും അയൽക്കാരും കൂടി വീടും മുറ്റവും നിറയെ ആളുകൾ. തന്റെ യാത്രയയപ്പിന് വന്ന ജനക്കൂട്ടത്തെ കണ്ടപ്പോൾ ചേടത്തിയുടെ ഹൃദയം കുളിരണിഞ്ഞു. വിവാഹത്തിനു ശേഷം തന്റെ പേരിൽ ആളുകൾ കൂടുന്നത് ഇതാദ്യമാണ്.

മുറ്റത്ത് പാർക്ക് ചെയ്തിരിക്കുന്ന ജീപ്പിൽ ചേടത്തിക്ക് കൊണ്ടുപോകാനുള്ള പെട്ടികൾ കയറ്റിവെച്ചു കഴിഞ്ഞിരിക്കുന്നു.

സിസ്റ്റർ മീരയുടെ നേതൃത്വത്തിൽ മുറിയിൽ കയറി പ്രാർത്ഥനയും കെട്ടിപ്പിടിച്ചു ഉമ്മ കൊടുക്കലും കഴിഞ്ഞ് അന്നാമ്മച്ചേടത്തിയും കുട്ടപ്പായിയും ജീപ്പിൽ കയറി.

എറണാകുളം കൊച്ചി പ്രദേശങ്ങൾ കാണാത്ത കുട്ടികൾ കൂടെ പോരാൻ കരച്ചിൽ. അതിൽ രണ്ട് വിരുതന്മാർ ജീപ്പിൽ പിടിച്ചു കയറിയപ്പോൾ കുട്ടപ്പായിയുടെ നിർദ്ദേശപ്രകാരം ഡ്രൈവർ ജീപ്പ് കൊച്ചിയ്ക്ക് വിട്ടു.

വിമാനത്താവളത്തിലെത്തി പെട്ടികൾ തൂക്കിയപ്പോൾ അവയ്ക്ക് നിശ്ചിത ഭാരത്തിൽ കൂടുതൽ തൂക്കം. ഒന്നുകിൽ അധികക്കൂലി കൊടുക്കണം; അല്ലെങ്കിൽ കുറെ സാധനങ്ങൾ തിരികെ എടുത്തു ഭാരം കുറയ്ക്കണം എന്ന് അധികൃതർ നിർദേശിച്ചു.

തിരുവല്ലാക്കാരൻ മത്തച്ചനോട് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: 'ചേടത്തിയുടെ പെട്ടിക്ക് ഭാരക്കുറവായിരിക്കുമെന്നും അതിനാൽ ഒരുമിച്ച് തൂക്കാമെന്നും കരുതി ഞാനും കുറേ കൂടുതൽ കൊണ്ടുപോന്നു. പെട്ടിക്ക് ഭാരം കൂടിയാൽ ബോംബെയിലും പണം കൊടുക്കേണ്ടിവരും. അതുകൊണ്ട് ഒരു കാര്യം ചെയ്യ്; പെട്ടിയിൽ നിന്ന് കുറെ സാധനങ്ങൾ തിരികെ എടുക്ക്.'

കുട്ടപ്പായി ഒരു നിമിഷം ആലോചിച്ചിട്ട് ചേടത്തിയോടു പറഞ്ഞു: 'ഇതിൽ മുക്കാൽഭാഗവും മധ്യകേരളത്തിൽ നിന്ന് ചിക്കാഗോവിൽ ഉള്ള മലയാളികൾക്ക് കൊടുക്കാൻ ബന്ധുക്കളേല്പിച്ച കപ്പയും മാങ്ങാത്തൊലീമടങ്ങുന്ന ഭാണ്ഡങ്ങളാ. അവരെയൊക്കെ ഇനി തേടിപ്പിടിച്ച് മടക്കികൊടുക്കാതിരിക്കാനൊക്കുമോ? അതുകൊണ്ട് നമ്മൾ ഉണ്ടാക്കിയ സാധനങ്ങൾ ഇങ്ങു തിരികെ എടുക്കാം.'

മനസ്സില്ലാമനസ്സോടെ ചേടത്തി അതിനു വഴങ്ങി. അങ്ങനെ അമ്മച്ചി അനുജന്മാർക്ക് വേണ്ടി പ്രത്യേകം തയ്യാർ ചെയ്ത പലഹാരങ്ങൾ കുട്ടപ്പായി സന്തോഷത്തോടെ തിരികെകൊണ്ടുപോയി.

അന്നാമ്മ ചേട്ടത്തിയെയും കൊണ്ട് വിമാനം പറന്നുയർന്നപ്പോൾ എന്തോ അവർക്കൊരു വിമ്മിട്ടം.

# അമ്പരപ്പിച്ച വിമാനയാത്ര

വിമാനം പറന്നുയർന്നപ്പോൾ അനുഭവപ്പെട്ട വിമ്മിട്ടം ആദ്യം ആരോടും ചേടത്തി പറഞ്ഞില്ല. എന്നാൽ കൂടുന്നെന്ന് തോന്നിയപ്പോൾ അവർ മടിക്കാതെ അടുത്തിരുന്ന മത്തച്ചനോട് പറഞ്ഞു: 'മോനേ... എന്തോ എനിക്കൊരുപ്രയാസം പോലെ.'

'പേടിക്കാനൊന്നുമില്ല.' മത്തച്ചൻ പറഞ്ഞു. 'ആദ്യമായി വിമാനത്തിൽ കയറുമ്പോൾ ചിലർക്കിത് സ്വാഭാവികമാണ്. വൈ

കാതെ ഇതു മാറിക്കൊള്ളും.'

അല്പം കഴിഞ്ഞപ്പോൾ എയർ ഹോസ്റ്റസുകൾ എല്ലാവർക്കും ഭക്ഷണം വിളമ്പി. വീട്ടിൽ നിന്ന് പുറപ്പെട്ടതിൽ പിന്നെ ആഹാരം കഴിക്കാതിരുന്നതിനാൽ ചേടത്തിയ്ക്ക് നന്നേ വിശക്കുന്നുണ്ടായിരുന്നു. എങ്കിലും എയർഹോസ്റ്റസ് ഭക്ഷണം വച്ച് നീട്ടിയപ്പോൾ ചേട്ടത്തി വേണ്ടെന്ന് പറഞ്ഞു. ചേടത്തി ചുറ്റുപാടും നോക്കിയപ്പോൾ വിമാനത്തിലുള്ളവരെല്ലാം ഭക്ഷണം വാങ്ങി മുറയ്ക്ക് കഴിക്കുന്നു.

ആഹാരം കഴിച്ചു കൊണ്ടിരുന്ന മത്തച്ചനോട് അന്നാമ്മച്ചേടത്തി ചോദിച്ചു: 'മോനേ, ഈ ഭക്ഷണത്തിന് എത്ര രൂപാ കൊടുക്കണം?'

'അയ്യോ.. അമ്മച്ചീ ഇത് ഫ്രീയാ.  എന്നുവച്ചാൽ നമ്മുടെ ടിക്കറ്റിൽ ഇതിന്റെ വില ഉൾപ്പെട്ടിട്ടുണ്ട്.'

അതു കേട്ടപ്പോൾ ചേടത്തിയ്ക്ക് 'അയ്യടാ'ന്നായി. അവർ പറഞ്ഞു: 'എന്റെ മോനെ, ഞാനോർത്തു ഇതിനു വേറെ കാശു കൊടുക്കണമെന്ന്. എന്റെ കയ്യിൽ അധികം പണമില്ല. വിമാനത്തേന്നാകുമ്പം വലിയ വിലയായെങ്കിലോന്ന് കരുതി...'

'ഓ, ഞാനോർത്തു, അമ്മച്ചിക്കുണ്ടായ വിമ്മിട്ടം കൊണ്ട് കഴിക്കാൻ മേലാഞ്ഞിട്ട് വാങ്ങാതിരുന്നതാണെന്ന്.' ഇത് പറഞ്ഞിട്ട് മത്തച്ചനുടനെ ഭക്ഷണം വിതരണം ചെയ്തുതീരാറായ ഒരു എയർഹോസ്റ്റസിനെ വിളിച്ച് അന്നാമ്മച്ചേടത്തിയ്ക്കും ആഹാരം വേണമെന്ന് ആവശ്യപ്പെട്ടു. കിട്ടിയ ഭക്ഷണമെല്ലാം ചേടത്തി കഴിച്ചു.

വീഞ്ഞു വേണമോ എന്ന് എയർ ഹോസ്റ്റസ് ചോദിച്ചപ്പോൾ മത്തച്ചൻ ചേടത്തിക്ക് അത് പരിഭാഷപ്പെടുത്തിക്കൊടുത്തു. ചേടത്തി മദ്യപിക്കാറില്ലെങ്കിലും ടിക്കറ്റിൽ അതിന്റെയും വില ഉൾപ്പെട്ടിട്ടുള്ളതിനാൽ നഷ്ടപ്പെടുത്തേണ്ടല്ലോ എന്നു കരുതി അതു വാങ്ങി.

അതിൽ നിന്ന് ഒരു കവിളിറക്കിയപ്പോഴേയ്ക്കും എയർ ഹോസ്റ്റസ് അതിന് പണം ചോദിച്ചു. ചേടത്തി അമ്പരന്നു: 'അപ്പം... ഇത് ഫ്രീയല്ലേ?' അവർ മത്തച്ചനോട് ചോദിച്ചു.

'ഓ അത് പറയാൻ ഞാൻ വിട്ടുപോയി. ഇതിന് പണം കൊടുക്കണം.'

ചേടത്തി ഉടനെ വീഞ്ഞു ഗ്ലാസെടുത്ത് ഹോസ്റ്റസിന് നേരെ നീട്ടി പച്ചമലയാളത്തിൽ അരിശപ്പെട്ടു പറഞ്ഞു: 'എനിക്ക് നിങ്ങടെ വീഞ്ഞും വേണ്ട, ഒരു കുന്തോം വേണ്ട.'

ഹോസ്റ്റസിന് കാര്യം മനസിലായില്ല. നാണക്കേടാവരുതല്ലോ എന്നോർത്ത് മത്തച്ചൻ അതിന് പണം കൊടുത്തു; വീഞ്ഞു ചേടത്തിയ്ക്കും നല്കി.

വിമാനത്തിൽ ഇയർ ഫോണിലൂടെ ഇംഗ്ലീഷ് ഗാനങ്ങൾ കേൾക്കുന്ന വിധം മത്തച്ചൻ ചേടത്തിയെ കാണിച്ചു കൊടുത്തു. വീഞ്ഞിന്റെ ലഹരിയിലായിക്കഴിഞ്ഞ അന്നാമ്മച്ചേടത്തി പാട്ടിന്റെ താളത്തിനൊത്ത് ആടുകയും കൈകാലുകൾ ചലിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. വിമാനത്തിൽ കാണിച്ച സിനിമയും അവർ ആസ്വദിച്ചു.

വിമാനം ബോംബെയിൽ ഇറങ്ങി. പിന്നീട് അന്തർദേശീയ വിമാനത്താവളത്തിൽ നിന്ന് മറ്റൊരു വലിയ വിമാനത്തിൽ മത്ത ച്ചനും ചേടത്തിയും കയറി. അതിൽ നിന്ന് ലഭിച്ച ഭക്ഷണവും ചേടത്തി വാങ്ങി.

ഭർത്താവ് ജീവിച്ചിരുന്നെങ്കിൽ അങ്ങേർക്കും ഇന്ന് തന്റെ കൂടെയിരുന്ന് ഇതൊക്കെ കാണാമായിരുന്നല്ലോ എന്ന് അവർ വികാരത്തോടെ ഓർത്തു.

മേഘപാളികൾക്ക് മുകളിലൂടെ വിമാനത്തിന്റെ ചലനം തോന്നിക്കാത്ത പറക്കൽ ചേടത്തിയെ വിസ്മയം കൊള്ളിച്ചു. വിമാനത്തിൽ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് കാണു മ്പോൾ ഒരേ ഇരിപ്പിരിക്കുന്ന അന്നാമ്മച്ചേടത്തിയ്ക്ക് ഭയം തോ ന്നും. തോക്കോ ബോംബോ മറച്ചുവച്ച വല്ല ഭീകരനും കയറി യിട്ടുണ്ടോ? വിമാനത്തിലുള്ള തടിച്ച് താടിവച്ചവരെ ചേടത്തി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ബോംബെയിൽ നിന്നു വിമാനം പറന്നുയർന്ന് കുറേ സ മയം കഴിഞ്ഞപ്പോൾ വളരെ ആലോചിച്ച ശേഷം ചേടത്തി മത്ത ച്ചനോടു ചോദിച്ചു: ‘കുഞ്ഞേ, ഈ വിമാനം ഇനി എവിടാ നിർ ത്തുക?’

‘ഇതിനി ലണ്ടനിലേ നിർത്തൂ.’

‘അതിനിനി എത്ര മണിക്കൂറു വേണം?’

‘ചുരുങ്ങിയത് നാലു മണിക്കൂറുകൂടി വേണ്ടി വന്നേക്കും.’

‘എന്റെ മാതാവേ! അതുവരെ ഇനി കക്കൂസേലൊന്നും പോകാമ്പറ്റില്ലേ?’ അന്നാമ്മച്ചേടത്തി പരിഭ്രമത്തോടെ ചോദിച്ചു.

മൂത്രമൊഴിക്കാൻ നിവൃത്തിയില്ലാതെ അവർ വിമ്മിട്ടപ്പെ ട്ടിരിക്കയായിരുന്നു.

മത്തച്ചൻ പറഞ്ഞു: ‘അതിന് ഈ വിമാനത്തിനുള്ളിൽ കക്കൂസുണ്ട്.’

‘വിമാനത്തിനുള്ളിൽ കക്കൂസോ?’ ചേടത്തിയ്ക്കിത് അവി ശ്വസനീയമായി തോന്നി.

മത്തച്ചന്റെ സഹായത്തോടെ അവരത് കണ്ടുപിടിച്ചു. ചേട ത്തിയ്ക്ക് ആശ്വാസമായി.

ലണ്ടനിലെ വിമാനത്താവളത്തിൽ വളരെ വിമാനങ്ങൾ കണ്ടപ്പോൾ വിസ്മയത്തോടെ ചേടത്തി പറഞ്ഞു: 'എന്റെ മാതാവേ, എന്തൊരു കളിയാ ഇത്! മത്തി അടുക്കിയ പോലാണല്ലോ ഇവിടെ വിമാനങ്ങൾ!'

വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ മത്തച്ചൻ ചേടത്തിയോട് പറഞ്ഞു: 'ഇത് ലണ്ടനാണ്. ഞാനിനി ഇവിടേന്ന് ന്യൂയോർക്കിന് പോകുന്നു. അമ്മച്ചിക്ക് പോകേണ്ടത് ചിക്കാഗോയ്ക്കാണ്. പണ്ട് ഞാനും അവിടെയായിരുന്നു. അമ്മച്ചിയുടെ മക്കൾ അവിടെയാണല്ലോ. വിഷമിക്കാനില്ല; അമ്മച്ചിയെ വിമാനത്തിൽ കയറ്റി വിട്ടിട്ടേ ഞാൻ പോകൂ. മാത്രമല്ല, അമ്മച്ചി വരുന്ന കാര്യം ഞാൻ അലക്സിനെ ഫോണിൽ വിളിച്ച് ഉറപ്പ് വരുത്തിയേക്കാം.'

'എത്രയോ നല്ല ചെറുപ്പക്കാരൻ.' ചേടത്തി സ്വയം പറഞ്ഞു. മത്തച്ചന്റെ നല്ല പെരുമാറ്റവും 'അമ്മച്ചീ'ന്നുള്ള വിളിയും ചേടത്തിയ്ക്ക് നന്നേ പിടിച്ചു.

പിരിയുമ്പോൾ ചേടത്തി അവനോട് ചോദിച്ചു: 'ഇനിയെന്നാ കാണുക? സമയം കിട്ടുമ്പം ചിക്കാഗോയ്ക്കൊക്കെ വരണേ.' മത്തച്ചൻ സമ്മതം മൂളി.

പുതിയ വിമാനത്തിൽ കയറുമ്പോൾ തനിയെ യാത്രചെയ്യാൻ വേണ്ട ധൈര്യം ചേടത്തിയ്ക്ക് കൈവന്നിരുന്നു.

വിമാനത്തിലെ ഒരു പതിവുയാത്രക്കാരിയെപ്പോലെ അവർ അനായാസേന യാത്ര തുടർന്നു.

ചിക്കാഗോ വിമാനത്താവളത്തിൽ വന്നപ്പോൾ ചേടത്തിയ്ക്ക് തണുപ്പ് അസഹനീയമായി. കരുതിയിരുന്ന സ്വെറ്റർ ധരിച്ചെങ്കിലും തണുപ്പ് ചേടത്തിയുടെ ശരീരത്തിലേക്ക് നുഴഞ്ഞുകയറി. കയ്യിലുള്ള ബാഗുകൾ നെഞ്ചോട് ചേർത്ത് കെട്ടിപ്പിടിച്ച് തണുത്ത് വിറച്ചുകൊണ്ട് വിമാനത്തിൽ നിന്ന് കൃത്രിമഗുഹയിലൂടെ നടന്നു നീങ്ങിയപ്പോൾ അന്നാമ്മച്ചേടത്തി സ്വയം പറഞ്ഞു: 'നരകത്തിൽ ഭയങ്കര ചൂടാണല്ലോ. അപ്പോൾ സ്വർഗ്ഗത്തിൽ തണുപ്പായിരിക്കും. അല്ലേലും അമേരിക്ക സ്വർഗ്ഗമാണെന്നല്ലേ എല്ലാവരും പറയുന്നത്.' ചിക്കാഗോ വിമാനത്താവളത്തിൽ വരുമ്പോൾ ജോസും അലക്സും അവിടെ ഉണ്ടാകുമെന്നാണ് അറിയിച്ചിരുന്നത്. എത്ര നാളായി അവരെയും ഭാര്യമാരെയും കൊച്ചുമക്കളെയും കണ്ടിട്ട്. അവരെ കാണുമ്പോൾ എങ്ങനെ പ്രതികരിക്കുമെന്ന ചിന്തയോടെ ചേടത്തി സഹയാത്രികരുടെ കൂടെ നടന്നു.

വിശാലമായൊരു ഹാളിലെത്തിയപ്പോൾ ചേടത്തി ഒന്ന് പകച്ചു. യാത്രക്കാർ പലവഴിയെ നീങ്ങുന്നു. യാത്രക്കാർ പല നിരകളിലായി നില്ക്കുന്നു. ജനക്കൂട്ടവും മൈക്കിലൂടെയുള്ള അറിയിപ്പുകളും; ആകെ ബഹളം. ബാഗുകളും തൂക്കിപ്പിടിച്ച് ആ പ്രദേ

ശമെല്ലാം ചേടത്തി മക്കളെ തിരഞ്ഞു. പക്ഷേ അവരെ അവിടെങ്ങും കാണാനില്ല. ചേടത്തിക്ക് പരിഭ്രമമായി.

'എന്റെ മക്കൾക്ക് എന്തുപറ്റിയതാണാവോ?' ചേടത്തിയുടെ ചിന്തകൾ പല വഴികളിലൂടെ പാഞ്ഞു. 'ദൈവമേ, ഇനി എനിക്ക് വിമാനത്താവളം തെറ്റിയോ? ഒരു പക്ഷേ ചിക്കാഗോയ്ക്കുള്ള വഴിയിലെ മറ്റൊരു വിമാനത്താവളമാണോയിത്? ചിക്കാഗോയിൽ ചെല്ലും മുമ്പ് ലണ്ടനിലെപ്പോലെ വേറെ വല്ല സ്റ്റോപ്പുമുണ്ടോയെന്ന് മത്തച്ചനോട് ചോദിച്ച് ഉറപ്പു വരുത്തേണ്ടതായിരുന്നു. എന്ത് ചെയ്യാനാ; പോയ ബുദ്ധി ഇനി ആന പിടിച്ചാൽ വരുവോ?'

അവിടെ ആരോടെങ്കിലും ചോദിക്കണമെങ്കിൽ തനിക്ക് ചില വാക്കുകളല്ലാതെ ഇംഗ്ലീഷിൽ സംസാരിക്കാനറിയില്ല. വിമാനത്തിൽ പലതുംവിളിച്ചു പറയുന്നുണ്ടായിരുന്നു; പക്ഷേ ഒന്നും പിടി കിട്ടിയില്ല.

അതിനിടയിൽ തന്റെ കൈവശമുള്ള രണ്ട് ബാഗുകളിലേക്ക് ചേടത്തി ശ്രദ്ധിച്ചു. ഇവ കൂടാതെ താൻ കൊണ്ടുപോന്ന രണ്ട് വലിയ പെട്ടികളുടെ കാര്യം അപ്പോഴാണ് അവർ ഓർത്തത്. അത് അവരിൽ ഞെട്ടലുളവാക്കി. ബോംബെയിൽ നിന്ന് പുറപ്പെടുമ്പോൾ അവയെ വിമാനത്തിൽ അയച്ചതായി ഓർമ്മയുണ്ട്; പിന്നീട് ആ കഥയേ വിട്ടുപോയി!

'ദൈവമേ പെട്ടികൾ പോക്കായോ!' ചേട്ടത്തി വിഷമത്തോടെ മനസ്സിൽ പറഞ്ഞു.

'ലണ്ടനിൽ നിന്നു മറ്റൊരു വിമാനത്തിൽ കയറിയപ്പോൾ ആദ്യത്തെ വിമാനത്തിൽ നിന്നു പെട്ടികൾ തിരികെ വാങ്ങിയില്ല. മത്തച്ചനെന്തേ ആ കാര്യം ഓർക്കാതിരുന്നത്? ആ പെട്ടികൾ നിറയെ വല്ലവരുടെയും സാധനങ്ങളായിരുന്നു. മാതാവേ! ഇനി അവയ്ക്കെങ്ങനെ സമാധാനം പറയും?' അന്നാമ്മച്ചേടത്തിയ്ക്ക് തല ചുറ്റുന്നതു പോലെ തോന്നി. അവിടെക്കണ്ട കസേരയിൽ അവർ ഇരുന്നു.

# ചേടത്തിയുടെ നെഞ്ചത്തു വീണ്ടും ഇടിത്തീ

കസേരയിൽ വിഷമിച്ചിരിക്കുന്ന അന്നാമ്മച്ചേടത്തിയ്ക്ക് പെട്ടെന്നൊരു ബോധോദയമുണ്ടായി. ഒട്ടും മടിച്ചില്ല, അവർ നേർച്ച നേർന്നു; ഒന്നല്ല, രണ്ട്. താൻ പോരുമ്പോൾ വികാരിയച്ചൻ ആവശ്യപ്പെട്ടതുപോലെ പള്ളിക്കൊരു ഇലക്ട്രോണിക് ഹാർമോണിയവും മഠംകാരുടെ ചാപ്പലിലേയ്ക്ക് വാടാമലരും. അതോടെ ചേടത്തിക്ക് ധൈര്യം വന്നു. താൻ ഏകാകിയല്ല; ദൈവാനുഗ്രഹം തന്നോടൊത്തുണ്ടെന്നൊരു വിചാരം.

ചേടത്തി ചുറ്റും നോക്കി. തോക്കും പ്രത്യേകതയുള്ള വടിയും അരയിൽ തൂക്കി തൊപ്പിയും വച്ചുനിൽക്കുന്ന രണ്ട് പോലീസുകാർ അതിലെ നടക്കുന്നു. അവർ രണ്ടും തമ്മിൽ രാപ്പകൽ വ്യത്യാസം: ഒരാൾ കരിക്കട്ടപോലെ കറുത്തതും മറ്റേയാൾ ഐസുകട്ടപോലെ വെളുത്തതും. 'ഒന്നു നീഗ്രോയും മറ്റൊന്നു സായിപ്പുമായിരിക്കും.' ചേടത്തി ചിന്തിച്ചു. അവർ അമേരിക്കയിലെ പോലീസുകാരാണെന്ന് ഒറ്റനോട്ടത്തിൽ ചേടത്തി മനസ്സിലാക്കി.

പക്ഷേ ഒരു സംശയം മാത്രം. അവർക്ക് രണ്ടുപേർക്കും മേൽമീശയില്ല. നാട്ടിലാണെങ്കിൽ മേൽമീശയുടെ കനവും മൂർച്ചയും കണ്ടാൽ യൂണിഫോമിലല്ലെങ്കിലും പൊലീസുകാരെ തിരിച്ചറിയാം. ഏതായാലും നാട്ടിലെ പോലീസുകാരെപ്പോലെ കുടിച്ചു ലെവലും തെറ്റി ഒന്നു പറഞ്ഞു രണ്ടാമത്തേതിന് മനുഷ്യരെ കയ്യേറ്റം ചെയ്യുകയും പച്ചയ്ക്ക് കൈക്കൂലിയ്ക്കായി കൈ നീട്ടുകയും ചെയ്യുന്നവരല്ല ഇവരെന്ന് ചേടത്തിക്ക് തോന്നി.

ധൈര്യം സംഭരിച്ച് ചേടത്തി പോലീസുകാരെ സമീപിച്ചു. അവരോട് തനിക്കറിയാവുന്ന ഇംഗ്ലീഷിലും മലയാളത്തിലുമായി ചേടത്തി വിഷമം പറഞ്ഞു. പക്ഷേ, പോലീസുകാർക്ക് സംഗതി പിടികിട്ടിയില്ല. അവർ പരസ്പരം ആലോചിച്ചശേഷം വിമാനത്താവളത്തിൽ കണ്ട ഒന്നുരണ്ട് ഇരുനിറക്കാരെ വിളിച്ച് ചേടത്തിയുമായി സംസാരിപ്പിച്ചു. അവർ പറഞ്ഞത് ചേടത്തിക്കോ ചേടത്തി പറഞ്ഞത് അവർക്കോ മനസ്സിലായില്ല.

പോലീസുകാർ ചേടത്തിയെ ഒരു ക്യൂവിലേയ്ക്കാണ് നയിച്ചത്. ചേടത്തിയെ നിരയ്ക്ക് പിന്നിൽ നിർത്താതെ അവർ നേരെ കൗണ്ടറിൽച്ചെന്ന് തന്റെ പാസ്പോർട്ടും ചില പേപ്പറുകളും അവിടെയുള്ള ഉദ്യോഗസ്ഥനെ ഏല്പിച്ചു. ഇപ്പോൾ താൻ പോലീസ് അകമ്പടിയോടെ വരുന്ന വി. ഐ. പി.യാണെന്ന് ജനം ധരിച്ചോളുമെന്നു ചേടത്തി ചിന്തിച്ചു. പലരും അപ്പോൾ അവരെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കൗണ്ടറിൽ നിന്ന് പാസ്പോർട്ടും പേ

പ്പറുകളും തിരികെ വാങ്ങിയിട്ട് പോലീസുകാർ ചേടത്തിയെ മുമ്പോട്ടു നയിച്ചു.

രണ്ട് പൊലീസുകാരുടെ മദ്ധ്യേ നടന്നപ്പോൾ താനൊരു കുറ്റവാളിയാണെന്ന് പൊതുജനം തെറ്റിദ്ധരിക്കുമോ എന്ന് ചേടത്തിക്ക് സംശയം. അല്പം നടന്നപ്പോൾ ആ കെട്ടിടത്തിന്റെ ഒരു വശത്ത് കറുത്ത വലിയ ബെൽറ്റിൽ തന്റെ രണ്ട് പെട്ടികൾ മാത്രം അപ്പോഴും വട്ടം കറങ്ങുന്നു. അതുകണ്ടപ്പോൾ ചേടത്തിക്ക് എന്തെന്നില്ലാത്ത സന്തോഷവും ആവേശവുമായി.

അവർ പെട്ടിയെടുക്കാൻ മുമ്പോട്ടുകുതിച്ചു. ബെൽറ്റിൽ ചാടിക്കയറാൻ തുടങ്ങിയ ചേടത്തിയെ അപകടമൊഴിവാക്കാൻ പോലീസുകാർ പിടിച്ചു പുറകോട്ടുമാറ്റി. അവർ പെട്ടി ബെൽറ്റിൽ നിന്നെടുത്തുകൊടുത്തു.

പോലീസുകാർ തന്റെ കയ്യിൽ പിടിച്ചു പിറകോട്ടു മാറ്റിയപ്പോൾ ചേടത്തിക്കൊരു സംശയം: 'അപ്പോൾ ഇവിടത്തെ ആൺ പോലീസ് പെണ്ണുങ്ങടെ മേത്ത് തൊടുവോ?'

ഭാരമുള്ള പെട്ടികളായതിനാൽ അവയും തന്റെ കൈവശമുള്ള രണ്ട് ബാഗുകളുംകൂടി എങ്ങനെ എടുത്തുകൊണ്ടു പോകുമെന്നോർത്ത് ചേടത്തി വിഷമിച്ചു. അപ്പോൾ പോലീസുകാർ ചേടത്തിയോട് ആംഗ്യം കാട്ടി. എന്തോ കൊടുക്കാനാണെന്നറിയാം. എന്താണെന്ന് ഒരു പിടിയുമില്ല.

'വാട്ട്... വാട്ട്?' അന്നാമ്മച്ചേടത്തി ചോദിച്ചു.

സായിപ്പു പോലീസിന് ചേടത്തിയുടെ ഇംഗ്ലീഷ് പിടികിട്ടിയെന്ന് തോന്നുന്നു.

അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു: 'കോയിൻ... കോയിൻ.'

അതെന്താണെന്ന് മനസ്സിലാകാത്തതിനാൽ ചേടത്തി വീണ്ടും ധൈര്യം സംഭരിച്ച് ചോദിച്ചു: 'വാട്ട്...വാട്ട്?'

കറുമ്പൻ പോലീസ് പറഞ്ഞു: 'മണി..മണി.'

'തമ്പുരാനേ.. എന്നാ മണിയാണാവോ ഇവർ ചോദിക്കുന്നത്?' ചേടത്തി ചിന്തിച്ചു.

ഉടനെ ചേടത്തിക്ക് സുബോധമുണ്ടായി. മണിയെന്നു വച്ചാൽ പണം. ഒരു പക്ഷേ കൈക്കൂലിയായിരിക്കും അവർ ചോദിക്കുന്നത്. 'ഈ വൃത്തികെട്ട പണി ഇവിടെയുമുണ്ടോ?' ചേടത്തി ചിന്തിച്ചു.

ഏതായാലും പേഴ്സ് തുറന്ന് ഒട്ടും കുറയ്ക്കേണ്ടെന്ന് കരുതി ഒരു അഞ്ചുരൂപാ നോട്ടെടുത്ത് കയ്യിൽ കൊടുത്തു. സായിപ്പു പോലീസ് അതുവാങ്ങി തിരിച്ചുംമറിച്ചും നോക്കിയിട്ട് തിരികെ കൊടുത്തു.

അയാൾ പേഴ്സ് മുഴുവനോടെ ചേടത്തിയോട് വാങ്ങി. എന്തുചെയ്യണമെന്നറിയാതെ ചേടത്തി പരിഭ്രമിച്ചു. അവർ പേഴ്സ്കൊണ്ടു കടന്നുകളഞ്ഞാലോ? പേഴ്സിനുള്ളിലെ രൂപാ നോട്ടുകളും പൈസാതുട്ടുകളും തിരിച്ചും മറിച്ചും നോക്കിയിട്ട് ഒന്നും എടുക്കാതെ പോലീസ് ചേടത്തിക്ക് പേഴ്സ് തിരികെ കൊടുത്തു.

കറുമ്പൻ പോലീസ് ഉടനെ പോയി അയാളുടെ പോക്കറ്റിൽ നിന്ന് കുറേ നാണയത്തുട്ടുകൾ ഒരു ദ്വാരത്തിൽ 'നേർച്ച'യിട്ട ശേഷം പെട്ടി വലിക്കാനുള്ള വണ്ടിയുമായി വന്നു. അപ്പോഴാണ് ചേടത്തിക്ക് പോലീസുകാരുടെ ഉദ്ദേശം മനസ്സിലായത്.

പോലീസുകാർ പെട്ടികൾ എടുത്തു വണ്ടിയിൽ വച്ചു. ചേടത്തിയുടെ കൈവശമുണ്ടായിരുന്ന ബാഗുകളും അവർ വാങ്ങി ആ വണ്ടിയിൽ വച്ചു. രണ്ട് പോലീസുകാരും കൂടി പെട്ടി തള്ളി നടന്നു. 'ഇവിടെ ഇത്ര വലിയ വിമാനത്താവളമായിട്ട് പോർട്ടർമാരൊന്നുമില്ലേ?' ചേടത്തി ചിന്തിച്ചു. പോലീസുകാരെക്കൊണ്ടു പെട്ടി തള്ളിക്കുന്നത് കുറച്ചിലായി ചേടത്തിക്ക് തോന്നി.

പാസ്പോർട്ടും പേപ്പറുകളും തിരികെ കൊടുത്തിട്ട് പോലീസുകാർ ചേടത്തിയുടെ പെട്ടി തള്ളി മറ്റൊരു നിരയിലേക്ക് പോയി. ആ ക്യൂവിൽ പെട്ടികളുമായി ചേടത്തിയെ നിർത്തിയിട്ട് പോലീസുകാർ മന്ദഹാസത്തോടെ പോകാനൊരുങ്ങി.

അമേരിക്കയിൽ തൊടുന്നതിനെല്ലാം, നന്ദിയുണ്ടെങ്കിലും ഇല്ലെങ്കിലും, നന്ദി പറയണമെന്ന് പണ്ട് മക്കൾ പറഞ്ഞുകേട്ടിട്ടുണ്ട്. അതിനാൽ ചേടത്തി പോലീസുകാരോടു പറഞ്ഞു: 'താങ്ക്സ്!' അവർ എന്തോ മറുപടി പറഞ്ഞിട്ടുപോയി.

'എത്ര മനുഷ്യപ്പറ്റുള്ളോരാ ഈ പോലീസുകാർ!' നിരയിലൂടെ മുന്നേറുമ്പോൾ ചേടത്തി ചിന്തിച്ചു. 'ഇത്തരം കുറേ പോലീസുകാരെ ഇന്ത്യയിലേക്ക് കൊണ്ടുപോയിരുന്നേൽ നമ്മുടെ നാടെത്ര നന്നായേനേ!'

മുമ്പോട്ടു നോക്കിയപ്പോൾ ക്യൂവിൽ തന്റെ മുമ്പിൽ നിൽക്കുന്നവരുടെ പെട്ടികൾ തുറന്ന് ചില ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്നു. തന്റെ പെട്ടികളിലുള്ളതു വല്ലതും അവർ പിടിച്ചെടുത്തേക്കുമോ എന്നു ചേടത്തി ഭയന്നു.

ഒരു ഉദ്യോഗസ്ഥൻ ചേടത്തിയോട് എന്തോ ചോദിച്ചു. അയാളുടെ ചോദ്യം എന്താണെന്നു മനസ്സിലായില്ലെങ്കിലും ചേടത്തി ധൈര്യം സംഭരിച്ചു പറഞ്ഞു: 'നത്തിംഗ് സർ.'

അയാൾ ചേടത്തിയുടെ ഒരു പെട്ടി തുറന്നു. അതിന്റെ ഒരു അരികിൽ കടലാസിൽ പൊതിഞ്ഞു വച്ചിരുന്ന കുറേ പച്ച വാളംപുളി അയാൾ പുറത്തെടുത്തു. അത് എടുക്കാൻ തുടങ്ങിയപ്പോൾ ചേടത്തി സായിപ്പിന്റെ കയ്യിൽ കയറിപിടിച്ചിട്ടു പറഞ്ഞു: 'എന്റെ

പൊന്നുസാറേ അതു കളയല്ലേ! എന്റെ മരുമോളു ഗർഭം ധരി ച്ചിരിക്കുകയാ. അവളു പ്രത്യേകം എഴുതീട്ടു കൊണ്ടുവന്നതാ...' ധൃതിയിൽ പറഞ്ഞതിനാൽ ഇടയ്ക്ക് ഇംഗ്ലീഷുവാക്കുകൾ ചേർ ക്കാൻ ചേടത്തി മറന്നുപോയി.

ചേടത്തിയുടെ അഭ്യർത്ഥന വകവയ്ക്കാതെ സായിപ്പ് അതെടുത്തു. 'ഒരുപക്ഷേ, സായിപ്പിന്റെ ഭാര്യയും ഗർഭിണിയാ യിരിക്കും.' ചേടത്തി ചിന്തിച്ചു.

മറ്റൊരു പൊതിയും അയാൾ തുറന്നു. അതിലുണ്ടായിരുന്ന ഉണങ്ങിയ ഇറച്ചിക്കഷണങ്ങൾ കണ്ടപ്പോൾ ചത്തു ചീഞ്ഞ എലി യെ തോണ്ടി മാറ്റുമ്പോലെ മൂക്കുപൊത്തി അയാൾ വെറുപ്പോടെ അതു മാറ്റി. കൂടുതലൊന്നും ചികയാതെ പെട്ടിയടച്ച് അയാൾ പുറത്തേക്കിറങ്ങാൻ കൈ ചൂണ്ടി.

ആ വഴിയേ പുറത്തേക്കിറങ്ങുമ്പോൾ ചേടത്തി വിചാ രിച്ചു: താനെന്തൊരു മണ്ടി! ഇങ്ങോട്ടു കയറ്റി വിടാഞ്ഞായിരിക്കും മക്കൾ അകത്തേയ്ക്ക് വരാതിരുന്നത്. വെറുതേ ആ നേർച്ചയെല്ലാം നേരേണ്ടായിരുന്നു! ഇത് ചിന്തിച്ചു വണ്ടി തള്ളിയപ്പോൾ പെട്ടി കളിൽ ഒന്നു തെന്നി താഴെ വീണു. തന്റെ പിറകിൽ നടന്നിരുന്ന ഒരു സായിപ്പ് അതുകണ്ട് പെട്ടി വണ്ടിയിൽ വച്ചു തള്ളുവാൻ സഹായിച്ചു.

വണ്ടിയും തള്ളി പുറത്തുവന്നപ്പോൾ ധാരാളം ആളുകൾ ബന്ധുക്കളെ നോക്കി നിൽക്കുകയും വരുന്നവരെ കെട്ടിപ്പിടിച്ച് ചുംബിച്ച് സ്വീകരിക്കുകയും ചെയ്യുന്നു.

ചേടത്തിയുടെ കണ്ണുകൾ ആവേശത്തോടെ വീണ്ടും മക്ക ളെ പരതി. ചേടത്തി പെട്ടി അങ്ങോട്ടുമിങ്ങോട്ടും തള്ളി മക്കളെ അന്വേഷിച്ചു. ഇല്ല, അവരിൽ ഒരുത്തനേം കാണുന്നില്ല.

'എന്റീശോയേ...' ചേടത്തിയുടെ നെഞ്ചത്തു വീണ്ടും ഇടി ത്തീ വീണു.

# അന്നാമ്മച്ചേടത്തിയും എയർപോർട്ട് പോലീസും

വിഷമവും ക്ഷീണവും വർദ്ധിച്ചപ്പോൾ അന്നാമ്മച്ചേടത്തി അടുത്തുകണ്ട കസേരയിലിരുന്ന് മനോവ്യസനത്തോടെ പലതും ചിന്തിച്ചു: തന്റെ മക്കൾക്ക് എന്തോ തകരാറ് പറ്റിയിട്ടുണ്ട്. അല്ലെ ങ്കിൽ അവർ വരാതിരിക്കുമോ? മത്തച്ചൻ അലക്സിനെ ഫോ

ണിൽ വിളിച്ച് തന്നെ സ്വീകരിക്കാൻ വരുന്ന കാര്യം ഉറപ്പു വരുത്തുമെന്നു പറഞ്ഞതാണല്ലോ. പിശാചിനും കടലിനും നടുക്കായല്ലോ താൻ. അപരിചിതമായ ഈ സ്ഥലത്ത് എങ്ങോട്ടുപോകും? ഇംഗ്ലീഷ് വശമില്ലാത്ത താൻ ആരോടൊരു സഹായം ചോദിക്കും?

ചിക്കാഗോ വിമാനത്താവളത്തിൽ ദിനംപ്രതി ഒരുപാട് മലയാളികൾ വന്നു ചാടാറുണ്ടെന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഒരെണ്ണത്തിനെയും കാണുന്നില്ലല്ലോ! നാട്ടിലേയ്ക്കിനി തിരികെ പോകാനൊക്കുമോ? എന്തെങ്കിലും വാങ്ങിക്കഴിക്കാൻ പോലും തന്റെ കയ്യിൽ അമേരിക്കൻ ഡോളറില്ല. ഇത്രയ്ക്ക് വിഷമമുണ്ടാകുമെന്ന് അറിഞ്ഞിരുന്നെങ്കിൽ ഇങ്ങു പോരേണ്ടിയില്ലായിരുന്നുവെന്നു തോന്നി ചേടത്തിയ്ക്ക്.

ഒരുപക്ഷേ സ്വപ്നത്തിൽ കണ്ടതുപോലെ താൻ പോന്ന ഏതെങ്കിലും വിമാനം വല്ല ഭീകരനും ബോംബുവച്ചു തകർത്തിരുന്നെങ്കിലും തരക്കേടില്ലായിരുന്നു. എങ്കിൽ എല്ലാം അവിടം കൊണ്ടവസാനിച്ചേനേ. ഇങ്ങനെ നരകിക്കേണ്ടി വരില്ലായിരുന്നു. വിമാനത്താവളം നിറയെ ആളുകളും വിളിച്ചറിയിപ്പും ബഹളവുമുണ്ടെങ്കിലും അവിടെ താൻ ഏകാകിയാണെന്ന് അന്നാമ്മച്ചേടത്തിക്ക് തോന്നി.

ഒരുപക്ഷേ 'നേർച്ച വേണ്ടിയിരുന്നില്ല' എന്നു മനസ്സിൽ പറഞ്ഞതിനാലാണോ വീണ്ടും പ്രശ്നമുണ്ടായത്. ചേടത്തി ആ നേർച്ച പുതുക്കി. മക്കൾ വാങ്ങിത്തന്നില്ലെങ്കിൽ താൻ എങ്ങനെയെങ്കിലും അവ വാങ്ങിക്കൊടുത്തുകൊള്ളാമെന്ന് അവർ ദൃഢപ്രതിജ്ഞ ചെയ്തു.

ആലോചിച്ചിരുന്നപ്പോൾ പെട്ടെന്ന് മറ്റൊരു കാര്യം അവരുടെ ഓർമ്മയിൽ വന്നു. നാട്ടിൽ നിന്നു പോരാറായപ്പോൾ അനുജത്തി സിസ്റ്റർ പറഞ്ഞിരുന്നു. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അലക്സിന്റെ വിലാസവും ഫോൺനമ്പരും ആരെയെങ്കിലും കാണിക്കണമെന്ന്. തന്റെ അനുജത്തിയുടെ ബുദ്ധിയെ സ്തുതിച്ചുകൊണ്ട് ചേടത്തി പേഴ്സിൽ നിന്ന് അലക്സിന്റെ വിലാസവും നമ്പരും എഴുതിയിട്ടുള്ള തുണ്ടു കടലാസ് പുറത്തെടുത്തു. അവിടെ കണ്ട ഒരു വനിതാപോലീസിനെ അതുകൊണ്ടുപോയീ കാണിച്ചിട്ടുപറഞ്ഞു: 'എന്റെ സൺ അലക്സിനെ കാണുന്നില്ല.'

ആ പോലീസുകാരി ആദ്യം ഒന്നു സംശയിച്ചു. പിന്നീട് ചേടത്തിയോട് പെട്ടിയ്ക്കടുത്ത് ഇരിക്കാൻ പറഞ്ഞിട്ട് ഒരു കൗണ്ടറിൽ ചെന്ന് അവിടെ ഉണ്ടായിരുന്ന തടിച്ച ഒരു കറുമ്പിയെക്കൊണ്ട് മൈക്കിലൂടെ ഇംഗ്ലീഷിൽ എന്തോ വിളിച്ച് പറയിപ്പിച്ചു. അതിൽ അലക്സ്, അന്നമ്മ എന്നീ വാക്കുകളെ ചേടത്തിയ്ക്ക് കഷ്ടിച്ച് മനസ്സിലായുള്ളൂ.



വനിതാ പോലീസ് അല്പസമയം നാലുപാടും നോക്കിയ ശേഷം താൻ കൊടുത്ത തുണ്ടുകടലാസ് നോക്കി ആരെയോ ഫോണിൽ വിളിക്കുവാൻ ശ്രമിച്ചു. മറുപടി കിട്ടാഞ്ഞിട്ടായിരിക്കണം, അതിലൂടെ ഒന്നും സംസാരിക്കാതെ തുണ്ടുകടലാസ് അവർ തിരികെ ചേടത്തിയെ ഏല്പിച്ചു. തുടർന്ന് ആ പോലീസ് മറ്റു ജോലികളിൽ വ്യാപൃതയായി.

മക്കളെ കാണാത്ത വിഷമത്തോടെ ചേടത്തി പെട്ടിയ്ക്ക് കാവലിരുന്നു. കഴുത്തിൽ കിടന്ന കൊന്തയെടുത്ത് അവർ തീക്ഷ്ണമായി പ്രാർത്ഥിച്ചു.

'അമ്മച്ചീ' എന്നൊരു വിളി പുറകിൽ നിന്ന് കേട്ടു. ചേടത്തി വിസ്മയിച്ചു തിരിഞ്ഞുനോക്കിയപ്പോൾ അതാ ജോസും അലക്സും അവരുടെ ഭാര്യമാരും മക്കളും തന്റെ അടുത്തേയ്ക്ക് ഓടി വരുന്നു. ക്ഷീണവും പ്രയാസവും മറന്ന് അന്നാമ്മച്ചേടത്തി മക്കളെ കെട്ടിപ്പിടിച്ച് കരഞ്ഞു.

കൊച്ചുമക്കളുടെ തോളിൽ പിടിച്ചും ഉമ്മകൊടുത്തും പറഞ്ഞു: 'ഇവരൊക്കെ അങ്ങു വളർന്നല്ലോ. അതെങ്ങനാ, നാലു കൊല്ലത്തോളമായില്ലേ നിങ്ങളൊക്കെ അങ്ങു വന്നിട്ട്.'

ജോസിന് മൂന്നു മക്കളും അലക്സിന് ഒരു കുട്ടിയുമേയുള്ളൂ. ജോസിന്റെ മക്കളായ ടിനിയ്ക്ക് ഇരുപതും ടോണിയ്ക്ക് പതിനഞ്ചും റീനായ്ക്ക് ഒൻപതും വയസ്സായി. എല്ലാവരും പഠിക്കുന്നു. അലക്സ് മുപ്പതാം വയസ്സിലാണ് വിവാഹം കഴിച്ചത്. അവന്റെ മകൻ ജോമോനിപ്പോൾ അഞ്ച് വയസ്സുണ്ട്.

'അമ്മച്ചി ഇങ്ങുവന്നിട്ട് ഒരുപാട് നേരമായോ?' താമസിച്ചതിൽ വിഷമത്തോടെയാണ് അലക്സ് അത് ചോദിച്ചത്.

അന്നാമ്മച്ചേടത്തി അരിശത്തോടെ പറഞ്ഞു: 'സമയം കുറേ ആയോന്ന്! എത്ര നേരമായി ഞാൻ നിങ്ങളെ തപ്പുന്നു! എന്തു ചെയ്യണമെന്നറിയാതെ ഞാനാകെ ഭയന്നുപോയി. എനിക്കിവിടെ വല്ല നിശ്ചയമോ പരിചയമോ ഉണ്ടോ?'

കുറ്റബോധത്തോടെ ജോസ് പറഞ്ഞു: 'അമ്മച്ചീ, ഞങ്ങൾക്ക് അതിൽ വളരെ വിഷമമുണ്ട്. എത്ര ബദ്ധപ്പെട്ടാണെന്നോ ഞങ്ങൾ ഇവിടെ വന്നെത്തിയത്. അമ്മച്ചി പരിഭ്രമിക്കുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു.'

'എന്നിട്ടാണോ നിങ്ങൾ നേരത്തെ എത്താതിരുന്നത്?'

ജോസ് തുടർന്നു: 'കഴിഞ്ഞ രാത്രിയിൽ ഇവിടെ മഞ്ഞു പെയ്തു. അമ്മച്ചി വിമാനത്തിൽ നിന്ന് കണ്ടില്ലേ ഈ പ്രദേശം മുഴുവൻ സ്നോയിൽ മൂടിക്കിടക്കുന്നത്?'

ശരിയാണ്; വിമാനം താഴ്ന്നപ്പോൾ പണ്ട് ക്രിസ്മസ് കാർഡിൽ കണ്ടിട്ടുള്ളതുപോലെ കെട്ടിടങ്ങളും മരങ്ങളുമെല്ലാം മഞ്ഞി

ൽപ്പൊതിഞ്ഞ് എല്ലാം തൂവെള്ള നിറമായി കിടക്കുന്ന നയനാനന്ദകരമായ കാഴ്ച ചേടത്തി ആസ്വദിച്ചിരുന്നു. ഇത് നേരിൽ കാണാൻ തനിക്ക് ഭാഗ്യമുണ്ടായല്ലോ എന്നവർ അപ്പോൾ ഓർത്തിരുന്നു.

'ഞങ്ങളിങ്ങു പോരുമ്പോൾ വഴിയിൽ ഒരു അപകടമുണ്ടായി.' ജോസാണത് പറഞ്ഞത്.

അതുകേട്ടപ്പോൾ അന്നാമ്മച്ചേടത്തി ഒന്നു ഞെട്ടി. 'എന്ത്! അപകടമോ? എന്നിട്ടു നിങ്ങൾക്കാർക്കെങ്കിലും എന്തെങ്കിലും പറ്റിയോ?'

'ഇല്ല... ഫ്രീവേയിലൂടെ പോരുമ്പോൾ ഞങ്ങളുടെ മുമ്പിലുണ്ടായിരുന്ന വാഹനങ്ങൾ ഒന്നിനുപിറകെ മറ്റൊന്നായി മഞ്ഞുരുകിയ ഐസിലൂടെ തെന്നിത്തെറിച്ചു കൂട്ടിയിടിച്ചു.' ജോസ് വിവരിച്ചു.

'ഒരു പത്തു പന്ത്രണ്ടു കാറെങ്കിലും തമ്മിൽ ഇടിച്ചിട്ടുണ്ട്. എന്റെ വാൻ കുറേ പിറകിലായിരുന്നു. അതിനാൽ മുൻഭാഗം അൽപം ചളുങ്ങിയതേയുള്ളു.'

'എന്റെ മാതാവേ...' അന്നാമ്മച്ചേടത്തി മൂക്കത്ത് വിരൽ വച്ച് അതിശയത്തോടെ ആ വിവരണം കേട്ടുകൊണ്ടിരുന്നു.

അപ്പോൾ ജോസിന്റെ ഭാര്യ തങ്കമ്മ, അവളുടെ കൈവശം മടക്കിവച്ചിരുന്ന വലിയൊരു പുറങ്കുപ്പായം തണുത്തുവിറച്ചുനിന്ന അന്നാമ്മച്ചേടത്തിയെ ധരിപ്പിച്ചു. 'പുറത്തു ഭയങ്കര തണുപ്പാ.' അവൾ പറഞ്ഞു.

അച്ചന്മാരുടെ ളോഹ പോലെ കൈനീളവും കണങ്കാൽ വരെ ഇറക്കവുമുള്ള ആ കുപ്പായം ധരിച്ചപ്പോൾ അന്നാമ്മച്ചേടത്തിക്കൊരു നാണം.

അലക്സും ജോസിന്റെ മകൻ റ്റോണിയും കൂടി അമ്മച്ചിയുടെ പെട്ടി തള്ളി വാൻ പാർക്ക് ചെയ്തിരിക്കുന്നിടത്തേയ്ക്ക് നീങ്ങി.

നടക്കുന്നതിനിടയിൽ അന്നാമ്മച്ചേടത്തി വീണ്ടും അപകടത്തെപ്പറ്റി ചോദിച്ചു.

ജോസ് പറഞ്ഞു: 'അപകടത്തിൽ പെട്ടതിനാൽ പോലീസുകാർ വന്ന് പരിക്കുപറ്റിയവരെ ആശുപത്രിയിലാക്കുകയും പേപ്പറുകൾ ശരിയാക്കുകയും തകർന്ന വാഹനങ്ങൾ നീക്കം ചെയ്യുകയും ചെയ്യുന്നതുവരെ കാത്തുകിടക്കേണ്ടിവന്നു. നേരത്തെ ഇറങ്ങിയെങ്കിലും വഴിയിൽ തങ്ങിയതിനാൽ ഞങ്ങൾ വല്ലാതെ വിഷമിച്ചു. അമ്മച്ചി പരിഭ്രമിച്ചെങ്കിലോ എന്നതായിരുന്നു ഞങ്ങളുടെ പ്രയാസം.'

'സാരമില്ല മക്കളേ,' വാനിൽ കയറുന്നതിനിടയിൽ ചേടത്തി പറഞ്ഞു. 'കുഴപ്പമൊന്നും കൂടാതെ ദൈവം എല്ലാവരെയും കാത്തല്ലോ.'

ജോസ് ഡ്രൈവർ സീറ്റിലിരുന്നപ്പോൾ ചേടത്തി ഓർപ്പിച്ചു: 'എന്റെ മോനേ, സൂക്ഷിച്ചേക്കണേ.'

വാനിൽ പോകുമ്പോൾ വഴിയിൽ കണ്ട വാഹനങ്ങളുടെ ബാഹുല്യം ചേടത്തിയെ അത്ഭുതപ്പെടുത്തി. അന്നാമ്മച്ചേടത്തി വാനിലിരുന്ന് നാട്ടുവിശേഷങ്ങൾ പറയുകയും കുട്ടികളുമായി കുശലം പറയുകയും ചെയ്തു. അമ്മച്ചി ചോദിച്ചതു പലതും കുട്ടികൾക്കോ അവർ പറഞ്ഞതിൽ മിക്കതും അമ്മച്ചിക്കോ മനസ്സിലായില്ല.

'എന്താ നിങ്ങളീ കുട്ടികളെ നന്നായി മലയാളം പഠിപ്പിക്കാഞ്ഞത്?' ചേടത്തി എല്ലാവരോടുമെന്ന നിലയിൽ ചോദിച്ചു.

'ഓ... മലയാളം പഠിപ്പിച്ചിട്ട് എന്നാ കിട്ടാനാ' തങ്കമ്മയാണ് ഉത്തരം പറഞ്ഞത്. 'ഇവിടെ ജീവിക്കുമ്പോൾ അവർക്ക് ഇംഗ്ലീഷു മതി.'

ആ മറുപടി അന്നാമ്മച്ചേടത്തിക്ക് തൃപ്തികരമായില്ല. മലയാളികളായ മാതാപിതാക്കൾ പോലും കുട്ടികളോട് ഇംഗ്ലീഷിൽ സംസാരിക്കുന്നത് ചേടത്തി ഇതിനോടകം ശ്രദ്ധിച്ചിരുന്നു. പോകുന്ന വഴിയിൽ വലിയ പാലങ്ങളും ഉയർന്ന കെട്ടിടങ്ങളും കാണുമ്പോൾ ചേടത്തി സംസാരം നിർത്തി അവയിൽ ആകാംക്ഷയോടെ ശ്രദ്ധിച്ചു.

'ഇവിടെ തലങ്ങനെയും വിലങ്ങനെയും നേരെയും വളഞ്ഞും എന്ത് വലിയ പാലങ്ങളാ!' ചേടത്തി അത്ഭുതത്തോടെ ആരോടെന്നല്ലാതെ പറഞ്ഞു. ഒരു മണിക്കൂറായപ്പോഴേക്കും വാൻ ജോസിന്റെ വീടിനു മുമ്പിൽ എത്തി. ജോസിന്റെ വീട്ടിലേയ്ക്ക് കയറിയപ്പോൾ ഏതോ പുതിയൊരു പ്രപഞ്ചത്തിലേക്ക് താൻ പ്രവേശിച്ചെന്ന പ്രതീതിയായിരുന്നു ചേടത്തിയ്ക്ക്.

# ചിത്രം വിചിത്രം

അന്നാമ്മച്ചേടത്തി ജോസിന്റെ വീട്ടിൽ വന്നതിന് പിറകെ നിരവധി ഫോൺവിളികൾ വന്നുകൊണ്ടിരുന്നു. അന്നാമ്മച്ചേടത്തി വന്നോ എന്നാണ് എല്ലാവരും അന്വേഷിക്കുന്നത്.

'ഇതെന്തൊരതിശയമാ!' അന്നാമ്മച്ചേടത്തി ചിന്തിച്ചു. 'ഇവി

ടുള്ള ഇതിനുമാത്രം ആളുകളെങ്ങനെ എന്നെ അറിയും?'

യാത്രചെയ്ത് ക്ഷീണിച്ചുവന്ന ചേടത്തി അമേരിക്കയിലുള്ള കുടുംബാഗങ്ങളോടൊത്ത് ഭക്ഷണം കഴിച്ചുതീരും മുമ്പേ ചേടത്തിയെ കാണുവാൻ നിരവധി മലയാളികൾ വന്നുകൊണ്ടിരുന്നു. ചിലർ അടുത്ത ബന്ധുക്കൾ, മറ്റുചിലർ പരിചയക്കാർ. ചിലരോടു സംസാരിച്ചപ്പോൾ അകന്ന ബന്ധത്തിൽപ്പെട്ടവർ. അന്നാമ്മച്ചേടത്തിക്ക് ആകെ സന്തോഷമായി. കേരളത്തിലെ ഒരു വീട്ടിലാണോ താൻ ഇരിക്കുന്നതെന്ന് തോന്നിപ്പോയി.

എല്ലാവരും അന്നാമ്മച്ചേടത്തിയെ 'അമ്മച്ചീ'യെന്ന് സ്നേഹപൂർവ്വം വിളിച്ച് കുശലാന്വേഷണം നടത്തി. നാട്ടിലെ രാഷ്ട്രീയ നേതാക്കളെ അനുകരിച്ച് ചേടത്തി ഓരോരുത്തനെയും വെളുക്കെ ചിരിച്ചുകാണിച്ച് ചോദ്യങ്ങൾക്ക് പൊതുവായി ഉത്തരം കൊടുത്തുകൊണ്ടിരുന്നു.

'അമേരിക്കയിൽ വന്ന നമ്മുടെ ആൾക്കാർ എത്ര സ്നേഹമുള്ളവർ' ചേടത്തി ചിന്തിച്ചു. തനിക്ക് എല്ലാവരെയും നേരത്തെ പരിചയമില്ലെങ്കിലും എല്ലാവരും തന്നെ കാണുവാൻ വന്നിരിക്കുന്നു. മാത്രമോ, പേരമ്മ, അമ്മാമ്മ എന്നൊക്കെ വിളിച്ചവരെല്ലാം ഇപ്പോൾ തന്നെ സ്വന്തം അമ്മയെപ്പോലെ 'അമ്മച്ചീ'യെന്ന് വിളിക്കുന്നു. നാട്ടിൽ എം.എൽ.എ.യോ മന്ത്രിയോ വീട്ടിൽ വരുമ്പോൾ കാണുന്ന ബഹളമാണ് താൻ വന്നപ്പോൾ ഇവിടെയും.

പലർക്കും നാട്ടുവിശേഷങ്ങൾ അറിയുവാൻ താല്പര്യമായി. ആരൊക്കെ മരിച്ചു, ആരൊക്കെ വിവാഹം കഴിച്ചു, നാട്ടിലെ ചില കേസുകളുടെയും പ്രശ്നങ്ങളുടെയും തീരുമാനമെന്തായി. രാഷ്ട്രീയം എങ്ങനെ പോകുന്നു തുടങ്ങി പലതരം ചോദ്യങ്ങൾ തുടരെ വന്നുകൊണ്ടിരുന്നു. പാവം അന്നാമ്മച്ചേടത്തിക്കുണ്ടോ ഇതെല്ലാം നിശ്ചയമുള്ളൂ! അയൽപക്കക്കാരുടെയും അടുത്ത ബന്ധുക്കളുടെയും കുറ്റങ്ങളാണെങ്കിൽ അവർക്കറിയാം. എങ്കിലും അറിയാവുന്ന രീതിയിൽ പല ചോദ്യങ്ങൾക്കും ഉത്തരം കൊടുത്തു.

പത്രസമ്മേളനത്തിലെ മുഖ്യാതിഥിയെപ്പോലെ സംസാരിച്ചുകൊണ്ടിരുന്ന അന്നാമ്മച്ചേടത്തിയുടെ അടുത്തേയ്ക്ക് ജോസ് വന്നിട്ടുപറഞ്ഞു: 'അമ്മച്ചീ, ഈ വന്നവരുടെയെല്ലാം നോട്ടം അമ്മച്ചിയുടെ പെട്ടിയിലേയ്ക്കാ. അതങ്ങു തുറന്ന് അവർക്ക് നാട്ടിൽ നിന്ന് ബന്ധുക്കൾ വല്ലതും കൊടുത്തുവിട്ടിട്ടുണ്ടെങ്കിൽ വേഗമങ്ങുകൊടുത്താൽ അവർ ശല്യപ്പെടുത്താതെ പൊയ്ക്കൊള്ളും.'

അപ്പോഴാണ് ഇത്രയേറെ ആളുകൾ തന്നെ സ്വീകരിക്കാൻ വന്നതിന്റെ പിന്നിലെ രഹസ്യം ചേടത്തിയ്ക്ക് പടികിട്ടിയത്.

ജോസും അലക്സും ചേടത്തിയും കൂടെ പെട്ടികൾ രണ്ടും തുറന്ന് ഓരോ പൊതിയുമെടുത്ത് പേരുവായിച്ച് വിതരണം

ചെയ്തു. തങ്ങൾക്ക് കിട്ടിയത് മറ്റുള്ളവർ കാണേണ്ടെന്ന് കരുതി കിട്ടിയവർ ഉടനെ തങ്ങളുടെ പൊതികളുമായി സ്ഥലം വിട്ടു.

ഒട്ടുമുക്കാൽ പേരും പോയിക്കഴിഞ്ഞപ്പോൾ പെട്ടി ഏതാണ്ടു കാലിയായിരുന്നു.

ജോസിന്റെ ഭാര്യ തങ്കമ്മ വന്നു പെട്ടിയിൽ നോക്കിയിട്ടു പറഞ്ഞു: 'അപ്പോ അമ്മച്ചീടെ മക്കൾക്കൊന്നുമില്ലേ?'

പെട്ടിക്ക് ഭാരക്കൂടുതൽ വന്നതിനാൽ ചേടത്തി കരുതിയവ കുട്ടപ്പായി വശം തിരികെ കൊടുത്തുവിട്ട വിവരവും പുളി കസ്റ്റംസുകാർ പിടിച്ചതും ചേടത്തി വിശദീകരിച്ചു. പുളി കിട്ടാത്തതിൽ അലക്സിന്റെ ഭാര്യ ലൂസിയ്ക്കും അരിശമായി.

പെട്ടിയിൽ അവശേഷിക്കുന്നത് കുട്ടപ്പായിയുടെ കുട്ടികൾക്ക് പാകമല്ലാത്ത ചുരിദാറുകളും അന്നാമ്മച്ചേടത്തിയ്ക്കും ഗർഭിണിയായ ലൂസിയ്ക്കും വേണ്ടി പ്രത്യേകം കാച്ചിക്കൊണ്ടുവന്ന എണ്ണയും കുഴമ്പുമാണ്. അന്നാമ്മച്ചേടത്തി ആ ഉടുപ്പുകൾ പുറത്തെടുത്തപ്പോൾ അവയിൽ കുഴമ്പ് പറ്റിയിരിക്കുന്നു.

'സ്വൽപ്പം എണ്ണ പറ്റി മക്കളേ... കഴുകിയാൽ പൊയ്ക്കോളും' എന്നു പറഞ്ഞ് ചേടത്തി തുണികൾ തങ്കമ്മയെ ഏല്പിച്ചു.

'അമ്മച്ചിയെന്തിനാ ഈ എണ്ണ ഇങ്ങുകൊണ്ടുവന്നത്?' തങ്കമ്മ അരിശപ്പെട്ടു പറഞ്ഞു. 'അതല്ലേ ഈ വില കൂടിയ തുണിയിലെല്ലാം എണ്ണയായത്.' അവൾ ആ തുണികൾ മേശപ്പുറത്തേയ്ക്കിട്ടു.

ചേടത്തി പറഞ്ഞു: 'എണ്ണേം കുഴമ്പും എനിക്കും ലൂസിക്കും ഉപയോഗിക്കാനാ. വേണോങ്കി നീയും കൊറെ എടുത്തോ.'

ഇവിടാരും എണ്ണേം കുഴമ്പും ഉപയോഗിക്കുകേലാ. അമ്മച്ചിയിനി ഷാമ്പുവും കണ്ടീഷണറും ഉപയോഗിച്ചാ മതി.' ഇതുപറഞ്ഞുകൊണ്ട് തങ്കമ്മ കുപ്പികൾ എടുത്ത് ചവറ്റുകൊട്ടയിൽ കളഞ്ഞു.

വളരെ പണം മുടക്കി ഏറ്റവും നല്ല ഇനം എണ്ണ വാങ്ങി കഷ്ടപ്പെട്ടു കാച്ചി, ചോരാതിരിക്കാൻ നൂറുപൊതിയിലാക്കി ഇവിടെ കൊണ്ടുവന്നപ്പോൾ അതു കളഞ്ഞത് അന്നാമ്മച്ചേടത്തിക്ക് സഹിക്കാൻ കഴിഞ്ഞില്ല. എങ്കിലും വന്നപാടെ ബലപ്രയോഗം വേണ്ടെന്നുവച്ചു മിണ്ടിയില്ല.

'തങ്കമ്മ അമേരിക്കയ്ക്ക് പോരുംമുമ്പ് മൂച്ചുകാരിയായിരുന്നു.' ചേടത്തി ഓർത്തു. 'ഇവിടെ വന്നിട്ടു തണ്ടു കൂടിയിട്ടേ ഉള്ളൂ. അതുകൊണ്ടല്ലേ അവളുടെ പേറിനുപോലും എന്നെ ക്ഷണിക്കാതിരുന്നത്.'



ലൂസി മേശപ്പുറത്ത് കിടന്ന ചുരിദാറുകളെടുത്ത് നിവർത്തിക്കൊണ്ടു പറഞ്ഞു: 'അയ്യേ... ഇതേലപ്പടി കൊഴമ്പാ. കഴുകിയാ പിന്നെ ഇതെന്തിന് കൊള്ളാം; പുതുമ പോകില്ലേ?'

അപ്പോൾ തങ്കമ്മ ചുരിദാറുകൾ തിരികെ ഏല്പിച്ചുകൊണ്ട് പറഞ്ഞു: 'പാകത്ത് വച്ചോ, മടങ്ങിപ്പോകുമ്പം നാട്ടിൽ വല്ല പാവങ്ങൾക്കും കൊടുക്കാം.'

'അതേടീ, അതിനാ വളരെ പണം കൊടുത്ത് വാങ്ങി ഇവിടം വരെ ഇതു ഞാൻ കൊണ്ടുവന്നത്.' അന്നാമ്മച്ചേടത്തിയ്ക്ക് ദേഷ്യവും സങ്കടവും വന്നു.

'അപ്പോൾ ഞങ്ങൾ ആവശ്യപ്പെട്ട സാരിയുമില്ല അല്ലേ?' തങ്കമ്മ വീണ്ടും ചൊടിച്ചു.

'എന്റെ മക്കളേ ക്ഷമിക്ക്; വാങ്ങി കൊച്ചീവരെ കൊണ്ടുവന്നതാണെന്ന് ഞാൻ പറഞ്ഞില്ലേ, നിവൃത്തിയുണ്ടെങ്കീ ഞാൻ കൊണ്ടുവരാതിരിക്കുമോ?'

ചേടത്തിയുടെ പെട്ടിയിൽ അവശേഷിച്ചത് ഒരു വലിയ പൊതി ഉമിക്കരിയും നാക്കുവടിക്കാൻ കുറേ പച്ച ഈർക്കിലികളുമാണ്. തങ്കമ്മ തുറന്നു നോക്കിയിട്ട് അവയെ ചവറ്റുകൊട്ടയിലേക്കിട്ടു.

അന്നാമ്മച്ചേടത്തിക്ക് വീണ്ടും ദേഷ്യമായി. 'അതെന്താടീ ഞാൻ കഷ്ടപ്പെട്ട് കൊണ്ടുവന്നതെല്ലാം കളയുന്നത്?'

'പിന്നേ..., ഉമിക്കരി ഇവിടെ വല്ലോരും ഉപയോഗിക്കുമോ? ഞാൻ അമ്മച്ചിക്കുവേണ്ടി പുതിയ ടൂത്ത്ബ്രഷും ടങ്ക്ക്ലീനറും ബാത്ത്റൂമിൽ വാങ്ങിവച്ചിട്ടുണ്ട്. അതുപയോഗിച്ചോ.'

അന്നാമ്മച്ചേടത്തിയുടെ പെട്ടികളിൽ നാടൻ പലഹാരമൊന്നും അവശേഷിച്ചിട്ടില്ലെന്ന് ബോദ്ധ്യമായപ്പോൾ അവിടെ വന്ന മറ്റുള്ളവരും സ്ഥലം വിട്ടു.

ചേടത്തി ഉറക്കം തൂങ്ങാൻ തുടങ്ങി. അമ്മച്ചിയെ ഒരു ഇടുങ്ങിയ മുറി കാണിച്ചുകൊടുത്തുകൊണ്ട് തങ്കമ്മ പറഞ്ഞു: 'അമ്മച്ചിയുടെ യാത്രാക്ഷീണം മാറുംവരെ ഇതിലാ താമസം. ഒരാഴ്ച കഴിഞ്ഞ് അലക്സിന്റെ അപ്പാർട്ട്മെന്റിലേക്ക് പോകാം.'

മുറിയിൽ വെളിച്ചം കുറവായിരുന്നതിനാൽ അന്നാമ്മച്ചേടത്തി ലൈറ്റിന്റെ സ്വിച്ച് നാട്ടിൽ താൻ ശീലിച്ച രീതിയിൽ താഴേക്കുയർത്താൻ ശ്രമിച്ചു. സ്വിച്ച് താഴേക്ക് അമർന്നാണിരുന്നതെങ്കിലും ലൈറ്റു തെളിയാത്തതിൽ ചേടത്തി അതിശയിച്ചു. അവർ തങ്കമ്മയോട് ചോദിച്ചു: 'ഇതെന്താ തങ്കമ്മേ, ബൾബു ഫ്യൂസായോ?'

'ഇവിടെ ലൈറ്റുതെളിയ്ക്കാൻ സ്വിച്ച് താഴേയ്ക്കല്ല; മുക

ളിലേയ്ക്കാ അമർത്തേണ്ടത്.' തങ്കമ്മ അന്നാമ്മച്ചേടത്തിയുടെ അമേരിക്കൻ പുനർജന്മത്തിന്റെ ബാലപാഠങ്ങൾ അഭ്യസിപ്പിക്കുവാൻ ആരംഭിച്ചു.

ബുദ്ധിമതിയായ ചേടത്തി ഒരു മുൻകരുതലെന്ന വിധം പറഞ്ഞു: 'ഏതായാലും തങ്കമ്മേ, ഞാൻ കിടക്കുംമുമ്പ് ഒരു മണ്ണെണ്ണവിളക്കും തീപ്പെട്ടീം ഈ മേശപ്പുറത്ത് വച്ചേരെ. രാത്രിയിൽ കറന്റു പോയാൽ തപ്പേണ്ടല്ലോ.'

തങ്കമ്മ ചിരിച്ചുകൊണ്ടുപറഞ്ഞു: 'അമ്മച്ചീ, ഇത് അമേരിക്കയാ. ഇവിടെ കറന്റുകട്ടൊന്നുമില്ല. എപ്പോഴും കറന്റുണ്ട്.'

'ഇതെന്ത് നല്ല രാജ്യം' എന്നോർത്ത് കനം കൂടിയ മെത്തയ്ക്ക് മുകളിലേയ്ക്ക് അന്നാമ്മച്ചേടത്തി മറിഞ്ഞു.

അപ്പോൾ തങ്കമ്മ പറഞ്ഞു: 'അമ്മച്ചീ ഇങ്ങെണീറ്റേ; അങ്ങനെയല്ല കിടക്കേണ്ടത്.'

കനമുള്ള പുതപ്പുകൾക്കും ഷീറ്റുകൾക്കുമിടയിൽ നുഴഞ്ഞുകയറി കിടക്കേണ്ട രീതി തങ്കമ്മ അന്നാമ്മച്ചേടത്തിയ്ക്ക് മനസ്സിലാക്കിക്കൊടുത്തു.

ഇക്കണക്കിന് ഇവിടെ ഇനി എന്തൊക്കെ പഠിച്ചാലാണാവോ?' ചേടത്തി കട്ടിലിൽ കിടന്നുകൊണ്ടു സ്വയം പറഞ്ഞു.

പിറ്റേന്നു രാവിലെ ജനാലയിൽ കൂടി വെളിച്ചം കണ്ടപ്പോഴേ പള്ളിയിൽ പോകുവാൻ നേരം വൈകിയോ എന്നോർത്ത് ചേടത്തി പിടച്ചെഴുന്നേറ്റു. നാട്ടിലാണെന്ന ധാരണയിലാണ് ഉണർന്നത്. കണ്ണുത്തിരുമ്മിത്തുറന്ന് ചുറ്റുപാടും ശരിക്കു വീക്ഷിച്ചപ്പോഴാണ് താൻ അമേരിക്കയിലാണെന്ന ഓർമ്മ വന്നത്.

പതിവുപോലെ ചേടത്തി ബാത്ത്റൂം അന്വേഷിച്ചു. മിക്കവാറും മുറികളെല്ലാം അടഞ്ഞുകിടന്നതിനാൽ ബാത്ത്റൂം എവിടെയാണെന്ന് ചേടത്തിയ്ക്ക് പിടികിട്ടിയില്ല. തുറന്നുകിടന്നിരുന്ന ഒരു മുറിയിൽ നിന്ന് നിന്റന്റോ ഗെയിം (ടി.വി. സ്ക്രീനിൽ കമ്പ്യൂട്ടറുപയോഗിച്ചുള്ള കുട്ടികളുടെ കളി) കളിക്കുന്നതിന്റെ ശബ്ദം കേട്ട് ചേടത്തി ആ മുറിക്കുള്ളിലേക്ക് എത്തിനോക്കിയപ്പോൾ ടീനാ കമ്പ്യൂട്ടർ കളി തൽക്കാലം നിർത്തി ഗ്രാന്റ്മായെ ശ്രദ്ധിച്ചു.

ചേടത്തി റീനായോട് ചോദിച്ചു: 'ക്ലോസറ്റ് എവിടെ?'

റീനാ ഉടനെ ഗ്രാന്റ്മായെ അവർ കിടന്ന മുറിയിലേക്ക് തന്നെ കൊണ്ടുപോയി. അതിനുള്ളിലെ വളരെ ഇടുങ്ങിയ ഒരു ഇരുട്ടുമുറി അവർ കാണിച്ചുകൊടുത്തു. അന്നാമ്മച്ചേടത്തി നോക്കിയപ്പോൾ അതിനുള്ളിൽ നിറയെ തുണികൾ ഹാംഗറിൽ തൂക്കിയിട്ടിരിക്കുന്നു. അതിനുള്ളിലാണ് ഇന്നലെ തന്റെ ചട്ടയും മറ്റു തുണികളും തങ്കമ്മ തൂക്കിയിട്ടത്.

ടീനായ്ക്ക് ക്ലോസറ്റ് എന്ന് താൻ ഉച്ചരിച്ചത് മനസ്സിലായില്ലെന്നോർത്ത് ചേടത്തി ഒന്നുകൂടി തെളിച്ചു പറഞ്ഞു: 'നോ... ഇതല്ല; ക്ലോസറ്റ്!.'

'ടീന ആ മുറിയിലേക്ക് വീണ്ടും ചൂണ്ടിപ്പറഞ്ഞു: 'ഗ്രാന്റ്മാ, ക്ലോസറ്റ് ഇതാ.'

ചേടത്തി കുഴഞ്ഞു. അവർ മറ്റ് ഇംഗ്ലീഷ് വാക്കുകൾ തേടി. ഇനി കുളിമുറിയെന്ന് പറഞ്ഞാലോ? അവർ പറഞ്ഞു: 'നോ... എനിക്ക് വേണ്ടത് ബാത്ത്റൂം.'

ടീനായ്ക്ക് അപ്പോൾ സംഗതി മനസ്സിലായി. അവൾ അടുത്ത മുറിയുടെ വാതിൽ തുറന്നു. അതിനകത്തേയ്ക്ക് നോക്കിയപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് സമാധാനമായി. കാരണം ചേടത്തി ഉദ്ദേശിച്ച ക്ലോസറ്റ് അതായിരുന്നു.

തങ്കമ്മ വാങ്ങിവച്ചിരുന്ന ബ്രഷും ടങ്ക്ലീനറും ഉപയോഗിച്ച ശേഷം വായ കഴുകാൻ നോക്കിയപ്പോൾ വാഷ്ബേസിനിലെ റ്റാപ്പിന് രണ്ട് കട്ടകൾ. അവയിൽ ഒന്ന് തിരിച്ചിട്ട് വെള്ളത്തിലേക്ക് കൈ കാണിച്ചപ്പോൾ 'അയ്യോ'യെന്ന് പറഞ്ഞ് ചേടത്തി കൈ ഞെട്ടി പിൻവലിച്ചു. അതിൽ നിന്നു പ്രവഹിച്ചത് തിളച്ചതുപോലെ ചൂടേറിയ വെള്ളമായിരുന്നു. അത് അടച്ചിട്ട് അടുത്ത കട്ട തിരിച്ചുനോക്കി. അപ്പോൾ ഒഴുകിയ വെള്ളത്തിലേയ്ക്ക് ചേടത്തി പേടിച്ചു കൈ നീട്ടിയപ്പോൾ അത് ഐസുപോലെ തണുത്ത വെള്ളം.

വളരെ വിഷമിച്ച് തണുത്ത വെള്ളത്തിൽ മുഖം കഴുകി. മറ്റ് അത്യാവശ്യകാര്യങ്ങൾ കൂടി സാധിച്ചിട്ട് നോക്കിയപ്പോൾ അന്നാമ്മച്ചേടത്തി വിഷമിച്ചു. കാരണം കക്കൂസിനകത്ത് വെള്ളമെടുക്കാൻ റ്റാപ്പോ ആ മുറിയിലെങ്ങും ബക്കറ്റോ മഗ്ഗോ ഇല്ല. 'ഇനിയെന്ത് ചെയ്യും?' അവർക്കു വിഷമവും ദേഷ്യവുമായി.

# പുനർജന്മത്തിന്റെ ബാലപാഠങ്ങൾ

നാട്ടിൽ ശീലിച്ച അന്നാമ്മച്ചേടത്തിയ്ക്ക് ജോസിന്റെ ബാത്ത്റൂമിലെ സൗകര്യങ്ങൾ തൃപ്തികരമായില്ല. വെള്ളം ഉപയോഗിക്കാൻ സാധിക്കാതെ അവർ വാതിൽ തുറന്നു പുറത്തു വന്നു.

ചേടത്തി വീണ്ടും റീനായുടെ മുറിയിലേയ്ക്ക് ഒളിഞ്ഞു നോക്കി അവളെ കൈ കാണിച്ചു വിളിച്ചു. അവൾ ഇറങ്ങി വന്നു. ചേടത്തി അവളെ ബാത്ത്റൂമിലേയ്ക്ക് നയിച്ചു. അവൾക്ക് മനസ്സിലാകത്തക്കവിധം ചേടത്തി ബാത്ത്റൂമിന്റെ സീറ്റിലിരുന്നും

'വാട്ടർ' എന്നു പറഞ്ഞും ആശയവിനിമയം നടത്തിയപ്പോൾ റീനായ്ക്ക് പ്രശ്നം പിടികിട്ടി.

വെള്ളത്തിന് പകരം അവിടെ വച്ചിരുന്ന കടലാസ് ചുരുൾ (ടോയ്‌ലറ്റ് ടിഷ്യൂ) കീറി ഉപയോഗിക്കേണ്ട വിധം അവൾ ഗ്രാന്റ്മായെ കാണിച്ചു കൊടുത്തു.

കാര്യം മനസ്സിലാക്കി കഴിഞ്ഞപ്പോൾ ചേടത്തി റീനയോടു പറഞ്ഞു: 'ഇനി നീ ഗെറ്റ് ഔട്ട്; ഞാൻ ചെയ്തോളാം.'

അവൾ ചിരിച്ചുകൊണ്ട് പുറത്തിറങ്ങി.

കതകടച്ച ശേഷം മനസിനു തൃപ്തിയായില്ലെങ്കിലും ചേടത്തി കാര്യം സാധിച്ചു.

ഒരു കപ്പ് കടുംകാപ്പി രാവിലെ കുടിക്കുന്ന പതിവ് അന്നാമ്മച്ചേടത്തിയ്ക്കുണ്ട്. കാപ്പി അനത്താമെന്ന് കരുതി അടുക്കളയിൽ ചെന്നപ്പോൾ അവിടെ വിറകോ തീപ്പെട്ടിയോ നാട്ടിലെ അടുപ്പു പോലുമോ കാണാനില്ല. അതിനാൽ തൽക്കാലം ആശയടക്കി തിരിഞ്ഞപ്പോൾ തലേന്നു താൻ കൊണ്ടുവന്ന എണ്ണയും കുഴമ്പും തങ്കമ്മ ചവറ്റുകൊട്ടയിലിട്ടിരിക്കുന്നത് ചേടത്തിയുടെ ശ്രദ്ധയിൽ പെട്ടു.

'ജോസും തങ്കമ്മയും എണീക്കാത്തത് നന്നായി' എന്നു വിചാരിച്ചുകൊണ്ട് ചേടത്തി കുട്ടികൾ പോലും കാണാതെ പാത്തും പതുങ്ങിയും ആ കുപ്പികൾ കൈക്കലാക്കി. അപ്പോൾ നല്ലൊരു പ്ലാസ്റ്റിക് ഡപ്പി, മനോഹരമായ കുറേ പ്ലാസ്റ്റിക് സഞ്ചികൾ എന്നിവയും അവർ കണ്ടു. 'എന്റെ മാതാവേ, ഇതെല്ലാം ഇവർ വെറുതെ കളയുവാണോ' ചേടത്തി ചിന്തിച്ചു. 'നാട്ടിലാണേൽ ഇതിനൊക്കെ എന്തെല്ലാം ഉപയോഗമുണ്ട്. അല്ലെങ്കിൽ തന്നെ ഇവയ്ക്കെല്ലാം എന്തു വില കൊടുക്കണം' അവയും ആരും കാണാതെ ചേടത്തി കൈക്കലാക്കി.

അന്നുമുതൽ ഏതു വീട്ടിലായാലും മിക്ക ദിവസവും ആരും കാണാതെ ചേടത്തി ചവറ്റുകൊട്ടകൾ തപ്പുകയും വിലപ്പെട്ടതെന്ന് തോന്നുന്നവ താൻ കിടക്കുന്ന മുറിയ്ക്കുള്ളിലെ ക്ലോസറ്റിന്റെ മൂലയിൽ കൂനകൂട്ടി തുണിയിട്ട് മൂടി സൂക്ഷിക്കുകയും ചെയ്തു പോന്നു. പഴക്കം ചെന്ന പല സാധനങ്ങളും വീടിന്റെ മുമ്പിലുള്ള വഴിയരികിൽ ചപ്പുചവറുകൾ നീക്കം ചെയ്യുന്നവർ കൊണ്ടു പോകുന്നതിനായി ജോസോ അലക്സോ വച്ചാൽ അത് തിരികെ എടുക്കണമെന്നും അവർക്ക് വേണ്ടെങ്കിൽ താൻ ഇന്ത്യയ്ക്ക് കൊണ്ടു പൊയ്ക്കൊള്ളാമെന്നും ചേടത്തി പിടിവാശി കൂട്ടും.

പക്ഷേ എല്ലാം കൂടി വിമാനത്തിൽ കയറ്റുവാൻ പറ്റില്ലല്ലോ എന്നോർക്കുമ്പോൾ മനസ്സില്ലാമനസ്സോടെ വാശി വിടും.

അന്നു രാവിലെ പള്ളിയിൽ പോകണമെന്നു ചേടത്തി

വിചാരിച്ചെങ്കിലും ജോസും തങ്കമ്മയും മുതിർന്ന രണ്ട് കുട്ടികളും ഉറക്കം തെളിഞ്ഞ് എഴുന്നേറ്റ് വന്നപ്പോൾ മണി പത്തായി.

'ഇതെന്താ നിങ്ങളൊക്കെ ഈ നട്ടുച്ചവരെ കിടന്നുറങ്ങുന്നത്?' ചേടത്തി അതിശയത്തോടെ തങ്കമ്മയോട് ചോദിച്ചു.

'ഇവിടെ ഇങ്ങനെയൊക്കെയാ. ജോലിയും കുട്ടികൾക്ക് സ്കൂളും ഇല്ലാത്തപ്പോൾ എല്ലാവരും വളരെ വൈകിയേ എഴുന്നേൽക്കൂ.'

ഗ്യാസടുപ്പ് കത്തിക്കുന്നതും മൈക്രോ വേവ് ഓവൻ ഉപയോഗിക്കുന്നവിധവും തങ്കമ്മ ചേടത്തിയെ കാണിച്ചു കൊടുത്തു. അമേരിക്കയിൽ വന്നനാൾ മുതൽ അന്നാമ്മച്ചേടത്തിക്ക് എല്ലാം പുതിയ അറിവുകളായിരുന്നു.

'കൈക്കലത്തുണി എവിടാ മോളേ?' അടുപ്പിനു ചുറ്റും നോക്കിയിട്ട് ചേടത്തി സംശയം ചോദിച്ചു.

'ഇവിടെ അങ്ങനൊരു തുണിയില്ല. വേണ്ടിവന്നാൽ കടലാസ് ഉപയോഗിക്കും.'

'നിങ്ങൾ വെള്ളത്തിനു പകരവും കടലാസാണല്ലോ ഉപയോഗിക്കുന്നത്.' ബാത്ത്റൂമിലെ കാര്യമോർത്ത് മന്ദഹസിച്ചു കൊണ്ട് ചേടത്തി പറഞ്ഞു.

ടാപ്പിലെ വെള്ളം തിരിച്ചു കൊണ്ടു ചേടത്തി ചോദിച്ചു: 'ഇവിടുത്തെ കിണറ്റിലെ വെള്ളം വറ്റുമോ?'

വെള്ളം കിണറ്റിൽ നിന്നല്ലെന്നും പൊതുവായി വിതരണം ചെയ്യുകയാണെന്നും തങ്കമ്മ വിശദീകരിച്ചു.

ചേടത്തിക്ക് അപ്പോൾ മറ്റൊരു സംശയം. 'ഈ തിളച്ച വെള്ളവും ഐസുപോലെ തണുത്ത വെള്ളവുമല്ലാതെ സാധാരണ വെള്ളം ഇവിടെങ്ങും കിട്ടാനില്ലേ?'

തങ്കമ്മ ക്രമേണ അന്നാമ്മച്ചേടത്തിയുടെ അദ്ധ്യാപികയായി. ചൂടുവെള്ളത്തിന്റെയും തണുത്ത വെള്ളത്തിന്റെയും കട്ടകൾ ഒരേസമയം ഉപയോഗിച്ച് ഓരോരുത്തരും ആവശ്യമായ ചൂടിൽ വെള്ളം എടുക്കാവുന്ന വിധം അവൾ അമ്മച്ചിയെ കാണിച്ചുകൊടുത്തു.

ചേടത്തി കൊച്ചുകുട്ടിയെപ്പോലെ തുടർന്ന് ചോദിച്ചു കൊണ്ടിരുന്നു: 'മോളേ, ഇവിടുത്തെ തുണി അലക്കുന്ന കല്ലിനടുത്തും നിങ്ങൾ വെള്ളത്തിനു ടാപ്പ് പിടിപ്പിച്ചിട്ടുണ്ടോ?'

അമ്മച്ചിയുടെ ഇത്തരം ചോദ്യങ്ങൾ കേട്ട് തങ്കമ്മയ്ക്ക് ചിരിയടക്കാൻ കഴിഞ്ഞില്ല. വാഷിംഗ് മെഷീനും ഡ്രയറും പ്രവർത്തിപ്പിക്കുന്ന വിധം അവൾ അമ്മച്ചിയെ പരിശീലിപ്പിച്ചു.

'എന്റേടീ എന്തൊരു സൗകര്യമാ ഇവിടൊക്കെ!' ചേടത്തി

അതിശയത്തോടെ പറഞ്ഞു. 'വെറുതെയല്ല മനുഷ്യരു പറയുന്നത് അമേരിക്കേൽ ചെന്നാൽ സ്വർഗ്ഗമാണെന്ന്! യാത്ര ചെയ്യാൻ കാറ്, പണിയെല്ലാം ചെയ്യാൻ മെഷീനുകൾ. പിന്നെന്തു വേണം!'

അപ്പോഴേക്കും ജോസ് കുളിച്ചൊരുങ്ങി അടുക്കളയിലേക്ക് വന്നു. ജോസിനോടൊത്ത് പ്രഭാതഭക്ഷണം കഴിക്കുന്നതിനിട യിൽ അന്നാമ്മച്ചേടത്തി പറഞ്ഞു: 'എന്റേടാ, കഴിഞ്ഞ രാത്രീൽ ഞാൻ വല്ലാതൊന്ന് ഭയപ്പെട്ടു.'

'അതെന്താണമ്മച്ചീ?' ജോസിന് ആകാംക്ഷയായി.

'പാതിരാ കഴിഞ്ഞപ്പോഴാണെന്നു തോന്നുന്നു, ഏതോ മെഷീന്റെ വല്ലാത്ത കാറിച്ചേം കൂകിച്ചേം. അതു കുറേ നേരത്തേ ക്കുണ്ടായിരുന്നു. ഞാനോർത്തു അമേരിക്കക്കാരും റഷ്യക്കാരും തമ്മിൽ വല്ല യുദ്ധവുമാണോന്ന്.'

അൽപം ആലോചിച്ചിട്ട് ജോസ് ചിരിച്ചുകൊണ്ടു പറ ഞ്ഞു. 'ഓ... അതോ... അമ്മച്ചി ഇനീം ഇങ്ങനെ പല പുകിലും കാണാനും അനുഭവിക്കാനും ഇരിക്കുന്നേയുള്ളൂ. രാത്രിയിൽ കേട്ടത് ഫയർ എഞ്ചിനും ആമ്പുലൻസും പോയതാ. നമ്മുടെ നാട്ടിലെപ്പോലെയല്ല അവയുടെ ശബ്ദം. ആ ശബ്ദം ഇവിടെ മിക്ക പ്പോഴും കേൾക്കാം. ആർക്കെങ്കിലും അത്യാഹിതം സംഭവിച്ചാൽ അവർ വന്നു പ്രഥമശുശ്രൂഷ കൊടുക്കുകയും അടുത്ത ആശുപ ത്രിയിൽ എത്തിക്കുകയും ചെയ്യും.'

കാപ്പികുടി കഴിഞ്ഞു വീടിന്റെ മുൻവശം ശരിക്ക് കാണു വാൻ ചേടത്തി ജോസിനൊപ്പം അങ്ങോട്ടിറങ്ങി. അപ്പോൾ ചേടത്തി ചോദിച്ചു: 'ഇതെന്താടാ ഇവിടെ മുറ്റത്ത് മണൽ വിരിക്കാത്തത്? മുറ്റത്തെല്ലാം പുല്ല് കേറി കിടക്കുവാണല്ലോ. മണലിന് ഇവിടെ വലിയ വിലയാണോ?'

'അമ്മച്ചീ, ഇവിടെ നാട്ടിലേപ്പോലെ ആരും മുറ്റത്ത് മണ ലിടില്ല. ഇത് പുല്ല് പിടിച്ചതല്ല, പിടിപ്പിച്ചതാണ്. ഇത് പ്രത്യേകം വാങ്ങുന്ന നല്ല ഇനം പുല്ലാണ്. അതു കൂടെക്കൂടെ നനയ്ക്കുകയും വെട്ടുകയും വല്ലപ്പോഴും വളം ചെയ്യുകയും വേണം.'

'ഇവിടിത്രയും നല്ല പുല്ലുള്ള സ്ഥിതിക്ക് പശുവിനെ വളർത്താൻ നല്ല ശേലാണല്ലോ.' അന്നാമ്മ ചേടത്തി അത് പറ ഞ്ഞപ്പോൾ ജോസിന് ചിരി വന്നു.

നാട്ടിൽ നിന്ന് താൻ പോരുമ്പോൾ അമേരിക്കയിൽ ചെ ന്നിട്ട് അയയ്ക്കാൻ പറഞ്ഞ് പലരും അനവധി കത്തുകൾ കൊടു ത്തുവിട്ട കാര്യം ചേടത്തി അപ്പോഴാണ് ഓർത്തത്. ബാഗിൽ നിന്ന് ആ കത്തുകളുടെ വലിയ കെട്ട് കണ്ടുപിടിച്ചു ചേടത്തി ജോസിനെ ഏൽപിച്ചു.

കത്തുകളുടെ എണ്ണവും വിലാസവും ശ്രദ്ധിച്ച ശേഷം

ജോസ് അരിശത്തോടെ പറഞ്ഞു: 'അമേരിക്കയുടെയും കാനഡയുടെയും വിവിധ ഭാഗങ്ങളിലുള്ള മലയാളികൾക്കെല്ലാമുണ്ട് ഇതിൽ കത്തുകൾ. എന്തിനാണ് ഈ കത്തെല്ലാം മനുഷ്യരിങ്ങനെ അമ്മച്ചീടെ കയ്യിൽ കെട്ടിയേൽപ്പിച്ചു വിട്ടത്?'

'അതെന്താടാ അങ്ങനെ പറയുന്നത്?' ചേടത്തി അരിശത്തോടെ ചോദിച്ചു. 'നാട്ടീന്ന് തപാലിലയച്ചാൽ ചുരുങ്ങിയത് അഞ്ചു രൂപാ വീതമെങ്കിലും ആകില്ലേ?'

'അമ്മച്ചിയ്ക്ക് അറിയാൻ മേലാഞ്ഞിട്ടാ. ഇതെല്ലാം ഇവടുന്നയയ്ക്കണമെങ്കിൽ ഓരോന്നിനും ചുരുങ്ങിയത് 25 സെന്റിന്റെ സ്റ്റാമ്പൊട്ടിക്കണം.'

'ഓ... അതാണോ വലിയ കപ്പല്. 25 പൈസയാണോ അഞ്ചു രൂപയാണോ വലുത്?' അന്നാമ്മച്ചേടത്തിയും വിട്ടില്ല.

'അമ്മച്ചീ, 25 പൈസയല്ല; ഇവിടെ സെന്റാണ്. 25 സെന്റ്. നാട്ടിലെ അഞ്ചു രൂപയ്ക്ക് തുല്യമാ. പിന്നെ എന്താ ലാഭമിരിക്കുന്നെ? ആ വിലയ്ക്കുള്ള സ്റ്റാമ്പൊട്ടിച്ച് നാട്ടീന്നിങ്ങയച്ചാൽ പോരെ. വെറുതെ യാത്രക്കാരെ പോസ്റ്റൽ ഡിപ്പാർട്ട്മെന്റാക്കണോ?'

അന്നാമ്മച്ചേടത്തി സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു. 'പോട്ടെ ജോസെ, ഇവിടെ ഇതയയ്ക്കാൻ ഇത്ര പണം മുടക്കുണ്ടെന്നു ഞാനറിഞ്ഞോ! ഏതായാലും കൊണ്ടുവന്നില്ലേ, ഇന്നു തന്നെ അങ്ങയച്ചേര്.'

'രണ്ടാഴ്ച കഴിയട്ടെ, ഇതൊന്നും അത്ര അത്യാവശ്യമുള്ള കത്തായിരിക്കുകേല. നാട്ടീന്ന് ആരെങ്കിലും ഇങ്ങ് പോരുന്നൂന്ന് കേൾക്കുമ്പഴാ ഓരോരുത്തനും അമേരിക്കയ്ക്ക് കത്തയയ്ക്കാൻ പൂതിയാക്കുന്നത്.'

എതിരൊന്നും പറയാതെ അന്നാമ്മച്ചേടത്തി കത്തെല്ലാം തിരികെ ബാഗിൽ കൊണ്ടുപോയി വച്ചു.

ജോസിന്റെ അടുത്ത് തിരികെ വന്നിട്ട് ചേടത്തി ഒരു സംശയം ചോദിച്ചു. 'അപ്പഴേ... ഈ കത്തുകൾ കിട്ടാൻ വൈകിയാൽ മനുഷ്യരു ചോദിച്ചാ എന്നാ സമാധാനം പറയും?'

'അതിനാണോ പ്രയാസം. ആരും ചോദിക്കുകേല. അഥവാ ചോദിച്ചാൽത്തന്നെ വന്ന ഉടനെയുള്ള തിരക്കിൽ മറന്നെന്നു പറഞ്ഞാൽ മതി.'

അമേരിക്കയിൽ വന്നിട്ടും ഇവന്റെ അപ്പനിൽനിന്നു കിട്ടിയ കുരുട്ടുബുദ്ധിക്കൊരു കുറവുമില്ലല്ലോ എന്നു ചേടത്തി മനസ്സിൽ പറഞ്ഞു.

തങ്കമ്മയും ജോസും അമ്മച്ചിയുടെ ഇരുവശങ്ങളിലും ഇരുന്നു വർത്തമാനം പറയുന്നതിനിടയിൽ ജോസ് പറഞ്ഞു: 'അമ്മച്ചി ഇനി ഈ കുണുക്ക് ഊരി വെയ്ക്കണം; നാട്ടിൽ പോ



കുമ്പോൾ തിരികെ കൊണ്ടു പൊയ്ക്കോ.'

അത് ഇഷ്ടപ്പെടാതെ കുണുക്കിൽ പിടിച്ചുകൊണ്ട് ചേടത്തി പറഞ്ഞു: 'അയ്യോടാ! എന്റെ കൊക്കിൽ ജീവനുണ്ടെങ്കിൽ ഇത് പറിക്കാൻ ഞാൻ സമ്മതിക്കേല. എന്നെ പത്താം വയസ്സിൽ കെട്ടിക്കും മുമ്പ് എന്റെ അപ്പൻ  വാങ്ങിത്തന്നതാ.'

'അതുപറഞ്ഞാൽ ഇവിടെ നടപ്പില്ല.' തങ്കമ്മയുടെ ക്രൂരമായ വാക്കുകൾ.

# കുണുക്കിന് വിട ...

അന്നാമ്മച്ചേടത്തി പറഞ്ഞു: 'എനിക്കൊരു നിർബന്ധമുള്ളത് നമ്മളെവിടെ പോയാലും നമ്മുടെ പാരമ്പര്യങ്ങൾ നിലനിർത്തണമെന്നുള്ളതാണ്.'

ജോസ് പറഞ്ഞു: 'ബാക്കി ഒക്കെ നിലനിർത്തിയ്ക്കോ; പക്ഷേ കുണുക്ക് ഊരണം. കവണിയ്ക്ക് പകരം സാരിയുമാക്കണം.'

തങ്കമ്മ കൂട്ടിച്ചേർത്തു: 'അതു പോരാ; വീട്ടിലായിരിക്കുമ്പോൾ നൈറ്റി ഇട്ടാൽ മതി.'

'എനിക്കു മേല അച്ചൻമാരെപ്പോലെ ളോഹ ഇട്ട് നടക്കാൻ.' അന്നമ്മച്ചേടത്തി ചിരിച്ചുകൊണ്ട് തുടർന്നു: 'അവർക്കുപോലും ഇപ്പോൾ ളോഹ വേണ്ട, പാന്റും ഷർട്ടും മതി.'

തങ്കമ്മയ്ക്ക് അരിശം വന്നു: 'അമ്മച്ചി നിർബന്ധബുദ്ധി തുടങ്ങിയാലെങ്ങനാ? ചട്ടേം മുണ്ടും നേറ്റിയ്ക്കിട്ടാൽ ആരാ അതെല്ലാം നനയ്ക്കുന്നേ? ഇവിടെ പലരും വരുന്നതല്ലേ; നൈറ്റി തന്നെ ഇടണം. ചട്ടയ്ക്കും മുണ്ടിനും കവണിക്കും പകരം ഞാൻ ബ്ലൗസും പാവാടയും അമ്മച്ചിയുടെ അളവിന് തയ്പിച്ചു തരാം. സാരി അമ്മച്ചി കൊണ്ടു വന്നില്ലെങ്കിലും പഴയത് കുറേ ക്ലോസറ്റിൽ കിടപ്പുണ്ട്.'

അന്നാമ്മച്ചേടത്തി ഇത്തരം നിർദ്ദേശങ്ങളോട് ആദ്യമൊക്കെ എതിർത്തെങ്കിലും നാട്ടിൽ നിന്നുവന്ന മറ്റു ചേടത്തിമാരാരും കുണുക്കും കവണിയും ഉപയോഗിക്കുന്നില്ലെന്നു മനസ്സിലായപ്പോൾ നിർബന്ധബുദ്ധി വെടിഞ്ഞ് ജോസിന്റെയും തങ്കമ്മയുടെയും വരുതിയ്ക്കു വന്നു. അവർ പറഞ്ഞപ്രകാരം ചെയ്തപ്പോൾ തനിക്ക് പത്തിരുപത് വയസ്സ് കുറഞ്ഞെന്ന് അവർക്ക് തോന്നി.

പകൽ സമയത്തും അന്നാമ്മച്ചേടത്തിയുടെ കണ്ണുകൾക്ക് കനം കൂടി. അവർ ഉറക്കം തൂങ്ങുവാൻ തുടങ്ങിയപ്പോൾ ജോസ്

പറഞ്ഞു: 'അമ്മച്ചി പോയി കിടന്നോ.'

അമേരിക്കയിൽ വന്നതിനെ തുടർന്നുള്ള ആദ്യ ദിവസങ്ങളിൽ ചേടത്തിയ്ക്ക് പകൽ ഉറക്കവും രാത്രിയിൽ ഉറക്കമില്ലയ്മയുമായി. ഇതെന്തൊരു ശല്യമാണെന്ന് ചേടത്തി ചോദിച്ചപ്പോൾ ജോസ് പറഞ്ഞു: 'ഇവിടെ പകലായിരിക്കുമ്പോൾ ഇന്ത്യയിൽ രാത്രിയാ. അമ്മച്ചീടെ ഉറക്കത്തിന്റെ ശീലം ഒന്ന് തിരിഞ്ഞ് വരണം. അതിന് ഒരാഴ്ചയിലധികം എടുക്കും. അതുകൊണ്ട് പകൽ മനഃപൂർവം ഉറങ്ങാതിരിക്കണം.'

അന്നാമ്മച്ചേടത്തി നാട്ടിൽ നിന്ന് വന്ന ദിവസം മുതൽ കൂടെക്കൂടെ ജോസിനോട് പറയും: 'മോനേ, കുട്ടപ്പായിയെ ഫോണിൽ വിളിച്ച് ഞാൻ വന്ന വിവരം ഒന്നറിയിക്കണ്ടേ?'

ജോസ് പറയും: 'അതിന് ഞാൻ കത്തിടുന്നുണ്ട്. നാട്ടിലേക്കുള്ള ഫോൺ വിളിക്ക് കൊല്ലുന്ന ചാർജാ.'

'ചില സമയത്ത് വിളിച്ചാൽ റേറ്റ് കുറവുണ്ട്. വേണമെങ്കിൽ ആ സമയം നോക്കി വിളിക്കാം.' ഇങ്ങനെ പറഞ്ഞതല്ലാതെ ജോസ് വിളിക്കുകയോ എഴുതുകയോ ചെയ്തില്ല. അതിൽ അന്നാമ്മച്ചേടത്തിയ്ക്ക് അമർഷമുണ്ട്.

ചേടത്തി വന്നതിന്റെ മൂന്നാംനാൾ രാവിലെ നാട്ടിൽ നിന്ന് കുട്ടപ്പായിയുടെ ഫോൺ വന്നു. അത് കളക്ട്കോൾ ആയിരുന്നതിനാൽ ജോസിന് അരിശമായി. കാരണം സാധാരണ വിളിക്കുന്നതിനേക്കാൾ കൂടിയ നിരക്ക് ആ വിളിക്ക് ജോസ് അമേരിക്കയിൽ കൊടുക്കണം. എങ്കിലും ആ അരിശം പുറമെ കാണിച്ചില്ല. കുറഞ്ഞറേറ്റുള്ള സമയം നോക്കി അങ്ങോട്ട് വിളിക്കാതിരുന്നത് മണ്ടത്തരമായെന്ന് അയാൾക്ക് അപ്പോൾ തോന്നി.

നാട്ടിൽ സഹോദരിയുടെയും സിസ്റ്ററിന്റെയും നിർബന്ധം കൊണ്ട് അയൽവാസി തോമസ് ചേട്ടന്റെ വീട്ടിൽ നിന്നാണ് വിളിക്കുന്നതെന്നും ആദ്യം അലക്സിനെ വിളിച്ചിട്ട് അവിടെ ആരും ഫോൺ എടുക്കാത്തതിനാലാണ് ജോസിന്റെ വീട്ടിൽ വിളിച്ചതെന്നും കുട്ടപ്പായി വിവരിച്ചു.

അയാളുടെ ആഗ്രഹപ്രകാരം ജോസ് റിസീവർ അന്നാമ്മ ചേടത്തിയുടെ കയ്യിൽ കൊടുത്തു.

റിസീവർ വച്ചു നീട്ടിയപ്പോൾ അത് ഉപയോഗിച്ചിട്ടില്ലാത്ത അന്നാമ്മ ചേടത്തിയ്ക്ക് എന്തോ ഭയം. അറച്ചറച്ച് അവർ അത് വാങ്ങി സംസാരിക്കാൻ തുടങ്ങിയപ്പോൾ ജോസിന്റെ മൂത്ത മകൾ ടിനി പറഞ്ഞു: 'ഗ്രാന്റ് മാ, അത് റോങ് വേ. അങ്ങനെ ഹോൾഡ് ചെയ്താ ഗ്രാന്റ്മായുടെ സ്പീച്ച് അവിടെയോ അവിടുത്തെ സ്പീച്ച് ഗ്രാന്റ്മായ്ക്കോ കേൾക്കാൻ പറ്റില്ല.' ഫോൺ ശരിക്ക് പിടിക്കുവാൻ അവൾ ഗ്രാന്റ് മായെ പഠിപ്പിച്ചു.

കേരളത്തിലുള്ള കുട്ടപ്പായിയോട് ഇങ്ങ് അമേരിക്കയിലിരിക്കുന്ന താൻ നേരിൽ സംസാരിച്ചപ്പോൾ അന്നാമ്മ ചേടത്തിയുടെ കനം കുറഞ്ഞതായി തോന്നി. ജോസിന്റെ നിർബന്ധ പ്രകാരം താമസിയാതെ ഫോൺ താഴെ വെച്ചു.

ഏതാനും ദിവസങ്ങൾക്കകം ന്യൂയോർക്ക്, കാനഡ, ടെക്സാസ്, ലോസ് ആഞ്ജലസ് തുടങ്ങി വിദൂരസ്ഥലങ്ങളിൽ നിന്ന് ചേടത്തി വന്നതറിഞ്ഞ് പല ഫോൺ വിളികൾ വന്നു. മിക്കവർക്കും അമ്മച്ചിയോട് നേരിട്ട് സംസാരിക്കണം.

അങ്ങനെ പല പ്രാവശ്യം ഫോൺ ഉപയോഗിച്ചതിനാൽ ചേടത്തിയ്ക്ക് ഫോണിനോടുണ്ടായ ഭയം മാറി പ്രിയം വന്നു.

ചിലപ്പോൾ ഫോൺ ബെല്ലടിക്കുമ്പോൾ തനിക്കായിരിക്കുമെന്ന് വിചാരിച്ചു ചേടത്തി റിസീവർ എടുത്തു ഉറക്കെ ചോദിക്കും: 'അയ്യോ..അങ്ങേ തുമ്പത്താരാ?'

ആരെങ്കിലും ഇംഗ്ലീഷിൽ സംസാരിച്ചാൽ ചേടത്തി ഉടനെ ഫോൺ താഴെ വയ്ക്കും.

ഒരിക്കൽ അന്നാമ്മ ചേടത്തി മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. അടുപ്പിച്ച് മൂന്ന് ഫോൺ വിളികൾ വന്നു; എല്ലാം ഇംഗ്ലീഷിൽ. ചേടത്തിയ്ക്ക് അരിശം വന്നു. ഉടനെ വരുന്നു മറ്റൊരു വിളികൂടി. ചേടത്തി ദേഷ്യപ്പെട്ടു ചെന്ന് ഫോൺ എടുത്തിട്ട് പറഞ്ഞു: 'പോടാ സായിപ്പേ... നിന്റെ അമ്മേ ചെന്ന് വിളിയെടാ...'

ഉടനെ ഫോണിലൂടെ മലയാളത്തിലൊരു സംസാരം: 'എന്റെ അമ്മയെതന്നെയാ ഞാൻ വിളിക്കുന്നത്.' അത് അലക്സിന്റെ ശബ്ദമായിരുന്നു.

അന്നാമ്മ ചേടത്തി കൂടുതൽ ദിവസവും അലക്സിന്റെ അപ്പാർട്ട്മെന്റിൽ താമസിക്കേണ്ടതിനാൽ അവൻ അവിടെ ഒരു ആൻസറിങ് മെഷീൻ വാങ്ങി വച്ചു. അവിടെ മറ്റാരുമില്ലാത്തപ്പോൾ ഫോണടിച്ചാൽ അമ്മച്ചി എടുക്കരുതെന്നും, ഫോൺ വിളിക്കുന്ന ആൾ മെഷീനിൽ ടേപ്പ് ചെയ്യാൻ സംസാരിക്കുന്നത് കേൾക്കുമ്പോൾ മലയാളത്തിൽ ആണെങ്കിൽ മാത്രമേ എടുത്തു സംസാരിക്കാവു എന്നും അവൻ അമ്മച്ചിയ്ക്ക് നിയന്ത്രണം വെച്ചു.

അമേരിക്കയിൽ വന്നതിന്റെ പിറ്റേന്ന് മുതൽ അടുത്തുള്ള കത്തോലിക്കാ പള്ളിയിൽ പോകുവാൻ ചേടത്തി നിർബന്ധിക്കാറുണ്ടെങ്കിലും ഞായറാഴ്ച മാത്രമേ പോക്ക് നടന്നുള്ളൂ.

അന്ന് ജോസും തങ്കമ്മയും മൂന്നു മക്കളും അമ്മച്ചിയോടൊത്ത് വാനിൽ കയറി പള്ളിയിൽ പോയി. പള്ളിയിൽ അവരെല്ലാവരും ഒരേ ബഞ്ചിൽ ഇരിക്കാൻ തുടങ്ങിയപ്പോൾ ചേടത്തി തങ്കമ്മയോട് ചോദിച്ചു: 'ഇവിടത്തെ പള്ളിയിൽ ആണുംപെണ്ണും കൂടിക്കുഴഞ്ഞാണോ ഇരിക്കുന്നത്? ഇരുകൂട്ടർക്കും വെവ്വേറെ



ഭാഗങ്ങളില്ലേ?'

ഇത് പറഞ്ഞുതീരും മുമ്പേ അന്നാമ്മച്ചേടത്തിയുടെ അടുത്ത് ഒരു തടിച്ച സായിപ്പും മദാമ്മയും കൂടി വന്നിരുന്നു.

താനൊരു സ്ത്രീയാണെന്ന് കണക്കാക്കി മദാമ്മയെ തന്റെ അടുത്ത് ഇരുത്തുന്നതിന് പകരം സായിപ്പ് അടുത്തിരുന്നപ്പോൾ ചേടത്തി തങ്കമ്മയുടെ വശത്തേക്ക് നിരങ്ങി നീങ്ങുവാൻ തുടങ്ങി.

അങ്ങ് നീങ്ങുന്നതിന് പകരം തങ്കമ്മ അരിശപ്പെട്ട് പറഞ്ഞു: 'അവിടെ അടങ്ങിയിരി അമ്മച്ചി, അയാൾ കടിച്ചു തിന്നത്തൊന്നുമില്ല.'

തന്റെ ഭർത്താവിനോടോന്നിച്ചു പോലും ഇങ്ങനെ പള്ളിയിൽ ഇരിക്കുകയോ മുട്ടുകുത്തുകയോ ചെയ്തിട്ടില്ലെങ്കിലും അമേരിക്കയിൽ വന്നുപോയല്ലോ എന്നോർത്ത് എല്ലാത്തിനും വഴങ്ങി. ഒരു കാരണവശാലും സായിപ്പിന്റെ കൈ തന്റെ ദേഹത്തോ, തന്റെ കൈ സായിപ്പിന്റെ ദേഹത്തോ മുട്ടാതെ ചേടത്തി സൂക്ഷിച്ചിരുന്നു.

കുർബാനയും പ്രസംഗവും മനസ്സിലായില്ലെങ്കിലും അച്ചന്റെ ആംഗ്യത്തിനനുസരിച്ച് സന്ദർഭം മനസ്സിലാക്കി ചേടത്തി മലയാളം കുർബാനയിലെ തനിക്ക് കാണാപ്പാഠം അറിയാവുന്ന ഭാഗങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു.

എല്ലാവർക്കും ഇരിക്കുവാൻ ബഞ്ചുകളും മുട്ടുകുത്താൻ കുഷ്യൻ പിടിപ്പിച്ച പടികളും ശ്രദ്ധിച്ചു കൊണ്ട് ചേടത്തി മനസ്സിൽ പറഞ്ഞു: 'ഇടവകപ്പള്ളിയിലും ഇതൊക്കെ തുടങ്ങാൻ നാട്ടിൽ ചെല്ലുമ്പോൾ വികാരിയച്ചനു പറഞ്ഞു കൊടുക്കണം.'

കാഴ്ചവയ്പിന് സമയമായപ്പോൾ സ്യൂട്ട് ധരിച്ച ഒരു കറുമ്പൻ വടിയിൽ നീട്ടിപ്പിടിപ്പിച്ച ചതുര പാത്രവുമായി സ്തോത്രക്കാഴ്ച പിരിവിനു വന്നു. അമേരിക്കക്കാരായ ഇടവകക്കാർ പത്തോ ഇരുപതോ അതിലധികമോ ഡോളർ നേർച്ച ഇട്ടപ്പോൾ ജോസ് വളരെ ഒതുക്കത്തിൽ ഒരു ഡോളർ നേർച്ചയിട്ടത് ചേടത്തി ശ്രദ്ധിച്ചു.

എല്ലാ ഞായറാഴ്ചകളിലും പത്തു പൈസ വീതം സ്തോത്രക്കാഴ്ചയിട്ടു ശീലിച്ച ചേടത്തിയ്ക്കും അമേരിക്കയിൽ വരുവാൻ സാധിച്ചതിന് നന്ദിയായിക്കൂടി എന്തെങ്കിലും നേർച്ചയിട്ടാൽ കൊ ള്ളാമെന്ന് തോന്നി. എന്നാൽ അമേരിക്കയിൽ വന്നപ്പോൾ ചിലർ സമ്മാനിച്ച് തന്റെ കൈവശമുള്ളതിൽ ഏറ്റവും താഴ്ന്ന നോട്ട് അഞ്ചു ഡോളറിന്റേതായിരുന്നു. നാല് ഒറ്റ നോട്ടുകൾ എടുത്തിട്ട് അഞ്ചിന്റെ നോട്ട് പാത്രത്തിൽ ഇടാമെന്ന് കരുതി ചേടത്തി പാത്രത്തിൽ കയ്യിട്ട് മൂന്ന് ഒറ്റ നോട്ടുകൾ തപ്പിയെടുത്തു. നാലാമത്തേതിനായി തിരഞ്ഞപ്പോൾ ചേടത്തി

യുടെ ഉദ്ദേശശുദ്ധി മനസ്സിലാക്കാത്ത കറുമ്പൻ കൂടുതൽ നഷ്ടപ്പെടാതിരിക്കാൻ നേർച്ചപാത്രവും കൊണ്ട് അരിശപ്പെട്ട് അടുത്ത ബഞ്ചിലേക്ക് നീങ്ങി.

ഇതെല്ലാം കണ്ട് അടുത്തിരുന്ന സായിപ്പും മദാമ്മയും ചിരിക്കുന്നതു കണ്ടപ്പോൾ ചേടത്തിയുടെ തുടയിൽ നുള്ളിക്കൊണ്ട് തങ്കമ്മ ചോദിച്ചു: 'എന്ത് തരവഴിയാ ഈ കാണിക്കുന്നത്?'

'എടീ, ഞാനാദ്യം അഞ്ചിന്റെ നോട്ടിട്ടാൽ ബാക്കി തിരികെ എടുക്കും മുമ്പ് അവൻ കടന്നു കളഞ്ഞെങ്കിലോന്ന് കരുതിയാ നാലാദ്യം എടുക്കാമെന്ന് വെച്ചത്. അതെങ്ങനാ നാല് ഒറ്റനോട്ട് എടുത്തു തീരും മുമ്പേ അവൻ കടന്നുകളഞ്ഞില്ലെ?'

തങ്ങളെ കുറിച്ച് തെറ്റിദ്ധാരണ ഉണ്ടാകരുതല്ലോ എന്നു കരുതി തങ്കമ്മ അമ്മച്ചിയുടെ പക്കൽ നിന്ന് അഞ്ചിന്റെ നോട്ട് വാങ്ങി സ്തോത്രകാഴ്ച എടുക്കുന്നവരെ കണ്ട് വിവരം പറഞ്ഞ് അതേൽപ്പിച്ചു. ഒരു ഡോളറിന്റെ നോട്ട് തിരികെ വാങ്ങി അമ്മച്ചിയ്ക്കും കൊടുത്തു.

# ഓസിൽ കാപ്പിയും വയറു നിറയെ ഡോണറ്റും

കുർബാന പകുതിയായിട്ടും കാർമ്മികൻ പിറകോട്ട് തിരിഞ്ഞുനിൽക്കാത്തത് കണ്ടപ്പോൾ അന്നാമ്മച്ചേടത്തി തങ്കമ്മയോട് പതിയെ ചോദിച്ചു: 'ഇതെന്നാ കളിയാ, മാർപ്പാപ്പ കോട്ടയത്ത് ഉദ്ഘാടനം ചെയ്തെന്നു പറഞ്ഞ പുതിയ കുർബാന ഇതുവരെ ഇവിടെ തുടങ്ങിയില്ലേ?'

അമ്മച്ചിയുടെ കൂടെക്കൂടെയുള്ള മണ്ടൻ ചോദ്യങ്ങൾ കേട്ട് തങ്കമ്മയ്ക്ക് അരിശം വന്നു. അവൾ പറഞ്ഞു: 'ഇവിടുള്ള സഭാധികാരികൾ കുറേക്കൂടി വിവരമുള്ളവരാ. പുറകോട്ട് പോകാനല്ല, കാലത്തിനൊത്ത് മുമ്പോട്ട് പോകാനാ അവർ നോക്കുന്നത്. അമ്മച്ചിയ്ക്കൊന്നു മിണ്ടാതിരിക്കാവോ?'

ചേടത്തി പിന്നധികം മിണ്ടിയില്ല. കുർബാനയ്ക്കിടയിൽ സമാധാനം ആശംസിക്കുന്ന സമയമായപ്പോൾ തന്റെ അടുത്തു നിന്ന സായിപ്പ് മദാമ്മയെ കെട്ടിപ്പിടിച്ച് ചുംബിക്കുന്നത് കണ്ടു. പള്ളിയ്ക്കകത്തും മനുഷ്യര് ഇത്തരം വൃത്തികേട് കാണിക്കുമോ എന്നു ചേടത്തി ചിന്തിച്ചുതീരുംമുമ്പ് സായിപ്പ് ചിരിച്ചുകൊണ്ട് കൈയും നീട്ടി ചേടത്തിയുടെ നേരെ തിരിഞ്ഞു.

'അയ്യോ' എന്ന് ഉറക്കെ കാറിക്കൊണ്ട് അന്നാമ്മച്ചേടത്തി

തള്ളി പുറകോട്ട് മാറി.

സായിപ്പിന് അതിശയം; മദാമ്മയ്ക്ക് ചിരി. ചുറ്റിലുമുള്ള ചില ആളുകളുടെ ശ്രദ്ധ അന്നാമ്മച്ചേടത്തിയിലേയ്ക്ക് തിരിഞ്ഞു. അമ്മച്ചിയെ താങ്ങിപ്പിടിച്ചുകൊണ്ട് തങ്കമ്മ പറഞ്ഞു: 'അയാള് അമ്മച്ചിയെ കെട്ടിപ്പിടിക്കില്ല. സമാധാനം ആശംസിക്കാൻ ഷേക്ക് ഹാൻഡ് തരുന്നതാ.'

തങ്കമ്മയുടെ നിർബന്ധം മൂലം ചേടത്തി അറച്ചറച്ച് സായിപ്പിന് ഹസ്തദാനം നല്കി.

പള്ളിയിൽ നിന്ന് പുറത്തിറങ്ങി വാനിൽ കയറുന്നതിന് പകരം മറ്റൊരു ദിശയിലേക്ക് നടന്നപ്പോൾ ചേടത്തി ജോസിനോട് ചോദിച്ചു: 'നമ്മളെവിടാ, സെമിത്തേരീൽ പ്രാർത്ഥിക്കാൻ പേകുവാണോ?'

'ഇവിടെ ഓരോ പള്ളിയ്ക്കും വെവ്വേറെ സെമിത്തേരിയില്ല.' ജോസ് വിശദീകരിച്ചു. 'പല പള്ളികൾക്ക് പൊതുവായി ഒന്നു കാണും. ഇന്ന് ഇടവകയിലെ ഏതോ സംഘടനക്കാരുടെ ധനശേഖരണാർത്ഥം പാരിഷ് ഹോളിൽ കാപ്പിയും ഡോണറ്റും വിൽക്കുന്നുണ്ടെന്ന് അച്ചൻ പള്ളിയിൽ അറിയിച്ചു. നമ്മൾ അവ വാങ്ങി കഴിക്കാൻ പോകുവാ.'

'അതെന്തോന്നാടാ ഈ ഡോണറ്റ്?' ശിശുസഹജമായ രീതിയിൽ അന്നാമ്മച്ചേടത്തി വീണ്ടും സംശയം ചോദിച്ചു.

'അത് കൊഴുപ്പ് ചേർത്ത് വളയരൂപത്തിൽ ഉണ്ടാക്കുന്ന ഒരുതരം റൊട്ടിയാ; നല്ല മധുരമുണ്ടാകും.'

കുർബ്ബാനയിൽ മാത്രമല്ല, പള്ളിക്കാരുടെ ധനശേഖരണാർത്ഥം നടത്തുന്ന ചടങ്ങുകളിലും തന്റെ മകൻ സംബന്ധിക്കുന്നല്ലോ എന്നോർത്ത് ചേടത്തിയ്ക്ക് സന്തോഷമായി.

പാരീഷ് ഹോളിലെത്തി ജോസും തങ്കമ്മയും മൂന്നുമക്കളും വയറുനിറയെ കാപ്പിയും ഡോണറ്റും കഴിച്ചു. അതിനിടെ ഹോളിൽ കൂടിയ ധാരാളം മലയാളികൾ അന്നാമ്മച്ചേടത്തിയെ പരിചയപ്പെടുകയും കുശലം പറയുകയും ചെയ്തു. ചിലർ ചേടത്തിയുടെ കുണുക്കു മാറ്റിയതിനും സാരി ചുറ്റിയതിനും അഭിനന്ദനം അറിയിച്ചു.

അലക്സും ലൂസിയും ജോമോനും പാരീഷ് ഹോളിൽ വന്നിരുന്നു. അവർ മടങ്ങുംവഴി ജോസിന്റെ വീട്ടിലേക്ക് വരുമെന്നു പറഞ്ഞു. കാപ്പിയും ഡോണറ്റും കഴിച്ചു തീരാറായപ്പോൾ അന്നാമ്മച്ചേടത്തി ജോസിനോടു ചോദിച്ചു: 'നമ്മളീ കഴിച്ചതിനെല്ലാം കൂടി എത്ര രൂപ വിലവരും?'

ജോസ് മനക്കണക്കു കൂട്ടിയിട്ടു പറഞ്ഞു: 'പുറത്തുകടയിൽ നിന്നു വാങ്ങിയാൽ നമ്മൾ ആറുപേർ കഴിച്ചതിന് ചുരുങ്ങി

യത് പത്തു ഡോളറെങ്കിലും വരും. ഇവിടെ നമുക്ക് ഇഷ്ടമുള്ള തുക ആ മേശപ്പുറത്തുവച്ചിട്ടുള്ള പാത്രത്തിൽ സംഭാവനയായി ഇട്ടാൽ മതി.'

ഹാൾ വിട്ടിറങ്ങിയപ്പോൾ ജോസ് ഒരു ഡോളർ മാത്രം പാത്രത്തിലിടുന്നതു ശ്രദ്ധിച്ച ചേടത്തി വാനിൽ കയറുമ്പോൾ ജോസിനോട് ചോദിച്ചു: 'അതെന്നാ കളിയാടാ... നമ്മൾ പത്തു ഡോളറിന്റെ കഴിച്ചിട്ട് ഒരു ഡോളറല്ലേ നീ കൊടുത്തുള്ളൂ?'

'ഓ... അതിപ്പം നമ്മൾ ഒന്നു കൊടുത്തോ ഇരുപതു കൊടുത്തോന്ന് ആരാ അറിയുന്നത്? ചിലർ കൂടുതലിടും; മറ്റുചിലർ കുറച്ചിട്ടെന്നും വരും.'

അന്നാമ്മച്ചേടത്തി അതിശയത്തോടെ ചോദിച്ചു: 'ഇതു പോലാണോടാ മറ്റു മലയാളികളും ചെയ്യുന്നത്?'

'പിന്നല്ലാതെ.' ജോസ് വാനോടിക്കുന്നതിനിടയിൽ ചിരിച്ചുകൊണ്ട് പറഞ്ഞു.

ജോസതു മിടുക്കായി കണക്കാക്കുന്നെങ്കിലും ചേടത്തിയ്ക്ക് അത് വളരെ മോശമായി തോന്നി. അമേരിക്കയ്ക്ക് വന്ന് ഇഷ്ടംപോലെ പണമുണ്ടാക്കിയിട്ടും നാട്ടിലെപ്പോലെ പള്ളിയെ വഹിക്കാനാണല്ലോ ഇപ്പോഴും ഇവർ ശ്രമിക്കുന്നതെന്ന് ചേടത്തി ലജ്ജയോടെ ചിന്തിച്ചു.

വീട്ടിൽ വന്നുകയറിയപ്പോൾ ടോണി ടി.വി. ഓൺ ചെയ്തു. അവൻ ഗ്രാന്റ്മായുടെ അടുത്തിരുന്ന് അകലെയുള്ള ടി.വി. സെറ്റിലെ ചാനലുകൾ മാറ്റുന്നതു കണ്ടപ്പോൾ അന്നാമ്മച്ചേടത്തി ചോദിച്ചു: 'ഇതെങ്ങനാ മോനേ ഒരു റ്റി.വി.യിൽ ഒരേസമയം നൂറുകൂട്ടം പ്രോഗ്രാംസ്?'

ടോണി റിമോട്ട് കൺട്രോൾ ഗ്രാന്റ്മായുടെ കയ്യിൽ കൊടുത്തിട്ട് അതുപയോഗിച്ച് ചാനലുകൾ മാറ്റുന്ന വിധം കാണിച്ചുകൊടുത്തു. അമേരിക്കക്കാരുടെ ടി.വി.യിൽ അതിശയം തോന്നിയ അന്നാമ്മച്ചേടത്തി അടുക്കളയിൽ പണിതുകൊണ്ടിരുന്ന തങ്കമ്മയോട് ചോദിച്ചു: 'മോളേ, ഇന്ത്യയിലെ ടി.വി.യിൽ ഇങ്ങനെ ഒരേസമയം പല പരിപാടി ഇല്ലല്ലോ. എന്നിട്ടെന്തേ നിങ്ങൾ ഇവിടുത്തെ ടി.വി. ഒരെണ്ണം അങ്ങോട്ട് അയയ്ക്കാതിരുന്നത്? എങ്കിൽ എന്തെല്ലാം പരിപാടികൾ ഞങ്ങൾക്കവിടെ കാണാമായിരുന്നു!'

അമേരിക്കയിലെ ടി.വി. അവിടെ ഉപയോഗിക്കുവാൻ പറ്റില്ലെന്നും ഇത് അവിടെ കൊണ്ടുചെന്നാൽ ഈ പ്രോഗ്രാമുകൾ കിട്ടുകയില്ലെന്നും തങ്കമ്മ പറഞ്ഞപ്പോൾ അവൾ കള്ളം പറയുകയാണെന്നാണ് ചേടത്തിയ്ക്ക് തോന്നിയത്.

കുറേ കഴിഞ്ഞപ്പോൾ പള്ളിയിൽ നിന്ന് അലക്സും ലൂസിയും ജോമോനും വന്നു. അലക്സിനെ കണ്ടപ്പോൾ ചേടത്തി

യ്ക്ക് വലിയ സന്തോഷമായി. എഴുന്നേറ്റുനിന്ന് അമ്മച്ചി ആ മകനോട് ബഹുമാനം കാണിച്ചു.

അതു ശ്രദ്ധിച്ച ലൂസി തമാശ രൂപേണ പറഞ്ഞു: 'അമ്മച്ചി ഇക്കണക്കിന് അലക്സിന് സ്തുതിയും ചൊല്ലുമല്ലോ.'

'എനിക്കെന്നും എന്റെ മോനെ ബഹുമാനമാടീ.' അന്നാമ്മ ച്ചേടത്തി വിട്ടില്ല. 'നിനക്കല്ലേ ബഹുമാനമില്ലാത്തെ. നീ എന്താ പേരാണോ അവനെ വിളിക്കുന്നത്? ദൈവമേ... ഇതെന്തൊരു കാലം!'

അലക്സും ലൂസിയും സ്നേഹത്തോടെ അമ്മച്ചിയുടെ ഇരുവശങ്ങളിലും ഇരുന്നു. ജോമോന്റെ നിർബന്ധപ്രകാരം ടോണി ടി.വി. നിർത്തി രണ്ടാംനിലയിൽ ഗെയിം കളിക്കാൻ പോയി.

അന്നാമ്മച്ചേടത്തിയ്ക്ക് അലക്സിനോട് പ്രത്യേക സ്നേഹവും ബഹുമാനവുമുണ്ടാകാൻ കാരണമുണ്ട്. അവൻ പണ്ട് സെമിനാരിയിൽ പഠിച്ച് ളോഹയിട്ടതാണ്. പക്ഷേ എന്തോ നിസ്സാരകാരണത്തിന്റെ പേരിൽ അച്ചനാകുന്നതിനു രണ്ടുകൊല്ലം മുമ്പ് അവനെയിങ്ങ് പറഞ്ഞുവിട്ടു. അതോർത്തുകൊണ്ട് അന്നാമ്മ ച്ചേടത്തി പറഞ്ഞു: 'എടീ, ഇവൻ സെമിനാരിയിൽ അച്ചന്മാരേം മെത്രാന്മാരേം കളിയാക്കി ആ നാടകം കളിച്ചില്ലായിരുന്നെങ്കീ പണ്ടേ അച്ചനായേനേ. ഞാനെന്തോരം പ്രാർത്ഥിച്ചതാ.' നെടുവീർപ്പോടെയാണ് ചേടത്തി അതു പറഞ്ഞു നിർത്തിയത്.

ലൂസി പറഞ്ഞു: 'മേലധികാരികളെ കളിയാക്കിയാൽ അവർക്കിഷ്ടപ്പെടുമോ? അച്ചനായിട്ട് ഈ തമാശൊക്കെ അങ്ങിറക്കിയാപ്പോരായിരുന്നോ? എന്റെ തലേവരേന്നു പറഞ്ഞാൽ മതിയല്ലോ.'

'കഴിവും വ്യക്തിത്വവുമുള്ളവർ സെമിനാരീന്നു ചാടും' അലക്സ് ഒരു തത്ത്വമെന്നപോലെ പറഞ്ഞു. എന്നിട്ടു കൂട്ടിച്ചേർത്തു: 'നാടകം കളിച്ചതിന്റെ പേരിലൊന്നുമല്ല ഞാൻ അവിടെ നിന്നു പോന്നത്.'

അതുകേട്ടപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് അതിശയമായി. അവർ ആവേശത്തോടെ ചോദിച്ചു: 'എന്നിട്ടു നാടകം കളിച്ചതിന്റെ പേരിലാണെന്നാണല്ലോ അന്നു നീ എല്ലാവരോടും പറഞ്ഞത്.'

'എന്നു പറഞ്ഞാൽ അന്നു നാട്ടുകാരുടേം നിങ്ങളുടേം മുമ്പിൽ നിന്നുപൊറുക്കണ്ടേ?'

'പിന്നെ എന്തു കുരുത്തക്കേടാ കാണിച്ചത്?' യഥാർത്ഥ കാരണമറിയാൻ ലൂസിയ്ക്ക് തിടുക്കമായി. 'ഇങ്ങനെയല്ലേ ഓരോ രഹസ്യം പുറത്തു വരൂ.'

'എന്റമ്മച്ചീ, രൂപതേടെ അന്നത്തെ പോളിസിയനുസരിച്ച് സെമിനാരിക്കാരേം അച്ചന്മാരേം വിദേശത്തുവിട്ടു പഠിപ്പിക്കുകയില്ലായിരുന്നു. അതിൽ കൊതിച്ച് ആരും അച്ചനാകണ്ടെന്നും

പ്രസ്താവിച്ചിരുന്നു. ഒരു സാധാരണ അച്ചനാകാനല്ല എന്റെ വിളീന്നു തോന്നീപ്പം ഞാൻ വീട്ടിൽ പോന്നു; പിന്നെ അമേരിക്കയ്ക്കും.'

'അമേരിക്കയ്ക്ക് വന്നത് ഞാൻ നേഴ്സായതുകൊണ്ട്.' ലൂസി ശുണ്ഠി പറഞ്ഞു.

'കൊള്ളാം, അല്ലെങ്കിൽ നിന്റെ കഴുത്തിൽ ഞാൻ താലി വയ്ക്കുമായിരുന്നോ?' അലക്സും വിട്ടില്ല.

തന്റെ മക്കളിൽ ഏറ്റവും കഴിവും വിവരവുമുള്ളവൻ അലക്സാണെന്ന് ചേടത്തിയ്ക്ക് അറിയാം. മതപരമായ പല സംശയങ്ങളും അവനോടാണ് അവർ ചോദിക്കുക പതിവ്. അന്നു പള്ളിയിൽ വച്ചുണ്ടായ ഒരു സംശയം ചേടത്തി ചർച്ചയ്ക്കെടുത്തു:

'മോനെ, ഇവിടുത്തെ പള്ളിയിൽ അല്മേനികളും പെണ്ണുങ്ങളുപോലും കുർബാന എഴുന്നള്ളിച്ചുകൊടുക്കുന്നത് കണ്ടല്ലോ!'

അപ്പോഴാണ് ലൂസി ഒരു കാര്യമോർത്തത്. അവൾ ചോദിച്ചു: 'അതാണോ കുർബ്ബാന സ്വീകരണത്തിന്റെ നേരത്ത് അമ്മച്ചി ലൈൻ മാറി മാറി ഓടിനടന്നത്?'

ചേടത്തി ഗൗരവത്തോടെ പറഞ്ഞു: 'ഞാൻ ഒരു ലൈനിൽ നിന്ന് അങ്ങടുക്കാറായപ്പോഴാ ഒരു പെമ്പ്രന്നോരാ കുർബാന കൊടുക്കുന്നെന്നു കണ്ടത്. അവളോടെങ്ങനാ കുർബാന വാങ്ങുന്നേ? അപ്പോൾ ഞാൻ മറ്റൊരു ലൈനിൽ പോയി നിന്നു. കുറേ കഴിഞ്ഞപ്പോഴാ അവിടെ കുർബാന കൊടുക്കുന്നത് ഒരു മേൽമീശക്കാരനാണെന്നു കണ്ടത്. ഞാൻ അവിടുന്നും ഓടി കുർബാന ചൊല്ലിയ അച്ചന്റെ അടുക്കൽ നിന്നു തന്നെ സ്വീകരിച്ചു.'

ഇതുകേട്ട് അടുക്കളയിൽ നിന്നു വന്ന തങ്കമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഈ അമ്മച്ചീടെ കാര്യം വലിയ പുകിലാ... അമ്മച്ചീ, ആ മേൽമീശക്കാരൻ ഇവിടുത്തെ അസ്തേന്തിയച്ചനാ.'

'അതെയോ?' അന്നാമ്മച്ചേടത്തിയ്ക്ക് അതിശയമായി. 'ഇവിടുത്തെ പോലീസുകാർക്ക് പോലും മേൽമീശയില്ലല്ലോ?'

അതുകേട്ട് അലക്സ് പറഞ്ഞു: 'ഇതൊരു സ്വതന്ത്ര രാജ്യമാണമ്മച്ചീ. ഇങ്ങനെയുള്ള വ്യക്തിപരമായ കാര്യങ്ങളിൽ ഇവിടാരും തലയിടില്ല. ഇവിടെ വന്നു മേൽമീശ വച്ച മലയാളി അച്ചന്മാരുമുണ്ട്.'

'ഉവ്വോ! ഇതൊക്കെ ആർക്കറിയാം!' അന്നാമ്മച്ചേടത്തി പ്രതികരിച്ചു. അവർ വീണ്ടും വിഷയത്തിലേക്കു കടന്നു. 'എന്നിട്ടെന്തേ നമ്മുടെ നാട്ടിൽ അല്മേനികളാരും കുർബാന എഴുന്നള്ളിച്ചു കൊടുക്കാത്തത്? അവിടെ പള്ളികളിൽ ഇതിലും വലിയ ആൾക്കൂട്ടമല്ലേ? ഒരച്ചൻ തനിയെ എത്രനേരം കൊണ്ടാ കുർബാന

കൊടുത്തു തീർക്കുന്നത്?'

ലൂസി ചിരിച്ചുകൊണ്ട് അതിനു മറുപടി പറഞ്ഞു: 'അവിടെ അല്മായർക്ക് കുർബാന എഴുന്നള്ളിച്ചു കൊടുക്കാൻ അനുവദിച്ചാൽ അമ്മച്ചിയെപ്പോലുള്ളവർ അവരുടെ അടുക്കൽ ചെന്ന് കുർബാന സ്വീകരിക്കുമോ?'

'അതിനു നമ്മുടെ നാട്ടിൽ അങ്ങനെ ശീലിപ്പിക്കാത്തതുകൊണ്ട്.' അലക്സ് അല്പം അരിശത്തോടെ പറഞ്ഞു. 'പണ്ട് ഇവിടെയും അച്ചന്മാരു മാത്രമാ കുർബാന കൊടുത്തിരുന്നത്. അല്മായർ കുർബാന കൊടുക്കുന്നതിനോട് പൊരുത്തപ്പെട്ടു വരുവാൻ ഇവിടത്തുകാർക്കും ബുദ്ധിമുട്ട് വന്നു. പിന്നീടെല്ലാം സ്വാഭാവികമായി. എന്തുവേണ്ടി, നാട്ടിൽ ആയിരക്കണക്കിനാളുകൾക്ക് ഒരച്ചൻതന്നെ കുർബാന കൊടുക്കേണ്ടതുകൊണ്ടല്ലേ കുർബാനയ്ക്ക് വരുന്നവരെയെല്ലാം വിശുദ്ധ കുർബാന സ്വീകരിക്കാൻ അച്ചന്മാരും പ്രോത്സാഹിപ്പിക്കാത്തത്. കുർബാന കൈക്കൊള്ളാതെങ്ങനാ ബലി പൂർത്തിയാകുന്നത്?'

# കപ്യാരാകുന്നതിൽ അഭിമാനം

തങ്കമ്മ മറ്റൊരു വിഷയത്തിലേയ്ക്ക് കടന്നു: 'അമ്മച്ചി ശ്രദ്ധിച്ചോ; ഇവിടെ കുർബാന നാവിൽ സ്വീകരിക്കണമെന്നു നിർബന്ധമില്ല. കയ്യിൽ വാങ്ങാം.'

'ങേ... നോരോ!' അന്നാമ്മച്ചേടത്തിയ്ക്ക് അതിശയമായി. 'അതെങ്ങനാ അച്ചന്മാർക്കും മേൽപ്പട്ടക്കാർക്കുമല്ലേ കുർബാന കൈകൊണ്ടു തൊടാൻ പറ്റൂ?'

അപ്പോൾ ലൂസി പറഞ്ഞു: 'അതങ്ങു നാട്ടിൽച്ചെന്നു പറഞ്ഞാൽ മതി. ഇവിടെ വിശ്വാസികൾ പള്ളിയിൽ വരണമെങ്കിൽ സഭയും കാലത്തിനൊത്ത് ഉയരണം.'

അന്നാമ്മച്ചേടത്തി വീണ്ടും അതിശയത്തോടെ പറഞ്ഞു: 'ഇവിടെ പിള്ളേരെക്കൂടാതെ വലിയ ആമ്പ്രന്നോന്മാരും അച്ചന്റെ കൂടെ അൾത്താരേൽ കയറി കുർബാനയ്ക്കു കൂടുകേം ലേഖനം വായിക്കുകേം ഒക്കെ ചെയ്യുന്നുണ്ടല്ലോ!'

അപ്പോൾ തങ്കമ്മ വിശദീകരിച്ചു: 'നാട്ടിൽ വായിക്കാൻ അറിവില്ലാത്ത കുറേ ഊപ്പപ്പിള്ളേരല്ലേ ഇതെല്ലാം ചെയ്യുന്നത്? ഇവിടെ ശമ്പളം പറ്റുന്ന കപ്യാരു പോലുമില്ല. എല്ലാം മുതിർന്ന പല ആളുകൾ സേവനമായി ചെയ്യുന്നു.'



ലൂസി കൂട്ടിച്ചേർത്തു: 'അതിന് ഇവിടാർക്കും ഒരു കുറച്ചിലുമില്ല; മറിച്ച് അഭിമാനമേയുള്ളൂ. നാട്ടിലാണേൽ കുർബാനയ്ക്ക് കൂടിയവരെയൊക്കെ കപ്യാരെന്നു വിളിച്ചു കളിയാക്കിയേനെ.'

'അമ്മച്ചി ശ്രദ്ധിച്ചോ ഇന്ന് അച്ചന്റെ തൊട്ടടുത്തുനിന്ന് കുർബാനയ്ക്ക് കൂടുകയും സുവിശേഷം വായിച്ച് പ്രസംഗിക്കുകയും ചെയ്ത ആളിനെ?' തങ്കമ്മ ചോദിച്ചു.

'അങ്ങേരും അച്ചനല്ലേ?' ചേടത്തിയ്ക്ക് സംശയമായി.

തങ്കമ്മ പറഞ്ഞു: 'അയ്യോ... അത് അച്ചനല്ല, ഡീക്കനാ; പഴയ രീതിയിൽ പറഞ്ഞാൽ ആറാംപട്ടക്കാരൻ. ഇവിടെ കുട്ടികളെ മാമ്മോദീസാ മുക്കുകയും വിവാഹം ആശീർവദിക്കുകയും ചെയ്യുന്നത് മിക്കപ്പോഴും അങ്ങേരാ.'

'ഞാൻ ഒരു ഡീക്കനാകാൻ തീരുമാനിച്ചിരിക്കയാ.' ഒരു മന്ദഹാസത്തോടെ അലക്സ് അമ്മച്ചിയോടായി പറഞ്ഞു.

'അതെങ്ങനാ നീ കല്യാണം കഴിച്ചു കുട്ടികളുമായില്ലേ?' അമ്മച്ചി ചോദിച്ചു.

അതിനു തങ്കമ്മയാണു മറുപടി പറഞ്ഞത്. 'കല്യാണം കഴിച്ചവർക്കും ഡീക്കൻ പട്ടം കിട്ടും. ഇന്നു പള്ളിയിൽ കണ്ട ഡീക്കനും വിവാഹം കഴിച്ചു മക്കളുള്ളയാളാ. അയാൾക്കു സ്വന്തമായി എന്തോ ബിസിനസുണ്ട്. പള്ളിയിൽ നിന്നു അയാൾക്കു ശമ്പളമൊന്നുമില്ലെന്നാണു കേട്ടത്.'

അലക്സ് പറഞ്ഞു: 'എന്റമ്മച്ചീ, നാട്ടിലല്ലേ അല്മേനികൾക്ക് ഇതൊക്കെ നിഷിധം. ഇവിടെ അതു സാധിക്കാമോന്നു ഞാനൊന്ന് നോക്കട്ടെ. അതിരൂപത സംഘടിപ്പിക്കുന്ന ചില ക്ലാസുകളിൽ ഒന്നുരണ്ടു വർഷം പഠിച്ചാൽ എനിക്കും ഡീക്കൻ പട്ടം കിട്ടും.'

'നിനക്കു പണ്ടേ ചില ചെറുതൊക്കെ കിട്ടിയതാണല്ലോ.' അന്നാമ്മച്ചേടത്തി ചിരിച്ചുകൊണ്ടു പറഞ്ഞു.

അമ്മച്ചിയ്ക്കു വേറൊരു പുകിലു കേക്കണോ?' തങ്കമ്മയാണതു പറഞ്ഞത്. 'ജോസും നാട്ടിൽ കിട്ടാൻ ബുദ്ധിമുട്ടുള്ള ഒരു സ്ഥാനത്തിനു വേണ്ടി ശ്രമിച്ചോണ്ടിരിക്കുവാ.'

'അതെന്തോന്നാടീ?' അന്നാമ്മച്ചേടത്തിയ്ക്ക് മക്കളുടെ പുതിയ താല്പര്യങ്ങളറിയുവാൻ തിടുക്കം കൂടിവന്നു.

തങ്കമ്മ തുടർന്നു: 'പുള്ളിക്കാരൻ ഒരു ഷെവലിയാറാകാൻ നോക്കുവാ.'

'എന്റീശോയേ... ഷെവലിയാറോ! അതിനു രൂപതേ വലിയ പിടിപാടും മാർപ്പാപ്പായുടെ അംഗീകാരോമൊക്കെ വേണ്ടേ?' അന്നാമ്മച്ചേടത്തിയുടെ സംശയം.

സംശയനിവാരണം വരുത്തിക്കൊണ്ട് അലക്സ് പറഞ്ഞു. 'ഇവിടെ നൈറ്റ്സ് ഓഫ് കൊളമ്പസ് എന്ന പേരിൽ ഒരു സംഘടനയുണ്ട്. അതിൽ അംഗത്വം കിട്ടുവാൻ ബുദ്ധിമുട്ടില്ല. അതിനു പടിപടിയായി നാലു ഡിഗ്രികളുണ്ട്. നാലാമത്തേതാകുമ്പോൾ നാട്ടിലെ ഷെവലിയാർമാരെപ്പോലെ തന്നെയുള്ള വേഷവും വാളും തൊപ്പീമൊക്കെ കിട്ടും. അവരാണ് ഇവിടെ മെത്രാന്മാരുടെ ഔദ്യോഗിക കർമ്മങ്ങൾക്ക് അകമ്പടി സേവിക്കുന്നത്.'

തങ്കമ്മ മന്ദഹാസത്തോടെ കൂട്ടിച്ചേർത്തു: 'അടുത്ത പ്രാവശ്യം നാട്ടിൽ വരുമ്പോൾ ആ വേഷവും വാളുമൊക്കെ കൊണ്ടുപോകാനാ പുള്ളി പ്ലാനിട്ടിരിക്കുന്നത്.'

ഇതെല്ലാം, കേട്ടപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് കോൾമയിർ കൊണ്ടു. തന്റെ ഒരു മകൻ ഡീക്കൻ, മറ്റൊരുത്തൻ ഷെവലിയാർ. ഇതിൽപ്പരം ഭാഗ്യമെന്തുവേണം!

'പോയിട്ടൽപം ധൃതിയുണ്ട്' എന്നു പറഞ്ഞ് അലക്സ് പുറത്തേക്കിറങ്ങി. ജോസ് നേരത്തെ സ്ഥലം വിട്ടിരുന്നു.

അലക്സ് പോകുന്നത് കണ്ട് ഇഷ്ടപ്പെടാതെ അന്നാമ്മച്ചേടത്തി ലൂസിയോട്: 'ഈ ഞായറാഴ്ചയും വീട്ടിലിരിക്കാതെ ഇവൻ എങ്ങോട്ടോടുകാ?'

'ഞായറാഴ്ചയെന്നല്ല, ജോലിയില്ലാത്ത ദിവസമൊന്നും ഇവർക്ക് വീട്ടിലിരിക്കാൻ നേരമില്ല. അലക്സിന് ചീട്ടുകളി ഭ്രമമാണ്. കൂട്ടു കിട്ടിയാൽ രാത്രി മുഴുവനുമിരുന്ന് കളിച്ചോളും. പണ്ട് സെമിനാരിയിൽ നിന്ന് കിട്ടിയ സ്വഭാവമാണെന്നാ തോന്നുന്നേ.' മന്ദഹാസത്തോടെയാണ് ലൂസി അത് പറഞ്ഞു നിർത്തിയത്.

അന്നാമ്മച്ചേടത്തിയ്ക്ക് അതും പുതിയൊരു അറിവായിരുന്നു: 'എടീ ചീട്ടു കളിച്ച് അവൻ പണം കളയുന്നുണ്ടോ?'

'ചിലപ്പോൾ കളയും; മറ്റ് ചിലപ്പോൾ കിട്ടും. കളഞ്ഞാൽ ഓവർ ടൈം ചെയ്താണെങ്കിലും പണമുണ്ടാക്കിക്കൊള്ളും. പക്ഷേ ആളു വീട്ടിൽ കാണില്ലന്നേയുള്ളൂ.'

അന്നാമ്മച്ചേടത്തി ചിന്തിച്ചുകൊണ്ട് പറഞ്ഞു: 'ഒരു കണക്കിന് ഇവൻ അച്ചനായിരുന്നെങ്കിൽ ഇടവകക്കാരെയും ചീട്ടു കളിക്കാരാക്കിയേനെ.'

'അങ്ങനത്തെ അച്ചന്മാരും നാട്ടിലുണ്ടല്ലോ.' ലൂസിയാണതു പറഞ്ഞത്.

'ഇങ്ങനത്തെ ദു:സ്വഭാവം വല്ലതും ജോസിനുണ്ടോടീ?' അന്നാമ്മച്ചേടത്തി തങ്കമ്മയോട് ചോദിച്ചു.

'അയ്യോ... എന്റമ്മച്ചീ ഒന്നും പറയണ്ട. നാട്ടിൽ വച്ചു പള്ളിയിൽ പോലും പോകാതെ യുക്തിയും പറഞ്ഞിരുന്ന ജോസ്

ഇവിടെ വന്നപ്പോൾ ആകെ മാറി.'

'എന്താണത്?' മകനിൽ വന്ന മാറ്റമറിയാൻ ചേടത്തിയ്ക്ക് ആകാംക്ഷയായി.

'ഇപ്പോൾ ജോസാണ് ഇവിടെ മലയാളം കുർബാനയ്ക്ക് കപ്യാര്. മാത്രമോ, പുള്ളിയാണ് ഇവിടുത്തെ ഒരു കത്തോലിക്കാ സംഘടനയുടെ സെക്രട്ടറി.'

'അതു നല്ലതാണല്ലോടീ.' അന്നാമ്മച്ചേടത്തി സന്തോഷത്തോടെ പറഞ്ഞു.

'നല്ലതു തന്നെ. എന്റമ്മച്ചീ ഒന്നും പറയണ്ട. ഇവിടെ ഇവന്മാർക്ക് ആളുകളിക്കാനും നേതാവാകാനും വേണ്ടി സഭയുടെയും സമുദായത്തിന്റെയും പേരു പറഞ്ഞ് പല സംഘടന ഉണ്ടാക്കി തമ്മിൽ എന്തടിയാ നടക്കുന്നതെന്നറിയാമോ? പാവം പൊതുജനത്തെയിട്ട് അവർ കുരങ്ങ് കളിപ്പിക്കുവാ.' തങ്കമ്മ അൽപ്പം നീരസത്തോടെയാണതു പറഞ്ഞത്.

അപ്പോൾ ലൂസി കൂട്ടിച്ചേർത്തു. 'പണ്ടു ജോസുചേട്ടൻ മറ്റൊരു സംഘടനയുടെ പ്രസിഡന്റായിരുന്നു. അവിടുത്തെ സ്ഥാനവും പോയി, അവിടാരും വകവയ്ക്കാതായപ്പോൾ അവരോട് വഴക്കിട്ടാ അതിന്റെ എതിർ സംഘടനയിൽ ചേർന്ന് സെക്രട്ടറിയായത്. ഇനി ഇതിലും പ്രസിഡന്റായി പത്രത്തിൽ ഫോട്ടോയും വാർത്തകളും വരുത്താനാ കക്ഷിയുടെ ശ്രമം.'

അന്നാമ്മച്ചേടത്തി അരിശത്തോടെ പ്രതികരിച്ചു: 'എന്റീശോയെ അവനിവിടെ വലിയ നേതാവാണെന്നൊക്കെ എഴുതിയതല്ലാതെ ഇങ്ങനെ തമ്മിൽത്തല്ലുള്ള കാര്യമൊന്നും അവനെഴുതീല്ലല്ലോ.'

'തമ്മിൽ തല്ലു മാത്രമോ!' തങ്കമ്മ ദേഷ്യത്തോടെ തുടർന്നു: 'ഓരോ നേതാവും എതിർസംഘടനക്കാരുടെയും അവരുടെ ഭാര്യമാരുടെയും മുൻകാല രഹസ്യബന്ധങ്ങളെ ചമച്ചുണ്ടാക്കി അച്ചടിപ്പിച്ച് മത്സരബുദ്ധിയോടെ വിതരണം ചെയ്യുകയാ. നാട്ടിൽ പോലും കേൾക്കാത്ത തെറിയും ഏഷണിയും പരദൂഷണവും കൊണ്ട് ഇവിടുത്തെ കടലാസുകളും ഫോണുകളും മലീമസമാക്കിക്കൊണ്ടിരിക്കുവാ... ജോസ് ചിലപ്പോൾ ഫോണിൽ കേറിയാൽ എത്ര മണിക്കൂർ ആണെന്നോ എതിർപാർട്ടിക്കാരുടെ കുറ്റം പറഞ്ഞിരിക്കുന്നത്. അതിന് ഫോൺ ബില്ല് കൂടിയാലും പുള്ളിക്ക് പ്രശ്നമില്ല. മറ്റെല്ലാറ്റിനുമേ ലുബ്ധുള്ളു. ഇന്നും പോയിരിക്കുവാ എതിർ സംഘടനക്കാർക്കെതിരെ ലഘുലേഖ തയ്യാറാക്കുവാനും അവർ നടത്തുന്ന ചടങ്ങുകൾക്ക് ബദൽ പരിപാടികൾ ഉണ്ടാക്കുവാനും.'

അന്നാമ്മച്ചേടത്തി നെടുവീർപ്പോടെ എല്ലാം കേട്ടിരുന്നു.

എന്ത് പറയണമെന്ന് അവർക്ക് തന്നെ നിശ്ചയമില്ലാതായി. നാട്ടിൽ ചില ഇടവകകളിലുള്ള ഗ്രൂപ്പ് വഴക്കിനേക്കാൽ മോശമാണല്ലോ ഇതെന്ന് അവർ ഓർത്തു.

അന്നു വൈകിട്ട് അലക്സിന്റെ കൂട്ടുകാരൻ സ്റ്റീഫനും ഭാര്യ മേർളിയും ചേർന്ന് അവരുടെ അപ്പാർട്ട്മെന്റിൽ അന്നാമ്മ ച്ചേടത്തിയുടെ ബഹുമാനാർത്ഥം ഒരു വിരുന്നു നല്കി. ജോസും അലക്സും അവരുടെ ഭാര്യമാരും കുട്ടികളും സ്റ്റീഫന്റെ ചിക്കാഗോ യിലുള്ള സഹോദരങ്ങളും മാത്രം പങ്കെടുത്ത ചെറിയൊരു വിരുന്ന്.

ഭക്ഷണം കഴിക്കും മുൻപ് സ്റ്റീഫൻ ചോദിച്ചു: 'അമ്മച്ചി ഒരു തുടം കള്ളെടുക്കട്ടെ?'

'കള്ളോ, അതെനിക്കിഷ്ടമാ, ഒരു തുടമാക്കണ്ട, ഒരു ഗ്ലാ സെടുത്തോ.'

അവിടെ കേട്ടുനിന്നവർ ചിരിക്കുന്നത് കണ്ട് അന്നാമ്മ ച്ചേടത്തി പറഞ്ഞു. 'എന്താ നിങ്ങളൊക്കെ ചിരിക്കുന്നെ. അതെന്താ കള്ളെനിക്കു കുടിക്കാമ്മേലെ? പണ്ട് വീടിന്റെ പിറകിലുള്ള തെങ്ങ് ചെത്തുമ്പോൾ മിക്ക ദിവസവും ഞാൻ ചെത്തുകാരനോട് കള്ളു വാങ്ങി കുടിക്കുമായിരുന്നു. അമേരിക്കയിലെ കള്ള് അതിലും നല്ലതാണോന്നറിയാമല്ലോ.'

ജോസ് പറഞ്ഞു. 'അമ്മച്ചി ഇവിടെ കള്ളെന്ന് പറഞ്ഞാൽ തെങ്ങും പനയുമൊന്നുമല്ല. അവ ഒട്ടു കിട്ടാനുമില്ല. എല്ലാ മദ്യ ത്തിനും ഇവിടെ ഒറ്റ പേരാ, കള്ള്.'

'യ്യോ... ന്നാ എനിക്ക് വേണ്ടാ.'

ഭക്ഷണം കഴിക്കുന്നതിനിടയിൽ അന്നാമ്മച്ചേടത്തി തന്റെ അടുത്തിരുന്ന മേർളിയോട് ചോദിച്ചു. 'മോളെ നിങ്ങടെ കല്യാണം കഴിഞ്ഞിട്ട് എത്ര വർഷമായി?'

'അഞ്ച്'

'എന്നിട്ട് കുട്ടികളെന്തിയേ? ഇവിടാരേം കണ്ടില്ലല്ലോ.'

മേർളി നാണത്തോടെ പറഞ്ഞു: 'കുട്ടികളൊന്നുമായില്ല.'

'അയ്യോ പാവം' തുടർന്നു മേർളിയുടെ ചെവിയിൽ ചേ ടത്തി പതിയെ മന്ത്രിച്ചു: 'ആരുടെ കുഴപ്പമാടീ, അവന്റെയാണോ?'

സ്വരം താഴ്ത്തി പറഞ്ഞത് കാതുകൂർപ്പിച്ചു ശ്രവിച്ചവർക്ക് ചിരി. മേർളി ഉത്തരം പറയാതെ നാണിച്ചിരുന്നു.

തങ്കമ്മ കയറി പറഞ്ഞു. 'ഈ അമ്മച്ചിയുടെ ചോദ്യങ്ങൾ ചില കൊച്ചുകുട്ടികളുടെതിനേക്കാൾ കഷ്ടമാ... അമ്മച്ചീ, അവൾ പല പ്രാവശ്യം ശ്രമിച്ചിട്ടും ആർ. എൻ. എന്ന ഇവിടുത്തെ നേഴ് സിങ് പരീക്ഷ പാസായില്ല. അത് വലിയ ബുദ്ധിമുട്ടുള്ള പരീ

ക്ഷയാ. അത് പാസായി സ്വന്തമായൊരു വീടും വാങ്ങിച്ച് സ്വൈര്യമായിട്ടേ കുട്ടികൾ ഉണ്ടാകാവൂ എന്ന് അവർ നിശ്ചയിച്ചിരിക്കയാ. അങ്ങനാ ഇപ്പോ ഇവിടെ പലരും...'

'എന്റെ മാതാവേ, അതെങ്ങനാ അതുവരെ കുട്ടികളുണ്ടാക്കാതിരിക്ക!' അന്നാമ്മച്ചേടത്തിയ്ക്ക് അതിശയമായി.

'അമ്മച്ചീ, അവള് നേഴ്സാ, അതിനുള്ള വിദ്യയൊക്കെ അവർക്കറിയാം.' തങ്കമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു.

ചേടത്തി പിന്നൊന്നും ചോദിക്കുവാൻ മുതിർന്നില്ല. ഭക്ഷണം കഴിച്ച ശേഷം അന്നാമ്മച്ചേടത്തിയാണ് ആദ്യം എഴുന്നേറ്റത്. നാട്ടു നടപ്പനുസരിച്ച് അവർ അടുക്കളയിൽ കയറി താൻ ഉപയോഗിച്ച പാത്രങ്ങൾ കഴുകുവാൻ തുടങ്ങി.

അപ്പോൾ മേർളി പറഞ്ഞു: 'അമ്മച്ചീ, പാത്രങ്ങൾ കഴുകണ്ട. അവയെല്ലാം പേപ്പറും പ്ലാസ്റ്റിക്കും കൊണ്ടുള്ളവയാ. താഴെ വച്ചിരിക്കുന്ന ചവറ്റുകുട്ടയിലേയ്ക്കിട്ടാൽ മതി.'

അന്നാമ്മച്ചേടത്തി അതിശയത്തോടെ ചോദിച്ചു: 'ഇത്രേം നല്ല പിഞ്ഞാണോം ഗ്ലാസും കൈലുമൊക്കെ ചവറ്റുകൊട്ടേ കളയുകയോ?'

തങ്കമ്മ ചിരിച്ചു കൊണ്ടുപറഞ്ഞു: 'അമ്മച്ചി ഒരുപക്ഷേ അതെല്ലാം കഴുകി നാട്ടിൽ കൊണ്ടുപോകും.'

അപ്പോൾ ലൂസി പറഞ്ഞു: 'അമ്മച്ചീ, പാത്രം കഴുകാൻ മടിയായിട്ടാ ഇങ്ങനത്തെ പാത്രങ്ങൾ വാങ്ങുന്നത്. അവയ്ക്ക് വലിയ വിലയില്ല. ഒരിക്കലേ അവ ഉപയോഗിക്കൂ.'

പാത്രങ്ങൾ ചവറ്റുകുട്ടയിൽ കളയുവാൻ മനസ്സ് സമ്മതിക്കാത്തതിനാൽ ചേടത്തി അവ അടുപ്പിനരികിൽ വച്ചിട്ട് കൈ കഴുകി.

വിരുന്നു കഴിഞ്ഞു പിരിയാറായപ്പോൾ അലക്സ് ജോസിനോട് പറഞ്ഞു: 'അമ്മച്ചിയുടെ യാത്രാക്ഷീണം മാറിയ സ്ഥിതിക്ക് അമ്മച്ചി ഇനി ഞങ്ങളുടെ അപ്പാർട്ട്മെന്റിലേക്ക് പോരട്ടെ.'

ജോസ് പറഞ്ഞു: 'ഇന്നേതായാലും ഞങ്ങളുടെ കൂടെ വരട്ടെ, നാളെ വൈകിട്ട് കൊണ്ടു പൊയ്ക്കോ.'

തങ്കമ്മയുടെ സംസാരവും പെരുമാറ്റവും ഇഷ്ടപ്പെടാത്തതിനാൽ അന്നാമ്മച്ചേടത്തിക്ക് എത്രയും വേഗം അലക്സിന്റെ താമസസ്ഥലത്തേക്ക് എത്തണമെന്ന ആഗ്രഹമായിരുന്നു. ജോസിന്റെ അഭിപ്രായത്തോട് അലക്സും യോജിച്ചു.

അവർ തങ്ങളുടെ വസതികളിലേക്ക് മടങ്ങി.

# സ്വന്തം വീടു തിരിച്ചറിയാനാവാതെ

സ്റ്റീഫൻ നടത്തിയ വിരുന്നിൽ പങ്കെടുത്തശേഷം വീട്ടിൽ മടങ്ങിവന്നപ്പോൾ ജോസ് അമ്മച്ചിയോടു ചോദിച്ചു: 'ഉറക്കം വരുന്നുണ്ടോ; അല്ലെങ്കിൽ അല്പം തീ കായാം.'

'ഈ മഞ്ഞു പെയ്യുന്നിടത്ത് എങ്ങനാടാ തീ കത്തിക്കുന്നത്?' ചേടത്തിയ്ക്ക് സംശയമായി.

അമേരിക്കയിൽ വന്നനാൾ മുതൽ മുറിക്കുള്ളിൽപ്പോലും ചേടത്തിയ്ക്ക് ഭയങ്കര തണുപ്പാണ്. രണ്ട് സ്വെറ്ററും കാലിൽ പൂട തിങ്ങിയ ഷൂസുമിട്ടാണ് അവരെപ്പോഴും മുറിയിലിരിക്കുക. എന്നിട്ടും തണുപ്പാണെന്ന രീതിയിൽ കൈകൾ കെട്ടിപ്പിണച്ചേ നിൽക്കൂ. ജോസിന്റെയും തങ്കമ്മയുടെയും കുട്ടികളുടെയും കണക്കനുസരിച്ചാണ് വീട്ടിലെ ഹീറ്റർ നിയന്ത്രിച്ചിരിക്കുന്നത്.

പുറത്തു തണുപ്പടിച്ചിട്ട് കയറിവന്നതിനാൽ ചേടത്തിയ്ക്ക് കുളിരുന്നുണ്ടായിരുന്നു. ചേടത്തി തുടർന്നു പറഞ്ഞു: 'കത്തിക്കാമെങ്കിൽ നല്ലതാ.'

ജോസ് വിശദീകരിച്ചു: 'ഇവിടെ തീ കായാൻ പുറത്തോ അടുപ്പിലോ അല്ല തീ കത്തിക്കുക. മിക്ക വീടുകളിലും അതിന് ഫയർപ്ലേസുണ്ട്.' അതു പറഞ്ഞുകൊണ്ട് ജോസ് ഫയർ പ്ലേസ് കാണിക്കുകയും അതിൽ വിറകടുക്കി തീ കത്തിക്കുകയും ചെയ്തു.

വിറകിനു വേഗം തീ പിടിക്കുന്നതു കണ്ടപ്പോൾ ചേടത്തി കൊച്ചുകുട്ടിയെപ്പോലെ സംശയം ചോദിച്ചു: 'അതെങ്ങിനാ ഇത്ര പെട്ടെന്ന് തീക്കൊള്ളി വിറകിൽ ചാടിപ്പിടിച്ചത്? അതത്ര ഉണങ്ങിയതല്ലല്ലോ?'

'അതിന് ഇതും ഒരു തരം ഗ്യാസടുപ്പാ. വിറകിനു തീ പിടിക്കുംവരെ നമ്മൾ ഗ്യാസ് ഉപയോഗിക്കുന്നുണ്ട്.'

തീ ആളിപ്പിടിച്ചപ്പോൾ ചേടത്തി ഭീതിയോടെ പറഞ്ഞു: 'മോനെ ഇങ്ങനെ തീ ആളിക്കാതെ; വീടിന് തീ പിടിക്കില്ലേ?'

ജോസ് ചിരിച്ചുകൊണ്ട് പറഞ്ഞു: 'തങ്കമ്മ പറയുന്നത് ശരിയാ. ഈ അമ്മച്ചിയോടു പറഞ്ഞു മനസ്സിലാക്കാൻ പാടാ. വീടിനു തീ പിടിക്കാത്ത വിധത്തിലാ ഫയർ പ്ലേസ് ഉണ്ടാക്കിയിരിക്കുന്നത്.'

അപ്പോഴേയ്ക്കും നൈറ്റി ധരിച്ച് തങ്കമ്മയും തീ കായാനെത്തി. നാളെ താൻ അലക്സിന്റെ അപ്പാർട്ട്മെന്റിലേക്ക് താമസം മാറ്റുന്നതിനാൽ വികാരിയച്ചൻ പറഞ്ഞ പുതിയ ശവക്കോട്ടയുടെ (വോൾട്ടിന്റെ) പ്രശ്നം ജോസിനോട് അവതരിപ്പിക്കുവാൻ പറ്റിയ അവസരമാണെന്നു ചേടത്തിയ്ക്കും തോന്നി. അവർ അതു നയപരമായും വിശദമായും അവതരിപ്പിച്ചു. കൂടെ ഇലക്ട്രോണിക്

ഹാർമോണിയത്തിന്റെയും സിൽക്ക് പൂവിന്റെയും കാര്യവും. അതി പ്പോൾ തന്റെ നേർച്ചയാണെന്നും പറഞ്ഞു.

അപ്പോൾ ജോസ് ചോദിച്ചു: 'ഇപ്പോൾ അവിടെ മരിക്കുന്നവരെ അടക്കുന്നില്ലേ?'

'ഉണ്ട്.'

'ഇപ്പോഴത്തെ സെമിത്തേരിക്കെന്താ കുഴപ്പം?'

'സെമിത്തേരിക്ക് കുഴപ്പമൊന്നും ഉണ്ടായിട്ടല്ല. കാലത്തി നൊത്തു കോൺക്രീറ്റുകൊണ്ടൊന്നു പണിയാനാ.'

അപ്പോൾ ജോസു പറഞ്ഞു: 'നാട്ടിൽ ചുമ്മാതിരിക്കുമ്പം ചില അച്ചന്മാർക്കുതോന്നും എന്തെങ്കിലും ഒരു പണി വേണമല്ലോ; താൻ സ്ഥലം മാറുംമുമ്പ് ഇടവകയിൽ ഒരു സ്മാരകം തീർക്കാമെന്ന്. അതിന് ഇടവകയ്ക്ക് വെളിയിൽ പോയിട്ടുള്ളവരെ പിഴിയാമെന്നാണ് അവരുടെ ചിന്ത.'

'എടാ നീ ഇങ്ങനെ പറഞ്ഞാലെങ്ങനാ! ഇതുപോലെയല്ലേ എല്ലാ ഇടവകകളിലും പുതിയ കെട്ടിടങ്ങൾ തീർക്കുന്നത്. ഏതായാലും അച്ചൻ സ്ഥലം മാറിപ്പോകുമ്പം അതുകൊണ്ടു പോകില്ലല്ലോ. തന്നേമല്ല, അച്ചൻ പറഞ്ഞു, കൂടുതൽ സംഭാവന കൊടുത്താൽ നമ്മുടെ ചാച്ചനെ മണ്ണിൽ നിന്നെടുത്ത് അതിൽ വയ്ക്കാമെന്ന്.'

ജോസ് സരസമായി പറഞ്ഞു: 'ചാച്ചനെ ഇനി കോൺ ക്രീറ്റ് സെല്ലിൽ കയറ്റി ആവികൊള്ളിക്കണോ? ന്യായമായ രീതിയിൽ തണുപ്പും വെള്ളവും കിട്ടി അങ്ങേരു മണ്ണോടു മണ്ണായിട്ടുണ്ട്. ഞങ്ങൾക്കാർക്കും അവിടുത്തെ സെമിത്തേരികൊണ്ട് ആവശ്യമില്ല. അതിന് ഞങ്ങളങ്ങു വരാനും പോകുന്നില്ല. ആവശ്യക്കാരു പണിയുവോ എന്താന്നാ ചെയ്യട്ടെ.'

സംഗതി വിലപ്പോവില്ലെന്നു കണ്ടപ്പോൾ ചേടത്തി പറഞ്ഞു. 'എന്നാലും ഹാർമോണിയവും പൂവും കൊടുക്കണം. അവ എന്റെ നേർച്ചയാ.'

'അതു നമുക്കു വല്ല സെയിലും വരുമ്പം വില കുറഞ്ഞതു നോക്കി വാങ്ങാം.'

അപ്പോൾ ചേടത്തിയ്ക്ക് സംശയം. 'അതെന്തോന്നാ ജോസേ ഈ സെയില്?'

തങ്കമ്മയാണ് അതിന് മറുപടി പറഞ്ഞത്. 'അമ്മേ, സാധനങ്ങൾ ചിലവാകാൻ കച്ചവടക്കാർ ചില വിശേഷാവസരങ്ങൾ പറഞ്ഞ് ചില സാധനങ്ങൾക്ക് വില അല്പം താഴ്ത്തി വില്ക്കും. ഇവിടെ വല്ല അത്യാവശ്യ സാധനോം വാങ്ങണമെന്നു പറഞ്ഞാൽ ജോസു പറയും 'ധൃതി വയ്ക്കാതെ സെയിലു വരട്ടേന്ന്.'



തങ്കമ്മയുടെ വിശദീകരണം ജോസിന് ഇഷ്ടമായില്ല. അയാൾ അവളോട്: 'നീ പറഞ്ഞു വിഷമിക്കാതെ പോയി കിടക്ക്.'

ഉറങ്ങാൻ പോകുംമുമ്പ് അന്നാമ്മച്ചേടത്തി പറഞ്ഞു. 'ഞാൻ എല്ലാ ദിവസവും രാവിലെ പള്ളിയിൽ പോകുക പതിവുണ്ട്. ഇവിടെ വന്നിട്ട് സന്ധ്യാനമസ്കാരോമില്ല; പള്ളീൽ ദിവസോം പോകാഞ്ഞിട്ട് എനിക്കൊരു തൃപ്തീം വരുന്നില്ല. ഇവിടെ പള്ളി അടുത്തുണ്ടല്ലോ. ഞാനെന്നും പള്ളീൽ പോയാലോന്ന് ആലോചിക്കുവാ.'

തങ്കമ്മ അതിനു മറുപടി പറഞ്ഞു: 'അമ്മച്ചീ... എന്നും കാറിൽ പള്ളിയിൽ കൊണ്ടാക്കാനും തിരികെ കൊണ്ടുവരാനും ഇവിടാർക്കാ നേരം. എല്ലാവർക്കും ജോലിക്ക് പോകണ്ടേ. കുട്ടികൾക്ക് സ്കൂളിലും പോകണം.'

'അതിനു നിങ്ങളാരും വിഷമിക്കണ്ട. ഞാൻ നടന്നോളാം. നാട്ടിലും നടന്നല്ലേ ഞാൻ പള്ളീൽ പൊക്കോണ്ടിരുന്നത്.'

അപ്പോൾ ജോസ് പറഞ്ഞു. 'അമ്മച്ചീ, നാട്ടിലെ കാലാവസ്ഥയല്ല ഇവിടെയെന്ന് അറിയാമല്ലോ. മിക്കപ്പോഴും രാവിലെ പുറത്തു നല്ല തണുപ്പോ, ചിലപ്പോൾ മഞ്ഞോ കാണും. തണുപ്പടിച്ചു നടന്നാൽ വല്ല സൂക്കേടും പിടിക്കും. തന്നേമല്ല, കാറിൽ പോകുമ്പോൾ തോന്നും അധികം ദൂരമില്ലെന്ന്. അര മൈൽ വരും ഇവിടെനിന്നു പള്ളിയിലേക്ക്.'

അപ്പോൾ തങ്കമ്മ ഒരു നിർദ്ദേശം വച്ചു. 'എന്നാൽ ഒരു കാര്യം ചെയ്യാം. വലിയ തണുപ്പില്ലാത്തപ്പോൾ രാവിലെ എട്ടരയുടെ കുർബാനയ്ക്ക് പോകാം. അങ്ങോട്ട് കുട്ടികളെ സ്കൂളിലിറക്കാൻ പോകുന്ന കൂടെ അമ്മച്ചിയേയും കാറിൽ പള്ളിയിലേയ്ക്കിറക്കാം. പള്ളീൽ കഴിയുമ്പം അമ്മച്ചി തിരികെ ഇങ്ങു നടന്നു പോരാമെങ്കിൽ. അപ്പോഴേയ്ക്കും തണുപ്പിത്തിരി കുറയുകേം ചെയ്യും.'

തങ്കമ്മയുടെ അഭിപ്രായം തീരുമാനമായി. പിറ്റേന്ന് പ്രഭാതത്തിൽ അന്നാമ്മച്ചേടത്തി പള്ളിയിൽ പോകാനൊരുങ്ങി.

ജോസ് രാവിലെ ജോലിയ്ക്ക് പുറപ്പെട്ടു. തങ്കമ്മ അമ്മച്ചിയേയും കുട്ടികളെയും പള്ളിയുടെ പാർക്കിങ് ലോട്ടിലിറക്കി. കുട്ടികൾ 'ബായ് ഗ്രാന്റ് മാ' പറഞ്ഞ് പള്ളിവക സ്കൂളിലേക്കും അന്നാമ്മച്ചേടത്തി 'ബായ്' പറഞ്ഞ് പള്ളിയിലേയ്ക്കും പോയി.

കുട്ടികളുടെ സൗകര്യത്തിനനുസരിച്ച് കുർബാനയ്ക്ക് അല്പം മുമ്പേയാണ് അമ്മച്ചിയെ തങ്കമ്മ പള്ളിയിലാക്കിയത്. പള്ളിയിൽ കുറേ ആളുകൾ അപ്പോൾ കൊന്ത ചൊല്ലുന്നു. അന്നാമ്മച്ചേടത്തി തന്റെ കഴുത്തിൽ കിടന്ന മാർപാപ്പാ വെഞ്ചരിച്ച കൊന്തയെടുത്ത് പ്രാർത്ഥിക്കാൻ തുടങ്ങി. ഇംഗ്ലീഷിൽ കൊന്ത ചൊല്ലാൻ

അറിയില്ലെങ്കിലും 'ശുദ്ധമാന മറിയമേ..., അന്നന്നുവേണ്ട ആ ഹാരം...' തുടങ്ങി പ്രാർത്ഥനകളുടെ രണ്ടാംഭാഗം ചേടത്തി മല യാളത്തിൽ ചൊല്ലി.

മേൽമീശയുള്ള അസേന്തിയച്ചനാണ് അന്നു കുർബാന ചൊല്ലിയത്. പ്രാർത്ഥനയൊന്നും മനസ്സിലായില്ലെങ്കിലും ആ ദൈ വാലയത്തിലെ ആധ്യാത്മികാന്തരീക്ഷവും നാട്ടിലെപ്പോലെ ദിവ സവും കുർബാനയിൽ പങ്കെടുക്കുന്ന ചില അമേരിക്കക്കാരുടെ ഭക്തിയും അന്നാമ്മച്ചേടത്തിയ്ക്ക് നന്നേ പിടിച്ചു.

വിശുദ്ധകുർബ്ബാന സ്വീകരിക്കാറായപ്പോൾ അന്നാമ്മച്ചേ ടത്തി പരീക്ഷണാർത്ഥം നാവിന് പകരം ഇരുകരങ്ങളും ചേർ ത്ത് ഭക്തിപൂർവ്വം നീട്ടി. എന്തോ പറഞ്ഞുകൊണ്ട് കാർമ്മികൻ കുർബ്ബാന കയ്യിൽ കൊടുത്തു.

പാപിയും ബലഹീനയുമായ തന്റെ കയ്യിൽ വിശുദ്ധ കുർ ബ്ബാന ആദ്യമായി ലഭിച്ചപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് എന്തെ ന്നില്ലാത്ത അനുഭൂതി. അമേരിക്കയിൽ വന്നതിനാൽ മാതാവി നെപ്പോലെ ഈശോയെ കയ്യിലെടുക്കുവാൻ തനിക്കു യോഗമു ണ്ടായല്ലോ എന്നോർത്ത് ദൈവത്തിനു നന്ദി പറഞ്ഞു അവരത് ഉൾക്കൊണ്ടു.

കുർബ്ബാന കഴിഞ്ഞ് അന്നാമ്മച്ചേടത്തി പള്ളിയിൽ നി ന്നിറങ്ങി ജോസിന്റെ വീടിനെ ലക്ഷ്യമാക്കി നടന്നു. റോഡിൽ ഇറ ങ്ങാതെ കാൽനടയാത്രക്കാർക്ക് റോഡ് സൈഡിൽ തീർത്തിട്ടുള്ള കോൺക്രീറ്റ് പാതകളിലൂടെ മാത്രമേ നടക്കാവൂ എന്നും റോഡ് മുറിച്ചു കടക്കുമ്പോൾ കാൽനട യാത്രക്കാർക്കു ക്രോസ്സു ചെ യ്യാനുള്ള ഭാഗങ്ങളിൽ വന്നുനിന്ന് ചുവന്ന കൈപ്പത്തിയോ ചു വന്ന അക്ഷരങ്ങളോ (DON'T WALK) കണ്ടാൽ, വെള്ള മനു ഷ്യരൂപമോ വെള്ള അക്ഷരങ്ങളോ (WALK) തെളിയുന്നതുവരെ നിൽക്കണമെന്നും ജോസും തങ്കമ്മയും അമ്മച്ചിയ്ക്ക് പ്രത്യേകം പറഞ്ഞുകൊടുത്തിരുന്നു. അവരുടെ ഉപദേശങ്ങൾ അനുസരി ച്ചാണു നടന്നതെങ്കിലും ഒരു കവലയിൽ വന്നപ്പോൾ എത്ര നി ന്നിട്ടും ചുവന്ന കൈപ്പത്തി മാറി വെള്ളയാകുന്നില്ല.

അമേരിക്കയിലും കൈപ്പത്തി അടയാളമുള്ള കോൺഗ്രസ് പാർട്ടി ഉണ്ടല്ലോ എന്നു ചിന്തിച്ചിരിക്കുമ്പോൾ ഒരു മദാമ്മ അതിലേ വന്നു. അവർ ചേടത്തിയെ നോക്കി മന്ദഹസിച്ച് വലതുകൈപ്പത്തി മെല്ലെ ഉയർത്തി 'ഹായ്' എന്നു പറഞ്ഞു.

എന്തു മറുപടി പറയണമെന്ന് നിശ്ചയമില്ലാതിരുന്നതി നാൽ ചേടത്തി മിണ്ടിയില്ല.

മദാമ്മ ചേടത്തിയോട് എന്തോ ചോദിച്ചു. 'നോ ഇംഗ്ലീഷ്' ചേടുത്തി മറുപടി കൊടുത്തു. അർത്ഥം പിടികിട്ടിയതിനാലാവണം

മദാമ്മ അവിടെ ഒരു തൂണിലുള്ള ബട്ടണിൽ വിരലമർത്തി.

'ഈ മദാമ്മയായിരിക്കും ഒരു സായിപ്പിന്റെ കൂടെ പണ്ടു നാട്ടിൽ വന്നത്.' ചേടത്തി ചിന്തിച്ചു. 'അന്ന് ഇടവകയിലെ വിൻസെന്റ് ഡി പോൾ സംഘടനക്കാരുടെ സാമൂഹ്യപ്രവർത്തനങ്ങൾ കാണുവാൻ വന്നപ്പോൾ കൊടുത്ത സ്വീകരണത്തിൽ കണ്ട ഓർമ്മ വെച്ചായിരിക്കും അവർ പരിചയം കാണിക്കുന്നത്. ഇംഗ്ലീഷ് അറിയാമായിരുന്നെങ്കിൽ ഒന്നു സംസാരിച്ച് ഇടവകയ്ക്കുവേണ്ട ഹാർമോണിയവും സിസ്റ്റേഴ്സിനുവേണ്ട പൂവും ഇവരെക്കൊണ്ട് വാങ്ങിപ്പിക്കാമോന്നു നോക്കാമായിരുന്നു.

അപ്പോഴേയ്ക്കും ചുവന്ന കൈപ്പത്തി മാറി വെള്ള അടയാളം വന്നു. സ്വിച്ച് അമർത്തിയാലേ ചിലയിടങ്ങളിൽ നടക്കാൻ സിഗ്നൽ കിട്ടൂ എന്ന് ബുദ്ധിമതിയായ ചേടത്തി തങ്കമ്മ പഠിപ്പിക്കാതെതന്നെ അങ്ങനെ മനസ്സിലാക്കി. കുറേക്കൂടി നടന്നു കഴിഞ്ഞപ്പോൾ ജോസിന്റെ വീട് ഏതാണെന്ന് ചേടത്തിയ്ക്ക് പിടികിട്ടിയില്ല. കാരണം എല്ലാ വീടും പുറമെ കണ്ടാൽ ഒരു പോലിരിക്കുന്നു.

'ഈ സായിപ്പന്മാർക്ക് ഒരു വിവരോമില്ലല്ലോ.' ചേടത്തി ചിന്തിച്ചു. 'കാര്യം അകത്തു നല്ല സൗകര്യമാണേലും പുറമെ കണ്ടാൽ വീടിനൊന്നും നാട്ടിലെപ്പോലെ ഭംഗിയില്ല. നാട്ടിലാണേൽ ഓരോ വീടും പുറമെ കണ്ടാൽ തിരിച്ചറിയാം. കാരണം ഓരോന്നിനും പ്രത്യേക ഡിസൈൻ ഉണ്ടാകും. ഒരാൾ പണിയുന്നതു കണ്ട് അയൽപക്കത്തുള്ള സായിപ്പുമാർ കോപ്പിയടിക്കുന്നതായിരിക്കും.' ചേടത്തി നടക്കുന്നതിനിടയിൽ ചിന്ത തുടർന്നു.

നടക്കുന്തോറും ചേടത്തിയ്ക്ക് സംശയം കൂടി. ജോസിന്റെ വീട് ഈ ഭാഗത്താണ്? തനിക്ക് വഴി തെറ്റിയിട്ടില്ലെന്ന് ഉറപ്പാണ്. പക്ഷേ അത് ഏതാണെന്ന് മാത്രം നിശ്ചയമില്ല. ജോസിന്റെ വീടിന്റെ നമ്പർ ഓർത്തിരിക്കണമെന്ന് തങ്കമ്മ പറഞ്ഞിരുന്നു. ആ നമ്പർ ഓർമ്മയിൽ ഉണ്ടായിരുന്നു. പക്ഷേ ചേടത്തി എത്ര ആലോചിച്ചിട്ടും ആ നമ്പർ ഇപ്പോൾ കൃത്യമായി നിശ്ചയമില്ല.

'ദൈവമേ കുരുത്തക്കേടായോ.' ചേടത്തിയ്ക്ക് മനോവിഷമമായി. പുറത്തിറങ്ങി നടന്നിട്ടു തണുപ്പു സഹിക്കാൻ പറ്റുന്നില്ല. എങ്ങനെയെങ്കിലും ജോസിന്റെ വീട് കണ്ടുപിടിച്ചാൽ മതിയായിരുന്നു.'

അവർ കാവൽമാലാഖയോടു തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ട് ഒരുപോലുള്ള വഴികളിലൂടെ ഒരേ രീതിയിലുള്ള വീടുകൾക്കിടയിൽ ജോസിന്റെ വീടു തിരഞ്ഞു.

# അന്നാമ്മച്ചേടത്തിയുടെ സിനിമാകമ്പം

ജോസിന്റെ വീടു കണ്ടുപിടിക്കാനാകാതെ വിഷമിച്ച അന്നാമ്മച്ചേടത്തി എന്തുംവരട്ടെ എന്നു വിചാരിച്ച് ജോസിന്റേതുപോലുള്ള ഒരു വീടിനു മുമ്പിലെത്തി കോളിംഗ് ബെല്ലടിച്ചു. തങ്കമ്മ ഓടിക്കുന്ന അതേ നിറത്തിലും രൂപത്തിലുമുള്ള ഒരു കാറ് അതിന്റെ മുമ്പിലും കിടപ്പുണ്ടായിരുന്നു. ഒരുപക്ഷേ അതായിരിക്കും ജോസിന്റെ വീടെന്ന് ചേടത്തി പ്രതീക്ഷിച്ചു.

വാതിലിനോടുചേർന്നുള്ള ഗ്ലാസിന്റെ പിന്നിലെ കർട്ടൻ മാറ്റി ഒരു സായിപ്പുകുട്ടി ചേടത്തിയെ നോക്കിയിട്ട് തിരികെപ്പോയി. പിന്നീട് ഒരു മദാമ്മ വന്ന് ഗ്ലാസിലൂടെ നോക്കിയിട്ട് കതകു തുറന്നു. അന്നാമ്മച്ചേടത്തി വിഷമത്തോടെ പറഞ്ഞത് മദാമ്മയ്ക്കോ മദാമ്മ പറഞ്ഞത് ചേടത്തിയ്ക്കോ മനസിലായില്ല. എന്നാൽ മദാമ്മയ്ക്ക് ഒരുകാര്യം പിടികിട്ടി, ചേടത്തി എങ്ങിനെയോ വഴി തെറ്റി വന്നതാണെന്ന്.

മദാമ്മ അകത്തുപോയി ഒരു കോഡ്ലസ്സ് ഫോൺ എടുത്തുകൊണ്ടുവന്ന് ആരെയോ വിളിച്ചു. അല്പം കഴിഞ്ഞപ്പോൾ ഒരു സാരിക്കാരി അടുത്ത വീട്ടിൽ നിന്ന് ഇറങ്ങിവന്നു.

അവൾ പറഞ്ഞത് ഹിന്ദിയിലാണെന്നും ചേടത്തി പറഞ്ഞത് മലയാളത്തിലാണെന്നും മാത്രം ഇരുവർക്കും മനസ്സിലായി.

ഇനി എന്തുചെയ്യണം; പോലീസിനെ അറിയിക്കണമോ എന്ന് അവർ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ തങ്കമ്മ ഒരു കാറിൽ പാഞ്ഞുവന്ന് അവരുടെ അടുത്തു പാർക്കു ചെയ്തു.

തങ്കമ്മയെ കണ്ടപ്പോൾ ദൈവമയച്ച മാലാഖയാണ് അവളെന്ന് ചേടത്തിയ്ക്ക് തോന്നി. തങ്കമ്മയ്ക്കും വലിയ ആശ്വാസമായി. അമ്മച്ചി വരാൻ വൈകിയതിനാൽ സംശയം തോന്നിയ അവൾ കാറിൽ പള്ളിയിലും സമീപപ്രദേശങ്ങളിലും അമ്മച്ചിയെ തിരക്കുകയായിരുന്നു.

മദാമ്മയ്ക്കും വടക്കേ ഇന്ത്യക്കാരിക്കും നന്ദി പറഞ്ഞ ശേഷം തങ്കമ്മ ഒരു ബ്ലോക്കു മാത്രം അകലെയുള്ള തങ്ങളുടെ വീട്ടിലേക്ക് അമ്മച്ചിയേയും കൂട്ടി കാറിൽ മടങ്ങി.

'ഈ അമേരിക്കേ വന്നാൽ എന്തെല്ലാം ബുദ്ധിമുട്ടുകളാ.' അന്നാമ്മച്ചേടത്തി തന്റെ അനുഭവങ്ങൾ വച്ച് കാറിലിരുന്നു പറഞ്ഞു.

'ഇവിടെ ആദ്യം വരുമ്പോൾ ഇങ്ങനെ ചില അനുഭവങ്ങൾ എല്ലാവർക്കുമുണ്ടാകും.' ഒരു തത്വമെന്ന പോലെ തങ്കമ്മ വിശദീകരിച്ചു. 'ക്രമേണ എല്ലാം മനസ്സിലാക്കി വരുമ്പോൾ ഇവിടുത്തെ ജീവിതം എളുപ്പമാകും.'

വീട്ടിലെത്തി കാപ്പി കുടിക്കുന്നതിനിടയിൽ ചേടത്തി ചോദിച്ചു: 'എന്റെ തങ്കമ്മേ, ഞാനിന്നു പള്ളീൽക്കഴിഞ്ഞു പോരുമ്പോൾ വഴിയിൽ വച്ച് ഒരു മദാമ്മ എന്നെ കൈ കാണിച്ച് 'ഹായ്' എന്നോ മറ്റോ പറഞ്ഞു. എനിക്കൊരു സംശയം, നാട്ടിൽ വച്ചെങ്ങാനും അവരെന്നെ കണ്ടിട്ടുള്ളതാണോന്ന്.'

തങ്കമ്മയ്ക്കതു തമാശയായി തോന്നി. അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു: 'അമ്മച്ചീ, ഇവിടുത്തെ മനുഷ്യരങ്ങനാ. പരിചയമില്ലാത്തവരെ കണ്ടാലും അവർ ഒന്നു മന്ദഹസിക്കുകയും 'ഹായ്' എന്നോ 'ഹലോ' എന്നോ 'ഹൗ ആർ യൂ?' എന്നോ ഒക്കെ പറയും. അല്ലാതെ നാട്ടിലെപ്പോലെ പരിചയമുള്ളവരെ കണ്ടാലും ക്രൂരഭാവത്തോടെ കണ്ടില്ലെന്ന മട്ടിൽ പോവില്ല.'

'അതു നല്ല രീതിയാണല്ലോടീ.' ചേടത്തി പറഞ്ഞു.

'അവർ അങ്ങനെ പറയുമ്പോൾ നമ്മളും അവരോട് അതേ രീതിയിൽ പറയണം; അതാണു മര്യാദ.' തങ്കമ്മ അമ്മച്ചിയ്ക്കുള്ള ക്ലാസ് പുന:രാരംഭിച്ചു.

മുൻതീരുമാനമനുസരിച്ച് ചേടത്തി അന്നു വൈകിട്ട് അലക്സിന്റെ അപ്പാർട്ട്മെന്റിലേക്ക് മാറി. ആ വാടകക്കെട്ടിടത്തിൽ ജോസിന്റെ വീട്ടിലേതുപോലെ സൗകര്യങ്ങൾ ഇല്ലെങ്കിലും ചേടത്തിയ്ക്ക് കിടക്കാൻ ഒരു മുറി കിട്ടി.

പിറ്റേന്ന് ലൂസിയ്ക്ക് ജോലി ഇല്ലാത്ത ദിവസമായിരുന്നു. അവൾ ജോമോനെ സ്കൂളിലാക്കിയ ശേഷം ഷോപ്പിംഗിനു പോകുമ്പോൾ അമ്മച്ചിയെ കടകൾ കാണിക്കാമെന്നു കരുതി കൂടെ കൊണ്ടുപോയി. കടകൾക്ക് മുമ്പിലുള്ള പാർക്കിങ് ലോട്ടിൽ കാർ നിർത്തിയിട്ട് ഒരു വലിയ കടയിലേക്ക് നടക്കുമ്പോൾ അതിലെ നടന്നുപോയ എല്ലാ മനുഷ്യരോടും അവർ ചേടത്തിയെ ശ്രദ്ധിച്ചാലും ഇല്ലെങ്കിലും മന്ദഹസിച്ചുകൊണ്ട് 'ഹായ്' എന്നോ 'ഹലോ' എന്നോ പറഞ്ഞുകൊണ്ടിരുന്നു. ചിലർ തിരികെ 'ഹായ്' പറഞ്ഞു. മറ്റുചിലർ അത് തമാശയായെടുത്തു ചിരിച്ചുകൊണ്ട് സ്ഥലം വിട്ടു.

ഇതുകണ്ടു നാണക്കേടുതോന്നിയ ലൂസി ചോദിച്ചു: 'അമ്മച്ചിയെന്താ ഈ വഴിയേ പോണവരെയെല്ലാം പിടിച്ചുനിർത്തി 'ഹായ്' പറയുന്നത്?'

'എടീ തങ്കമ്മ പറഞ്ഞു ഇവിടെ പരിചയമില്ലാത്തവരെ കണ്ടാലും 'ഹായ്' പറയണമെന്ന്.'

ലൂസിയ്ക്ക് അരിശം വന്നു. 'തങ്കമ്മച്ചേച്ചി ഉദ്ദേശിച്ചത് ഇങ്ങനെ പറയാനല്ല. ആരെങ്കിലും ഇങ്ങോട്ട് പറഞ്ഞാൽ അല്പം കൂടി താഴ്ന്ന സ്വരത്തിൽ തിരിച്ചു പറഞ്ഞാൽ മതി. അല്ലാതെ അമ്മച്ചി അങ്ങോട്ടു കെട്ടിക്കേറിച്ചെന്ന് ആരോടും ഉറക്കെ ഹായ് പറയേണ്ട.'

കടയോടടുത്തപ്പോൾ ചേടത്തിയേയും ലൂസിയെയും ക ണ്ടപാടെ അടഞ്ഞുകിടന്ന വാതിൽ തനിയെ ഞെട്ടിത്തുറന്നു. അവർ പ്രവേശിച്ചു കഴിഞ്ഞപ്പോൾ അതുപോലെ അടയുകയും ചെയ്തു. മനുഷ്യർ വരുന്നതും പോകുന്നതും കതകെങ്ങനെ മന സിലാക്കുന്നുവെന്ന് ചേടത്തി സ്വയം ചോദിച്ചു. വിമാനത്താവള ത്തിൽ ഗോവണികൾ കയറിയിറങ്ങി മനുഷ്യരെ ബുദ്ധിമുട്ടി ക്കാതെ നിത്യവും സ്വയം ഉയരുകയോ താഴുകയോ ചെയ്യുന്ന ന ടകളും വീടുകളിലേക്ക് കാറോടിച്ചു കയറ്റുമ്പോൾ കാറി ലിരു ന്നുതന്നെ അടയ്ക്കുകയും തുറക്കുകയും ചെയ്യാവുന്ന ഗരാജ് ഓപ്പണറുമെല്ലാം അന്നാമ്മച്ചേടത്തിയ്ക്ക് അത്ഭുതകരമായ കാഴ് ചകളായിരുന്നു. അവയെപ്പറ്റിയെല്ലാം ഒരു കുട്ടിയെപ്പോലെ ചേട ത്തി സംശയം ചോദിക്കുകയും ചെയ്തിരുന്നു.

കടയിലെ സാധനങ്ങൾ കണ്ടപ്പോൾ അവയിൽ പലതും വാങ്ങിയാൽ കൊള്ളാമെന്നു ചേടത്തിയ്ക്ക് തോന്നി. പക്ഷേ എങ്ങനെ വാങ്ങും? ലൂസിയോടെങ്ങനാ പണം മുടക്കി തനിക്കു വേണ്ടി വാങ്ങുവാൻ പറയുക. സ്വന്തമായി പണമുണ്ടെങ്കിലല്ലേ ഇത്തരം ആഗ്രഹങ്ങൾ സഫലമാകു.

ഒരു ഡോളർ 99 സെന്റിനു വില്പനയ്ക്കു വച്ചിരിക്കുന്ന ഒരു പാത്രം കയ്യിലെടുത്തിട്ട് അന്നാമ്മച്ചേടത്തി പറഞ്ഞു: ‘ഇവിടെ ഇതിനൊക്കെ എന്തുവിലക്കൊറവാടീ. നാട്ടിലാണേൽ ഇതിനു കുറഞ്ഞത് ഒരു 25 രൂപ കൊടുക്കണം.’

ആ പാത്രം വാങ്ങി തിരികെ വച്ചുകൊണ്ട് ലൂസി പറഞ്ഞു: ‘രണ്ടു ഡോളറെന്നു പറഞ്ഞാൽ എത്ര രൂപ വരുമെന്നറിയാമോ? ഉദ്ദേശം 40 രൂപയോളം വരും. അപ്പോൾ എവിടാ ലാഭം?’

അന്നാമ്മച്ചേടത്തി അത്രയ്ക്ക് കണക്ക് കൂട്ടിയില്ല. കാരണം അവർ ഒരു ഡോളറിനെ ഒരു രൂപയായിട്ടാണ് കാണുക; ലൂസിയും മറ്റുള്ളവരും ഏകദേശം 20 രൂപയായിട്ടും.

ആ കടയിൽ നിന്ന് അപ്പാർട്ടുമെന്റിലേക്ക് മടങ്ങുംവഴി അവർ ഒരു ഇന്ത്യൻ സ്റ്റോറിൽ കയറി. വടക്കേ ഇന്ത്യക്കാർ ന ടത്തുന്ന ആ കടയിൽനിന്ന് മലയാളം സിനിമയുടെ ഏതാനും വീഡിയോ കാസറ്റുകൾ കയ്യിലെടുത്തിട്ട് ലൂസി അമ്മച്ചിയോട് ചോദിച്ചു: ‘അമ്മച്ചിയ്ക്ക് ആരുടെ പടമാ ഇഷ്ടം?’

കാര്യമെന്താണെന്ന് ശരിക്ക് മനസ്സിലാകാത്ത ചേടത്തി പറഞ്ഞു: ‘കർത്താവിന്റേതായാലും മാതാവിന്റേതായാലും പട മെല്ലാം നല്ലതല്ലേ.’

ലൂസിക്ക് ചിരി വന്നു: ‘അതല്ലമ്മച്ചീ, സിനിമേടെ കാര്യമാ ഞാൻ ചോദിച്ചത്. മമ്മൂട്ടീടേതാണോ മോഹൻലാലിന്റേതാണോ അതോ ബാലചന്ദ്രമേനോന്റേതാണോ അമ്മച്ചിയ്ക്കിഷ്ടം?’

'അവരൊക്കെ ആരാടീ?' തുടർന്ന് ഒന്നും പറയാതെ ലൂസി മൂന്നു വീഡിയോ കാസറ്റുകൾ വാടകയ്ക്കെടുത്തു. കാറിൽ മടങ്ങുമ്പോൾ ലൂസി പറഞ്ഞു: 'അമ്മച്ചി തനിയെ അപ്പാർട്ട്മെന്റിലിരുന്നു മുഷിയാതിരിക്കാനാ ഞാൻ കുറേ സിനിമ എടുത്തത്.'

'എന്റെ മോളേ, ഞാനാകെ മൂന്നു സിനിമായേ കണ്ടിട്ടുള്ളൂ. ഒന്നു ജ്ഞാനസുന്ദരി, രണ്ട് ഭാര്യ, മൂന്നാമത്തേത് മിശിഹാ ചരിത്രം. സ്നാപകയോഹന്നാൻ കാണണമെന്നു വിചാരിച്ചു. അതുപോയി കാണാൻ എന്റെ അതിയാൻ സമ്മതിച്ചില്ല.'

മലയാളം സിനിമ അമേരിക്കൻ ടി.വി.യിലൂടെ കണ്ടപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് സന്തോഷമായി. നടീനടന്മാരുടെ കെട്ടിമറിഞ്ഞുള്ള മരംചുറ്റിപ്രേമം മാത്രം അവർക്കത്ര ഇഷ്ടമായില്ല. സിനിമയിലല്ലാതെ യഥാർത്ഥജീവിതത്തിൽ ഇങ്ങനെ വല്ലതും കാണാറുണ്ടോ എന്നവർ ചോദിച്ചിരുന്നു.

ക്രമേണ അന്നാമ്മച്ചേടത്തിയ്ക്ക് സിനിമയിൽ പ്രിയമേറി. ഒന്നിനുപുറകേ മറ്റൊന്നായി പല സിനിമകൾ അവർ കണ്ടു. പ്രധാനപ്പെട്ട നടീനടന്മാരുടെ പേരുകൾ ചേടത്തിയ്ക്ക് കാണാപ്പാഠമായി. ലൂസിയോ അലക്സോ പുറത്തേക്കിറങ്ങുമ്പോൾ ചേടത്തി പറയും: 'മമ്മൂട്ടീടെ പടമുണ്ടേൽ രണ്ടെണ്ണമിങ്ങെടുത്തോ കേട്ടോ.'

പലപ്പോഴും അവർ എടുത്തുകൊണ്ടുവരുന്നവ അമേരിക്കയിൽ വച്ചുതന്നെ ചേടത്തി മുമ്പുകണ്ടിട്ടുള്ള സിനിമകളായിരിക്കും. അവയുടെ തുടക്കം ടി.വി.യിൽ കാണുമ്പോഴെ ചേടത്തി പറയും: 'ഓ... ഇതു ഞാൻ കണ്ടതാ.' എങ്കിലും പണം മുടക്കി എടുത്തുകൊണ്ടു വന്നതല്ലേ എന്നുകരുതി അവർ അതു വീണ്ടും കാണും. സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും ഫോണിൽ വിളിക്കുകയോ അതിഥികൾ അവിടേക്ക് വരികയോ ചെയ്താൽ അവർക്കിഷ്ടമല്ല. അത്രയ്ക്ക് സിനിമാപ്രേമിയായി അന്നാമ്മച്ചേടത്തി.

ചേടത്തി അപ്പാർട്ട്മെന്റിൽ വന്നതിന്റെ രണ്ടാംദിവസം ജോമോനെ സ്കൂളിൽ നിന്നു കാറിൽ തിരികെ കൊണ്ടുവന്ന ശേഷം ലൂസി ജോലിക്കുപോയി. അലക്സ് രാവിലെ തന്നെ ജോലിക്ക് പോയിരുന്നു. സ്കൂളിൽ പോയി മടങ്ങിയ ജോമോന് കാപ്പിക്ക് മുട്ട പൊരിച്ചുകൊടുക്കാമെന്ന് കരുതി ചേടത്തി ഗ്യാസടുപ്പിൽ ഒരു പാത്രം വച്ച് അതിൽ എണ്ണ ഒഴിച്ചു. മറ്റൊരു പാത്രത്തിൽ മുട്ട ഉടച്ച് തേങ്ങയും ഉള്ളിയും മറ്റും ചേർത്ത് ഇളക്കിക്കൊണ്ടിരിക്കുമ്പോൾ അകത്തേ മുറിയിൽ നിന്ന് ജോമോൻ ഗ്രാന്റ്മായെ വിളിച്ചു.

അലമാരയുടെ മുകൾത്തട്ടിൽനിന്ന് അവന്റെ ഉടുപ്പെടു



ക്കുവാനും അതു ധരിക്കുവാനും അന്നാമ്മച്ചേടത്തി സഹായിക്കു ന്നതിനിടയിൽ വീടിനുള്ളിൽ നിന്നു ഭയങ്കര ശബ്ദം കേട്ടു. അതു കേട്ടപ്പോൾ ജോമോൻ സന്തോഷത്തോടെ പറഞ്ഞു: 'ദാറ്റ്സ് ഫ യർ അലാം!' അവന് ആ ശബ്ദം രസകരമാണ്. അന്നാമ്മച്ചേടത്തി ആകെ പരിഭ്രമിച്ചു. 'ദൈവമേ തീയോ?' അവർ ജോമോനെയും കൂട്ടി അടുക്കളയിലേക്കോടി. അവിടെ മുട്ട വറുക്കാൻ എണ്ണ ഒഴിച്ച പാത്രത്തിൽ നിന്നു പുക അടുക്കളയിലും അടുത്ത മുറികളി ലേക്കും വ്യാപിക്കുന്നു.

ധൈര്യം സംഭരിച്ച് അന്നാമ്മച്ചേടത്തി ആ പാത്രമെടുത്തു. അപ്പോൾ അവരുടെ കൈ പൊള്ളി; ആ പാത്രം തറയിൽ വീണു. അടുപ്പിലെ തീ അണയ്ക്കാൻ ശ്രമിച്ചെങ്കിലും വിഫലമായി. തങ്ക മ്മയുടെ ഗ്യാസടുപ്പിന്റെ രീതിയല്ല ഈ ഗ്യാസടുപ്പിന്റെ കട്ടകൾ ക്കെന്ന് അപ്പോഴാണ് ചേടത്തിക്ക് മനസ്സിലാകുന്നത്. മുറിക്കു ള്ളിലെ ഭയാനകശബ്ദം അരോചകമായി. അതു നിർത്താൻ എ ന്താണ് വേണ്ടതെന്ന് ചേടത്തിയ്ക്ക് നിശ്ചയമില്ല. അവർ പല സ്വിച്ചുകളിൽ അമർത്തി നോക്കി. ലൈറ്റുകൾ കെടുകയോ തെളി യുകയോ ചെയ്യുന്നതല്ലാതെ ഒരു പ്രയോജനവുമില്ല. മുറികൾക്കു ള്ളിലെ പുകയും കുറയുന്നില്ല. കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുമോ എന്നു ചേടത്തി ഭയന്നു. അവർ കതകു തുറന്ന് ജോമോനെയും വലിച്ചുകൊണ്ട് പുറത്തേക്കോടി. പുറത്ത് ആരെ യും കാണാതിരുന്നതിനാൽ വെപ്രാളത്തോടെ അവർ സഹായ ത്തിനായി മുറവിളി കൂട്ടി.

# അടുപ്പൊന്നു പുകഞ്ഞു; മുൻവശം നിറയെ പോലീസ്

പുക കണ്ടു ഭയപ്പെട്ട് പുറത്തേക്കോടിയ അന്നാമ്മച്ചേ ടത്തിയുടെ നിലവിളി കേട്ട് അപ്പാർട്ട്മെന്റ് മാനേജരും മറ്റു രണ്ട് ആളുകളും ഓടിവന്നു. കാര്യമെന്തെന്നറിയാതെ ആദ്യം അവർ പ കച്ചു. മുറികൾക്കുള്ളിൽ പുക കണ്ടപ്പോൾ അപ്പാർട്ടുമെന്റിന് തീ പിടിച്ചോ എന്നവർ ഭയന്നു. പുറമെ തീ കാണാതിരുന്നതിനാൽ മാനേജർ അകത്തുകയറി; പുറകെ ചേടത്തിയും ജോമോനും.

അടുപ്പിലെ തീ അന്നാമ്മച്ചേടത്തി മാനേജരെ കാണിച്ചു. അയാൾ ഗ്യാസടുപ്പ് അണച്ചു. എവിടെയൊക്കെയോ പിടിച്ച് അയാൾ തിരിച്ചപ്പോൾ അലാമും നിന്നു. ചേടത്തിയ്ക്ക് അപ്പോൾ അല്പം ആശ്വാസമായി. മുറികൾക്കുള്ളിലെ പുക പുറത്തുപോ

കുവാൻ മാനേജർ കതകുകളും ജനാലകളും തുറന്നിട്ടു. അതിനിടെ അപ്പാർട്ട്മെന്റിനു വെളിയിൽ ചുറ്റിക്കറങ്ങുന്ന ചുവന്ന ലൈറ്റുകളും ഭീകരശബ്ദവും പുറപ്പെടുവിച്ച് രണ്ട് ഫയർ എഞ്ചിനും ഒരു പോലീസ് കാറും പാഞ്ഞെത്തി. അവ കണ്ടപ്പോൾ ചേടത്തിയ്ക്ക് വെപ്രാളമായി. ചേടത്തി ബഹളം വച്ചപ്പോൾ ആരോ എമർജൻസിക്കാരെ ഫോണിൽ വിളിച്ച് അപ്പാർട്ട്മെന്റിന് തീ പിടിച്ചതായി അറിയിച്ചിരുന്നു.

ഫയർ ഫോഴ്സുകാർ മാനേജരുമായി സംസാരിച്ച് എന്തോ കുറിച്ചെടുത്തശേഷം മടങ്ങിപ്പോയി. അല്പസമയത്തിനുള്ളിൽ ജോലി കഴിഞ്ഞ് അലക്സ് വന്നു. വിവരമെല്ലാം അന്നാമ്മച്ചേടത്തി വിഷമത്തോടെ അലക്സിനെ ധരിപ്പിച്ചു. തന്റെ കയ്യബദ്ധത്തേക്കാൾ അന്നാമ്മച്ചേടത്തിയെ വേദനിപ്പിച്ചത് ഈ സംഭവം നിമിഷങ്ങൾക്കകം അമേരിക്കയും കാനഡയും മാത്രമല്ല; നാട്ടിൽ കുട്ടപ്പായിയുടെ ചെവിയിൽ വരെ ഫോൺവഴി എത്താൻ സാധ്യത ഉണ്ടെന്ന് കേട്ടതാണ്.

അന്നാമ്മച്ചേടത്തി അലക്സിനോട് ചോദിച്ചു: 'ഇതെന്താ അടുക്കളയിൽ അല്പം പുകയുണ്ടായാലുടനെ ഇതുപോലെ ഒച്ചപ്പാട്?'

'അമ്മച്ചീ, ഇവിടുത്തെ കെട്ടിടങ്ങൾ അധികവും തടികൊണ്ട് ഉണ്ടാക്കിയവയായതിനാൽ തീ പിടിച്ചാൽ പെട്ടെന്നു പടർന്നു കത്താൻ സാദ്ധ്യതയുണ്ട്. ഇവിടെ ഒരേ കെട്ടിടത്തിൽ അനവധി കുടുംബങ്ങൾ താമസമുണ്ടാകും. അതിനാൽ പുകയുണ്ടാകുമ്പോഴേ മുന്നറിയിപ്പ് നല്കാനാണ് നിയപ്രമകാരം മുറികളിൽ ഫയർ അലാം പിടിപ്പിച്ചിരിക്കുന്നത്.'

അന്നാമ്മച്ചേടത്തിക്ക് അതും പുതിയ ഒരു അറിവായിരുന്നു. ഇത്തരം കുരുത്തക്കേടുകൾ ഇനിയും തന്നിൽ നിന്ന് ഉണ്ടാകാതിരിക്കുവാൻ അവർ സൂക്ഷിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

ലൂസിയുടെ പ്രസവകാല ശുശ്രൂഷയ്ക്കെത്തിയ അന്നാമ്മച്ചേടത്തിയ്ക്ക് ആദ്യം കാര്യമായ ജോലിയൊന്നും ഇല്ലായിരുന്നു. കാരണം ഒൻപതാം മാസത്തിലും ലൂസി വലിയ വയറും വച്ചുകൊണ്ട് അടുക്കളയിൽ പണിയുകയും ആശുപത്രി ജോലിക്ക് പോകുകയും ചെയ്തിരുന്നു. അതിനിടയിൽ അമേരിക്കയിലെ സൗകര്യങ്ങളുപയോഗിച്ച് ഭക്ഷണം പാകം ചെയ്യുവാനും പാത്രങ്ങൾ കഴുകാനും തുണി നനയ്ക്കുവാനും മുറി വൃത്തിയാക്കുവാനും ചേടത്തി പഠിച്ചു.

ചേടത്തി ലൂസിയോട് കൂടെക്കൂടെ പറയും: 'നീ ഇനി ജോലിക്ക് പോക്ക് നിർത്ത്. അടുക്കളയിലും ഇങ്ങനെ കിടന്നുപ

ണിയാതെ. നിനക്കിപ്പോൾ വിശ്രമമാണാവശ്യം.'

ക്ഷീണമുണ്ടെങ്കിലും ലൂസി പറയും: 'അത്രയ്ക്കൊന്നും ആവശ്യമില്ലമ്മച്ചീ. നാട്ടിലെ രീതിയല്ല ഇവിടെ.'

ഏതാനും ദിവസങ്ങൾക്കകം ലൂസി ആശുപത്രിയിലെത്തി ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. രണ്ടാംദിവസം ആശുപത്രിയിൽ നിന്ന് അവൾ തിരികെ അപ്പാർട്ട്മെന്റിലെത്തി.

ശിശുവിന് പൊന്നും വയമ്പും തേനിൽ അരച്ചുകൊടുക്കുവാൻ നാട്ടിൽ നിന്നു ചേടത്തി കരുതിക്കൊണ്ടു വന്നിരുന്നു. എന്നാൽ അതുകൊടുക്കാൻ ലൂസി സമ്മതിച്ചില്ല. കുഞ്ഞിന്റെ പിഞ്ചുവയറിന് അതു ദഹിപ്പിക്കാൻ കഴിവില്ല പോലും. അപ്പോൾ ജോസിന്റെയും അലക്സിന്റെയുമൊക്കെ വയറിന് അതെങ്ങനെ സാധിച്ചെന്നായിരുന്നു ചേടത്തിയുടെ ചിന്ത.

തനിക്കൊരു പേരുകാരി കൂടി ജനിച്ചല്ലോ എന്നോർത്തപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് എന്തെന്നില്ലാത്ത സന്തോഷമായി. എങ്കിലും പേരിന്റെ കാര്യം തീർച്ചയറിയുവാൻ കുട്ടിയുണ്ടായതിന്റെ അഞ്ചാംദിവസം അന്നാമ്മച്ചേടത്തി അലക്സിനോട് ചോദിച്ചു: 'അലക്സേ, കൊച്ചിനെ എന്നാ മുക്കുന്നത്?'

'കൊച്ചിന്റെ മാമോദിസാ ഉടനെ വേണ്ട; കുറേ കഴിയട്ടെ. ഒന്നുരണ്ടു വർഷത്തിനകം മുക്കാം.'

അന്നാമ്മച്ചേടത്തിയ്ക്ക് അതിശയമായി: 'അതെന്താടാ അങ്ങനെ പറയുന്നത്? കൊച്ചുണ്ടായാൽ ഏഴാംപക്കം മുക്കണ്ടേ?'

'അതൊക്ക പഴയകാലത്തല്ലേ അമ്മച്ചി?'

പഴമക്കാരിയായ താൻ അമേരിക്കയിൽ വന്ന തലമുറയോട് തർക്കിച്ചിട്ട് പ്രയോജനമില്ലെന്നുകണ്ട ചേടത്തി ആ വിഷയം വിട്ടു. പുതിയ രീതിയനുസരിച്ച് അവർ തന്റെ പേരും കൊച്ചിന് ഇടാതിരിക്കുമോ എന്ന് ചേടത്തിയ്ക്ക് സംശയം വർദ്ധിച്ചു. അവർ ആ പ്രശ്നം എടുത്തിട്ടു. 'ഇനി ഈ സുന്ദരിയെ എങ്ങനാ വിളിക്കുക?'

'എന്നാൽ സുന്ദരീന്നങ്ങു വിളിക്കാം.' ലൂസി തമാശരൂപത്തിൽ പറഞ്ഞു.

അമ്മച്ചിയെ സന്തോഷിപ്പിക്കാൻ അലക്സ് പറഞ്ഞു: 'അതിപ്പം അമ്മച്ചീടെ പേരല്ലേ അവൾക്കിടേണ്ടത്.'

അതു കേട്ടപ്പോൾ ചേടത്തിയുടെ മുഖത്ത് പ്രസാദമായി.

അലക്സിന്റെ വാക്കുകൾ ഇഷ്ടപ്പെടാതെ കുഞ്ഞിനെ കയ്യിലെടുത്തുകൊണ്ട് ലൂസി ചോദിച്ചു: 'ഇവളെ അന്നാമ്മേന്നു വിളിക്കാനോ! കുറേക്കൂടി പഴഞ്ചൻ പേരൊന്നുമില്ലായിരുന്നോ?'

'പിന്നെന്നാ ലൂസീന്നുള്ളതാണോ പുത്തൻപേര്?' അലക്



സ് കളിയാക്കിപ്പറഞ്ഞു.

'ഞാനുണ്ടായ കാലത്ത് ആ പേരു ഫാഷനായിരുന്നു. അതുപോലെ ഏറ്റവും പുത്തനൊരു പേരു വേണം തിരഞ്ഞെടുക്കാൻ. അതിന് ഞാനൊരു പേരു കണ്ടുവെച്ചിട്ടുണ്ട്.'

'എന്താണത്?' അലക്സും അന്നാമ്മച്ചേടത്തിയും ഒന്നിച്ചു ചോദിച്ചു.

അവർക്ക് പുത്തൻ പേരറിയാൻ തിടുക്കമായി.

'നാട്ടിലെ നിങ്ങടെ കുഞ്ഞമ്മ സിസ്റ്ററിന്റെ പേരിടാം.' ഇതു പറഞ്ഞ് അവൾ കൊച്ചിനെ മീരേന്നു വിളിച്ച് ഉമ്മ കൊടുത്തു.

അതുകേട്ടപ്പോൾ അത്ര ഇഷ്ടപ്പെടാതെ അന്നാമ്മച്ചേടത്തി പ്രതികരിച്ചു: 'ആ കുരുത്തംകെട്ട പേരാണോ ഈ കൊച്ചിനുമിടുന്നത്?'

അപ്പോൾ അലക്സ് പറഞ്ഞു: 'അതു തരക്കേടില്ല; തന്നേമല്ല, കുഞ്ഞമ്മേടെ പേര് നിലനിർത്താനും ഒരാളാകുമല്ലോ.'

അന്നാമ്മച്ചേടത്തി വിഷമത്തോടും ദേഷ്യത്തോടും കൂടിപ്പറഞ്ഞു: 'അപ്പോൾ എന്റെ പേരോടാ? നാട്ടിലെപ്പോലെ എന്റെ പേരു മാമോദിസാപ്പേരായി ഇട്ടിട്ട് നിങ്ങൾ എന്നാ വേണേലും അതിനെ വിളിച്ചോ?'

അമ്മച്ചിയുടെ വിഷമം മനസിലാക്കി അലക്സ് വിശദീകരിച്ചു: 'ഇവിടെ മാമോദീസാപേരു തന്നെ റിക്കോഡിൽ ഔദ്യോഗിക പേരാകും. അതിനാൽ വെവ്വേറെ പേരുകൾ പറ്റില്ല. എന്നാൽ അമ്മച്ചിയുടെ പേരുകൂടി ചേർത്ത് ഇവൾക്ക് 'മീരാ ആൻ അലക്സ്' എന്ന് പേരിടാം.'

ആ വലിയ പേരിന് മധ്യത്തിൽ തന്റെ പേരിന്റെ ശബ്ദം തിരുകിയിട്ടുള്ളതിനാൽ അന്നാമ്മച്ചേടത്തി സമാധാനിച്ചു. ചേടത്തി ഓർത്തു. നാട്ടിൽ വച്ച് തന്റെ അനുജത്തി പറഞ്ഞത് നേരാണല്ലോ. സിസ്റ്റേഴ്സിന്റെ പുതിയ പേരുകളാണല്ലോ ഇപ്പോഴത്തെ കുട്ടികൾക്കും ഇടുന്നത്.

മറ്റൊരു അവസരത്തിൽ അന്നാമ്മച്ചേടത്തി ലൂസിയോട് പറഞ്ഞു: 'തങ്കമ്മ പണ്ടു ചവറ്റുകുട്ടയിൽ കളഞ്ഞ എണ്ണയും കുഴമ്പും ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. അതു ദേഹത്തുപുരട്ടി കുളിക്കുന്നത് നല്ലതാ.'

'അതൊന്നും വേണ്ടമ്മച്ചീ.'

'എന്നാൽ ഒരു കാര്യം ചെയ്യ്. നെയ്യ് കിട്ടുമെങ്കിൽ കുറച്ചുവാങ്ങി സേവിക്ക്. അതു ദേഹരക്ഷയ്ക്ക് നല്ലതാ.'

'അയ്യോ നെയ്യോ! വണ്ണം കുറയ്ക്കാൻ വിശപ്പുണ്ടായിട്ടും ആഹാരം കുറയ്ക്കുന്നതിന്റെ പ്രയാസം എനിക്കേ അറിയൂ. നെ

യ്യിൽ അപ്പടി കൊളസ്ട്രോളാ. അതെല്ലാം കൂടെ വലിച്ചു കയറ്റി യാൽ അതിലും പാടാ പിന്നെ അതു കുറയ്ക്കാൻ. നാട്ടിലേപ്പോ ലല്ല; ഇവിടെ ആഹാരം നിയന്ത്രിക്കുവാനും കഴിയുമെങ്കിൽ നെയ് ചേരാത്തതു കഴിക്കുവാനുമാ എല്ലാവരും ശ്രമിക്കുന്നത്.'

ലൂസി കൊച്ചിനെ കുളിപ്പിക്കുമെങ്കിലും ചിലപ്പോൾ താൻ കുളിപ്പിക്കാമെന്നു പറഞ്ഞ് ചേടത്തി നിർബന്ധിക്കും. നാടൻ രീതിയിലുള്ള കുളിപ്പീരും തുടപ്പീരും ലൂസിക്ക് അത്ര ഇഷ്ടമല്ല. അമ്മച്ചി കൊച്ചിനെ എടുക്കുന്നതുതന്നെ അവൾക്ക് ഇഷ്ടപ്പെടാ റില്ല.

അമ്മച്ചി അടുക്കളയിലെ പണികളൊക്കെ നോക്കിയാൽ മതി. കൊച്ചിന്റെ കാര്യമെല്ലാം ഞാൻ നോക്കിക്കൊള്ളാം.'

ഒരിക്കൽ അന്നാമ്മച്ചേടത്തി കുഞ്ഞിനെ എടുത്തു താലോ ലിക്കാൻ തുടങ്ങിയപ്പോൾ ലൂസി പറഞ്ഞു. അതുകേട്ടപ്പോൾ അന്നാമ്മച്ചേടത്തി കുഞ്ഞിനെ തിരികെ കിടത്തി. ലൂസിയുടെ വാക്കുകൾ ആ അമ്മച്ചിയുടെ മനസ്സിൽ തറഞ്ഞുകൊണ്ടു. 'അ പ്പോൾ ഞാനെന്നാ നിങ്ങടെ വേലക്കാരിയാണോ?' എന്നു ചോദി ക്കണമെന്നു മനസ്സിൽ തോന്നി. എങ്കിലും വിഷമത്തോടെ വികാരം നിയന്ത്രിച്ചു.

ലൂസി ആശുപത്രിയിൽ ആയതു മുതൽ അടുക്കളയിലെ സകലപണികളും അന്നാമ്മച്ചേടത്തി സന്തോഷത്തോടെ ചെയ് തിരുന്നു. അലക്സിനും ലൂസിക്കും ജോമോനും മാത്രമല്ല, വീട്ടിൽ ആരുവന്നാലും അവർക്കെല്ലാം ഭക്ഷണം തയ്യാറാക്കി വിളമ്പി ക്കൊടുക്കുകയും പാത്രങ്ങൾ കഴുകി വെയ്ക്കുകയും ചെയ്തി രുന്നു. വീട്ടിൽ വരുന്നവർക്കെല്ലാം എന്തെങ്കിലും കഴിക്കാൻ കൊ ടുക്കണമെന്ന് അവർക്ക് നിർബന്ധമായിരുന്നു.

എന്നാൽ അലക്സ് പറയും: 'ഇവിടെ അതിന്റെ ആവ ശ്യമില്ലമ്മച്ചീ. എല്ലാരും കാറിലാ വരുന്നത്. മിക്കവർക്കും ഡയ റ്റാ. ആവശ്യക്കാർ ഭക്ഷണം ചോദിക്കും. വേണ്ടെന്ന് പറയുന്ന വരെ നാട്ടിലേപ്പോലെ നിർബന്ധിച്ചു പിടിച്ചുനിർത്തി കാലാക്കി ക്കൊടുക്കേണ്ട.'

കൊച്ചിനു പൊന്നും വയമ്പും ദഹിക്കുകേലെന്നു പറ ഞ്ഞതുപോലെ ഇത്തരം ഉപദേശങ്ങൾ ദഹിക്കുവാൻ അന്നാമ്മ ച്ചേടത്തിയ്ക്കും ബുദ്ധിമുട്ടായിരുന്നു. അമേരിക്കയിലെത്തിയ മക്ക ളുടെയും മരുമക്കളുടെയും കൊച്ചുമക്കളുടെയും ഉപദേശവും നിർദ്ദേശങ്ങളും കേട്ടാൽ താൻ ഒരു പഴമക്കാരിയോ, ഒന്നും അറിയില്ലാത്തവളോ ആണന്ന് തോന്നും. പണ്ട് താൻ അവരെ ഗുണദോഷിച്ചിരുന്നെങ്കിൽ ഇന്നു റോൾ തിരിഞ്ഞു വന്നിരിക്കുന്നു.

ഒരു ദിവസം ആരും പറയാതെതന്നെ മുറിയ്ക്കകത്തുള്ള

ചെടികൾക്കെല്ലാം അന്നാമ്മച്ചേടത്തി വെള്ളമൊഴിച്ചു. ആവശ്യത്തിന് വെയിലോ മഴയോ ലഭിക്കാതെ വേരുകൾക്ക് പടരാൻ സ്വാതന്ത്ര്യം ലഭിക്കാതെ പൂച്ചെടികൾ തന്നെപ്പോലെ അടച്ചുപൂട്ടിയ മുറയിൽ വീർപ്പുമുട്ടി കഴിയുന്നു. ചേടത്തിയ്ക്ക് ആ ചെടികളോട് സഹതാപം തോന്നി.

ചെടികൾക്കു വെള്ളം ഒഴിക്കുന്നകൂടെ അവിടുണ്ടായിരുന്ന രണ്ട് പ്ലാസ്റ്റിക് ചെടികൾക്കും ചേടത്തി വെള്ളമൊഴിച്ചു.

അതുകണ്ട ലൂസി പരിഹാസമായി പറഞ്ഞു: 'തങ്കമ്മചേച്ചി പറയുന്നതു നേരാ; ചില നേരം ഈ അമ്മച്ചിക്കൊരു വിവരോമില്ല. പ്ലാസ്റ്റിക് ചെടികൾക്ക് എന്തിനാണമ്മേ വെള്ളം?'

ലൂസിയുടെ ബഹുമാനമില്ലാത്ത സംസാരം കേൾക്കുമ്പോൾ തങ്കമ്മേക്കാൾ കേമിയാ ഇവളെന്ന് ചേടത്തിക്ക് തോന്നും.

'എന്റെ മോളെ, ഞാനറിഞ്ഞോ ഇവിടെ പ്ലാസ്റ്റിക് ചെടിയുണ്ടെന്ന്. ഇവ യഥാർത്ഥ ചെടി പോലാണല്ലോ ഇരിക്കുന്നത്. വെറുതെയല്ല സിസ്റ്റേഴ്സിനും ഫോറിൻ പൂവിനോട് പ്രിയമുണ്ടായത്.'

# മലയാളം കുർബാനയും പത്രകുടിശിഖയും

ഒരു ഞായറാഴ്ച അലക്സ് അന്നാമ്മച്ചേടത്തിയെയും കൂട്ടി മലയാളം കുർബാനയ്ക്ക് പോയി. മലയാളം കുർബാന പല ഞായറാഴ്ചകളിലും ഉണ്ടെങ്കിലും അന്നാദ്യമായാണ് അലക്സ് അമ്മച്ചിയേയും കൂട്ടി ആ കുർബാനയ്ക്കു പോകുന്നത്.

ജോലി കാരണം പല ഞായറാഴ്ചകളിലും അവർക്ക് പള്ളിയിൽ പോകാൻതന്നെ പറ്റുന്നില്ല. ജോലിയോ ഒത്തുകിട്ടുന്ന ഓവർടൈമോ ഉപേക്ഷിച്ച് കുർബാനയ്ക്കു പോകാനൊക്കുമോന്നാണ് അവരുടെ ചോദ്യം.

മലയാളം കുർബാന നടക്കുന്ന പള്ളി അലക്സിന്റെ അപ്പാർട്ട്മെന്റിൽനിന്ന് കുറേ അകലെയാണ്. കാറിൽ അരമണിക്കൂറോളം യാത്ര ചെയ്ത് അവിടെ ചെന്നപ്പോൾ നാട്ടിൽ ഒരു തിരുന്നാളിനു കൂടുന്ന ആളുണ്ട്. സമപ്രായക്കാർ ധാരാളം; എല്ലാവരും മലയാളം സംസാരിക്കുന്നു. നാട്ടിൽ ചെന്ന പ്രതീതിയായി ചേടത്തിയ്ക്ക്. അവർ പലരുമായി, പ്രത്യേകിച്ച് സമപ്രായക്കാരുമായി പരിചയപ്പെട്ടു.

ഇത്രയധികം മലയാളികൾ എങ്ങനെ ഇവിടെ വന്നെന്ന് ചേടത്തിക്ക് അതിശയം. അതു പ്രകടിപ്പിച്ചപ്പോൾ വിവരമുള്ള ഒരാൾ പറഞ്ഞു: 'ഇത് ഇവിടെ വന്നിട്ടുള്ള മലയാളികളിൽ ഒരു ചെറിയ ഭാഗമേ ആകുന്നുള്ളൂ. പണ്ടൊക്കെ വിദ്യാഭ്യാസവും കഴിവുമുള്ളവരാ വന്നിരുന്നത്. ഇപ്പോൾ അമേരിക്കയിലുള്ളവന്റെ കുടുംബക്കാരെല്ലാം, വിവരമുള്ളവനും ഇല്ലാത്തവനും, വിസാ കിട്ടി ഇങ്ങുപോരുകാ. എന്തുവേണ്ടി, നാട്ടിലെ തെരുവുപോലായിക്കൊണ്ടിരിക്കുകാ ഇവിടേം.'

അപ്പോൾ ഒരു മധ്യവയസ്കൻ കൂട്ടിച്ചേർത്തു: 'നേരാ, ഞങ്ങളൊക്കെ വന്ന കാലത്ത് ഇന്ത്യക്കാരെന്നോ കേരളീയരെന്നോ പറഞ്ഞാൽ ഇവിടുത്തുകാർക്കു മതിപ്പുണ്ടായിരുന്നു. തലയുള്ളവരാ അന്നു വന്നിരുന്നത്.'

ആ വൃത്തത്തിൽ നിന്ന ഒരു സ്ത്രീ പറഞ്ഞു. 'നമ്മളെക്കുറിച്ച് ഇവിടത്തുകാർക്ക് ഇപ്പോൾ ആകെയുള്ള മതിപ്പ് നമ്മൾ പണം ധൂർത്തടിക്കുകേലെന്നുള്ളതാ. ഇവിടത്തുകാരിൽ മിക്കവരും റിട്ടയർ ചെയ്ത് വാടക വീട്ടിലാ താമസം. വലിയ ശമ്പളക്കാരനും ദാരിദ്ര്യത്തിലേ അവസാനിക്കൂ. നമ്മുടെ ആൾക്കാർ എന്തു താഴ്ന്ന ശമ്പളത്തിലായാലും എങ്ങനേം ഒരു വീടുവാങ്ങാൻ നോക്കും. അതിൽ ഇവിടുത്തുകാർക്ക് കുറേ അസൂയ തന്നെ ഉണ്ടെന്നു പറയാം.'

കുമ്പസാരിക്കാൻ താല്പര്യമുള്ളവർക്ക് അതിനിപ്പോൾ സൗകര്യമുണ്ടെന്ന് സംഘടനയുടെ ഭാരവാഹിയായ ജോസ് വിളിച്ചു പറഞ്ഞു. അന്നാമ്മച്ചേടത്തി ഉടനെ അതിനായി ഹാളിൽ കയറി. അവിടെ പാന്റും ഷർട്ടുമിട്ട് രണ്ടുപേർ കസേരകളിലിരുന്ന് കുശലം പറയുന്നതല്ലാതെ അച്ചനെ കണ്ടില്ല.

അപ്പോൾ അന്നാമ്മച്ചേടത്തി ജോസിന്റെ അടുത്തുവന്നു ചോദിച്ചു: 'കുമ്പസാരിക്കാൻ വരാൻ പറഞ്ഞിട്ട് അച്ചനെവിടെ?'

ഹാളിൽ കസേരയിലിരിക്കുന്നവരെ ചൂണ്ടി ജോസ് പറഞ്ഞു. 'ആ കറുത്ത വേഷമണിഞ്ഞ ആളാ അച്ചൻ. ഇപ്പോൾ ഒരാളവിടെ കുമ്പസാരിച്ചോണ്ടിരിക്കുവാ. അതു കഴിയുമ്പം അമ്മച്ചി കുമ്പസാരിച്ചോ.'

'അപ്പോ ഇവിടെ വന്ന മലയാളി അച്ചനു കമ്പസാരിപ്പിക്കുമ്പോഴും ളോഹയില്ലേ?'

'അങ്ങേരിട്ടിരിക്കുന്ന കറുത്ത പാന്റും വെള്ള കോളർ വച്ച കറുത്ത ഷർട്ടുമാ ഇവിടുത്തെ അച്ചന്മാരുടെ യൂണിഫോം. ഇവിടെയും പണ്ടു ളോഹ ഉണ്ടായിരുന്നു. തണുപ്പുള്ള രാജ്യമാണെങ്കിലും ഇപ്പോൾ കർദ്ദിനാളന്മാർ പോലും ഇവിടെ ളോഹ ഉപയോഗിക്കാറില്ല.'

കുമ്പസാരിക്കാൻ ചെന്നപ്പോൾ അടുത്ത കസേരയിൽ ഇരിക്കുവാൻ അച്ചൻ കൈ കാണിച്ചെങ്കിലും ചേടത്തി ഭക്തിപൂർവ്വം നിലത്തു മുട്ടുകുത്തി കുമ്പസാരിച്ചു.

വളരെനാൾ കൂടി കുമ്പസാരിക്കുവാനും മലയാളം കുർബാനയിൽ പങ്കെടുക്കുവാനും സാധിച്ചതിനാൽ ചേടത്തിക്ക് സന്തോഷമായി.

കുർബാന അവസാനിച്ചപ്പോൾ ജോസ് സംഘടനയുടെ ചില പരിപാടികൾ വിശദീകരിക്കുകയും അതിനിടയിൽ തരപ്പെടുമ്പോഴെല്ലാം എതിർസംഘടനക്കാരെ കുത്തിപ്പറയുകയും ചെയ്തു. കുർബാനയ്ക്ക് വരുന്നവർ അഞ്ചും പത്തും ഡോളർ വീതമെങ്കിലും സ്ത്രോത്രക്കാഴ്ചയിടാതെ സംഘടനയുടെ പരിപാടികൾ തുടർന്നു നടത്തുക ബുദ്ധിമുട്ടാണെന്ന് അവൻ ഊന്നിപ്പറഞ്ഞപ്പോൾ അന്നാമ്മച്ചേടത്തിയ്ക്കും ചിരിവന്നു.

'അയ്യോടാ... ഒരു ഡോളർ വീതം നേർച്ചയിടുന്നവനാ ഗുണദോഷിക്കുന്നേ!' അവർ മനസ്സിൽ പറഞ്ഞു.

കുർബാന കഴിഞ്ഞപ്പോൾ മലയാളി അച്ചൻ മാറിമാറി നടന്ന് മിക്ക ആളുകളുമായി സംസാരിച്ചു. അച്ചൻ താൻ നിൽക്കുന്നിടത്തേക്ക് വരുന്നതുവരെ നോക്കി നിൽക്കാതെ അന്നാമ്മച്ചേടത്തി അച്ചന്റെ അടുത്തുചെന്ന് സ്തുതി ചൊല്ലി പരിചയപ്പെട്ടു. അച്ചന്റെ നാടും വീടും അമേരിക്കയിൽ വന്ന ചരിത്രവും തിരികെ പോകാൻ പ്ലാനുണ്ടോന്നും ചേടത്തി സ്വത സിദ്ധമായ ശൈലിയിൽ കിള്ളി ചോദിച്ചു. അച്ചൻ വളരെ സൂക്ഷിച്ച് മറുപടി പറഞ്ഞു.

അച്ചനും 'അമ്മച്ചീ'ന്നു വിളിച്ചപ്പോൾ ചേടത്തിയ്ക്ക് സന്തോഷമായി. തന്നെ കണ്ട മാത്രയിൽ അമ്മയോടെന്നപോലെ സ്നേഹം കാണിച്ച അച്ചനെ ചേടത്തിയ്ക്ക് ഇഷ്ടമായി.

ചേടത്തി പറഞ്ഞു: 'അച്ചൻ ജോസിന്റേം അലക്സിന്റേം വീട്ടിൽ വല്ലപ്പോഴും വരണം കേട്ടോ.'

'അതിനെന്താ വരാമല്ലോ' അച്ചൻ മറുപടി പറഞ്ഞു. 'എന്റെ കുടുംബക്കാരാരും ഇവിടില്ല. അതുകൊണ്ട് നിങ്ങളൊക്കെയാ എന്റെ സ്വന്തക്കാർ. അല്പം മലയാളം പറയാനും നാടൻ ഭക്ഷണം കഴിക്കാനും മലയാളി സുഹൃത്തുക്കളുടെ വീടാണ് എന്റെ ആശ്രയം.'

അത്രയും കേട്ടപ്പോൾ അച്ചനെ താൻ ക്ഷണിക്കേണ്ടായിരുന്നുവെന്ന് തോന്നി ചേടത്തിയ്ക്ക്. കാരണം നാട്ടിലേപ്പോലുള്ള സ്വാതന്ത്ര്യം തനിക്കിന്ന് ഇവിടെ ഇല്ലല്ലോ. മക്കളോടു ചോദിക്കാതെ അച്ചനെ വിളിച്ചുവരുത്തിയാൽ അവർക്കോ അവരുടെ ഭാര്യമാർക്കോ ഇഷ്ടപ്പെട്ടില്ലെങ്കിലോ.



കുർബ്ബാന കഴിഞ്ഞു. ചേടത്തി ആൾക്കാരെ ഓടി നടന്നു പരിചയപ്പെടുന്നതിനിടയിൽ നാട്ടിൽ ഹൈസ്കൂൾ അധ്യാപക നായിരുന്ന ബേബി സാറിനെ പരിചയപ്പെട്ടു. നാട്ടിൽ വച്ച് ജോസിനെയും അലക്സിനെയും താൻ പഠിപ്പിച്ചിട്ടുണ്ടെന്നു സാറു പറഞ്ഞപ്പോഴാണ് ചേടത്തിയ്ക്ക് സാറിനെ ഓർമ്മ വന്നത്.

അപ്പാർട്ടുമെന്റിൽ മടങ്ങിവന്നപ്പോൾ അന്നാമ്മച്ചേടത്തി അലക്സിനോട് ആ സാറിനെക്കുറിച്ച് ചോദിച്ചു: 'എന്റമ്മച്ചീ നാട്ടിൽ വച്ച്, ഞങ്ങൾ വിവാഹിതരായശേഷം പോലും, ഞങ്ങൾക്കെന്തു പേടീം ബഹുമാനവുമായിരുന്നു അയാളെ. ഇപ്പോൾ സാറിന്റെ ഗമയൊക്കെ പോയി. കാരണം ഇവിടെ ആരേലും അയാളെ ബഹുമാനിക്കുമോ? കക്ഷിക്ക് ഇവിടെ വന്നിട്ടു ജോലി കിട്ടാൻ തന്നെ വിഷമമായിരുന്നു. നാട്ടിലെ പിള്ളേരുടെ അടുത്തിറക്കുന്ന മുറി ഇംഗ്ലീഷുവെല്ലോം ഇവിടെ ചെലവാകുമോ! അവസാനം ഒരാശുപത്രീൽ ജോലി കിട്ടി.'

'സാറുമ്മാര് ആശുപത്രീൽ ആരെ പഠിപ്പിക്കുവാടാ?' അന്നാമ്മച്ചേടത്തിക്ക് സംശയമായി.

'പഠിപ്പിക്കുകല്ല, ആധുനിക മെഷീനുപയോഗിച്ചുള്ള ക്ലീനിംഗാണ്. വലിയ ശമ്പളമൊന്നുമില്ല. എങ്കിലും നാട്ടിലെ അദ്ധ്യാപകന്റെ വരുമാനം വച്ചുനോക്കുമ്പോൾ ഇതു വൻ തുകയാ.'

'എടാ എനിക്കിവിടെ വല്ല പണീം ചെയ്ത് പത്തു ഡോളറുണ്ടാക്കാൻ പറ്റുമോ?'ചേടത്തി ആകാംക്ഷയോടെ ചോദിച്ചു.

'അമ്മച്ചി കുറേക്കാലം കൂടി ഇവിടെ നിന്നാൽ വെൽഫയർ ഫണ്ടിൽ നിന്നു മിനിമം പെൻഷൻ വാങ്ങിക്കാൻ പറ്റിയേക്കും. ഭാഷ അറിയാതെങ്ങനാ ഇവിടെ ജോലി ചെയ്യുന്നത്.'

എങ്കിലും അന്നാമ്മച്ചേടത്തിയ്ക്ക് ചില ചില്ലറ ജോലികൾ കിട്ടിക്കൊണ്ടിരുന്നു. അടുത്തുള്ള മലയാളി ദമ്പതികൾ പുറത്തു പോകുമ്പോൾ അവർ തങ്ങളുടെ കുട്ടികളെ ചേടത്തിയുടെ അടുത്താക്കിയിട്ടു പോകും. പ്രതിഫലമൊന്നും കൊടുക്കാതെ ചേടത്തിയെക്കൊണ്ട് ബേബിസിറ്റിഗ് നടത്താമല്ലോ എന്നാണ് അവർ ചിന്തിച്ചത്. കുട്ടികളെ നോക്കുന്നതും അവരുടെ ലീലാവിലാസങ്ങളും ചേടത്തി ഇഷ്ടപ്പെട്ടിരുന്നു. താൻ കുട്ടികളെ നോക്കുന്നത് തന്റെ മക്കൾക്കു പിടിക്കുന്നില്ലെങ്കിലും നാട്ടുകാർക്ക് സ്വീകാര്യമാണല്ലോയെന്ന് ചേടത്തി സമാധാനിച്ചു.

എന്നാൽ അലക്സിനും ലൂസിക്കും അതത്ര ഇഷ്ടമല്ല. കുട്ടികൾ തങ്ങളുടെ മുറികൾ മോശമാക്കുകയും അവിടെ വാങ്ങി വച്ചിട്ടുള്ള ഭക്ഷണസാധനങ്ങൾ തിന്നുതീർക്കുകയും ചെയ്യുന്നുവെന്നാണ് അവരുടെ പരാതി.

അന്നാമ്മച്ചേടത്തി അമേരിക്കയിൽ വന്നശേഷം കുട്ടപ്പാ

യിയുടെയും പെൺമക്കളുടെയും അനുജത്തി സിസ്റ്ററിന്റെയും പല കത്തുകൾ വന്നു. ചേടത്തി അങ്ങോട്ട് എല്ലാവർക്കും ഓരോ എഴുത്ത് അയച്ചതല്ലാതെ പിന്നെ എഴുതീട്ടില്ലെന്ന പരാതിയാണ് അവർക്ക്. ഏറോഗ്രാം പോസ്റ്റോഫീസിൽ നിന്ന് മക്കൾ വാങ്ങിക്കൊടുക്കാതെ അമ്മച്ചി എങ്ങനെ എഴുതും?

ജന്മദിനം, ആദ്യകുർബാന സ്വീകരണം തുടങ്ങിയ വിശേഷദിവസങ്ങൾ നാട്ടിൽ നിന്നു സ്വന്തക്കാർ എഴുതി അറിയിക്കുമ്പോൾ ചേടത്തി ജോസിനോടും അലക്സിനോടും പറയും, അവർക്ക് എന്തെങ്കിലും സമ്മാനമായി അയച്ചുകൊടുക്കുവാൻ. പക്ഷേ എന്തോ അവർക്ക് അതിനൊന്നും താല്പര്യമില്ല.

ഒരു ദിവസം നാട്ടിൽ നിന്നുവന്ന അപ്നാദേശ് ദ്വൈവാരികയിൽ നിന്ന് കത്തുപോലൊരു കുറിപ്പുകിട്ടി. ലൂസി അതു വായിച്ചശേഷം അലക്സിന്റെ കയ്യിൽ കൊടുത്തു. അവൻ അത് ഓടിച്ച് നോക്കീട്ടു ചവറ്റു കുട്ടയിൽ കളഞ്ഞു.

അതുകണ്ട ചേടത്തി ചോദിച്ചു. 'അതെന്തോന്നാ അപ്നാദേശിനകത്തൂന്നു കിട്ടിയ തുണ്ടു കടലാസ്സ്?'

ലൂസിയാണതിനു മറുപടി പറഞ്ഞത്: 'അത് അപ്നാദേശ് ചീഫ് എഡിറ്ററുടെ കത്താ. വരിസംഖ്യ അയച്ചുകൊടുക്കണം; കുടിശിഖ ഉണ്ടെന്ന്.'

'എത്രയുണ്ട്?'

'200 രൂപ കുടിശിഖ; കൂടാതെ 200 ഇക്കൊല്ലത്തേക്ക്.'

'അതു പിന്നെ അയച്ചുകൊടുക്കണ്ടേ. കാണാമ്മേലെ അഞ്ചുരൂപ വീതമാകുന്നില്ലേ സ്റ്റാമ്പിന്.'

അപ്പോൾ അലക്സ് പറഞ്ഞു: 'അമ്മച്ചീ, എല്ലാക്കൊല്ലോം അവരിങ്ങനെ എഴുതുന്നതാ.'

'പണം അയയ്ക്കാണ്ടിരുന്നാ അവരു പത്രം അയയ്ക്കലും നിർത്തുകേലേ?'

അമ്മച്ചിക്ക് മക്കളുടെ സമീപനം പിടികിട്ടുന്നില്ല. അമേരിക്കയിൽ വന്നശേഷമാണ് അന്നാമ്മച്ചേടത്തി അപ്നാദേശ് കാണുന്നതെങ്കിലും ഇപ്പോൾ അവർ അതിന്റെ ഒരു സ്ഥിരം വായനക്കാരിയാണ്. നാട്ടിലെ വാർത്തകൾക്കു പുറമെ ആരൊക്കെ മരിച്ചു, വിവാഹിതരായി, പള്ളികളിൽ എന്തൊക്കെ നടക്കുന്നു എന്നൊക്കെ അറിയാമല്ലോ!

'അവർ അങ്ങനേങ്ങും പത്രം അയയ്ക്കൽ നിർത്തുകേലമ്മച്ചീ.' അലക്സ് വിശദീകരിച്ചു. 'അതു നിർത്തിയാൽ പിന്നെ കുടിശിക കിട്ടുമോ. ഒടുക്കം നിർത്തുമ്പോൾ ഇവിടെ വേറാരുടെയെങ്കിലും പേരിൽ പുതുതായി വരിക്കാരാകാം. ഇതുപോലെ ഇന്ത്യാക്കാര് അമേരിക്കയിൽ പ്രസിദ്ധീകരിക്കുന്ന എത്ര പത്രം

പണം മുടക്കാതെ ഞങ്ങൾക്ക് കിട്ടുന്നുണ്ടേന്നോ.'

അപ്പോൾ ലൂസി ഒന്നുകൂടി വ്യക്തമാക്കി. 'ആദ്യം എന്റെ പേരിലാ പത്രം വരുത്തിയത്. അതിനു കുടിശിക ഒരുപാടായപ്പോൾ അവരു പത്രം അയയ്ക്കൽ നിർത്തി. ഇപ്പോൾ അലക്സിന്റെ പേരിലാ അതു വരുന്നത്. ഇനി നിർത്തുമ്പോൾ അമ്മച്ചീടെ പേരിലോ ജോമോന്റെ പേരിലോ പുതിയ വരിക്കാരാകണം.'

'എന്റെ പേരിൽ വേണ്ട' അന്നാമ്മച്ചേടത്തി തീർത്തു പറഞ്ഞു. 'എനിക്കതിന്റെ ഉത്തരിപ്പുകടമൊന്നും ഏക്കാൻ പറ്റില്ല.'

'ഇക്കാലത്താ ഉത്തരിപ്പുകടം! എക്സ്സെമിനേരിയനായ അലക്സ് ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഇപ്പോഴത്തെ അച്ചന്മാരു പോലും ആ വാക്കു കേട്ടിട്ടുണ്ടാവില്ല.'

# വിളിയാച്ചാത്തവും വരുമാന വിനാശവും

ലൂസി പ്രസവിച്ച ശേഷമുള്ള മൂന്നാമത്തെ വാരാന്ത്യത്തിൽ അലക്സിന്റെ ഒരു മലയാളി സുഹൃത്ത് അയാളുടെ മകന്റെ ജന്മദിനാഘോഷത്തിന് അലക്സിനെയും കുടുംബത്തെയും ക്ഷണിച്ചു. ആ വാരാന്ത്യത്തിൽത്തന്നെ ലൂസിയുടെ സ്വന്തത്തിൽപ്പെട്ട കുറേപ്പേർ ന്യൂയോർക്കിൽനിന്ന് അതിഥികളായി വന്നിരുന്നു.

ശനിയാഴ്ച വൈകുന്നേരം ജന്മദിനാഘോഷത്തിന് പോകുന്നതിന് ഒരുങ്ങുവാൻ വീട്ടിലുള്ള എല്ലാവരോടും അലക്സ് നിർദ്ദേശിച്ചപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് അതിശയമായി. മറ്റാരും കേൾക്കാതെ അലക്സിനെ മാറ്റിനിർത്തി ചേടത്തി ചോദിച്ചു: 'എടാ, നിന്റെ കൂട്ടുകാരൻ പാർട്ടിക്ക് നിന്നേം ലൂസിയേയുമല്ലേ വിളിച്ചുള്ളൂ. അതിന് നീ ഒരാൾ പോയാൽപ്പോരേ. എല്ലാവരും കൂടെ അങ്ങോട്ടുപോകാൻ നാണമില്ലേ. തന്നേമല്ല, അവൾ എങ്ങനാ പ്രസവിച്ച ഉടനെ മറ്റുവീടുകളിൽ പോകുന്നേ?'

'അമ്മച്ചീ, ഇവിടെ പ്രസവിച്ച സ്ത്രീകൾ മൂന്നുമാസം വരെയൊന്നും വീട്ടിൽ ഒതുങ്ങിക്കഴിയുകേലാ. അവൾക്കു പുറത്തിറങ്ങിയാലെന്താ കുഴപ്പം? നേരം കളയാതെ അമ്മച്ചി പോയി ഒരുങ്ങ്.'

'എന്താ ഞാൻ ഒരുങ്ങാനോ? അതിനെന്നെ കിട്ടില്ല.'

അലക്സിന് അതിശയമായി: 'അതെന്തുപറ്റി?'

'വിളിയാച്ചാത്തമുണ്ണാനൊന്നും ഞാൻ പോകില്ല. എന്നെ

യുണ്ടോ അവരു വിളിച്ചോള്ളൂ?'

'ഓ... ഈ അമ്മച്ചിയേകൊണ്ടു തോറ്റു! ഇവിടെ നാട്ടിലെപ്പോലെ ആരും വിളിക്കില്ല. പാർട്ടി നടത്തുന്നവർ ക്ഷണിക്കാനുള്ള വീടുകളിലേക്ക് ഫോൺ വിളിച്ച് ഫോണെടുക്കുന്ന ആളിനോടു കാര്യം പറയും. ആ വീട്ടിലുള്ള എല്ലാവരും പാർട്ടിക്ക് പോകും. അല്ലാതെ ആളാംപ്രതി വിളിക്കില്ല; അതിനാർക്കും നേരോമില്ല.'

ഒഴികഴിവെന്ന നിലയിൽ അന്നാമ്മച്ചേടത്തി പറഞ്ഞു: 'മോനേ, വിരുന്നുകാരെ തനിയെ ആക്കിയിട്ട് നമ്മളെല്ലാം വിരുന്നിനു പോയാൽ മോശമല്ലേ. ഞാൻ അവർക്കു വല്ല ഭക്ഷണോം വെച്ചുവിളമ്പി ഇവിടെ നിന്നോളാം.'

'അമ്മച്ചി എന്താ ഈ പറയുന്നേ? അവരും നമ്മുടെ കൂടെ പാർട്ടിക്ക് പോരുവാ.'

അതിശയത്തോടെ അന്നാമ്മച്ചേടത്തി ചോദിച്ചു: 'അതിന് അവരെ ആരെങ്കിലും അങ്ങോട്ടു ക്ഷണിച്ചോ?'

'ഞാൻ പറഞ്ഞില്ലേ, ഇവിടെ ആരേം പ്രത്യേകമൊന്നും ക്ഷണിക്കില്ല; വീട്ടിൽ അതിഥികളെന്നല്ല, ആരെല്ലാമുണ്ടോ അവരെല്ലാം അങ്ങുപോകും.'

ഈ പുതിയ ലോകത്തിൽ തന്റെ ന്യായം, വിലപ്പോവില്ലെന്നു കണ്ടപ്പോൾ അന്നാമ്മച്ചേടത്തി മനസ്സില്ലാമനസ്സോടെ ജന്മദിനാഘോഷത്തിന് പോയി. അവിടെ ചെന്നപ്പോൾ ക്ഷണിക്കപ്പെട്ട വീടുകളിലെല്ലാവരും വീടുപൂട്ടി വന്നിട്ടുണ്ടെന്നു മനസ്സിലായപ്പോൾ അലക്സ് പറഞ്ഞതു നേരാണെന്ന് ചേടത്തിയ്ക്ക് ബോദ്ധ്യമായി.

ജന്മദിനാഘോഷത്തിൽ പങ്കെടുക്കുവാൻ വന്ന മലയാളി സ്ത്രീകളെ ചേടത്തി ശ്രദ്ധിച്ചു. അടുത്ത കാലത്തു വിവാഹിതരായ വനിതകൾ പോലും ആഭരണങ്ങൾ പേരിനു മാത്രമേ അണിഞ്ഞിട്ടുള്ളൂ. അവിടെ വച്ചു പരിചയപ്പെട്ട ഒരു നവവധുവിനോട് ചേടത്തി ചോദിച്ചു: 'ഇതെന്ത് പറ്റിമോളേ, നിന്റെ പൊന്നെല്ലാം ഇത്ര പെട്ടെന്ന് ഭർത്താവ് വിറ്റോ?'

അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു. 'വിറ്റതല്ലമ്മച്ചീ; സുരക്ഷിതത്വത്തിനുവേണ്ടി ബാങ്കിലെ ലോക്കറിൽ പൂട്ടിവച്ചിരിക്കുവാ. അധികം ആഭരണമൊന്നും അണിഞ്ഞോണ്ടു നടക്കാൻ ഇവിടാരും ധൈര്യപ്പെടില്ല. അമേരിക്കേൽ ഒരുപാടാഭരണം ഫാഷനുമല്ല.'

ചേടത്തി പറഞ്ഞു: 'ബാങ്കിൽ പൂട്ടിവയ്ക്കാനാണോ കല്യാണമടുക്കുമ്പം കാരണവന്മാർ ഓടിനടന്ന് ഉള്ളതെല്ലാം വിറ്റും കടം വാങ്ങിയും ഒരുപാട് ആഭരണമുണ്ടാക്കുന്നത്? എന്നാൽപ്പിന്നെ കല്യാണത്തിന് ആഭരണം കുറേ കുറച്ചുകൂടെ?'

അവൾ പ്രതികരിച്ചു: 'എന്റമ്മച്ചീ, ഇതൊക്കെ ആരോട് പറയാൻ!'

ജന്മദിനാഘോഷം കഴിഞ്ഞു തിരികെ വന്നപ്പോൾ അന്നാമ്മച്ചേടത്തി അലക്സിനോടു പറഞ്ഞു: 'എന്റെ മോനേ, കളിപ്പാട്ടങ്ങളും തുണീം പണ്ടോമായി എന്തുമാത്രം സമ്മാനമാ അവിടെ പാർട്ടിക്ക് വന്നവരെല്ലാം കൊണ്ടുവന്നു കൊടുത്തത്! വിരുന്നിന് അവർ ചിലവാക്കിയതിനേക്കാൾ കൂടുതൽ അവർക്ക് കിട്ടീട്ടുണ്ട്. ഒന്നുരണ്ടു കൊല്ലത്തേക്ക് ആ കൊച്ചിന് ഇനി ഒന്നും വാങ്ങേണ്ടിവരില്ലല്ലോ!'

'നേരാണമ്മച്ചീ,' അമ്മച്ചിയോടു യോജിച്ചുകൊണ്ട് അലക്സ് പറഞ്ഞു. 'ഇവിടെ പാർട്ടി നടത്തിയാൽ ലാഭമാ. അതുകൊണ്ട് ജോസുചേട്ടൻ മകൾ ടിനീടെ വിവാഹം നടത്തുമ്പോ ചെറുക്കൻ നാട്ടീന്നുള്ളതാണേലും വിവാഹാഘോഷം ഇവിടെ വച്ചുതന്നെ നടത്തൂന്നാ പറയുന്നത്. കാരണം നാട്ടിൽ സദ്യയ്ക്ക് വരുന്നവർ തിന്നേച്ചങ്ങ് പോകുകയല്ലേയുള്ളൂ.'

അതു ശരിയാണെന്ന് അന്നാമ്മച്ചേടത്തിയ്ക്കും തോന്നി. പ്രസവം കഴിഞ്ഞ് ആറാഴ്ചയായപ്പോൾ ലൂസി ജോലിക്ക് പോയിത്തുടങ്ങി. അന്നാമ്മച്ചേടത്തി ആദ്യം അതിന് എതിരു പറഞ്ഞു. ചുരുങ്ങിയത് മൂന്നു മാസമെങ്കിലും ജോലിക്ക് പോകാതെ വിശ്രമിക്കുകയും ദേഹരക്ഷ ചെയ്യുകയും വേണമെന്നായിരുന്നു അവരുടെ ഉപദേശം. പക്ഷേ ആരതു ചെവിക്കൊള്ളാൻ!

അമേരിക്കയിൽ പ്രസവകാലാവധി ആറാഴ്ചത്തേക്കേ കിട്ടുകയുള്ളത്രേ. അതിൽ കൂടുതൽ വിശ്രമം ആവശ്യമില്ലെന്നാണ് അമേരിക്കക്കാരുടെ കണക്കുകൂട്ടൽ! ലൂസി ജോലിക്കു പോയിത്തുടങ്ങിയതോടെ അന്നാമ്മച്ചേടത്തിയുടെ ജോലി വർദ്ധിച്ചു. അടുക്കളപ്പണിക്ക് പുറമെ രണ്ട് കുട്ടികളുടെ കാര്യമന്വേഷിക്കണം. എങ്കിലും സന്തോഷത്തോടെ അവർ അവയെല്ലാം ചെയ്തിരുന്നു.

ഒരു ദിവസം നാട്ടിൽ നിന്നുവന്ന ഒരു കത്ത് ഇടവക വികാരിയുടേതാണെന്ന് അലക്സ് പറഞ്ഞപ്പോഴേ അന്നാമ്മച്ചേടത്തി പറഞ്ഞു: 'ഞാനിവിടെ എന്നേ പറേന്നതാ ആ കല്ലറേടെ കാര്യം. അതിനു പണം ചെല്ലാഞ്ഞായിരിക്കും.'

കല്ലറ പണി തൽക്കാലം വേണ്ടെന്ന് വച്ചെന്നും ഒരു കൊടുങ്കാറ്റിൽപ്പെട്ട് പള്ളിവക സ്കൂളിന്റെ ഷെഡ് തകർന്നതിനാൽ അത് അടിയന്തിരമായി പുനരുദ്ധരിക്കുകയാണെന്നും അതിന് അത്യാവശ്യമായി സാമ്പത്തികസഹായം ചെയ്യണമെന്നുമാണ് കത്തിലെ സാരം. തകർന്ന കെട്ടിടത്തിന്റെ ഒരു ഫോട്ടോയും കത്തിന്റെ കൂടെ അയച്ചിരുന്നു.

അന്നത്തെ തപാലിൽ കുട്ടപ്പായിയുടെ ഒരു കത്തും ലഭി

ച്ചു. സ്കൂൾ കെട്ടിടം പുതുക്കിപ്പണിയുന്നതിനു സഹായിച്ചാൽ നന്നായിരിക്കുമെന്നു വികാരിയച്ചൻ പറഞ്ഞിട്ടാണ് താൻ എഴുതുന്നതെന്നും തനിക്ക് 5000 രൂപ പിരിവിട്ടിട്ടുണ്ടെന്നുമാണ് ഉള്ളടക്കം. ചുരുങ്ങിയത് കുട്ടപ്പായിക്ക് നിശ്ചയിച്ചിട്ടുള്ള വിഹിതമെങ്കിലും അങ്ങ് അയച്ചാൽ കൊള്ളാമെന്നാണ് ആ കത്തിലെ ധ്വനി.

കത്തുകൾ വായിച്ചുകേട്ടശേഷം അന്നാമ്മച്ചേടത്തി പറഞ്ഞു. 'അത്യാവശ്യ കാര്യമാ. എങ്ങനേം നല്ലൊരു തുക അയച്ചുകൊടുത്തു സഹായിക്കണം.'

പക്ഷേ അലക്സ് അരിശപ്പെട്ടു പറഞ്ഞു. 'കുട്ടപ്പായിച്ചേട്ടനെന്തിനാ ഞങ്ങടെ വിലാസം അച്ചനുകൊടുത്തത്? ഇവിടെ കഷ്ടപ്പെടുന്ന കാര്യം വല്ലോം അച്ചന്മാർക്കറിയണമോ? നാട്ടിലിനി സ്കൂളുണ്ടായിട്ട് എനിക്കെന്താ കാര്യം? എന്റെ കുട്ടികളെ ഇവിടല്ലേ പഠിപ്പിക്കൂ. അതിനു നല്ലൊരു തുക ഫീസു ഞാൻ കൊടുക്കുന്നുണ്ട്.'

'അങ്ങനെ പറഞ്ഞാലെങ്ങനാ അലക്സേ?' അന്നാമ്മച്ചേടത്തി ഗുണദോഷിച്ചു. 'നീ പഠിച്ച പള്ളിക്കൂടമല്ലേ? എടാ പള്ളിക്ക് കൊടുത്താലേ നമുക്ക് ദൈവം തരൂ.'

'ഇപ്പോൾ എന്റെ പള്ളി ഇവിടാ, അവിടെ ഞാൻ ആവശ്യത്തിനു കൊടുക്കുന്നുണ്ട്.'

അതുകേട്ടപ്പോൾ അന്നാമ്മച്ചേടത്തിക്ക് അതൃപ്തി തോന്നി. പുച്ഛഭാവത്തിൽ അവർ പറഞ്ഞു: 'ഞായറാഴ്ച സായിപ്പന്മാർ പത്തോ ഇരുപതോ സ്ത്രോത്രക്കാഴ്ചയിടുമ്പോൾ നീ ഒരു ഡോളറിടുന്നതാണോ വലിയ കപ്പൽ.'

അലക്സ് ന്യായീകരിച്ചു പറഞ്ഞു: 'അമ്മച്ചീ, ഒരു ഡോളറെന്ന് പറഞ്ഞാൽ എത്ര രൂപയാന്നറിയാമോ? ഉദ്ദേശം 20 രൂപ. അത്രേം രൂപ ഓരോ ഞായറാഴ്ചേം സ്തോത്രക്കാഴ്ച ഇടുന്ന എത്രപേരുണ്ട് നാട്ടിൽ?'

അന്നാമ്മച്ചേടത്തിയ്ക്ക് ഉത്തരം മുട്ടുന്നതുപാലെ തോന്നി. തന്റെ സാധാരണ ബുദ്ധി ഇവിടെ ചിലവാകില്ലെന്ന് അവർക്ക് മനസ്സിലായി.

അന്നാമ്മച്ചേടത്തി ചിന്തിച്ചിരിക്കേ സംസാരം കേട്ടിരുന്ന ലൂസി പറഞ്ഞു: 'അമ്മച്ചീ... പണ്ട് എന്റെ ഇടവകയിൽ പള്ളിപണിക്ക് പിരിവ് ചോദിച്ച് അവിടുത്തെ വികാരി എഴുതീപ്പം ഞാൻ നിർബന്ധിച്ചിട്ട് അലക്സ് പണമയയ്ക്കാൻ സമ്മതിച്ചില്ല. ആരെങ്കിലും അതേപ്പറ്റി പിന്നീട് ചോദിച്ചാൽ അവിടുന്ന് അയച്ച കത്തു കിട്ടിയില്ലെന്ന് പറയാനാ അലക്സ് പറഞ്ഞത്. അതുതന്നെ ഇക്കാര്യത്തിൽ അമ്മച്ചീം പറഞ്ഞാൽ മതി. എന്റെ പള്ളിക്ക് കൊടുക്കാൻ പറ്റുകേലേ പിന്നെ എന്തിനാ ഈ പള്ളിക്ക്

കൊടുക്കുന്നത്?'

അപ്പോൾ ഒരു തീരുമാനമെന്നോണം അലക്സ് പറഞ്ഞു: 'അതേ, ഈ കത്തു കിട്ടിയെന്ന് ആരോടും പറയണ്ട. നാട്ടിൽ ചെല്ലുമ്പം ചോദിച്ചാലും കിട്ടിയില്ലെന്ന് പറഞ്ഞാൽ മതി.'

ചേടത്തിക്ക് അതത്ര ഇഷ്ടമായില്ല. 'എന്റെ മക്കളേ, അങ്ങനെ എല്ലാരും കള്ളം പറഞ്ഞാൽ പള്ളിക്കൂടം പണി എങ്ങനാ നടക്കുന്നത്?'

അലക്സ് തീർത്തു പറഞ്ഞു: 'അമ്മച്ചീ ഇക്കാര്യത്തിൽ വിഷമിക്കണ്ട. അവർ എങ്ങനെയെങ്കിലും കെട്ടിടം തീർത്തോളും.'

അമ്മച്ചി വിഷമിക്കേണ്ടന്ന് അലക്സ് പറഞ്ഞെങ്കിലും അമേരിക്കയ്ക്ക് വന്ന് രണ്ടുമാസം കഴിഞ്ഞപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് പലവിധ വിഷമങ്ങളാരാംഭിച്ചു. ലൂസിക്കോ തങ്കമ്മയ്ക്കോ തന്നോടു ബഹുമാനമില്ലെന്ന് അവർക്കുതോന്നി. എപ്പോഴും പരിഹസിച്ചും അർത്ഥം വച്ചുമുള്ള കുത്തുവാക്കുകളേ അവരുടെ നാവിൽ നിന്നു വരൂ. ലൂസി മുമ്പ് വലിയ വയറും വച്ച് അടുക്കളപ്പണിയിൽ സഹകരിക്കുമായിരുന്നു. ഇപ്പോൾ അവളുടെ സമീപനത്തിൽ മാറ്റം വന്നിരിക്കുന്നു. ചേടത്തി തനിയെ വേണം വീട്ടിലെ എല്ലാ പണികളും ചെയ്യാൻ. എന്നാലും ആരും അതിനെ വിലമതിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. ആറാഴ്ച കഴിഞ്ഞാൽ എല്ലാ ജോലിയും ചെയ്യാമെന്നു പറഞ്ഞ ലൂസി ജോലിക്ക് പോകേണ്ടാത്ത ദിവസങ്ങളിൽപ്പോലും ചേടത്തിയെ അടുക്കളപ്പണിയിൽ സഹായിക്കില്ല. ഭക്ഷണം കഴിക്കാറാകുമ്പോൾ അവൾ മേശയ്ക്കരികിൽ വന്നിരിക്കും. കഴിച്ചുകഴിഞ്ഞാലുടൻ ടി.വി.യുടെ മുമ്പിലേക്ക് നീങ്ങിയിരിക്കും. വീട്ടിൽ ആരെങ്കിലും വന്നാൽ അവരോട് സംസാരമായി. അല്ലെങ്കിൽ മീരാമോളെ കളിപ്പിച്ചുകൊണ്ടിരിക്കും.

തന്നെ വെറുമൊരു വേലക്കാരിയെപ്പോലെ കണക്കാക്കുന്നുവെന്ന് ചേടത്തിക്ക് തോന്നി. എങ്കിലും മനസ്സിലെ അതൃപ്തി ആദ്യമൊന്നും പ്രകടിപ്പിച്ചില്ല. അല്പം മനഃസമാധാനത്തിനും ലൂസിയെക്കൊണ്ട് അടുക്കളപ്പണി മനഃപ്പൂർവ്വം പുനഃരാരംഭിക്കുന്നതിനും ചേടത്തി ഇടയ്ക്ക് ജോസിന്റെ വീട്ടിൽ ഏതാനും ദിവസം പോയി നിൽക്കണമെന്നു പറയും. പക്ഷേ ലൂസി അതിന് തടസ്സം നിൽക്കും. 'ഞങ്ങളെ സഹായിക്കാനല്ലേ അമ്മച്ചി വന്നത്; പിന്നെന്തിനാ ഇപ്പോൾ ജോസിന്റെ വീട്ടിലേക്കോടുന്നത്'എന്നാണ് അവളുടെ ചോദ്യം.

താൻ കൂടി ജോലി ചെയ്തുണ്ടാക്കിയ പണം കൊണ്ടാണ് അമേരിക്കയ്ക്ക് വരുവാൻ അമ്മച്ചിക്ക് ടിക്കറ്റ് അയച്ചതെന്ന് അവൾ അവകാശവാദം മുഴക്കുമ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് ദേഷ്യം



വരും. നാട്ടിലായിരുന്നെങ്കിൽ താനാരായിരുന്നുവെന്ന് ലൂസിയെ കാണിച്ചുകൊടുക്കാമായിരുന്നെന്ന് ചേടത്തി ചിന്തിക്കും. ഇവിടെ താൻ പണത്തിനു മാർഗമില്ലാത്തവളായി. എവിടെപ്പോകാനും എന്തുവേണമെങ്കിലും മക്കളെയും മരുമക്കളെയും ആശ്രയിക്കണം.

അലക്സിനേക്കാൾ കൂടുതൽ പണമുണ്ടാക്കുന്നത് താനാണെന്ന് ലൂസി ചിലപ്പോൾ അലക്സിന്റെയും വീട്ടിൽ വരുന്ന അതിഥികളുടെയും കേൾക്കെപ്പോലും വീരവാദം മുഴക്കും. 'അലക്സിനേക്കൊണ്ട് കഴുതയെപ്പോലെ ഡബിൾജോലി ചെയ്യാനേ കൊള്ളു' എന്നു ലൂസി പറയുമ്പോൾ അവൻ ആദ്യമൊക്കെ ദേഷ്യപ്പെട്ടിരുന്നു. പിന്നീട് സ്വൈര്യം കിട്ടാൻ അവൻ വീടുവിട്ടിറങ്ങിത്തുടങ്ങി. കൂട്ടുകാരൊത്ത് ചീട്ടുകളിച്ചു സമയം കൊല്ലാൻ.

പക്ഷേ അന്നാമ്മച്ചേടത്തി സ്വൈര്യം തേടി എങ്ങോട്ടു പോകും? അവർ പ്രയാസങ്ങൾ ഉള്ളിലൊതുക്കി. ചിലപ്പോൾ ചേടത്തി ലൂസിയുമായി വാദപ്രതിവാദമുണ്ടാക്കും. അപ്പോൾ ലൂസി ചോദിക്കും. 'അമ്മച്ചീ, ഈ പ്രായത്തിനിടയിൽ എന്തു സമ്പാദിച്ചു? ഇപ്പോഴും മറ്റുള്ളവർ കഷ്ടപ്പെട്ടുണ്ടാക്കുന്നത് തിന്നുതീർക്കാനല്ലാതെ വല്ലതിനും കൊള്ളുമോ?'

അത് കേൾക്കുമ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് ദേഹമാസകലം വിറച്ചുകയറും. അവർ പറയും: 'ഓ... ഒരുത്തി അമേരിക്കേ വന്നുകുറേ ഡോളറുണ്ടാക്കുന്നതിന്റെ മുഴുപ്പ്. എടീ, നിന്റെ ചിലവിലൊന്നും എനിക്കിവിടെ കഴിയണ്ട. എന്റെ മോനു നിന്നേക്കാൾ ശമ്പളം കുറവാണെങ്കിലും അവനും പണമുണ്ടാക്കുന്നുണ്ട്.'

'ഉണ്ട്, അതിൽ മുക്കാലും ചീട്ടുകളിച്ചും കള്ളുകുടിച്ചും തിന്നുതീർക്കുന്നുമുണ്ട്.' ലൂസിയും വിട്ടില്ല.

അവളുടെ കുത്തുവാക്കുകൾ അന്നാമ്മച്ചേടത്തിയുടെ ഹൃദയത്തിൽ മുറിവുകൾ ഉണ്ടാക്കുമെങ്കിലും വ്യാകുലമാതാവിനെ പ്രതി എല്ലാം അവർ ഹൃദയത്തിൽ സംഗ്രഹിച്ചു.

# ലൂസിയുടെ നാക്കും അലക്സിന്റെ വാക്കും

വിഷമം ഉള്ളിലൊതുങ്ങാതായപ്പോൾ ലൂസി വീട്ടിലില്ലാത്ത സമയം നോക്കി അന്നാമ്മച്ചേടത്തി തന്റെ മനഃക്ലേശങ്ങൾ അലക്സിനോടു പറഞ്ഞു. എങ്കിലും അന്നാമ്മച്ചേടത്തിയെ അതിശയിപ്പിച്ചുകൊണ്ട് അവൻ ലൂസിയെ അനുകൂലിച്ചാണു സംസാരി

ച്ചത്. അവൾ പറയുന്നതു കുറേയൊക്കെ ശരിയാണെന്നും അമ്മായിയമ്മപ്പോരിറക്കി പ്രശ്നം ഉണ്ടാക്കരുതെന്നുമാണ് അവൻ പറഞ്ഞതിന്റെ സാരം.

അലക്സിൽ നിന്ന് അതുകേട്ടപ്പേകാൾ അന്നാമ്മച്ചേടത്തിക്ക് ആകെ വിഷമമായി. ആ വീട്ടിൽ താൻ അന്യയാണെന്ന വിചാരം അവരിൽ വർദ്ധിച്ചു. പിറ്റേന്നു രാവിലെ മുതൽ അന്നാമ്മച്ചേടത്തിയോടുള്ള ലൂസിയുടെ വാക്കുകളിലും പെരുമാറ്റത്തിലും കുറേക്കൂടി വെറുപ്പു പ്രകടമായി. താൻ പറഞ്ഞ കാര്യം അലക്സ് ലൂസിയുമായി സംസാരിച്ചെന്നും അത് എരിതീയിൽ എണ്ണ പകരാനേ ഉപകരിച്ചുള്ളൂ എന്നും ചേടത്തിയ്ക്ക് മനസ്സിലായി.

അന്നു മുതൽ അന്നാമ്മച്ചേടത്തി ചെയ്യുന്നതും പറയുന്നതും ലൂസിക്കോ, ലൂസി പറയുന്നതും പ്രവർത്തിക്കുന്നതും ചേടത്തിക്കോ ദഹിക്കാതായി. ക്രമേണ അന്നാമ്മച്ചേടത്തിയുടെ പ്രാർത്ഥനയ്ക്ക് ദൈർഘ്യവും തീക്ഷ്ണതയുമേറി. മാർപ്പാപ്പ വെഞ്ചരിച്ച കൊന്തയിൽ തേയ്മാനം ഉണ്ടായിത്തുടങ്ങി.

അന്നാമ്മച്ചേടത്തി ആയിടെ കുട്ടപ്പായിയ്ക്കയച്ച കത്തിൽ താൻ നാട്ടിൽനിന്നു പോന്നിട്ടു മൂന്നുമാസമായെന്നും ഇതിനോടകം കുട്ടപ്പായിയേയും നാട്ടിലുള്ള പെൺമക്കളെയും അവരുടെ കുട്ടികളെയും കാണുവാൻ കൊതിയായെന്നും എത്രയും വേഗം നാട്ടിൽ വരുവാൻ ആഗ്രഹിക്കുന്നുവെന്നും എഴുതി. എങ്കിലും തന്റെ അമേരിക്കയിലെ പ്രശ്നങ്ങൾ ചേടത്തി വിവേകപൂർവ്വം കത്തിൽ ഒഴിവാക്കി.

നാട്ടിൽ നിന്ന് ആയിടെ കുട്ടപ്പായിയുടെ ഒരു 'കളക്ട് കോൾ' വന്നു. അന്നാമ്മച്ചേടത്തിയുടെ സഹോദരൻ ചുമ്മാരിന് പെട്ടെന്നൊരു പ്രയാസമുണ്ടായെന്നും രണ്ടുദിവസം ആശുപത്രിയിൽകിടന്നശേഷം മരിച്ചെന്നും പിറ്റേന്നു രാവിലെ ശവസംസ്കാരം നടത്തുമെന്നുമായിരുന്നു സന്ദേശം.

അതു കേട്ടപ്പോൾ അന്നാമ്മച്ചേടത്തിക്ക് ആകെ മനഃപ്രയാസമായി. തന്റെ ആകെയുള്ള കൂടെപ്പിറപ്പാണ് മരിച്ചത്. ആ സഹോദരന്റെ ശവസംസ്കാരകർമ്മത്തിൽ സംബന്ധിക്കാൻ സാധിക്കില്ലെന്ന് കേട്ടപ്പോൾ അവർക്കാകെ മനോവിഷമവും കരച്ചിലുമായി. മക്കളുടെ ആശ്വാസവാക്കുകൾക്ക് അമ്മച്ചിയെ സാന്ത്വനപ്പെടുത്താൻ കഴിഞ്ഞില്ല. തനിക്ക് ശവസംസ്കാരത്തിന് മുൻപേ നാട്ടിൽ എത്തണമെന്നാണ് ചേടത്തി പറയുന്നത്; അത് പ്രായോഗികമല്ലെന്നു മക്കളും.

അമ്മച്ചിയെ സമാധാനിപ്പിക്കുവാൻ മലയാളി അച്ചനെ ഇടപാടു ചെയ്ത് ജോസിന്റെ ഭവനത്തിൽ പിറ്റേന്നു വൈകുന്നേരം

മലയാളം കുർബാനയും ഒപ്പീസും നടത്തി. വീട്ടിൽ കുർബാന ചൊല്ലുന്നത് അന്നാമ്മച്ചേടത്തിക്ക് പുതിയ അനുഭവമായിരുന്നു. എന്നാൽ അമേരിക്കയിൽ അത് സാധാരണയാണെന്ന് അതിനോടകം അവർ മനസ്സിലാക്കിയിരുന്നു. മരിച്ചടക്കിൽ സംബന്ധിക്കുകയാണെന്ന വിചാരവികാരങ്ങളോടെ ആ തിരുക്കർമ്മങ്ങളിൽ അവർ സംബന്ധിച്ചു.

പിറ്റേദിവസം മുതൽ ഒരു മാസത്തേക്ക് ദിവസവും പള്ളിയിലെ കുർബാനയ്ക്ക് ശേഷം ഒപ്പീസ് ചൊല്ലിക്കണമെന്ന് അന്നാമ്മച്ചേടത്തി ജോസിനോടും അലക്സിനോടും പറഞ്ഞു. പക്ഷേ അമേരിക്കയിലെ പള്ളികളിൽ നാട്ടിലേപ്പോലെ ഒപ്പീസോ മന്ത്രായോ നടത്തില്ലെന്ന് കേട്ടപ്പോൾ അന്നാമ്മച്ചേടത്തിക്ക് അത് അവിശ്വസനീയമായി. നാട്ടിൽനിന്നു താൻ കരുതിക്കൊണ്ടുപോന്ന കുർബാന പുസ്തകത്തിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുള്ള ഒപ്പീസ് ചേടത്തി അന്നു മുതൽ ദിവസവും തനിയെ ചൊല്ലുവാൻ തുടങ്ങി.

പിറ്റേ ഞായറാഴ്ച ഓശാന തിരുനാൾ ആണെന്ന് അവിചാരിതമായി ആരിൽ നിന്നോ കേട്ടപ്പോഴാണ് താനറിയാതെ വിഭൂതി ബുധനും അമ്പത് നോമ്പിലെ മിക്ക ദിവസങ്ങളും കടന്നുപോയ കാര്യം ചേടത്തി അറിയുന്നത്. പള്ളിയിൽ ചെന്നാൽ ഒന്നും തിരിയുകയുമില്ല. ഇത്തരം കാര്യങ്ങൾ മക്കൾ പറഞ്ഞു തരത്തുമില്ല.

ചേടത്തിയുടെ നിർബന്ധപ്രകാരം വിശുദ്ധവാരത്തിലെ പ്രധാനദിവസങ്ങളിൽ അലക്സിന്റെയോ ജോസിന്റെയോ വീട്ടിൽ ജോലി ഇല്ലാത്തവരെ കൂട്ടി ചേടത്തി പള്ളിയിൽ പോയിരുന്നു. ഓശാന ഞായറാഴ്ച ഒരടി മാത്രം നീളം വരുന്ന കുരുത്തോല വാങ്ങി അമേരിക്കൻ പള്ളിയിൽ നിന്നു മടങ്ങുമ്പോൾ ചേടത്തിയ്ക്കു തെല്ലും തൃപ്തിയായില്ല. നാട്ടിലെ കുരുത്തോല പ്രദക്ഷിണമോ ആനവാതിൽ മുട്ടി തുറക്കലോ, മലയാളം പാട്ടുകളോ ഇല്ലാത്ത പള്ളിച്ചടങ്ങുകൾ കണ്ടപ്പോൾ ഈ സമയത്ത് താൻ നാട്ടിൽ ആയിരുന്നെങ്കിൽ എന്ന് അവർ ഓർത്തു.

പെസഹാ വ്യാഴാഴ്ചത്തെ കാലുകഴുകൽ ശുശ്രൂഷ കണ്ടപ്പോൾ ചേടത്തിയ്ക്ക് ദേഷ്യമാണ് വന്നത്. പള്ളിയിലെ നാലു വൈദികർ ചേർന്ന് സമൂഹബലി അർപ്പിച്ചു. അവർ നാലുപേരും പങ്കിട്ട് മൂന്നുപേരുടെ വീതം കാലു കഴുകി. കാലു കഴുകപ്പെട്ടവരിൽ പകുതി സ്ത്രീകളായിരുന്നു. കർത്താവ് തനിയെ പന്ത്രണ്ട് അപ്പോസ്തലൻമാരുടെ പാദങ്ങൾ കഴുകിയ സംഭവം ഇപ്പോൾ നാല് വൈദികർ ചേർന്ന് ആറ് വനിതകളുടെ ഉൾപ്പടെ കാലു കഴുകിയാൽ അതെന്തൊരു അനുസ്മരണമാണെന്ന് അവർ സ്വയം ചോദിച്ചു.

അന്നാമ്മച്ചേടത്തി മുൻകയ്യെടുത്ത് ജോസിന്റെ ഭവനത്തിൽ പോയി പെസഹാ അപ്പമുണ്ടാക്കി. തങ്കമ്മയ്ക്കും അലക്സിനും അന്ന് വൈകുന്നേരം ജോലിയായിരുന്നു. ബാക്കിയുള്ളവർക്ക് ജോസ് അപ്പം മുറിച്ച് വിളമ്പി. നാട്ടിലുള്ള മക്കളെയും മരിച്ചുപോയ സഹോദരനെയും സ്മരിച്ചുകൊണ്ട് ചേടത്തി അതിൽ പങ്കുകൊണ്ടു.

ക്രിസ്ത്യൻ രാജ്യമായ അമേരിക്കയിൽ ദുഃഖവെള്ളിയാഴ്ച പൊതുഅവധിയല്ലെന്നും സാധാരണ പ്രവർത്തിദിവസംപോലെ തന്നെ മിക്കവരും ജോലി ചെയ്യുകയാണെന്നും കേട്ടപ്പോൾ അന്നാമ്മച്ചേടത്തിക്ക് അമേരിക്കയോട് വെറുപ്പ് തോന്നി. ജോലി കാരണം ജോസും തങ്കമ്മയും ലൂസിയും അന്ന് പള്ളിയിൽ പോയില്ല.

ഉയർപ്പ്  ഞായറാഴ്ച തങ്കമ്മയ്ക്കും ലൂസിക്കും ജോലിയായിരുന്നു. കൂടുതൽ പേർ അന്ന് അവധി എടുക്കാൻ ശ്രമിക്കുന്നതിനിടയിൽ അന്നത്തെ ജോലിയ്ക്ക് ഇരട്ടി പ്രതിഫലം കിട്ടുമെന്ന് അവർ പറയുന്നു. എങ്കിലും വിശുദ്ധവാരത്തിലെ പ്രധാന ദിവസങ്ങൾ വിശുദ്ധമായി ആചരിക്കാത്തതിൽ ചേടത്തിക്ക് പ്രതിഷേധം തോന്നി.

കൂടുതൽ അന്വേഷിച്ചപ്പോൾ നാട്ടിലുള്ള പോലെ അമേരിക്കയിലെ പള്ളികളിൽ വലിയ തിരുന്നാൾ ആഘോഷങ്ങളോ ലദീഞ്ഞു പോലുമോ ഇല്ലെന്ന് ചേടത്തിക്കു മനസ്സിലായി.

അന്നാമ്മച്ചേടത്തിയും ലൂസിയും തമ്മിലുള്ള ബന്ധം മേൽക്കുമേൽ ശിഥിലമായി കൊണ്ടിരുന്നു. ജോമോന് ഗ്രാന്റ്മായെ ആദ്യം കാര്യമായിരുന്നെങ്കിലും മമ്മിക്ക് അവരെ ബഹുമാനമില്ലെന്ന് മനസ്സിലായപ്പോൾ അവനും ഗ്രാന്റ്മായെ ബഹുമാനിക്കാതായി. മമ്മി പറയുന്നത് കേട്ട് അവനും തന്റേതായ ഭാഷയിൽ ഗ്രാന്റ്മായെ താഴ്ത്തി പറയുകയും നിന്ദ്യമായി പെരുമാറുകയും ചെയ്തു.

ആദ്യകാലത്ത് ജോമോന്റെ ഭാഷ അന്നാമ്മച്ചേടത്തിക്ക് മനസ്സിലാകില്ലായിരുന്നെങ്കിലും ഇപ്പോൾ അവന്റെ ഇംഗ്ലീഷ് ചേടത്തിയ്ക്കും ചേടത്തിയുടെ മലയാളം അവനും മനസ്സിലാകും. ഇരുവരും പരസ്പരം ഭാഷ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുവെന്നതാണ് സത്യം. ജോമോന്റെ തന്നോടുള്ള അനുസരണക്കേടും 'ഗ്രാന്റ്മാ ഈസ് ബാഡ്,' 'യൂ ഗോ ടൂ ഇന്ത്യ.' 'ദിസ് ഈസ് നോട്ട് യുവർ ഹൗസ്' തുടങ്ങിയ വാചകങ്ങളും ചേടത്തിയെ വേദനിപ്പിച്ചു. ലൂസി പറഞ്ഞു പഠിപ്പിച്ചിട്ടാണോ ഇങ്ങനെ തന്നോട് പറയുകയും പെരുമാറുകയും ചെയ്യുന്നതെന്നും അവർ സംശയിച്ചു.

അലക്സും ലൂസിയും വീട്ടിൽ ഇല്ലാത്തപ്പോൾ അടുക്കളപ്പണി കൂടാതെ മീരാ മോളെയും ജോമോനെയും നോക്കുക ചേടത്തിക്ക് ബുദ്ധിമുട്ടായിരുന്നു. മീരാ മോൾ ഉറങ്ങുമ്പോൾ അവളെ നുള്ളി ഉണർത്തുക ജോമോന്റെ ക്രൂരവിനോദമായിരുന്നു. എങ്കിലും ലൂസിയെ ഭയന്ന് ചേടത്തി ജോമോനെ വഴക്ക് പറയുകയല്ലാതെ ഒന്നും ചെയ്യില്ല. അതറിയാവുന്ന ജോമോൻ ഗ്രാന്റ്മാ പറയുന്നതിന് എതിരായാണ് പറയുകയും പ്രവർത്തിക്കുകയും ചെയ്യുക. സഹികെട്ട അന്നാമ്മച്ചേടത്തി ലൂസി വീട്ടിൽ ഇല്ലാത്ത നേരം നോക്കി ജോമോനെ നിയന്ത്രിക്കുന്നതിലുള്ള തന്റെ ബുദ്ധിമുട്ട് അലക്സിനെ അറിയിച്ചു.

അമ്മച്ചിയെ ജോമോന് ഭയമുണ്ടാകണമെന്നും അതിന് വേണ്ടി വന്നാൽ അടി കൊടുക്കണമെന്നും അലക്സ് ഉപദേശിച്ചു. ഒരു ദിവസം അന്നാമ്മച്ചേടത്തി അടുക്കളയിൽ തിരക്കിട്ട് പണിയുന്നതിനിടയിൽ മീരാ മോളുടെ അസാധാരണ കരച്ചിൽ കേട്ടു. എന്ത് സംഭവിച്ചുവെന്ന് ഭയന്ന ചേടത്തി അവൾ കിടന്ന മുറിയിലേക്കോടി. അവിടെ ചെന്നപ്പോൾ ജോമോൻ മീരാ മോളുടെ അടുത്തുനിന്ന് അവളുടെ കരച്ചിൽ കണ്ട് കൈകൊട്ടി ചിരിക്കുന്നു.

അരിശം മൂത്ത അന്നാമ്മച്ചേടത്തി ജോമോന്റെ തുടയിൽ ഒരടി വച്ചുകൊടുത്തു.

അതോടെ ജോമോൻ വലിയ വായിൽ കരച്ചിലും ബഹളവുമായി. കലി തുള്ളിയ അവൻ കൈയിൽ കിട്ടിയതെല്ലാം വലിച്ചെറിഞ്ഞു.

അതിനിടയിൽ ലൂസി ജോലി കഴിഞ്ഞെത്തി. ജോമോന്റെ കരച്ചിൽ കേട്ട് അവൾ ഓടിവന്നു. അവൻ ലൂസിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. അവന്റെ തുടയിലെ ചുവന്ന കൈപ്പത്തി അടയാളം ലൂസി ശ്രദ്ധിച്ചു. അതുകണ്ടപ്പോൾ അവളുടെ കണ്ണുകൾ ചുവന്നു.

ലൂസി മകന്റെ മുന്നിൽ വച്ചു ഗ്രാന്റ്മായുടെ നേരെ കലിതുള്ളി കൈ ഓങ്ങി.

'അടിയെടി എന്നെ...' കരഞ്ഞുകൊണ്ട് അന്നാമ്മച്ചേടത്തി അലറി. 'കൊല്ലെന്നെ...' അവർക്ക് വാക്കുകൾ മുട്ടി.

'എന്റെ മോനെ ഞാനിതു വരെ വേദനിപ്പിച്ചിട്ടില്ല. അവനെ ഇനി തൊട്ടാൽ തള്ളേ നിങ്ങടെ കരണക്കുറ്റി ഞാൻ പൊളിക്കും.'

'കുട്ടപ്പായിയും ജോസും അലക്സും ഈ കൈയുടെ ചൂട് അറിഞ്ഞിട്ടുള്ളവരാടി.' അന്നാമ്മച്ചേടത്തി വേദനയോടെ പറഞ്ഞു. 'പക്ഷേ അതുകൊണ്ട് അവർ നന്നായിട്ടേയുള്ളൂ. അവരുടെ കുട്ടിക്കാലത്ത് എന്റെ അമ്മായിയമ്മ അവരെ പല തവണ തല്ലിയിട്ടുണ്ടെടീ. പക്ഷേ ഞാനവരെ എതിർത്തിട്ടില്ല. കാരണം അതു പിള്ളേരുടെ ഗുണത്തിനാണെന്ന് എനിക്കറിയാമായിരുന്നു.

നീ കൊച്ചിനെ നേറുകേൽ കേറ്റി നെറിവുകേട് കാണിച്ചോടി. എല്ലാം നീ പിന്നെ അനുഭവിച്ചോളും.'

കൂടുതൽ പറയുവാൻ അന്നാമ്മച്ചെടത്തിയ്ക്ക് ശേഷിയില്ലാതായി. അവർ ഓടി തന്റെ മുറിയിൽ കയറി കതകടച്ചു. കട്ടിലിൽ കിടന്നു അവർ തേങ്ങിക്കരഞ്ഞു.

# വിങ്ങിപ്പൊട്ടി അന്നാമ്മച്ചേടത്തി

അന്നാമ്മച്ചേടത്തിയും ലൂസിയും തമ്മിൽ ഉണ്ടാക്കുന്ന വഴക്കുകൾ അലക്സ് അറിയുന്നുണ്ടെങ്കിലും അവൻ അവയിൽ ഇടപെടാറില്ല. അന്നാമ്മച്ചേടത്തിക്ക് അതിൽ കടുത്ത അമർഷമുണ്ട്. വഴക്കുകളുടെ വിശദാംശങ്ങൾ കിടപ്പറയിൽ വെച്ചു ലൂസി അലക്സിനെ പൊടിപ്പും തൊങ്ങലും വച്ചു ധരിപ്പിക്കുന്നതിനാൽ അവൻ തന്നെ തെറ്റി ധരിക്കുവാൻ തുടങ്ങിയെന്ന് ചേടത്തി സംശയിച്ചു. മുൻഅനുഭവം വെച്ച് അലക്സിനോട് ലൂസിയുടെ കുറ്റം പറയാതിരിക്കുകയാണ് ഉചിതമെന്ന നിഗമനത്തിലായിരുന്നു ചേടത്തി.

മാനസികവിഷമം കൂടിയതോടെ അന്നമ്മച്ചേടത്തിക്ക് വീട്ടുജോലികളിൽ ഉത്സാഹം കുറഞ്ഞു. ലൂസി അപ്പോഴും വീട്ടിലെ പണികളെല്ലാം അമ്മച്ചിയുടെ വകുപ്പാണെന്ന ഭാവത്തിലാണ്. അവളുടെ അപ്രമാദിത്യവും കുത്തുവാക്കുകളും ചേടത്തി അമർഷത്തിനിടെ കടിച്ചമർത്തി. സമാധാനം കാംക്ഷിച്ച് ചേടത്തി നിവൃത്തിയുണ്ടെങ്കിൽ ലൂസിയോട് എതിരുപറയില്ല. എന്നാൽ തന്നാൽ കഴിവതും സഹായിക്കുവാൻ ശ്രമിച്ചിരുന്നു.

ഒരു ദിവസം അലക്സും ലൂസിയും ജോലിക്ക് പോയി കഴിഞ്ഞപ്പോൾ അന്നാമ്മച്ചേടത്തിയ്ക്ക് തീരെ സുഖം തോന്നിയില്ല. അന്ന് മിക്കവാറും സമയം അവർ കട്ടിലിൽ തന്നെ കിടന്നു. കഠിനമായ തലവേദനയാണ് ആദ്യം അനുഭവപ്പെട്ടത്. പിന്നീട് കുളിരു തോന്നി. പുതപ്പു പുതച്ച് അവർ കിടന്നു. മീരാ മോൾക്ക് ഭക്ഷണം കൊടുക്കുകയും അവളെ ഉറക്കുകയും ചെയ്തതൊഴിച്ച് ഒന്നും ചെയ്യാൻ ചേടത്തിയ്ക്ക് ശക്തി തോന്നിയില്ല. ഉച്ചയ്ക്ക് അല്പം ആഹാരം കഴിച്ചെന്നു വരുത്തി.

ലൂസി ജോലി കഴിഞ്ഞ് വന്നപ്പോൾ അന്നാമ്മച്ചേടത്തി കട്ടിലിൽ കിടന്നു മയങ്ങുകയായിരുന്നു. അടുക്കളയിൽ ചെന്ന് നോക്കിയപ്പോൾ അവൾക്ക് കലിയിളകി.

അന്നാമ്മച്ചേടത്തി കിടക്കുന്ന മുറിയുടെ വാതില്ക്കൽ വന്ന് അവൾ ദേഷ്യപ്പെട്ടു പറഞ്ഞു: 'രാവിലെ മുതലുള്ള പാത്രോം കഴുകീട്ടില്ല; ഒന്നും കാലാക്കീട്ടുമില്ല. ബാക്കിയുള്ളോൻ കഷ്ട പ്പെട്ട് പണമുണ്ടാക്കി വാങ്ങിവച്ചത് മൂക്കറ്റം തിന്നേച്ച് സുഖമായി കേറി കിടക്കുന്നു.'

'മോളെ എനിക്ക് നല്ല സുഖമില്ല.' അന്നാമ്മച്ചേടത്തി വി ഷമത്തോടെ പറഞ്ഞു.

'അതെങ്ങനാ, നിങ്ങൾക്ക് സുഖം വരിക? പന്നീടെകൂട്ട് തീറ്റേം ഉറക്കോം തന്നെയായാൽ കുറേ കഴിയുമ്പം അതിലും സുഖം തോന്നില്ല.' ഇത് പറഞ്ഞിട്ട് ലൂസി പോയി.

അന്നാമ്മച്ചേടത്തി ആ കിടപ്പുകിടന്നു. രാത്രിയിൽ അലക് സ് ജോലി കഴിഞ്ഞ് വന്നപ്പോൾ അമ്മച്ചിയെ അന്വേഷിച്ചു. അമ്മച്ചി പതിവിലും നേരത്തെ കിടന്നെന്ന് ലൂസി പറഞ്ഞെങ്കിലും അവൻ അമ്മച്ചിയുടെ മുറിയിലേക്ക് ചെന്നു.

ലൂസിയോടുള്ള വിദ്വേഷം പുറമെ കാണിക്കാതെ അന്നാ ച്ചേടത്തി പറഞ്ഞു: 'എനിക്ക് നല്ല സുഖമില്ല മോനേ. ആകെ ഒരു കുളിരും തലവേദനയും.'

അമ്മച്ചിയുടെ നെറ്റിയിൽ കൈ വച്ചുകൊണ്ട് അലക്സ് പ റഞ്ഞു: 'അമ്മച്ചിക്ക് നല്ല പനിയുണ്ടെന്ന് തോന്നുന്നല്ലോ.'

അവൻ ലൂസിയെ വിളിച്ചു. അമ്മച്ചി സുഖമില്ലാതെ കിട ന്നിട്ട് ശ്രദ്ധിക്കാതിരുന്നതിനാൽ അവൻ അവളെ ശകാരിച്ചു. അതു കേട്ടപ്പോൾതന്നെ അന്നാമ്മച്ചേടത്തിക്ക് അല്പം ആശ്വാസമായി.

നേഴ്സ് എന്ന നിലയിൽ പല ഉപകരണങ്ങളുമായി വന്നു ഒരു ഡോക്ടറുടെ വൈദഗ്ധ്യം പ്രകടമാക്കിക്കൊണ്ട് ലൂസി അമ്മ ച്ചിയുടെ ടെമ്പറേച്ചറും പൾസും പ്രഷറും നെഞ്ചിടിപ്പും പരി ശോധിച്ചു. ഒറ്റമൂലിയെന്ന നിലയിൽ വേദന കുറയാനുള്ള ടാലി നോൾ ഗുളിക നല്കി. സാരമില്ല എന്ന് കരുതി ഇരുന്നെങ്കിലും മൂന്നു ദിവസമായിട്ടും അസുഖം തീർത്തു മാറാതെയും വിശപ്പി ല്ലാതെയുമായപ്പോൾ അന്നാമ്മച്ചേടത്തി ചോദിച്ചു: 'ആശുപത്രി യിൽ ഒന്ന് പോയാലോ?'

അപ്പോൾ അലക്സ് പറഞ്ഞു: 'ഇവിടെ ആശുപത്രികളിൽ ഭയങ്കര റേറ്റാ. അതുകൊണ്ട് മിക്ക ആളുകൾക്കും മെഡിക്കൽ ഇൻഷുറൻസുണ്ട്. അമ്മച്ചിയ്ക്ക് ഇൻഷുറൻസില്ല. അതിനാൽ ആശുപത്രിയിൽ പോയാൽ വൻതുക കൊടുക്കേണ്ടിവരും. ഇവിടം കൊണ്ടൊക്കെ കുറയുമോന്നു നോക്കട്ടെ.'

ലൂസി കൂട്ടിച്ചേർത്തു: 'ഇൻഷുറൻസില്ലാതെ ആശുപത്രീ പ്പോക്കു മുതലാകുകേല. ഞാൻ തരുന്ന ഗുളിക അങ്ങ് കഴിക്ക്. തന്നെ മാറിക്കോളും.'

ചേടത്തിയുടെ അസുഖം ഏതാനും ദിവസം നീണ്ടു നിന്നു. നാട്ടിലായിരുന്നെങ്കിൽ ഏതെങ്കിലും ആശുപത്രിയിൽ പോയി ചികിത്സിപ്പിക്കാമായിരുന്നു. ഇവിടെ ഇൻഷുറൻസില്ലെന്ന് പറഞ്ഞ് താൻ മരിക്കാൻ തുടങ്ങിയാലും ഇവർ ആശുപത്രീൽ കൊണ്ടുപോകുമെന്ന് തോന്നുന്നില്ല. ഇതെന്തൊരു കഷ്ടമാണെന്ന് ചേടത്തി ചിന്തിച്ചു.

അന്നാമ്മച്ചേടത്തിയുടെ പനി ക്രമേണ മാറിയെങ്കിലും തലവേദനയും ശരീരത്തിനു ക്ഷീണവും കൂടെക്കൂടെ അനുഭവപ്പെട്ടിരുന്നു. വിശപ്പു വീണ്ടുകിട്ടിയെങ്കിലും ഭക്ഷണം കഴിക്കാൻ ചേടത്തിയ്ക്ക് മടിയായി. കാരണം ഞങ്ങൾ പണിതുണ്ടാക്കുന്നതെല്ലാം അമ്മച്ചി തിന്നുതീർക്കുന്നുവെന്ന ലൂസിയുടെ ക്രൂരവാക്കുകൾ അവരുടെ മനസ്സിനെ നിരന്തരം അലട്ടിയിരുന്നു.

ആയിടെ മലയാളിയായ ഒരു കാരണവർ ചിക്കാഗോയിൽ മരിച്ചു. ശവസംസ്കാരത്തിൽ സംബന്ധിക്കുവാൻ ജോസിന്റെ കൂടെ അന്നാമ്മച്ചേടത്തിയും പോയി. മരിച്ച ആളിന്റെ വീട്ടിൽ ചെന്നപ്പോൾ അവിടെ ശവമില്ല. പകരം ഒരു ജന്മദിനാഘോഷത്തിന്റെ പ്രതീതി. ധാരാളം മലയാളികൾ കൂടിയിട്ടുണ്ട്. കുട്ടികൾ ഓടിക്കളിച്ചു നടക്കുന്നു; മുതിർന്നവർ കളിതമാശപറഞ്ഞിരിക്കുന്നു. അന്വേഷിച്ചപ്പോൾ ശവം മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണെന്നും മരിച്ച വീട്ടിൽ പ്രത്യേക പ്രാർത്ഥനയോ പാനവായനയോ പതിവില്ലെന്നും അറിഞ്ഞു.

മൃതസംസ്കാരകർമ്മങ്ങൾ ആരംഭിക്കുവാൻ സമയമായപ്പോൾ മോർച്ചറിക്കാർ ശവം കൃത്യസമയത്തു പള്ളിയിൽ കൊണ്ടുവന്നു. മലയാളം കുർബാനയ്ക്ക് ശേഷം എല്ലാവരും കാറുകളിൽ കയറി പത്തുമൈൽ ദൂരെയുള്ള ശവക്കോട്ടയിലേക്ക് പോയി. പൊലീസ് നിയന്ത്രണത്തിൽ കാറുകളെല്ലാം ഹെഡ്‌ലൈറ്റ് തെളിച്ച് നിരനിരയായി മന്ദംമന്ദം ഒഴുകി. മോർച്ചറിക്കാരുടെ വാഹനത്തിൽ ശവം സെമിത്തേരിയിലെത്തി. നാട്ടുകാരനച്ചൻ മലയാളത്തിൽ പ്രാർത്ഥന ചൊല്ലി. ശവം പിന്നീട് സെമിത്തേരി ജോലിക്കാർ യന്ത്രസഹായത്തോടെ കുഴിയിൽ ഇറക്കിക്കൊള്ളുമെന്ന് പറഞ്ഞ് ശവപ്പെട്ടി കുഴിയരുകിൽ വച്ചിട്ട് എല്ലാവരും പിരിഞ്ഞു.

ജോസ് അന്നാമ്മച്ചേടത്തിയെ ആ ശവക്കോട്ടയുടെ പ്രധാന ഭാഗങ്ങളെല്ലാം കാണിച്ചു. അമേരിക്കക്കാരുടെ വീട്ടുമുറ്റം പോലെ തന്നെ പുല്ലു വച്ചുപിടിപ്പിച്ച് നിത്യവും യന്ത്രസഹായത്തോടെ പുല്ലുവെട്ടി പച്ചമെത്തപോലെ കിടക്കുന്ന വിശാലമായൊരു കുന്നിൻപുറം. മരിച്ചവരുടെ പേരുകൾ ആലേഖനം ചെയ്ത ചെറിയ ശിലകൾ ഓരോരുത്തനെയും അടക്കിയിടത്തു നിലത്ത് വച്ചിരിക്കുന്നു. പല കുഴിമാടങ്ങളിലും ആളുകൾ പൂച്ചെണ്ടുകൾ വച്ചു പ്രാർത്ഥിക്കുന്നു. ചില ഭാഗങ്ങളിൽ മനോഹരമായ പൂച്ചെ

ടികൾ വച്ചുപിടിപ്പിച്ചിരിക്കുന്നു. വിശാലവും മനോഹരവുമായ ആ സെമിത്തേരി കണ്ടാൽ ഒരു പാർക്കാണെന്നേ ഒറ്റ നോട്ടത്തിൽ തോന്നൂ.

അന്നാമ്മച്ചേടത്തിക്ക് ആ ശവക്കോട്ട നന്നേ ഇഷ്ടപ്പെട്ടു. എങ്കിലും അവർ ജോസിനോട് ഒരു സംശയം ചോദിച്ചു: 'അപ്പോൾ ഇവിടെയും മനുഷ്യരെ മണ്ണിൽത്തന്നെയാണല്ലേ അടക്കുന്നത്. നമ്മുടെ നാട്ടിലെപ്പോലെ വോൾട്ടിന്റെ പരിഷ്കാരം ഇവിടെ ആയില്ലേ?'

ജോസ് പറഞ്ഞു: 'ഈ സെമിത്തേരിയുടെ ചാപ്പലിൽ വോൾട്ടുണ്ട്. അതിനു വലിയ നിരക്കാണ്. 'മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിലേക്കുതന്നെ മടങ്ങും' എന്നല്ലേ ബൈബിളിൽ പറയുന്നത്. അതിനാൽ ഇവിടെയും ഭൂരിപക്ഷംപേരും വോൾട്ടിലിരുന്നു ഉണങ്ങാനല്ല മണ്ണിൽ അലിഞ്ഞുചേരാനാണ് ഇഷ്ടപ്പെടുന്നത്.'

അതു ശരിയാണെന്ന് അന്നാമ്മച്ചേടത്തിക്ക് തോന്നി. അവർ പറഞ്ഞു: 'ഏതായാലും ഞാൻ മരിക്കുമ്പം എന്റെ ഭർത്താവിനെ അടക്കിയ കുഴിയ്ക്കടുത്ത് എന്നെയും അടക്കിയാൽ മതി.'

കാറിൽ മടങ്ങുമ്പോൾ ജോസു പറഞ്ഞു: 'ഇവിടെ മരിച്ചടക്കിനു ഭയങ്കര ചിലവാ. മോർച്ചറിക്കാർക്കും പള്ളിക്കും സെമിത്തേരിക്കും പെട്ടിക്കുമായി വൻ തുക കൊടുക്കണം.'

'ഇതെന്തോന്നു മരിച്ചടക്കാ?' അന്നാമ്മച്ചേടത്തി പ്രതികരിച്ചു. 'വല്ലോണോം നാട്ടിൽ ചെന്നിട്ട് മരിച്ചാൽ മതിയായിരുന്നു.'

അമേരിക്കയിൽ നടക്കുന്ന ഓരോ സംഭവവും നാട്ടിലേക്ക് മടങ്ങണമെന്ന അന്നാമ്മച്ചേടത്തിയുടെ ആഗ്രഹത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ലൂസിയുമായുള്ള അകൽച്ച വർദ്ധിച്ചതോടെ അലക്സും ലൂസിയും വീട്ടിലില്ലാത്ത നേരംനോക്കി അന്നാമ്മച്ചേടത്തി അതിനോടകം കണ്ടുപിടിച്ച ന്യൂയോർക്കിലുള്ള തന്റെ നാട്ടുകാരി ശോശാമ്മയെ ഫോണിൽ വിളിക്കും. രണ്ടുപേരും തമ്മിൽ വളരെനേരം സ്വകാര്യമായി പറയും. കൂടുതൽ സമയവും തങ്ങളുടെ പ്രയാസങ്ങളാണു പങ്കുവെയ്ക്കുക. അങ്ങനെ ഫോണിലൂടെ അവർ കൂടുതൽ അടുത്തു. ശോശാമ്മയുമായി ദു:ഖങ്ങൾ പങ്കുവെയ്ക്കുമ്പോൾ ചേടത്തിയ്ക്ക് മാനസിക ക്ലേശം കുറയുന്നതായി തോന്നി.

ഒരു ദിവസം അമ്മച്ചിയുടെ കേൾക്കേ അലക്സ് ദേഷ്യപ്പെട്ട് ലൂസിയോടു ചോദിച്ചു: 'ആരാണിവിടെ റേറ്റ് കൂടുതലുള്ള പകൽ സമയത്ത് ന്യൂയോർക്കിന് ഫോൺവിളിച്ച് മണിക്കൂറുകൾ സംസാരിക്കുന്നത്? ദേണ്ടെ ഭയങ്കര ബില്ലു വന്നിരിക്കുന്നു.'

'ഞാനല്ല.' ലൂസി പറഞ്ഞു. 'അമ്മച്ചി കൂട്ടുകാരിയെ വിളിച്ച് മക്കടെ കുറ്റം പറഞ്ഞു കേൾപ്പിക്കുന്നതായിരിക്കും.'



അമ്മച്ചിയുടെ ഫോൺവിളിക്ക് അലക്സ് നിയന്ത്രണം വച്ചു. അവന്റെ നിർദ്ദേശങ്ങൾ കേട്ടപ്പോൾ തന്റെ ഫോൺവിളിക്കു അത്ര ചിലവ് വരുമെന്ന് അറിവില്ലായിരുന്ന ആ മാതൃഹൃദയം വേദനിച്ചു. ഇനി മേലിൽ താൻ ആരെയും ഫോണിൽ വിളിക്കില്ലെന്ന് അവർ മനസ്സിൽ ശപഥം ചെയ്തു.

ഒരു ദിവസം മലയാളം കുർബാനയിൽ സംബന്ധിച്ചു മടങ്ങുംവഴി കാറോടിക്കുന്നതിനിടയിൽ അലക്സ് ചോദിച്ചു: 'അമ്മച്ചീ, ഇന്നെന്തേ അച്ചൻ നാട്ടിൽ നിന്നുവന്ന കാരണവന്മാരുടെ പ്രശ്നങ്ങളെക്കുറിച്ചും ആണുങ്ങളുടെ ചീട്ടുകളിയെക്കുറിച്ചുമൊക്കെ ഊന്നി പ്രസംഗിച്ചത്?'

'അതെനിക്കറിയാമോ? അത്തരം പ്രശ്നങ്ങൾ ഇവിടെ ഉണ്ടായിട്ടായിരിക്കും.' ഒന്നും അറിയാത്ത മട്ടിൽ അന്നാമ്മച്ചേടത്തി മറുപടി കൊടുത്തു.

'അതൊക്കെ ഇവിടെ ഉണ്ടെന്ന് അച്ചനെങ്ങനാ അറിയുന്നത്?' ലൂസിയുടെ പരുഷമായ ചോദ്യം.

അമ്മച്ചിക്ക് അരിശമായി. 'അതറിയണമെങ്കിൽ പോയി അച്ചനോട് ചോദിക്ക്. ശ്ശെടാ, അങ്ങേരും ഈ ലോകത്തിലല്ലേ ജീവിക്കുന്നത്?'

അലക്സ് പറഞ്ഞു: 'അമ്മച്ചീ, അച്ചനിപ്പോൾ അത്രയും പറയണമെങ്കിൽ ആരെങ്കിലുമൊക്കെ അച്ചനോട് വിഷമോം പരാതീം പറഞ്ഞുകാണും... അമ്മച്ചി ഈ വിഷയങ്ങൾ അച്ചനോട് സംസാരിച്ചിട്ടില്ലേ?'

'ഇല്ലെന്നു ഞാൻ കള്ളം പറയുന്നില്ല. വിഷമം വന്നാൽ അച്ചനോടൊക്കെയൊന്നു പറഞ്ഞാൽ തെല്ലൊരാശ്വാസം കിട്ടും. പക്ഷേ ഇന്നു ഞാൻ ഇക്കാര്യമൊന്നും അച്ചനുമായി സംസാരിച്ചില്ല.'

ലൂസി പറഞ്ഞു: 'അച്ചൻ പ്രസംഗിച്ചോണ്ടിരുന്നപ്പോൾ മനുഷ്യരുടെ ഒക്കെ അർത്ഥം വച്ചുള്ള നോട്ടം അലക്സിന്റെയും എന്റെയും മുഖത്തേക്കായിരുന്നു. ഇതിൽപ്പരം ഒരു നാണക്കേടുണ്ടോ?'

അന്നാമ്മച്ചേടത്തി ദേഷ്യത്തോടെ പറഞ്ഞു: 'എടീ മഞ്ഞപ്പിത്തമുള്ളോരു നോക്കുന്നതെല്ലാം മഞ്ഞിച്ചിരിക്കുമെന്നു പറേന്നതുപോലാ നിങ്ങൾക്കു തോന്നിയത്. അച്ചൻ പറഞ്ഞത് നമ്മുടെ മാത്രം പ്രശ്നമല്ല; എല്ലാവരുടേതുമാണ്. എന്നെപ്പോലെ വിഷമിക്കുന്ന എത്ര തള്ളമാരുണ്ട് ഈ അമേരിക്കയിൽ. അവരുടെ കദനകഥകളാണ് അച്ചൻ പറഞ്ഞത്. അലക്സ് മാത്രമാണോ ചിക്കാഗോയിൽ ചീട്ടുകളിക്കുന്നത്? അവന്റെ കൂടെ കളിക്കുന്നവരെല്ലാം അച്ചന്റെ വിമർശനത്തിൽ ഉൾപ്പെടില്ലേ?'

ലൂസി തുടർന്നു: 'അമ്മച്ചി അച്ചനോടു മാത്രമല്ല, ചിക്കാഗോയിലുള്ള മിക്ക തള്ളമാരു വഴീം നമ്മുടെ കുറ്റം പറഞ്ഞു പരത്തുന്നുണ്ട്. പലരുടേം സംസാരത്തിൽ അതു ധ്വനിക്കുന്നുണ്ട്.'

അരിശം മൂത്ത അന്നാമ്മച്ചേടത്തി തിരിച്ചടിച്ചു. 'ഞാൻ പറേന്നുണ്ടെങ്കിലേ അതെന്റെ വിഷമം ഉള്ളിൽ നിറഞ്ഞു കവിഞ്ഞിട്ടാ.'

'മതി, മതി! ഇനി ആരും അധികമൊന്നും പറയണ്ട.' ചർച്ച അവസാനിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് അലക്സ് പറഞ്ഞു.

'അല്ല, എനിക്കൊരു കാര്യം കൂടി പറയാനുണ്ട്.' അന്നാമ്മച്ചേടത്തി കയറിപ്പറഞ്ഞു. 'ഞാനിവിടെ വന്നത് ലൂസിയെ പ്രസവകാലത്ത് സഹായിക്കാനായിരുന്നു. ഇന്നിപ്പം ഞാനൊരു അധികപ്പറ്റാ; നിങ്ങൾക്കു ശല്യവുമാ. എന്നെ എത്രയും വേഗം നാട്ടിലേക്ക് അയക്കണം.'

ഉടനെ ലൂസി ചാടിപ്പറഞ്ഞു: 'പൊക്കോ, ഇവിടെ അടിഞ്ഞുകൂടി കിടക്കണമെന്ന് ആരും പറയുന്നില്ലല്ലോ.'

'എടീ... നാവടക്കടീ.' അലക്സ് ദേഷ്യപ്പെട്ടു പറഞ്ഞു.

# വാക്കേറ്റത്തിൽനിന്നു കയ്യേറ്റത്തിലേക്ക്

അന്നാമ്മച്ചേടത്തി നാട്ടിൽ പോകണമെന്ന് നിർബന്ധം പിടിക്കാറുണ്ടെങ്കിലും അലക്സ് അതത്ര കാര്യമായി എടുത്തില്ല. അമ്മച്ചി നാട്ടിൽ നിന്നു വന്നിട്ട് മുൻനിശ്ചയത്തിനു വിരുദ്ധമായി നേരത്തെ പോയാൽ അമേരിക്കയിലും നാട്ടിലുമുള്ള പരിചിതർ എന്തുവിചാരിക്കും. ഇത്തരം കാര്യങ്ങളിൽ വീട്ടുകാരേക്കാൾ നാട്ടുകാർക്കാണല്ലോ താല്പര്യം! മാത്രമല്ല, ലൂസിയുടെ പ്രസവം സംബന്ധിച്ചു തിരക്കായിരുന്നതിനാൽ അമ്മച്ചിയെ അമേരിക്കയുടെ പല ഭാഗങ്ങളും, ചിക്കാഗോയിൽ പോലും, ശരിക്ക് കാണിക്കുവാൻ സാധിച്ചില്ല. അതിനാൽ കുറേനാൾക്കൂടി അമ്മച്ചിയെ തന്റെയും ജോസുചേട്ടന്റെയും വീടുകളിലായി താമസിപ്പിച്ച് സൗകര്യം പോലെ സ്ഥലങ്ങൾ കാണിച്ചുവിടാമെന്നാണ് അവൻ ചിന്തിച്ചത്.

ഒരു ദിവസം പതിവുപേലെ അലക്സ് ജോലിക്ക് പോകുവാൻ രാവിലെ എഴുന്നേറ്റ് ഒരുങ്ങി. വെളുപ്പിനെ എഴുന്നേൽക്കുക പതിവുള്ള അന്നാമ്മച്ചേടത്തി പ്രഭാത പ്രാർത്ഥനകൾ ചൊല്ലിയ ശേഷം അടുക്കളയിൽ ചെന്ന് അലക്സിന് കാപ്പി തയ്യാറാക്കിക്കൊടുത്തു.

അവിടെ പുതുതായി വാങ്ങിവച്ചിരുന്ന ഏതോ പലഹാരം അന്നാമ്മച്ചേടത്തി അലക്സിനെ കാണിച്ചപ്പോൾ അതും അവൻ വാങ്ങി കഴിച്ചശേഷം ജോലിക്ക് പോയി. അല്പം കഴിഞ്ഞപ്പോൾ ലൂസി ഉറക്കമുണർന്നു. അവൾ ജോമോനെ വിളിച്ചെഴുന്നേൽപ്പിച്ച് സ്കൂളിൽ പോകാനൊരുക്കി. അടുക്കളയിൽ ചെന്ന് അലമാര തുറന്നു നോക്കിയശേഷം അവൾ അമ്മച്ചിയെ ദേഷ്യത്തോടെ വിളിച്ചു. എന്താണു സംഭവിക്കുന്നതെന്ന അത്ഭുതത്തോടെ ചേടത്തി അടുക്കളയിലേക്ക് ചെന്നു.

'ജോമോന് സ്കൂളിൽ പോകുമ്പം കൊടുത്തുവിടാൻ ഞാൻ പ്രത്യേകം വാങ്ങിവച്ച കുക്കീസ് (ബിസ്ക്കറ്റ്) ആരാ എടുത്തു തിന്നത്?' അവൾ ദേഷ്യത്തോടെ ചോദ്യം ചെയ്യാൻ ആരംഭിച്ചു.

'എന്റെ മോളേ, എനിക്കറിഞ്ഞൂടാ. ഞാനങ്ങനത്തേതൊന്നും തിന്നാറില്ല.'

'എന്നാൽ അതൊന്നറിയണമല്ലോ?' എന്നു പറഞ്ഞുകൊണ്ട് ലൂസി അടുക്കളയിലെ ചവറ്റുകുട്ടയിൽ നോക്കി. അതിനകത്തു കിടക്കുന്ന സ്വർണ്ണവർണ്ണമുള്ള ചെറിയൊരു കൂട് കലിതുള്ളിക്കൊണ്ട് അവൾ എടുത്തുയർത്തിപ്പിടിച്ചുകൊണ്ട് ഗർജ്ജിച്ചു: 'തള്ളേ... ദാ നിങ്ങളു കട്ടു തിന്നത് തൊണ്ടി സഹിതം തെളിഞ്ഞിരിക്കുന്നു.'

'ഓ... അതാണോ കാര്യം.' അന്നാമ്മച്ചേടത്തി ആശ്വാസത്തോടെ പറഞ്ഞു: 'അതേ... അലക്സ് അൽപം മുമ്പ് ജോലിക്കു പോകാന്നേരത്ത് കഴിച്ചു.'

'അയ്യോ... നിങ്ങളെങ്ങനെ ഇതുപോലെ കള്ളം പറയും? അലക്സ് ഒരിക്കലും ഇത്തരം സാധനമെടുത്ത് തിന്നില്ല.' ലൂസി പല്ലിറുമ്മി തുടർന്നു: 'കട്ടുമുടിക്കാൻ തന്നെ കൂടീരിക്കാ ഓരോന്ന്. ഞാനിനി കൊച്ചിനെന്തു കൊടുത്തു വിടും? അവനാണേ മറ്റൊന്നും തിന്നുകേലാ.'

'കട്ടുമുടിക്കാൻ' എന്ന പദപ്രയോഗം അന്നാമ്മച്ചേടത്തിക്ക് സഹിച്ചില്ല. അവർ അരിശത്തോടെ ലൂസിയോടു പറഞ്ഞു: 'കട്ടുമുടിക്കുന്നതേ... നിന്റെ കുടുംബക്കാരായിരിക്കും. ഞങ്ങളു തറവാട്ടിൽ പിറന്നോരാ...'

'നിങ്ങടെ തറവാടിന്റെ മഹത്വമൊന്നും എനിക്കറിയാത്തപോലെ! എന്നാ നിങ്ങളീ തറവാടിയായത്? നാട്ടിൽ മത്തീം വിറ്റു നടന്നതല്ലേ നിങ്ങടെ ആമ്പ്രന്നോൻ? നേഴ്സുമാരെ കെട്ടി മക്കൾ അമേരിക്കേ വന്നപ്പോ ഗമയായി, തറവാടുമായി!'

'എന്നാ പിന്നെ എന്തിനാടീ ആ മത്തിക്കച്ചോടക്കാരന്റെ മകനെ കല്യാണം കഴിക്കാൻ നീ സമ്മതിച്ചേ?' ആരോടെന്നില്ലാതെ അരിശത്തോടെ അന്നാമ്മച്ചേടത്തി തുടർന്നു: 'കല്യാണമാ

ലോചിച്ചപ്പഴേ ഞാൻ പറഞ്ഞതാ, കിറുക്കു പിടിച്ച കുടുംബക്കാരാന്ന്. അതെങ്ങനാ, ഞാൻ പറഞ്ഞാ കേക്കുവോ... എന്നിട്ടിപ്പം ദാ അനുഭവിക്കുന്നു... ഒരുത്തൻ നടക്കുവാ ഇവളുടെ അടിമയായിട്ട്.'

അതുകേട്ടപ്പോൾ തന്റെ അഭിമാനം തകരുന്നതായി ലൂസിക്ക് തോന്നി. 'കിറുക്കുണ്ടോന്നു ഞാൻ കാണിക്കാ'മെന്നു പറഞ്ഞ് അവൾ ഇരുകരങ്ങളും ചുരുട്ടി ഇടിക്കാൻ തയ്യാറായി അന്നാമ്മച്ചേടത്തിയുടെ അടുത്തേക്ക് പാഞ്ഞു.

വിട്ടുകൊടുക്കാൻ തയ്യാറല്ലെന്ന ഭാവത്തിൽ അന്നാമ്മച്ചേടത്തിയും ഒരു മൽപിടുത്തത്തിനു തയാറായി. ലൂസിയുടെ ചുരുട്ടിപ്പിടിച്ച കൈകളിൽ അന്നാമ്മച്ചേടത്തി കടന്നുപിടിച്ചിട്ട് അലറി: 'അസ്സത്തേ, നീ എന്നെ കയ്യേറ്റം ചെയ്യാറായോടീ?'

ഇരുവരും അങ്ങോട്ടുമിങ്ങോട്ടും തള്ളി. മൽപിടുത്തത്തിൽ ലൂസി അമ്മച്ചിയെ പുറകോട്ടു തള്ളി സെറ്റിയിൽ വീഴിച്ച് മുഖം പൊത്തി ഒരു തള്ളുകൊടുത്തു. ചേടത്തി മുഖം തിരുമ്മി കോപിച്ചുവിറഞ്ഞ് എഴുന്നേറ്റപ്പോഴേക്കും ലൂസി അവളുടെ മുറിയിൽ കയറി കതകടച്ചു.

അന്നാമ്മച്ചേടത്തി നോക്കുമ്പോൾ ജോമോൻ ഈ രംഗം കണ്ടുകൊണ്ട് കൈകൊട്ടിചിരിക്കുന്നു. പരിഹസിച്ചുകൊണ്ട് അവൻ പറയുകയാണ്: 'ഹായ്യ്... ഗ്രാന്റ്മാ ഫെയിൽഡ്... ഗ്രാന്റ്മാ ഫെയിൽഡ്!'

തന്റെ അന്തസ്സും അഭിമാനവും കളഞ്ഞുകുളിച്ചതുപോലെ തോന്നി അന്നാമ്മച്ചേടത്തിക്ക്. എന്തു ചെയ്യണമെന്നറിയാതെ അവർ അലക്സിന്റെ ഓഫീസ് മുറിയിലേക്കോടി. അവനെ ഉടനെ വിളിച്ചു തന്റെ സങ്കടം പറയണമെന്ന് ആഗ്രഹിച്ചെങ്കിലും അവന്റെ ജോലി സ്ഥലത്തെ നമ്പർ ചേടത്തിക്ക് നിശ്ചയമില്ലായിരുന്നു.

ചേടത്തി ഫോണെടുത്ത് ജോസിനെ വിളിച്ചു. തങ്കമ്മയാണ് ഫോണെടുത്തത്. അവളും ജോസും നല്ല ഉറക്കത്തിലായിരുന്നു. രാവിലെ ഫോണിലൂടെ വിളിച്ചുണർത്തിയത് അവൾക്ക് ഇഷ്ടമായില്ല. തെല്ലു ദേഷ്യത്തോടെ അവൾ പറഞ്ഞു: 'ജോസ് ഉറങ്ങുകാ. രാത്രി ജോലി ചെയ്തു വന്നതല്ലേ. കുറേക്കഴിഞ്ഞ് അങ്ങോട്ടു വിളിക്കാൻ പറയാം.'

അപ്പോഴേക്കും സംസാരം കേട്ട് ജോസ് കണ്ണുതിരുമ്മി എഴുന്നേറ്റു.

'ഒരത്യാവശ്യകാര്യം പറയാനാ. ജോസിനെ വിളിക്ക്.'

അന്നാമ്മച്ചേടത്തി വികാരഭരിതയായി പറയുന്നത് കേട്ടപ്പോൾ തങ്കമ്മ ഫോൺ പൊത്തിപ്പിടിച്ചുകൊണ്ടു ജോസിനോടു പറഞ്ഞു: 'എന്തോ പന്തികേടുണ്ട്, പോയി മറ്റേ ഫോണെടുക്ക്.'

ജോസ് അടുത്ത മുറിയിൽപോയി അമ്മച്ചിയുമായി സംസാരിച്ചു. രാവിലെ ലൂസിയുമായുണ്ടായ വഴക്ക് അന്നാമ്മച്ചേടത്തി വികാരഭരിതയായി ജോസിനോടു വിവരിച്ചു. തനിക്കുടനെ ജോസിന്റെ വീട്ടിലേക്ക് വരണമെന്നായി ചേടത്തി. അതിന് ജോസ് അങ്ങോട്ടു ചെല്ലണമെന്ന് അവർ നിർബന്ധിച്ചു.

ജോസ് ആലോചിച്ചിട്ടു പറഞ്ഞു: 'ഞാനുടനെ അങ്ങു വന്ന് അമ്മച്ചിയെ കൊണ്ടുപോരുന്നത് ശരിയല്ല. അതുപിന്നെ ഞാനും അലക്സും തമ്മിൽ വഴക്കിനിടയാക്കും. ഒരു കാര്യം ചെയ്യാം. ഞാൻ അലക്സിനെ വിളിച്ച് ഇക്കാര്യം സംസാരിക്കാം. എന്നിട്ട് വേണ്ടതെന്താന്നാൽ ചെയ്യാം. അതുവരെ ഇനിയും വഴക്കുണ്ടാകാതെ നോക്കണം.'

ഫോണിലൂടെ ജോസിന്റെയും അന്നാമ്മച്ചേടത്തിയുടെയും സംസാരം ശ്രവിച്ച തങ്കമ്മ, ജോസ് തിരികെ കിടപ്പുമുറിയിൽ വന്നപ്പോൾ ചോദിച്ചു: 'അമ്മച്ചിയെ ഇനി നരകം കലക്കാൻ ഇങ്ങോട്ടുകൂടി കൊണ്ടുവരണോ?'

'ഇനി നീയും തുടങ്ങിക്കോ... മിണ്ടിപ്പോകരുത്.' ജോസിന് അരിശമായി. 'നിങ്ങൾക്ക് അധികപ്രസംഗം കുറേ കൂടുന്നുണ്ട്.'

ജോസിനോട് അപ്പോൾ സംസാരിക്കുന്നത് പന്തിയല്ലെന്ന് കണ്ട് തങ്കമ്മ തൽക്കാലം നാവടക്കി.

അന്നാമ്മച്ചേടത്തി ഫോൺ ചെയ്തശേഷം തിരികെ വന്നപ്പോൾ ലൂസി ജോമോനെയും കൂട്ടി സ്കൂളിൽ പോയിക്കഴിഞ്ഞു. അല്പം കഴിഞ്ഞ് അവൾ മടങ്ങിവന്നു. അന്നു ലൂസിക്ക് ജോലിയില്ലായിരുന്നു. അവൾക്കും അമ്മച്ചിക്കും അന്നു വിശപ്പേ അനുഭവപ്പെട്ടില്ല. കടന്നൽ കുത്തിയതുപോലുള്ള മുഖഭാവവുമായി പരസ്പരം മിണ്ടാതെ ഇരുവരും അവരുടെ മുറികൾക്കുള്ളിൽ പകൽ മുഴുവൻ കഴിച്ചുകൂട്ടി. എങ്കിലും തുടർന്നു വഴക്കിടാതിരിക്കാൻ ഇരുവരും ശ്രദ്ധിച്ചു.

ഉച്ചകഴിഞ്ഞു ക്ഷീണം വർദ്ധിച്ചപ്പോൾ ചേടത്തി തന്റെ മുറിയിൽ കിടന്നു. ഒന്നുമയങ്ങി എഴുന്നേറ്റപ്പോൾ ആരോ സംസാരിക്കുന്ന ശബ്ദം കേട്ടു.

ശ്രദ്ധിച്ചപ്പോൾ ലൂസി ഫോണിലൂടെ പറയുന്നതാണെന്ന് ചേടത്തിക്ക് മനസ്സിലായി. ചേടത്തി പതിയെ നടന്ന് അടുത്ത മുറിയിലുള്ള ഫോൺ എടുത്ത് സംസാരം ശ്രവിച്ചു. തങ്കമ്മയും ലൂസിയും തമ്മിൽ തന്നെക്കുറിച്ചുള്ള കുറ്റങ്ങളാണ് വിവരിക്കുന്നത്. അവർ ഇരുവരും തന്നെക്കുറിച്ചു ദുഷിച്ചു സംസാരിക്കുന്നതു കേട്ടപ്പോൾ അന്നാമ്മച്ചേടത്തിക്ക് ഹൃദയം തകരുന്നതായി തോന്നി. ഫോൺ മെല്ലെ താഴെ വച്ചിട്ട് അവർ തന്റെ മുറിയിൽ പോയി കിടന്ന് മുഖം പൊത്തിക്കരഞ്ഞു. മരുമോളെ സഹായിക്കാൻ



വന്നിട്ട് തനിക്കിതാണല്ലോ അനുഭവമെന്നോർത്ത് അവർക്കു കരച്ചിലടക്കാൻ കഴിഞ്ഞില്ല.

ജോലി കഴിഞ്ഞ് അലക്സ് പതിവിൽ അല്പം നേരത്തെ വന്നു. അവൻ പോയത് നേരെ അമ്മച്ചിയുടെ മുറിയിലേക്കാണ്. അലക്സിനെ കണ്ടപ്പോൾ ഒന്നും സംസാരിക്കാൻ കഴിയാതെ അമ്മച്ചി മുഖംപൊത്തി കരഞ്ഞു. അതു കണ്ടപ്പോൾ അലക്സിനു സഹിക്കാൻ കഴിഞ്ഞില്ല. ജോസിലൂടെ അവൻ വിവരമെല്ലാം അറിഞ്ഞിരുന്നു.

അലക്സ് അവിടെ നിന്ന് ടി.വി.യുടെ മുമ്പിൽ അലക്ഷ്യമായിരിക്കുന്ന ലൂസിയുടെ അടുത്തേക്ക് പാഞ്ഞു. അവൻ ഒന്നും ചോദിച്ചില്ല; ലൂസിയുടെ കരണക്കുറ്റി കയറ്റി ഒറ്റയടി വച്ചുകൊടുത്തു.

ലൂസിയുടെ കണ്ണുകളിലൂടെ തീപ്പൊരി പാറി. അലക്സ് വീണ്ടും അടിക്കാൻ കൈ ഓങ്ങി.

അവൾ ചാടിയെഴുന്നേറ്റ് അലറി: 'തൊട്ടുപോകരുതെന്നെ... ഭാര്യയെ അടിക്കുന്നത് മിടുക്കാണെന്നായിരിക്കും വിചാരം. അധികം കളിച്ചാ ഞാൻ പോലീസിനെ വിളിക്കും.' അവൾ ഭീഷണിപ്പെടുത്തി.

ജോലി കഴിഞ്ഞ് ക്ഷീണിച്ചു വന്ന അലക്സ് ഒന്നും കഴിക്കാതെ പ്രശ്നങ്ങൾക്ക് എന്തുചെയ്യണമെന്നറിയാതെ അപ്പാർട്ട്മെന്റു വിട്ടിറങ്ങി.

ലൂസിയെ ഒരിക്കലും ദേഹോപദ്രവമേൽപ്പിക്കില്ലെന്നു വിവാഹദിവസം അവൻ നിശ്ചയച്ചിരുന്നതാണ്. അവളെ തല്ലിയതിലും അമ്മച്ചിയെ നാട്ടിൽ നിന്നു വിളിച്ചുവരുത്തി വേദനിപ്പിച്ചതിലും അവനു വിഷമമായി.

# ഇനി ഞാനാ സ്വർഗ്ഗത്തിലേക്കില്ല!

അലക്സ് നേരെ പോയത് ജോസിന്റെ വീട്ടിലേക്കാണ്. ജോസും തങ്കമ്മയുമായി അലക്സ് പ്രശ്നം ഗൗരവമായി ചർച്ച ചെയ്തു.

അപ്പോൾ തങ്കമ്മ നിർദ്ദേശിച്ചു: 'കൂടുതൽ അലോഹ്യത്തിനിട കൊടുക്കാതെ നാട്ടിൽപ്പോകുന്ന ആരുടെയെങ്കിലും കൂടെ നല്ലതു പറഞ്ഞ് അമ്മച്ചിയെ അങ്ങ് അയച്ചേര്.'

അതു നല്ലതാണെന്ന് ജോസിനും അലക്സിനും തോന്നി

യതിനാൽ ആ അഭിപ്രായം തീരുമാനവുമായി.

അവർ അമ്മച്ചിക്ക് ഒരു കൂട്ടിന് നാട്ടിൽ പോകുന്നവരെ തിരക്കി. പലരും അവധിക്ക് നാട്ടിൽ പോകുന്നുണ്ടെങ്കിലും എല്ലാവരും ചേടത്തിയെ കൂടെ കൊണ്ടുപോകുന്നതിൽനിന്ന് ഒഴികഴിവു പറഞ്ഞിരുന്നു. ഒടുവിൽ അയൽനാട്ടുകാരായ ദമ്പതികളെ കൂട്ടിനു കിട്ടിയപ്പോൾ എല്ലാവർക്കും ആശ്വാസമായി.

താൻ മടങ്ങുന്ന വിവരം ചേടത്തി നാട്ടിലേക്ക് എഴുതി അറിയിച്ചു. ഒരു വർഷം അമേരിക്കയിൽ താമസിക്കണമെന്ന് ഉദ്ദേശിച്ചാണ് താൻ വന്നതെങ്കിലും നാട്ടിലുള്ളവരെ പിരിഞ്ഞ് അകന്നു ജീവിക്കുന്നതിലുള്ള വിഷമം കൊണ്ടാണ് ഉടനെ തിരികെ പോരുന്നതെന്നും കത്തിൽ പ്രത്യേകം എഴുതി.

ഇനിയും അമേരിക്കയിൽ താമസിക്കുന്ന ചുരുങ്ങിയ ദിവസങ്ങളിൽ തമ്മിൽത്തല്ലി അലോഹ്യമുണ്ടാക്കാതിരിക്കാൻ അമ്മച്ചിയേയും ഭാര്യമാരേയും ജോസും അലക്സും ഉപദേശിച്ചു. അതാണു പന്തിയെന്ന് അമ്മച്ചിക്കും മരുമക്കൾക്കും തോന്നി.

'അമ്മച്ചി നാട്ടിൽ പോകുന്ന കാര്യം ഇപ്പോൾ മറ്റാരും അറിയണ്ട.' അലക്സ് ഉപശേദിച്ചു.

'അതെന്താടാ അങ്ങനെ?' അന്നാമ്മച്ചേടത്തിക്ക് സംശയം.

'ഇപ്പോഴേ എല്ലാവരോടും പറഞ്ഞാൽ നാട്ടിൽ കൊടുത്തുവിടാനുള്ള പൊതികൾ ഇങ്ങു പ്രവഹിക്കും. അമ്മച്ചി നാട്ടിൽ നിന്നു പോന്നപ്പോൾ കൊണ്ടുവന്നതുപോലെ തന്നെ തിരികെ പോകുമ്പോ വല്ലവന്റേം വില കുറഞ്ഞതും ഭാരമേറിയതുമായ ഭാണ്ഡങ്ങൾ കെട്ടിവലിക്കേണ്ടിവരും.'

'അതുനേരാ.' ചേടത്തി ശരിവച്ചു.

ചവറ്റുകൊട്ടയിൽ താൻ പലപ്പോഴായി ശേഖരിച്ച് അമൂല്യനിധിയായി സൂക്ഷിച്ച പലതും കുട്ടപ്പായിക്കും പെൺമക്കൾക്കും വേണ്ടി നാട്ടിലേക്കു പോകുന്നവരുടെ കയ്യിൽ കൊടുത്തുവിടാൻ ചേടത്തി പല പ്രാവശ്യം ശ്രമിച്ചതാണ്. പക്ഷേ അവരൊക്കെ പോവുകാണെന്നു പറയുന്നതിന്റെ കൂടെ തലക്കാടു വെട്ടും: 'എന്റെ പെട്ടീൽ ഇടയില്ല കേട്ടോ; വല്ല എഴുത്തോ മറ്റോ ഉണ്ടേൽ തന്നേക്ക്.'

അതിനാൽ താൻ മടങ്ങുമ്പോൾ ആരുടെയും പൊതി കൊണ്ടുപോകില്ലെന്നു ചേടത്തി മുൻകൂട്ടി തീരുമാനിച്ചിരുന്നു. നാട്ടിലേക്ക് മടങ്ങാനുള്ള ദിവസമടുത്തപ്പോൾ ചേടത്തി അലക്സിനോടു ചോദിച്ചു: 'മോനേ, ഞാൻ പോകുമ്പോൾ കൊണ്ടുപോകാൻ കുറേ സാധനങ്ങൾ വാങ്ങണ്ടേ? കയ്യും വീശി നാട്ടിലോട്ടു ചെല്ലാനൊക്കുമോ? എല്ലാവർക്കും എന്തേലുമൊക്കെ കൊടുക്കണ്ടേ?'

'ധൃതി വക്കാതമ്മച്ചീ, അതിനൊക്കെ ഞാൻ പണി കണ്ടി

ട്ടുണ്ട്. വരുന്ന ഞായറാഴ്ച അമ്മച്ചിയുടെ ബഹുമാനാർത്ഥം ഒരു വിരുന്നു നടത്താൻ ഞാൻ തീരുമാനിച്ചിരിക്കയാ. അപ്പാർട്ടുമെന്റിൽ അസൗകര്യമായതിനാൽ ജോസുചേട്ടന്റെ വീട്ടിലാണു നടത്തുന്നത്.'

'അപ്പോൾ ഞാൻ നാട്ടിൽ പോകുവാണെന്നു മനുഷ്യരെല്ലാം അറിയില്ലേ?' അന്നാമ്മച്ചേടത്തിയുടെ പതിവു സംശയം.

'ഓ... ഇതു സെന്റോഫല്ല; അമ്മച്ചിയുടെ ഷഷ്ഠിപൂർത്തിയാഘോഷം.'

'എന്റെ അറുപതാം ജന്മദിനത്തിന് ഇനിയുമുണ്ടല്ലോടാ രണ്ടുമാസം കൂടി.'

'അതൊന്നും ഇവിടെ മറ്റാരും അറിയണ്ട. സൗകര്യാർത്ഥം നമ്മൾ അല്പം നേരത്തെ ആഘോഷിക്കുന്നുവെന്നു കണക്കാക്കിയാൽ മതി.'

താൻ പോകാറായപ്പോഴെങ്കിലും നാട്ടുകാരെ വിളിച്ച് തന്നെ ബഹുമാനിക്കുന്നതിൽ ചേടത്തിക്ക് സന്തോഷമായി.

നാട്ടിലേക്ക് കൊണ്ടുചെല്ലേണ്ട സാധനങ്ങളുടെ നീണ്ട ലിസ്റ്റുമായി കുട്ടിപ്പായിയുടെ കത്ത് വന്നെങ്കിലും അലക്സ് അതു വായിച്ചശേഷം അമ്മച്ചിയെ അറിയിക്കാതെ കീറിക്കളഞ്ഞു.

ഷഷ്ഠിപൂർത്തിയാഘോഷം മോടിയായി നടന്നു. ധാരാളം മലയാളികൾ; അതിൽ സംബന്ധിച്ചു വന്നവരെല്ലാം ഓരോ പൊതിയോ കവറോ സമ്മാനമായി ചേടത്തിക്ക് നല്കി. നവവധുവിനെപ്പോലെ എല്ലാം സ്വീകരിച്ചുകൊണ്ട് ചേടത്തി നന്ദി പറഞ്ഞു.

സദ്യ കഴിഞ്ഞ് എല്ലാവരും പിരിഞ്ഞപ്പോൾ അലക്സ് അമ്മച്ചിയോടു ചോദിച്ചു: 'എന്താ അമ്മച്ചീ, ഞങ്ങടെ വിദ്യ ഫലിച്ചോ?'

'എന്താ മക്കളെ നിങ്ങടെ വിദ്യ?' അന്നാമ്മച്ചേടത്തിക്ക് വീണ്ടും സംശയം.

ജോസ് വിശദീകരിച്ചു: 'അമ്മച്ചിക്ക് നാട്ടിൽ കൊണ്ടുപോകാൻ കൈ നിറയെ പണവും പെട്ടികൾ നിറയെ സാധനങ്ങളും കിട്ടിയില്ലേ?'

അന്നാമ്മച്ചേടത്തി ചിരിച്ചുകൊണ്ടു പറഞ്ഞു. 'എന്റേടാ, നിങ്ങടെ ഒരപാര ബുദ്ധി!'

നാട്ടിലേക്കു മടങ്ങുന്നതിനു നാലു ദിവസം മുമ്പ് ജോസിന്റെ ക്ഷണപ്രകാരം ചേടത്തി അവന്റെ വീട്ടിലേക്ക് താമസം മാറ്റി. ഒരു ദിവസം തങ്കമ്മയേയും കൂട്ടി അന്നാമ്മച്ചേടത്തി കടയിൽ പോയി. തനിക്ക് സമ്മാനമായി കിട്ടിയ തുകയിൽ നിന്ന് അല്പം പണം മുടക്കി പള്ളിക്ക് ഇലക്ട്രോണിക് ഹാർമോണി



യവും സിസ്റ്റേഴ്സിന് സിൽക്കു പൂവും വാങ്ങി.

സമ്മാനമായി ലഭിച്ച സാധനങ്ങൾ പെട്ടികളിൽ അടുക്കി വയ്ക്കുന്നതിനിടയിൽ തങ്കമ്മ ചോദിച്ചു. 'അമ്മച്ചി പണ്ട് എടുത്തു വച്ച എണ്ണേം കുഴമ്പും പെട്ടീൽ വയ്ക്കട്ടേ?'

അന്നാമ്മച്ചേടത്തി മന്ദഹാസത്തോടെ പറഞ്ഞു: 'അതൊക്കെ ഇനി ആർക്കുവേണം തങ്കമ്മേ? അതങ്ങു കളഞ്ഞേരെ. ഞാൻ ഷാമ്പൂം കണ്ടീഷണറും ശീലിച്ചുപോയി.'

അമേരിക്കയിൽ വന്നശേഷമുള്ള നാലു മാസത്തിനുള്ളിൽ അന്നാമ്മച്ചേടത്തിയിൽ പല മാറ്റങ്ങൾ വന്നിരുന്നു. ആദ്യം മടിയായിരുന്നെങ്കിലും നരച്ചമുടി അവർ മരുന്നു പുരട്ടി കറുപ്പിക്കാൻ തുടങ്ങി. ഇംഗ്ലീഷിൽ ഏതാനും വാക്കുകൾ മാത്രം അറിയാമായിരുന്ന ചേടത്തി ഇന്ന് ജോമോനെപ്പോലെ പൂർണ്ണ വാചകങ്ങളിൽ സംസാരിക്കും. വന്ന കാലത്ത് രണ്ട് സ്വെറ്ററെങ്കിലും മുറിക്കുള്ളിൽ ചേടത്തി ധരിച്ചിരുന്നെങ്കിൽ ഇന്നവർക്ക് വെളിയിൽ ഇറങ്ങുമ്പോഴേ സ്വെറ്റർ ആവശ്യമുള്ളൂ.

പെട്ടികൾ നിറഞ്ഞപ്പോൾ തങ്കമ്മ പറഞ്ഞു: 'അമ്മച്ചീടെ മുണ്ടും ചട്ടേം കവണീം വയ്ക്കാൻ ഇടമില്ലല്ലോ?'

'ഓ... അവയൊന്നും വേണ്ട തങ്കമ്മേ. ഞാൻ ഇനി സാരിയല്ലേ ചുറ്റുന്നേ.' അമ്മച്ചിയിലെ മാറ്റം തങ്കമ്മയ്ക്ക് പോലും വിസ്മയമായി. അവൾ പരീക്ഷണാർത്ഥം പറഞ്ഞു: 'പോകാറായില്ലേ; ഇനി വേണേൽ കുണുക്കു ധരിച്ചോ.'

'അവ രണ്ടും ഞാൻ പേഴ്സിൽ വച്ചു. ഇനിയാർക്കാ കുണുക്ക്! ഇവ നാട്ടിൽ കൊണ്ടുപോയി പെട്ടീൽ വച്ചേക്കാം. ഞാൻ ചാകുമ്പം കുട്ടപ്പായിക്കുള്ള അവകാശമാ.'

അമേരിക്കയിൽ വന്നതിനേക്കാൾ ഏറെ പ്രായകുറവു തോന്നിക്കുന്ന അന്നാമ്മച്ചേടത്തി അമേരിക്കയിലുള്ള മക്കളോടു യാത്ര പറഞ്ഞ് സഹയാത്രികരോടു കൂടി വിമാനത്തിൽ കയറി. വിമാനം പറന്നുയർന്നപ്പോൾ നാട്ടിലുള്ള മക്കളെ കാണാനുള്ള ആകാംക്ഷയോടെ ചേടത്തിയുടെ മനസ്സും പറന്നുയർന്നു. എത്രയും വേഗം നാട്ടിലെത്താൻ അവർക്ക് തിടുക്കമായിരുന്നു.

ബോംബെയിൽ ചെല്ലുന്നതുവരെ യാത്രയ്ക്ക് ബുദ്ധിമുട്ടുണ്ടായില്ല. കസ്റ്റംസിലും കാര്യമായ വിഷമമില്ലായിരുന്നു. എന്നാൽ ഡൊമസ്റ്റിക് എയർപോർട്ടിൽ വന്നപ്പോൾ ചേടത്തിക്കും കൂടെയുള്ളവർക്കും ടിക്കറ്റിൽ നിശ്ചയിച്ചുകൊടുത്തിരുന്ന ഫ്ളൈറ്റ് റദ്ദാക്കിയിരിക്കുന്നു. അടുത്ത ഫ്ളൈറ്റിന് വല്ലാത്ത തിരക്ക്. എയർപോർട്ടിലെ ഉദ്യോഗസ്ഥന്മാരുടെ കൈകാലുകൾ പിടിച്ചും കൈമടക്കു കൊടുത്തും ചേടത്തിയും കൂടെവന്നവരും അടുത്ത ഫ്ളൈറ്റിൽ സീറ്റൊപ്പിച്ചു.

കൊച്ചി വിമാനത്താവളത്തിൽ വന്നപ്പോൾ തന്നെ സ്വീക രിക്കാൻ ആരെങ്കിലും വന്നിട്ടുണ്ടോ എന്നറിയാൻ അന്നാമ്മച്ചേ ടത്തി എത്തിവലിഞ്ഞു നോക്കിക്കൊണ്ടിരുന്നു. കുട്ടപ്പായിയും പെ ൺമക്കളും അവരുടെ കുടുംബാംഗങ്ങളും സിസ്റ്റർ മീരയും സ്ഥ ലത്തുണ്ടായിരുന്നു. അവരെ കണ്ടപ്പോൾ ചേടത്തിയുടെ സന്തോ ഷത്തിന് അതിരില്ലാതായി. കുട്ടപ്പായിയും കൊച്ചുമക്കളും അമ്മച്ചി യുടെ പെട്ടികൾ ഏറ്റുവാങ്ങുവാൻ സഹായിച്ചു. അപ്പോഴാണ് ഒരു കാര്യം ശ്രദ്ധിച്ചത്: ഒരു പെട്ടിയുടെ മൂട് ആരോ കീറിയിരിക്കുന്നു. അതിന്റെ ഘനം കുറഞ്ഞിട്ടുണ്ട്. ചേടത്തി കൊണ്ടുവന്ന പല സാധനങ്ങളും ആ പെട്ടിയിൽ നിന്ന് ആരാ മോഷ്ടിച്ചിട്ടുണ്ടെന്നു വ്യക്തമായി.

ഏതായാലും ഉള്ള സാധനങ്ങൾ എത്രയും വേഗം വീട്ടിൽ എത്തിക്കണമെന്ന ഉദ്ദേശ്യത്തോടെ എല്ലാവരും ചേർന്ന് കുട്ടപ്പായി പിടിച്ചുകൊണ്ടുവന്ന വാനിലേക്ക് പെട്ടികളും ബാഗുകളും കയറ്റി.

അതിനിടയിൽ ചേടത്തിയെ സ്വീകരിക്കുവാൻ വന്നവർ മത്സരബുദ്ധിയോടെ ചേടത്തിയെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കു കയും ക്ഷേമാന്വേഷണം നടത്തുകയും ചെയ്തു കൊണ്ടിരുന്നു. ആങ്ങള ചുമ്മാറിനെ ചേടത്തി ദു:ഖത്തോടെ സ്മരിച്ചു. ജീവിച്ചിരു ന്നെങ്കിൽ ആ സഹോദരനും ഇന്നു തന്നെ സ്വീകരിക്കാൻ വരുമാ യിരുന്നു. അതോർത്തപ്പോൾ ചേടത്തിയുടെ കണ്ണുകൾ നിറഞ്ഞു.

വീട്ടിലേക്ക് വാനിൽ പോകും വഴി തന്റെ മരിച്ച സഹോ ദരന്റെ കുഴിമാടം സന്ദർശിച്ച് പ്രാർത്ഥിക്കണമെന്ന് ചേടത്തി കുട്ടപ്പായിയോടു നിർബന്ധമായി പറഞ്ഞു. അല്പം വളഞ്ഞാ ണെങ്കിലും ആ വഴി വാൻ വിടാമെന്ന് കുട്ടപ്പായി സമ്മതിച്ചു. ചുമ്മാറിന്റെ ശവകുടീരത്തിലെത്തിയപ്പോൾ അന്നാമ്മച്ചേടത്തി ഹൃദയം നൊന്തു കരയുകയും പ്രാർത്ഥിക്കുകയും ചെയ്തു.

വീട്ടിലെത്തി കാപ്പി കുടിച്ചു കഴിഞ്ഞപ്പോൾ പലരും പോ കാൻ തിരക്കുണ്ടെന്നു പറഞ്ഞു. എന്നാൽ ആരും പോകുന്നു മില്ല. എല്ലാവരുടെയും കണ്ണുകൾ താൻ കൊണ്ടുവന്ന പെട്ടികളി ലേക്കാണെന്ന് ചേടത്തിക്ക് മനസ്സിലായി.

അമേരിക്കയിൽ ചെന്നപ്പോൾ ജോസു പറഞ്ഞ വാചകം ചേടത്തി അപ്പോൾ സ്മരിച്ചു: 'അവർക്കു വല്ലതുമുണ്ടേൽ അങ്ങു കൊടുത്തേരെ; ശല്യപ്പെടുത്താതെ അവരു പൊയ്ക്കൊള്ളും.'

മന്ദഹാസത്തോടെ ചേടത്തി പെട്ടികൾ തുറന്നു. എല്ലാവരും പെട്ടികൾക്ക് ചുറ്റും ആകാംക്ഷയോടെ ഓടിക്കൂടി. താൻ അമേ രിക്കയിൽ നിന്നു കൊണ്ടുവന്നതിന്റെ ഓഹരി വന്നവർക്കെല്ലാം ചേടത്തി വീതിച്ചു. ചിലതു മാത്രം തനിക്കുവേണ്ടി മാറ്റിവച്ചു. പ ലർക്കും തൃപ്തിയായില്ലെങ്കിലും കിട്ടാനില്ലെന്നു കണ്ടപ്പോൾ

അവർ സ്ഥലം വിട്ടു. മറ്റുള്ളവർക്കു ലഭിച്ചതിനൊപ്പം തനിക്കും കിട്ടിയില്ലെന്നായിരുന്നു ചിലർക്ക് പരാതി. കാരണം പലതരം സാധനങ്ങളായിരുന്നു ചേടത്തിയുടെ കൈവശമുണ്ടായിരുന്നത്.

'നിങ്ങൾക്കു കരുതി കൊണ്ടുവന്ന പലതും നഷ്ടപ്പെട്ടു മക്കളേ... ഞാനെന്തു ചെയ്യാനാ! കിട്ടിയതുകൊണ്ടൊക്കെ തൃപ്തിപ്പെട്.' അന്നാമ്മച്ചേടത്തി നെടുവീർപ്പോടെ പറഞ്ഞു.

നാട്ടുകാരിൽ പലരും അന്നു പലപ്പോഴായി സ്നേഹഭാവത്തോടെ അന്നാമ്മച്ചേടത്തിയെ കാണാനെത്തി. യാത്രാക്ഷീണമുണ്ടെങ്കിലും ചേടത്തി അവരോടെല്ലാം സംസാരിച്ചു. തിരികെ പോകാനിറങ്ങിയപ്പോൾ ചിലർ ചോദിച്ചു:

'അപ്പോ ഞങ്ങൾക്ക് അമേരിക്കേന്നു കൊണ്ടുവന്നതൊന്നുമില്ലേ?'

ആരെയും വെറുംകയ്യോടെ വിടേണ്ടന്നു കരുതി ചെറിയ സാധനങ്ങളോ പണമോ കൊടുത്ത് അവരെയും തൃപ്തിപ്പെടുത്തി.

പിറ്റേന്നു രാവിലെ പള്ളിക്കുവേണ്ടി കൊണ്ടുവന്ന ഇലക്ട്രോണിക് ഹാർമോണിയവും മഠംകാരുടെ ചാപ്പലിലേക്കുള്ള ഫോറിൻ പൂക്കളും കയ്യിൽ പിടിച്ച് ചേടത്തി പള്ളിയുടെ നടകൾ കയറുമ്പോൾ തന്റെ കൂട്ടുകാരി ചിന്നമ്മയെ കണ്ടു. കുശലാന്വേഷണത്തിനിടയിൽ അന്നാമ്മച്ചേടത്തി ചോദിച്ചു: 'ചിന്നമ്മേ നീ ഇന്നും ഒപ്പീസു ചൊല്ലിക്കുന്നുണ്ടോ?'

ചിന്നമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു: 'നമ്മുടെ ഒറ്റ ഒപ്പീസുകാരനായ ചെറുപ്പക്കാരനച്ചൻ ഈയിടെ സ്ഥലം മാറിപ്പോയി. ഇപ്പോൾ ഒരു വയസ്സനച്ചനാ.'

ചേടത്തി ആകാംക്ഷയോടെ ചോദിച്ചു: 'അങ്ങേരെങ്ങനാ ഒപ്പീസിന്റെ കാര്യത്തിൽ? ദിവസം ഒന്നേയുള്ളോ?'

'ങാ... ഈ അച്ചന് എത്ര ഒപ്പീസിനു കാശു കൊടുത്താലും അന്നുതന്നെ ചൊല്ലിക്കോളും. ഒന്നും തിരിയേലന്നേയുള്ളൂ. അത്രയ്ക്ക് സ്പീഡാ പ്രാർത്ഥനയ്ക്ക്.'

അന്നാമ്മച്ചേടത്തി തെല്ലാശ്വാസത്തോടെ പറഞ്ഞു: 'എന്നാലും വേണ്ടില്ല; ഇന്നെന്റെ ആങ്ങളയ്ക്കു വേണ്ടി ഒരൊപ്പീസ് ചൊല്ലിക്കാമല്ലോ.'

ചേടത്തിയെ അടിമുടി വീക്ഷിച്ചുകൊണ്ട് ചിന്നമ്മ പറഞ്ഞു: 'അന്നാമ്മച്ചേടത്തി ആകെ മാറിയിരിക്കുന്നു കേട്ടോ. ഇനി എന്നാ അമേരിക്കയ്ക്ക് പോകുന്നത്?'

'എന്റേടീ... ഇനി ഞാനാ സ്വർഗ്ഗത്തിലേക്കില്ല.' ഒരു നെടുവീർപ്പോടെ ചേടത്തി പറഞ്ഞു: 'മേലിൽ ദൈവം തരുന്ന സ്വർഗ്ഗം മതി എനിക്ക്.' ■

# അന്നാമ്മച്ചേടത്തി അമേരിക്കയിൽ



**ഏബ്രഹാം മുത്തോലത്ത്**

ഡോളർ എന്ന മലയാള ചലച്ചിത്രത്തിന് ആധാരമായ നോവൽ. അന്നാമ്മച്ചേടത്തി അമേരിക്കയിൽ കേവലം ഒരു ഹാസ്യനോവലല്ല, മനുഷ്യജീവിതത്തെ അതിസൂക്ഷ്മമായി, അതേസമയം നർമ്മരസത്തോടെ പകർത്തുന്ന സരളമായ ആഖ്യാനമാണ്. ഈ പുസ്തകം നമുക്ക് ഒറ്റയിരുപ്പിൽ വായിക്കാം. പക്ഷെ, എത്രകാലം കഴിഞ്ഞാലും അന്നാമ്മച്ചേടത്തി നമ്മുടെ ഉള്ളിൽ നിന്ന് പിൻവാങ്ങിയെന്നുവരില്ല.


യെസ് പ്രസ് ബുക്സ്
9142577778, 9142088887

www.yespressbooks.com
www.facebook.com/yespresbooks

ഹാസ്യനോവൽ | വില: 160 രൂപ